

# സമകാലിക ഗദ്യവ്യവഹാരങ്ങൾ

## Course Code: SGB24ML201SE

Skill Enhancement Course

Malayalam Language and Literature (Honours)

Self Learning Material

SREENARAYANAGURU OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

## Vision

To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

SGOU

# സമകാലിക ഗദ്യവ്യവഹാരങ്ങൾ

Course Code: SGB24ML201SE

Semester - IV

**Four Year Undergraduate Programme**
**Malayalam Language and Literature (Honours)**
**Skill Enhancement Course**
**Self Learning Material**

SGOU

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

SREENARAYANAGURU
OPEN UNIVERSITY

# സമകാലിക ഗദ്യവ്യവഹാരങ്ങൾ

Course Code: SGB24ML201SE
Semester- IV
Skill Enhancement Course
BA Malayalam Language and Literature (Honours)


**Academic Committee**

Prof. (Dr.) Thomas Thamarassery
Dr. Indusree S. R.
Dr. Lekshmi V. S.
Dr. Vidhya D. R.
Dr. Athman A. V.
Chayam Dharmarajan
Dr. S. Nazeeb
Dr. Aju K. Narayanan
Dr. Baburajan K.
Dr. Suja S.
Dr. S. Sudarsana Babu
Dr. S. Ajayakumar
Dr. Vijaya V.A.
Dr. Sudha Mary Thomas



**Development of the Content**

Aswani A.P., Dr. Asalatha V., Leja V.R., Dr. Deepam S., Dr. Thara S.S., Dr. Deepthi V.S, Dr. Lathika A.C.

**Review and Edit**

Dr. Jaya R.S.,
Prof. (Dr.) Thomas Thamarassery

**Linguistics**

Dr. Jaya R.S.
Prof. (Dr.) Thomas Thamarassery

**Scrutiny**

Aswani A.P.
Deepam S.
Dr. Thara S.S.
Dr. Deepthi V.S.
Dr. Lathika A.C.

**Cover Design**

Jobin J.

**Co-ordination**

**Director, MDDC :**
Dr. I.G. Shibi
**Asst. Director, MDDC :**
Dr. Sajeevkumar G.
**Coordinator, Development:**
Dr. Anfal M.
**Coordinator, Distribution:**
Dr. Sanitha K.K.


Scan this QR Code for reading the SLM on a digital device.


**Second Edition**
February 2026



**Copyright**
© Sreenarayanaguru Open University



ISBN 978-81-996373-1-3

9 788199 637313



SGOU



All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.



www.sgou.ac.m



YouTube

Visit and Subscribe our Social Media Platforms

# MESSAGE FROM VICE CHANCELLOR

Dear Learner,

It is with great pleasure that I welcome you to the Four Year UG Malayalam Language and Literature Programme offered by Sreenarayanaguru Open University.

Established in September 2020, our university aims to provide high-quality higher education through open and distance learning. Our guiding principle, 'access and quality define equity', shapes our approach to education. We are committed to maintaining the highest standards in our academic offerings.

Our university proudly bears the name of Sreenarayanaguru, a prominent Renaissance thinker of modern India. His philosophy of social reform and educational empowerment serves as a constant reminder of our dedication to excellence in all our academic pursuits.

The Four Year UG Malayalam Language and Literature Programme covers all relevant areas aligned with Malayalam language and literary studies. We have incorporated the latest trends in Malayalam studies to ensure a comprehensive and up-to-date curriculum. Moreover, the programme encompasses flexible options for learners to choose from a range of Ability Enhancement Courses, Multi-disciplinary Courses, Value Added Courses, and Skill Enhancement Courses, complemented by discipline-oriented Advanced and Additional Advanced Courses.

Our teaching methodology combines three key elements: Self Learning Material, Classroom Counselling, and Virtual modes. This blended approach aims to provide a rich and engaging learning experience, overcoming the limitations often associated with distance education. We are confident that this programme will enhance your understanding of Malayalam language and literature, preparing you for various career paths and further academic pursuits.

Our learner support services are always available to address any concerns you may have during your time with us. We encourage you to reach out with any questions or feedback regarding the programme.
We wish you success in your academic journey with Sreenarayanaguru Open University.

Best regards,

Dr. Jagathy Raj V.P.
Vice Chancellor

01-02-2026

SGOU

# Contents


**BLOCK 1** **1**

UNIT 1 കാടിനെ ചെന്ന് തൊടുമ്പോൾ - എൻ. എ. നസീർ 2

UNIT 2 കേരളം : ഒരു സംഭാഷണചരിത്രം സങ്കല്പിക്കുമ്പോൾ - ഇ.പി. രാജഗോപാലൻ 15

UNIT 3 കറുപ്പിന്റെ സൗന്ദര്യം കവിതയിലെ കീഴാളമുഖം - ടി. കെ. അനിൽകുമാർ 25

**BLOCK 2** **35**

UNIT 1 കളരിയിലെ ദിവസങ്ങൾ - കലാമണ്ഡലം കൃഷ്ണൻ നായർ 36

UNIT 2 മലയാളസംഗീതത്തിലെ രാഘവത്വം - വി.ടി. മുരളി 44

UNIT 3 ആത്മദംശനം - മൈന ഉമൈബാൻ 54

**BLOCK 3** **62**

UNIT 1 കുടിയേറ്റക്കാരന്റെ വീട് - വി. മുസഫർ അഹമ്മദ് 63

UNIT 2 എം.വി. ദേവനും ആധുനികതയും - വിജയകുമാർ മേനോൻ 74

UNIT 3 നഷ്ടപ്പെട്ട നദീതടസംസ്കാരങ്ങൾ - എൻ. ശശിധരൻ 85

**BLOCK 4** **98**

UNIT 1 നിമിഷങ്ങളുടെ ആഘോഷം - രാജശ്രീ വാര്യർ 99

UNIT 2 ചുവടുകൾ ബാക്കിയായ പൂരക്കളി - ജോയ് മാത്യു 106

UNIT 3 പെൺകുട്ടിയും ആൺകുട്ടിയും - കെ. ആർ. വിനയൻ 115

**MODEL QUESTION PAPER SETS** **123**


SGOU

# 1
# BLOCK

SGOU

1

UNIT

# കാടിനെ ചെന്ന് തൊടുമ്പോൾ

എൻ. എ. നസീർ

## Learning Outcomes

- എൻ.എ.നസീറിന്റെ കൃതികൾ പരിചയപ്പെടുന്നു
- പരിസ്ഥിതിദർശനത്തെക്കുറിച്ച് അറിവ് നേടുന്നു
- എൻ.എ.നസീർ എന്ന വൈൽഡ് ഫോട്ടോഗ്രാഫറിന്റെ അനുഭവലോകത്തെ പരിചയപ്പെടുന്നു
- പ്രകൃതിയും മനുഷ്യരും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുന്നു

## Prerequisite

### ദർശനം

പരിസ്ഥിതി എന്നാൽ ചുറ്റുപാട് എന്ന് സാമാന്യമായി അർഥം കല്പിക്കാമെങ്കിലും ജീവജാലങ്ങളുടെ ഭൗതിക-ജൈവ ചുറ്റുപാടുകളെയാണ് പരിസ്ഥിതി എന്നതുകൊണ്ട് അർഥമാക്കുന്നത്. വെള്ളം, വായു, മണ്ണ് തുടങ്ങിയ അജൈവിക ചുറ്റുപാടുകളും ഇതിലുൾപ്പെടുന്നു. പരസ്പരാശ്രയത്വമാണ് ജീവിവർഗത്തിന്റെ നിലനിൽപ്പിന് അടിസ്ഥാനം. മനുഷ്യനും തന്റെ ആവാസകേന്ദ്രമായ പ്രകൃതിയും തമ്മിലുള്ള പരസ്പരപൂരകത്വത്തിലധിഷ്ഠിതമായ സമഗ്രജീവിതദർശനമാണ് പരിസ്ഥിതിബോധം. ആ നിലയിൽ വേദങ്ങൾ, ഉപനിഷത്തുകൾ, ഇതിഹാസങ്ങൾ, പ്രാചീനഭാരതീയ സാഹിത്യങ്ങൾ തുടങ്ങിയവയിലെല്ലാം പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിന്റെയും അനുരഞ്ജനത്തിന്റെയും കാഴ്ചകൾ അവതരിപ്പിച്ചിരിക്കുന്നതായി കാണാം. പ്രാചീന ഭാരതീയർക്ക് പരിസ്ഥിതിയോടുണ്ടായിരുന്ന സമീപനം ധർമ്മാധർമ്മങ്ങളുമായി ബന്ധപ്പെട്ട പുണ്യപാപങ്ങളുടെ സങ്കല്പത്തിൽ അധിഷ്ഠിതമായിരുന്നു.

പ്രകൃതി (Nature), പരിസ്ഥിതി (Environment) എന്നീ പദങ്ങൾ പ്രത്യക്ഷത്തിൽ സാമ്യങ്ങളാണെന്ന് തോന്നുമെങ്കിലും അവ വ്യത്യസ്ത അർഥതലങ്ങൾ ഉൾക്കൊള്ളുന്നവയാണ്. വായു, ജലം, കാട്, മനുഷ്യൻ തുടങ്ങിയവയുമായി ഇഴചേർന്നു നിൽക്കുന്ന ആവാസവ്യവസ്ഥയുടെ സംരക്ഷണവും പരിപോഷണവുമാണ് 'പ്രകൃതി' എന്ന പദം കൊണ്ട് അർഥമാക്കുന്നത്. ഇവിടെ മതപരവും ദാർശനികവുമായ വ്യാഖ്യാനങ്ങളുടെ കേന്ദ്രസ്ഥാനത്ത് പ്രകൃതി നിലകൊള്ളുന്നു. ജീവികളുടെ ചുറ്റുപാട്, സസ്യപ്രകൃതി

SGOU

കൾ, കാലാവസ്ഥ തുടങ്ങിയവ ഒത്തുചേർന്ന സ്ഥിതിവിശേഷമാണ് പരിസ്ഥിതി. ഇത് അധികാരത്തിന്റെയും അതിജീവനത്തിന്റെയും ദ്വന്ദ്വങ്ങളെക്കൂടി പ്രതിനിധാനം ചെയ്യുന്നു. ആവാസവ്യവസ്ഥയുടെ മാറ്റമോ, ഏതെങ്കിലുമൊരു പരിസ്ഥിതി ഘടകത്തിന്റെ അപര്യാപ്തതയോ ഇല്ലായ്മയോ പരിസ്ഥിതിയുടെ സഹജമായ സംതുലനാവസ്ഥയെ തകിടം മറിക്കുന്നു എന്ന ചിന്ത ഇന്ന് പ്രബലമാണ്. പരിസ്ഥിതി പഠനങ്ങൾക്ക് അക്കാദമിക ലോകത്ത് പ്രസക്തി ഏറി വന്നു. ഇക്കോളജിക്കൽ ബാലൻസ് എന്ന് വിവക്ഷിക്കപ്പെടുന്ന ജൈവപരസ്പരാശ്രിതത്വത്തെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ് 'ഇക്കോളജി' എന്ന് 1866-ൽ ഏണസ്റ്റ് ഹെഗൽ പരിസ്ഥിതിയെ നിർവചിച്ചിട്ടുണ്ട്. ഇദ്ദേഹമാണ് പരിസ്ഥിതി വിജ്ഞാനീയത്തെ ഒരു പ്രത്യേക ശാസ്ത്രശാഖയാക്കി മാറ്റിയത്. "ഓയിക്കോസ്' (Oikos) എന്ന ഗ്രീക്കുപദത്തിൽനിന്നാണ് ഇക്കോളജി എന്ന പദമുണ്ടായത്. ഗൃഹസംബന്ധമായത് എന്നാണ് ഇതിനർഥം."നാമെല്ലാം ജീവിക്കുന്ന ലോകത്തിന്റെ ഇന്നത്തെ അവസ്ഥയെയും ഭാവിയെയും സംബന്ധിച്ച് ഏറ്റവും പ്രസക്തമായ വിഷയമാണ് ഇക്കോളജി'' എന്നാണ് വില്യം റുക്കേർട്ട് പറഞ്ഞത്. "ജന്തുജാലങ്ങളും അവയ്ക്ക് ചുറ്റുമുള്ള സസ്യപ്രകൃതിയും ചേർന്ന പരിസ്ഥിതിയെക്കുറിച്ചുള്ള പഠനമാണ് പരിസ്ഥിതിശാസ്ത്രം അഥവാ ഇക്കോളജി' എന്ന് പരിസ്ഥിതി ചിന്തകനായ റിയോറാനും നിർവചിച്ചിട്ടുണ്ട്. പ്രകൃതിയും പരിസ്ഥിതിയും ഭിന്നമല്ല എന്ന് തിരിച്ചറിയുന്നിടത്താണ് പരിസ്ഥിതിദർശനത്തിന്റെ അടിസ്ഥാനതത്വം നിലകൊള്ളുന്നത്. മനുഷ്യനെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന ചിന്തയിൽ നിന്ന് സമീപനരീതികൾ മാറുകയും പിൽക്കാലത്ത് സുസ്ഥിര വികസനമെന്ന ആവശ്യം ഉയർത്തപ്പെടുകയും ചെയ്തു. പരിസ്ഥിതിയെക്കുറിച്ചുള്ള പഠനങ്ങൾക്ക് ഇന്ന് അക്കാദമിക രംഗത്ത് സവിശേഷമായ സ്ഥാനമുണ്ട്. പരിസ്ഥിതി ദർശനം പ്രകൃതിയെക്കുറിച്ചുള്ള ദീർഘവീക്ഷണവും അനുഭവവും അനുഭൂതിയുമാണ്. പ്രകൃതിയെ അറിവും അനുഭവവുംകൊണ്ട് വീക്ഷിക്കുന്ന ലേഖനമാണ് എൻ.എ.നസീറിന്റെ കാടിനെ ചെന്ന് തൊടുമ്പോൾ.

## എൻ.എ.നസീർ

1962 ജൂൺ 10-ന് എറണാകുളം ജില്ലയിലെ പള്ളിപ്പുറത്ത് ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തോടൊപ്പം ആയോധനകലകളായ തായ്ചി, ചികോങ്, കരാട്ടെ തുടങ്ങിയവയിലും, യോഗ, തൈഡ്രോ, ഉപാസ്വ മെഡിറ്റേഷൻ എന്നിവയിലും പ്രാവീണ്യം നേടി.



ഒരു വന്യജീവി ഫോട്ടോഗ്രാഫറാണ് എൻ.എ. നസീർ. മലയാളത്തിലെ പ്രമുഖ മാസികകളിലും സാങ്ചറി ഏഷ്യ, ഹോൺബിൽ, ഫ്രണ്ട് ലൈൻ, ഔട്ട്ലുക്ക്, ട്രാവലർ മുതലായ പ്രസിദ്ധീകരണങ്ങളിലും, വന്യജീവികളെക്കുറിച്ച് ഫോട്ടോ സഹിതം അനുഭവക്കുറിപ്പുകൾ എഴുതുന്നു. ദർശനത്തിലൂടെ ധാരാളം എഴുത്തുകൾ അദ്ദേഹത്തിന്റേതായി രൂപപ്പെട്ട് ഉണ്ടായിട്ടുണ്ട്. 35 വർഷമായി കേരളത്തിലെ വനമേഖലയിൽ നിരന്തരം യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. കെ.ആർ. ദേവാനന്ദ് സ്മാരക പുരസ്കാരം, ഓൾ കേരള ഫോട്ടോഗ്രാഫി അസോസിയേഷന്റെ എക്സലൻസി ഇൻ ഫോട്ടോഗ്രാഫി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. കാടിനെ ചെന്നു തൊടുമ്പോൾ, കാടും ക്യാമറയും, വ്രണം പൂത്ത ചന്തം, മലമുഴക്കി, കാട്ടിൽ ഒപ്പം നടന്നവരും പൊഴിഞ്ഞുപോയവരും എന്നിവ പ്രധാനപ്പെട്ട രചനകളാണ്.

SGOU

## Keywords

പരിസ്ഥിതിദർശനം - ഫോട്ടോഗ്രഫി എന്ന അനുഭവം - കാടിനെ ചെന്നു തൊടുമ്പോൾ - പ്രകൃതിയും മനുഷ്യരും - അനുഭവം - ആഖ്യാനം - കാടും ക്യാമറയും

## Discussion

ജർമ്മൻ ജന്തുശാസ്ത്രകാരനായ ഏണസ്റ്റ് ഹെഗൽ ആണ് 1866-ൽ ഇക്കോളജി എന്ന പദം ആദ്യമായി പ്രയോഗിച്ചത്. ജീവശാസ്ത്രത്തിന്റെ ഒരു വിഭാഗമായിട്ടാണ് 'ഇക്കോളജി' അന്ന് അറിയപ്പെട്ടിരുന്നത്. ഇക്കോസ്, ലോഗോസ് എന്നീ രണ്ടു ഗ്രീക്കുപദങ്ങളിൽ നിന്നാണ് 'ഇക്കോളജി' എന്ന പദം ഉണ്ടായത്. 'ആവാസവ്യവസ്ഥയെക്കുറിച്ചുള്ള പഠനം' എന്നാണ് അന്ന് ഈ സംജ്ഞയ്ക്ക് നല്കിയ നിർവചനമെങ്കിലും പല നിലയിൽ പദം വ്യാഖ്യാനിക്കപ്പെടുകയുണ്ടായി. ഭൂമിയിൽ പിറന്നുവീഴുന്ന എല്ലാ ജീവിവർഗത്തിനും ഇവിടെ ജീവിക്കാൻ അവകാശമുണ്ട് എന്ന കാഴ്ചപ്പാടിലേയ്ക്ക് പരിസ്ഥിതിദർശനം വികസിക്കുകയുണ്ടായി. ഭൂമിയും പ്രകൃതിയും മനുഷ്യർക്കെന്നതുപോലെ സമസ്ത ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ്. അവയ്ക്കുള്ള അവകാശങ്ങൾ സംരക്ഷിക്കത്തക്കവിധം പരിസ്ഥിതിയുടെ സന്തുലനം നിലനിർത്തണം. അത് കേവലം ഉപരിപ്ലവമായ പ്രവർത്തനങ്ങളിൽ ഒതുങ്ങിപ്പോകരുത്. പരിസ്ഥിതിക്കു സ്ഥൂലവും സൂക്ഷ്മവുമായ തലങ്ങളുണ്ടെന്ന് ശാസ്ത്രം അനുശാസിക്കുന്നു. സന്തുലിതാവസ്ഥ നിലനിർത്താൻ പ്രകൃതിക്കു സഹജമായ മാർഗങ്ങളുണ്ട്. അതിനു ഭംഗം സംഭവിക്കുമ്പോൾ പ്രകൃതിയുടെ താളം തെറ്റുന്നു. ഇത്തരം താളപ്പിഴകൾ പ്രകൃതിയിലെ സകലജീവിവർഗത്തിനും കടുത്ത ഭീഷണിയാണ്. പരിസ്ഥിതിശാസ്ത്രത്തിന്റെ കലാത്മകമായ അഭിലാഷങ്ങളാണ് പരിസ്ഥിതിയോടു ബന്ധപ്പെട്ട ലാവണ്യചിന്തയിൽ അന്തഃസ്ഥിതമായിട്ടുള്ളത്. രാഷ്ട്രീയവും സൗന്ദര്യാത്മകവുമായ തലങ്ങൾ ഇഴചേരുന്ന സവിശേഷമായ ഒരു ദർശനതലം പരിസ്ഥിതി ലാവണ്യചിന്തയുടെ ഭൂമിക തീർക്കുന്നുണ്ട്.

കാടുമായുള്ള അഹന്ത വെടിഞ്ഞ് കൂടിച്ചേരൽ സാധ്യമാക്കുന്ന അസാധാരണ ബോധജ്ഞാനങ്ങളുടെ അനുഭവകഥകളാണ്, ലോകോത്തര വന്യജീവി ഛായാഗ്രാഹകരിലൊരാളായ എൻ.എ. നസീർ 'കാടിനെ ചെന്നുതൊടുമ്പോൾ' എന്ന അനുഭവക്കുറിപ്പിലൂടെ പങ്കുവെയ്ക്കുന്നത്. അനുഭവവും ആലോചനയും കൂടിച്ചേരുന്ന രചനാശൈലി വായനക്കാരുടെ ഹൃദയത്തിലേയ്ക്കാണ് സഞ്ചരിക്കുന്നത്. പരിസ്ഥിതിദർശനം കേവലമൊരു സൈദ്ധാന്തിക പശ്ചാത്തലം മാത്രമല്ലെന്നും അത് ജീവിതചര്യയുടെ ഭാഗമാണെന്നും അദ്ദേഹം നമ്മെ ഓർമിപ്പിക്കുന്നു. കാടിനെ പകർത്തുകയല്ല, കാടിന്റെ ഹൃദയത്തെ തൊടുന്ന ഒരു ഫോട്ടോഗ്രാഫറിന്റെ തിരിച്ചറിവും ബോധ്യങ്ങളുമാണ് എൻ.എ. നസീർ പങ്കുവെച്ചിരിക്കുന്നത്.

വനലോകങ്ങളുമായുള്ള അവിസ്മരണീയങ്ങളായ നേർക്കാഴ്ചകളുടെ ഒരു കാലിഡോസ്കോപ്പിനുള്ളിലേക്ക് നസീർ നമ്മെ നയിക്കുന്നു. ഒരു ജീവനുള്ള മഹാവനമധ്യത്തിലേക്ക് യാത്ര കൊണ്ടുപോകും പോലെ. തന്റെ ക്യാമറയുടെ പ്രയോഗത്തിലേക്ക് ചേർത്തുവെക്കുന്ന അതേ മാധുര്യത്തോടും ലാവണ്യത്തോടുമാണ് നസീർ തന്റെ തൂലിക ചലിപ്പിക്കുന്നത്. മരങ്ങളും പൂക്കളും ചെടികളും വള്ളികളും മൃഗപക്ഷികളും അരുവികളും മീനുകളും എറുമ്പുകളും പാമ്പുകളും പൂമ്പാറ്റകളും വെളിച്ചവും ഇരുട്ടും തണുപ്പും ചൂടും വിശപ്പും വിപത്തും ഇരതേടലും ഇണചേരലുമെല്ലാമടങ്ങിയ കാടിന്റെ പ്രപഞ്ചത്തെ, അതിനെ നിബന്ധനകളില്ലാതെ ആശ്ലേഷിക്കുന്ന ഒരാൾക്ക് മാത്രം സമാഹരിക്കാൻ കഴിയുന്ന അസാധാരണമായ ജീവസത്തയോടെ നസീർ നമ്മുടെ മുൻപിൽ പ്രത്യക്ഷപ്പെടുത്തുന്നു. ലളിതവും ഭാവാത്മ

SGOU

കവും സുന്ദരവുമായ ഹൃദയഭാഷണമാണ് നസീറിന്റെ ഗദ്യം. അതിന്റെ ഉത്കൃഷ്ടപാരമ്പര്യത്തിൽ ഇന്ദുചൂഡനെയും ശിവദാസ മേനോനെയും ജോൺസിയെയും രാജൻ കാക്കനാടനെയും നാം കണ്ടുമുട്ടുന്നു. പി. കുഞ്ഞിരാമൻ നായരും ചങ്ങമ്പുഴയും അവിടെയുണ്ട്. ഒരുപക്ഷേ, ബഷീർ എന്ന സൂഫിയും. നസീറിലെ എഴുത്തുകാരന് ക്യാമറ ഒരു നിമിത്തമായിരിക്കാം. അതേസമയം അത് പരിണാമോന്മുഖവും ഹരിതവും ആധുനികവുമായ ഒരു ആത്മീയതയുടെ വഴികാട്ടി കൂടിയായിത്തീരുന്നു (സക്കറിയ).

*''നമ്മുടെ പാദങ്ങൾ സ്പർശിക്കുവാൻ പോലും പാടില്ലാത്ത ചില വനസ്ഥലികൾ ഉണ്ട്. ഗവേഷണത്തിന്റെയോ ഫോട്ടോഗ്രാഫിയുടെയോ ടൂറിസത്തിന്റെയോ പേരിൽ നമ്മുടെ കാൽപ്പാദങ്ങൾ ചവിട്ടി അശുദ്ധമാക്കാൻ പാടില്ലാത്ത വിശുദ്ധ ഇടങ്ങൾ. ആ പാറയിൽ ഇരുന്നുകൊണ്ട് ഞാൻ മുന്നിൽ കാണുന്ന ഷോലക്കാടിന്റെ ഹരിതസ്മൃതിയിലേക്കു നോക്കി. വർഷകാലത്ത് നനഞ്ഞു കുതിർന്ന ഒരു ഭിത്തിയിൽ പൂപ്പൽ പിടിച്ചതുപോലെയാണ് വന്തറവുമുടിയിലെ ഈ ഷോലക്കാട്. വൃക്ഷങ്ങൾ പരസ്പരം പുണർന്നോ കൂടിക്കുഴഞ്ഞോ ഒരിഞ്ചു സ്ഥലം പോലും വെറുതേ വിടാതെ പറ്റിപ്പിടിച്ചിരിക്കുന്നതായി തോന്നിച്ചു. വന്തറവുമുടിയുടെ പടിഞ്ഞാറേ ചരിവ് അങ്ങനെയാണ്. വലിയൊരു ഭിത്തിപോലെ. ഹരിതത്തിന്റെ ഒരായിരം വകഭേദങ്ങൾ! പ്രകൃതിയിൽ ഇത്രമാത്രം വർണഭേദങ്ങൾ ഒരേ നിറത്തെ തൊട്ടുകാണില്ല. ഒരു വൃക്ഷത്തെ തന്നെ എടുത്താൽ പച്ചയുടെ വ്യത്യസ്തതയാർന്ന എത്ര ഇലകൾ. സ്ഥായിയായ നിറം പച്ചതന്നെ. തളിരിലയുടെ പച്ചയല്ല, പൊഴിയുവാൻ തുടങ്ങുന്ന ഇലയിലെ മറയുന്ന പച്ച. വെയിൽ ഏല്ക്കുന്ന ഇലയുടെ പച്ചയും വെയിൽ ഏല്ക്കാത്ത ഇലയുടെ പച്ചയും വ്യത്യസ്തമാണ്.''*

ഷോലക്കാടിന്റെ പ്രാധാന്യത്തെ തിരിച്ചറിയുന്ന മനുഷ്യന്റെ അനുഭവമാണ് ഇവിടെ കാണാൻ കഴിയുന്നത്. കാടിന്റെ ഉള്ളിടങ്ങൾ ഭൂമിയുടെ നിലനില്പിന് അടിസ്ഥാനമായി വർത്തിക്കുന്നു. സർവപ്രപഞ്ചത്തെയും നിലനിർത്തുന്ന പരസ്പരാശ്രയത്വത്തിന്റെ കണ്ണികൾ പൊട്ടി വീഴാതെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് എൻ. എ. നസീർ വിരൽ ചൂണ്ടുന്നത്. അതിന് ഒറ്റക്കാര്യം കരുതലോടെ ചെയ്താൽ മതി, നമ്മുടെ പാദങ്ങൾ സ്പർശിക്കുവാൻ പോലും പാടില്ലാത്ത ചില വനസ്ഥലികളിലേയ്ക്ക് കടന്നുചെല്ലാതിരിക്കുക. നമ്മുടേതല്ലാത്ത ഇടങ്ങളെ സ്വതന്ത്രമായി വിടുക. മനുഷ്യന്റെ ആവശ്യത്തിനുള്ള വസ്തുക്കളൊക്കെ ഇവിടെയുണ്ട്, ആർത്തിക്കുള്ളത് ഇവിടെ ഇല്ല എന്ന് ഉത്തമബോധ്യത്തിൽ നിന്നുകൊണ്ട് സുസ്ഥിരമായ വികസനദർശനം വികസിപ്പിച്ചെടുക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് കൂടി വായനക്കാരുടെ ചിന്തയെ നയിക്കാൻ എൻ.എ.നസീറിന്റെ 'കാടിനെ ചെന്നു തൊടുമ്പോൾ' എന്ന അനുഭവാവിഷ്കാരത്തിന് കഴിയുന്നുണ്ട്. ദുര മൂത്ത മനുഷ്യന്റെ കൃത്രിമവും നിർവികാരവുമായ നോട്ടത്തെ പാടെ നിരാകരിച്ചു കൊണ്ട്, ചിന്തയുടെ നവവും തണുപ്പുമുള്ള നിലനില്പിന്റെ നോട്ടമാണ് അദ്ദേഹം മുന്നോട്ടു വെക്കുന്നത്.

''ഏലാമാ?' (കയറിയാലോ?) മനോഹറിന്റെ ചോദ്യം.

*''ടോപ്പ് സ്റ്റേഷനിലെ ലൂക്കയുടെ കടയിൽ നിന്ന് ഉച്ചയ്ക്ക് കഴിക്കാനുള്ള ഇഡ്ഡലി പൊതിഞ്ഞു വാങ്ങുമ്പോഴും രണ്ടു ദിവസത്തേക്ക് ആവശ്യമായ അവലും ശർക്കരയും റൊട്ടിയുമൊക്കെ ബാഗിൽ വെക്കുമ്പോഴും വ്യക്തമായ ഉദ്ദേശ്യമുണ്ടായിരുന്നു. ഈ ഷോലയുടെ ഹരിതസാഗരത്തിലൂടെ ഊളിയിട്ട് വന്തറവുമുടിയുടെ നിറുകയിലെത്തണമെന്നും രണ്ടു നാൾ അവിടെ കഴിയണമെന്നുമായിരുന്നു അത്. ഇപ്പോൾ മണിക്കൂറുകൾ എത്ര കടന്നുപോയിരിക്കുന്നു. പുൽപ്പരപ്പിനു നടുവിലെ ഈ പാറയിൽ ഇരുന്ന് കണ്ണുകൾ ഷോലയിലേക്കു തുറന്നുവെച്ചൊരു ധ്യാനം''.*

ഈ ആത്മീയതയിൽ നിന്നാണ് നസീറിന്റെ ക്യാമറയിൽ നിന്നുത്ഭവിക്കുന്ന വനലോക ചിത്രങ്ങളുടെ അതീന്ദ്രിയസ്വഭാവം ഉടലെടുക്കുന്നത് എന്നു കരുതണം. വനത്തിന്റെയും വനജീവജാലങ്ങളുടെയും ഹൃദയത്തിലേക്ക് സ്നേഹപൂർവവും ധൈര്യപൂർവവും കടന്നുചെല്ലുന്ന ഒരു ഉൾക്കണ്ണ് നസീറിൽ നിന്ന് ക്യാമറയുടെ സ്ഫടികനയനത്തിലേക്ക് കടന്നുചെല്ലുന്നതുപോലെയാണത്. കാടും കാട്ടിലെ ജീവിയും

SGOU

ഛായാഗ്രാഹകനും ക്യാമറയും ഒരു ധ്യാനത്തിൽ ഒന്നിക്കുന്നു. അപ്പോൾ അപൂർവവും അലൗകികവുമായ ഒരു ചിത്രത്തിന്റെ അസുലഭമുഹൂർത്തം പിറക്കുന്നു. അത് ഭാഗ്യമല്ല, കാടിന്റെ നിശ്ചയമാണ് എന്ന് നസീർ പറയുന്നു. ദൂരെ കാഴ്ചയിലൂടെ ഷോലക്കാടിനെ അറിയുന്നു എന്നല്ലാതെ അതിന്റെ ഉള്ളറകളിലേയ്ക്ക് അദ്ദേഹത്തിന്റെ മനസ് അനുവദിക്കുന്നില്ല. ധ്യാനാത്മകതയിലൂടെയും അഹന്താനിഗ്രഹത്തിലൂടെയും കാടിന്റെ ഇച്ഛയും ഛായാഗ്രാഹകന്റെ തിരിച്ചറിവും ഒന്നായിത്തീരുന്ന കാഴ്ച എൻ.എ.നസീറിൽ കാണാം. എൻ. എ. നസീർ എഴുതുന്നു: ''ഈ മലനിരയിൽ മനോഹറിനൊപ്പം എത്രയോവട്ടം അലഞ്ഞുതിരിഞ്ഞിരിക്കുന്നു. ഞങ്ങൾ ചെന്നുപറ്റാത്ത ഇടങ്ങളില്ല എന്നു പറയാം. രാവും പകലുമൊക്കെ ഞങ്ങൾക്ക് ഈ മലനിരകൾ ഒരുപോലെ ആയിരുന്നു. എന്നിട്ടും ഈ കൊച്ചു ഷോലയുടെ മുന്നിലെത്തുമ്പോൾ എന്തേ എല്ലാ കാട്ടുവഴികളും അവസാനിക്കുന്നു. പുൽപ്പരപ്പ് ചെന്നുനില്ക്കുന്നത് ഷോലയുടെ കാൽച്ചുവട്ടിലാണ്. നിശബ്ദനായും നിശ്ചലനായും വിനയത്തോടെ അവിടെ നിന്നുകൊണ്ട് കാടിന്റെ നിഗൂഢതയിൽനിന്ന് എനിക്കായി മാത്രം വരുന്ന മർമ്മരങ്ങൾ അറിയും, ഹരിതഗന്ധങ്ങളെ തിരിച്ചറിയാൻ ശ്രമിക്കും. ഷോലയെ തഴുകിവരുന്ന കാറ്റിനെ തൊട്ടറിയാൻ ശ്രമിക്കും.

മനുഷ്യർ ആരും പുൽപ്പരപ്പിൽനിന്ന് ഷോലയിലേക്ക് കയറരുതെന്ന ഉറച്ച തീരുമാനത്തോടെയാണെന്നു തോന്നുന്നു, വൃക്ഷങ്ങളും അതിരുകളിൽ നിൽക്കുന്ന കുറിഞ്ഞിച്ചെടികളുമൊക്കെ ഇത്രമാത്രം പരസ്പരം ഇഴുകിച്ചേർന്ന് ഒരു ചാലുപോലും ഇല്ലാത്ത തരത്തിൽ നില്ക്കുന്നത്. പ്രകൃതിയിലെ എല്ലാ അതിരുകളും ലംഘിക്കുന്ന മനുഷ്യർക്കെതിരേയാണ് ഈ പ്രതിരോധതന്ത്രങ്ങൾ മെനഞ്ഞിരിക്കുന്നത്. ഷോല വിളിക്കുന്നത് തിരിച്ചറിഞ്ഞിട്ടും ഞാനെന്തേ അകന്നുമാറുന്നതെന്ന് വ്യക്തമാവുകയാണ്. ഹരിതസാഗരത്തിൽ മുങ്ങിപ്പോയ മനസിനെ വെറുതേ തിരിച്ചുപിടിക്കാൻ ശ്രമിച്ചു.'' പല തവണ ഷോലയുടെ മുന്നിലെത്തിയിട്ടും അവിടേയ്ക്ക് കടക്കാൻ ശ്രമിക്കാതിരുന്നത് പരിസ്ഥിതിയെക്കുറിച്ചുള്ള ഉറച്ചബോധ്യത്താലാണെന്ന് അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്ന് മനസിലാക്കാം. തന്റെ കാല്പാദങ്ങൾ ചവിട്ടി ആ വിശുദ്ധ ഇടം അശുദ്ധമാകുമെന്ന ഉൾഭയം ഉണ്ടെന്ന് അദ്ദേഹം പറയുന്നത് അതുകൊണ്ടാണ്.

''കടുവയെ സ്ഥിരമായി കാണുന്ന ഒരു പാറയിടുക്കുണ്ട് ആ ഷോലയ്ക്കുള്ളിൽ എന്ന് ആനന്ദരാജ് പറഞ്ഞിട്ടുണ്ട്. കുട്ടിയോടൊപ്പം ഒരിക്കൽ അയാൾ ആ വലിയ കടുവയെ കണ്ടതായി പറഞ്ഞിട്ടും ഞാൻ അവയെ തിരക്കി ഷോലയിലേക്കു കയറിയില്ല. എന്നെങ്കിലും ഒരിക്കൽ എനിക്കായി ഷോലയിൽനിന്ന് പുൽപ്പരപ്പിലേക്ക് നടന്നു വരുന്ന കാടിന്റെ ഗാംഭീര്യത്തെ ഞാൻ എന്റെ ധ്യാനമുഹൂർത്തങ്ങളിൽ ദർശിക്കാൻ ശ്രമിച്ചു'' എന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു. കാടിനെ പകർത്തൽ അതിന്റെ വിശുദ്ധിയെ ഹനിച്ചു കൊണ്ടാകരുത് എന്ന് അദ്ദേഹം വിശ്വസിച്ചു. കാടിനോട് ഇണങ്ങും തോറും കാട് തന്നിലേയ്ക്ക് നടന്നു വരുമെന്ന പ്രതീക്ഷയും ആ വാക്കുകളിൽ പ്രകടമാണ്. സഹവർത്തിത്വത്തെക്കുറിച്ചും പരജീവനെക്കുറിച്ചുമുള്ള കരുതൽ അദ്ദേഹത്തിന്റെ വാക്കുകളിൽ പ്രകടമാണ്.

വന്തറുവിന്റെ വലതുവശത്തുകൂടി കൊടൈക്കനാലിലേക്ക് നീളുന്ന പഴയ ഒരു ജീപ്പുപാതയുണ്ട്. ഏകനായി അതിലൂടെ എത്രയോവട്ടം നടന്നുപോയിരിക്കുന്നു. പാതയരികിൽ ആരോരുമില്ലാത്ത ഒരു പഴയ കെട്ടിടം ഉണ്ട്. വിശാലമായ ഒരു ചതുപ്പിനരികിൽ. കാഴ്ചയുടെയും കേൾവിയുടെയും സുഖത്തിൽ ലയിച്ചവിടെ തങ്ങും. കാട്ടുപോത്തിൻ കൂട്ടങ്ങളും മാൻകൂട്ടങ്ങളും പക്ഷിപ്പാട്ടുകളും കൊണ്ട് സമ്പന്നമായ ഒരിടം. തണുത്തുറഞ്ഞ ശൈത്യകാലത്ത് എത്രയോവട്ടം അവിടെ അന്തിയുറങ്ങിയിരിക്കുന്നു. ക്യാമറാ ഫ്രെയിമുകളിൽ വീഴാത്ത കാടിന്റെ മുഖങ്ങളെക്കുറിച്ച് അദ്ദേഹം എഴുതുന്നു.

*പുൽമേട്ടിൽ യാതൊരു ഭയാശങ്കകളുമില്ലാതെ മേയുന്ന 'ഗുണ്ടുമണി' എന്ന ആന (ആ ആകാരം കണ്ടപ്പോൾ വിളിച്ചുപോയ ഒരു പേരാണിത്) പുൽമേടിന്റെ സമൃദ്ധിയും തെളിനീരുപോലെ ഊറിവരുന്ന ശുദ്ധജലവും കുളിരുള്ള അന്തരീക്ഷവും ഒക്കെ വേണ്ടുവോളം ഏറ്റുവാങ്ങിയ ഒരാനയായിരുന്നു. പലപ്പോഴും ഞങ്ങളെ തിരിച്ചറിഞ്ഞ*

SGOU

*തായിട്ടു തോന്നിയിട്ടുണ്ട്. ഏറെ സൗമ്യനായിരുന്നു അവൻ. കാടിന്റെ വന്യതയെക്കാൾ അതിനുള്ളിലെ സൗമ്യതയാണ് അദ്ദേഹം കണ്ടെത്തുന്നത്.*

പത്തുവർഷത്തിനു ശേഷം വീണ്ടും ആ ഷോലക്കാട്ടിലേയ്ക്ക് പോയ അനുഭവം പങ്കുവയ്ക്കുന്നുണ്ട് എൻ.എ.നസീർ. പത്തു വർഷത്തിനുശേഷം കഴിഞ്ഞ വർഷം ആ പാതയിലൂടെ വന്തറുവിന്റെ മുകൾവരെ പോയി ഞാൻ. അതിനിടയിൽ ആ ഷോലക്കാട് 'പാമ്പാടും ഷോല നാഷണൽ പാർക്കായി ഉയർന്നു കഴിഞ്ഞു. കേരള അതിർത്തി വരെയേയുള്ളൂ ആ ജീപ്പുപാത ഇപ്പോൾ. അതിനപ്പുറമുള്ള വഴിയാകെ കാടുകയറി മൂടിപ്പോയി. തമിഴ്നാട് ആ പഴയ ജീപ്പുപാത ഏതാണ്ട് ഉപേക്ഷിച്ച മട്ടാണ്. പുൽമേടുകളായിരുന്ന ഇടയ്ക്കൊക്കെ വാറ്റിൽ എന്ന വൃക്ഷം നട്ടുപിടിപ്പിക്കുകയും നാഷണൽ പാർക്കാ ക്കിയതിനു ശേഷം വെട്ടിയിട്ടിരിക്കുന്നതും കണ്ടു. വെച്ചുപിടിപ്പിക്കുകയും വെട്ടി മാറ്റുകയും ചെയ്യുന്ന വനവല്കരണം വാറ്റിൽ വിദേശവൃക്ഷമാണ്. നമ്മുടെ കാലാവസ്ഥയിലത് ലോഭമില്ലാതെ വളരുകയും ഒരായിരം തൈകൾ നിലനിർത്തുകയും ചെയ്യും. അവ നിന്നിരുന്ന ഇടങ്ങളൊക്കെ പുൽമേടുകളും തെളിനീർ ഉറവകൾ ഒഴുകുന്ന പ്രദേശങ്ങളുമായിരുന്നു. വാറ്റിൽ നിന്നിരുന്ന പ്രദേശങ്ങളൊക്കെ താറുമാറായിക്കഴിഞ്ഞിരുന്നു.

ഷോലക്കാടുകളിൽ കാണുന്ന 'റോ ഡോ റൻഡ്രോ' എന്ന അപൂർവവൃക്ഷം ഇത്തരം ഉയരമാർന്ന പുൽമേടുകളിലേ കാണുകയുള്ളൂ. നീലഗിരി മലനിരകളിലും പളനിമലനിരകളിലും മൂന്നാറിലെ ഉയരമാർന്ന ചില ഭാഗങ്ങളിലുമാണ് ഇവ കാണുന്നത്. പൂത്തുനില്ക്കുന്ന വൃക്ഷം ഏറെ മനോഹരമായ കാഴ്ചയാണ്. നേപ്പാളിന്റെ ദേശീയപുഷ്പം കൂടിയാണിത്. കാലം കടന്നുപോകുന്തോറും മനുഷ്യന് പ്രകൃതിയോടുള്ള സമീപനത്തിലും മാറ്റം വരുന്നു. പ്രകൃതിയുടെ മടിത്തട്ടിൽ നിന്ന് നാഗരിക മനുഷ്യൻ അകന്നുപോകുകയും അതിനു മുകളിൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നതായി കാണാം. അമൂല്യമായ ഒരു ഭൂപ്രദേശത്തിലെ ജൈവസമ്പന്നതയെക്കുറിച്ച് യാതൊരു ബോധവുമില്ലാത്തവർ കൈകാര്യം ചെയ്യുന്ന ഇത്തരം വികലമായ വനസംരക്ഷണം കൊണ്ട് ഏതൊക്കെ സ്പീഷീസുകളാണ് തിരോഭവിക്കുന്നതെന്ന് തിട്ടമില്ല. വാറ്റിലും പൈനും ഗ്രാന്റീസും ഒക്കെ വളരുന്നതിനിടയിൽ നമ്മുടെ തനതായ സസ്യജാലങ്ങളുടെ നില പരുങ്ങലിലാണ്. അവ നാശത്തിന്റെ വക്കിലേക്കാണ് ചെന്നുചേരുന്നത് എന്ന് എൻ.എ.നസീർ നിരീക്ഷിക്കുന്നു.

'ഷോലക്കാടിന്റെ സംരക്ഷണം പുൽമേടിന്റെ സംരക്ഷണം കൂടിയാണെന്ന യാഥാർഥ്യം തിരിച്ചറിയാഞ്ഞിട്ടോ അതോ മറ്റേതെങ്കിലും ലാഭക്കൊതിയോ ഈ അതിലോലമായ ഭൂപ്രദേശത്തെ ഇത്തരത്തിൽ കൊന്നൊടുക്കുന്നതിനു പ്രേരിപ്പിക്കുന്നത്?' എന്ന ചോദ്യം അശാസ്ത്രീയവും ഉപരിപ്ലവുമായ ചിന്തകൾക്ക് നേരേ അദ്ദേഹം ഉയർത്തുന്നുണ്ട്.

പുൽപ്പരപ്പിൽ മേയാനെത്തുന്ന ഇരകളെ പതുങ്ങിയിരുന്ന് പിടിക്കുന്ന ഇര പിടിയന്മാർക്ക് ഷോലയുടെ സഹായം വേണം. അവയിൽനിന്ന് രക്ഷ നേടുന്നതിന് ഇരകൾക്കും ഷോലയുടെ സഹായം വേണം. പക്ഷേ, ആഹാരത്തിന് ഈ പുൽമേടുകളും. പുൽമേടുകളും ഷോലക്കാടുകളും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. ഒന്നിന്റെ നാശം മറ്റേതിന്റെ നാശം കൂടിയായിരിക്കും. മരമില്ലാത്ത പുൽമേടുകൾ കാടല്ല, അതുകൊണ്ടവിടെ വൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചു. ബാക്കിയുള്ളവ പതിച്ചുകൊടുക്കാനും താത്പര്യം. വൃക്ഷങ്ങൾ നിറഞ്ഞ ഇടം മാത്രമാണ് കാടെന്ന വിഡ്ഢിത്തത്തിൽ ഉറഞ്ഞുകിടക്കുന്ന ധാരണകളാണ് പ്രധാന പ്രശ്നമെന്ന് അദ്ദേഹം പറയുന്നു. എവിടെയെങ്കിലും പത്തു മരങ്ങൾ വെച്ചുപിടിപ്പിച്ചോ പ്രസംഗിച്ചോ കാടിനെ രക്ഷിക്കാനാവില്ല. കാടിനെ ചെന്നുതൊടുമ്പോൾ നമ്മുടെ ഹൃദയത്തിലേക്കാണ് ആ വിരലുകൾ നീളുന്നതെന്ന ചിന്ത ഉണർവിലും ഉറക്കത്തിലും വേണ്ടിവരും എന്ന് സമൂഹത്തെ ഓർമിപ്പിക്കുകയാണ് എൻ.എ.നസീർ.

*തുടർന്ന് പുൽമേടുകൾ തേടിനടന്ന ഒരനുഭവത്തെക്കുറിച്ച് അദ്ദേഹം ഇപ്രകാരം പറയുന്നു. വാറ്റിലും പൈൻവൃക്ഷങ്ങളും പുൽമേടുകൾ കൈയേറിക്കഴിഞ്ഞിരിക്കുന്നു. ചില ഭാഗങ്ങളിൽ തീ കത്തിയ അടയാളങ്ങൾ. കഴിഞ്ഞ വർഷം തീ വീണുകാണുമായിരിക്കും. കരിഞ്ഞുണങ്ങിയ വൃക്ഷച്ചോട്ടിൽ*

*മനോഹരമായ കൂണുകൾ മുളച്ചിരിക്കുന്നു. ഏറെനേരം അതെന്നെ പിടിച്ചുനിറുത്തി അവിടെ. ഈ വിദേശവൃക്ഷങ്ങൾ കൈയടക്കിയ പുൽമേട്ടിൽ നിന്നാണ് ഞാനും മനോഹറും രണ്ടു വരയാടുകളെ ആദ്യമായി കണ്ടെത്തിയത്. പതിനേഴു വർഷം കടന്നു പോയിരിക്കുന്നു. അന്ന് മനോഹരമായ ഒരു പുൽമേടും ഷോലക്കാടുമായിരുന്നു ഇവിടം. പണ്ടെപ്പോഴോ അവിടം വരയാടുകളുടെ മേച്ചിൽപ്പുറങ്ങളായിരുന്നു എന്ന് ആനന്ദ്‌രാജ് പറഞ്ഞിട്ടുണ്ട്. അയാളുടെ ചെറുപ്പത്തിൽ വരയാടിനെ കെണിവെച്ചു പിടിക്കാൻ പോയത് പറഞ്ഞിട്ടുണ്ട്. എന്റെ ഏകാന്തയാത്രകളിലൊക്കെ ഞാൻ വരയാടുകളെ തേടി ഇവിടെ എത്തുമായിരുന്നു പലപ്പോഴും. മരുഭൂമിയുടെ ഊഷരതയിലേക്ക് എനിക്കു പോകേണ്ടിവരുന്നതിന് രണ്ടു ദിവസം മുൻപേ ഇവിടെ ആയിരുന്നു. മരുഭൂമിയുടെ കാഠിന്യത്തെ ഷോലക്കാടിന്റെ കുളിരിൽ ലയിപ്പിക്കാനുള്ള വിഫലശ്രമം. വന്തറവുവിനു മുകളിൽ ഞാനും മനോഹറും ടെന്റ് ഉറപ്പിക്കുമ്പോൾ വരയാട് എന്ന ചിന്തയൊന്നും ലവലേശം ഉണ്ടായിരുന്നില്ല. മഞ്ഞിൽ കുടിക്കുഴഞ്ഞ പൗർണമിച്ചന്ദ്രികയെ കാണുക, അനുഭവിക്കുക അതായിരുന്നു മനസിനുള്ളിൽ.*


ടെന്റിനുവെളിയിൽ ജലം ഉറഞ്ഞു പോകുന്ന ശൈത്യത്തിൽ കുഴമഞ്ഞിൽ താണുപോയ ചന്ദ്രികയിൽ കണ്ണും നട്ടിരിക്കുമ്പോഴാണ്, മഞ്ഞിലൂടെ ആ നിഴൽരൂപങ്ങൾ വന്നത്. ആദ്യദർശനത്തിൽ മ്ലാവും അതിന്റെ കുഞ്ഞും ആയിരിക്കുമെന്നു കരുതി. ചെറിയൊരു കാറ്റ് വീശിയപ്പോൾ മൂടൽമഞ്ഞ് തെല്ലൊന്നകന്നു. അപ്പോൾ ആ പൗർണമി പ്രഭയിൽ ഞങ്ങൾ വ്യക്തമായും അവയെ കണ്ടു കഴിഞ്ഞിരുന്നു. വരയാടും കുഞ്ഞും!. വന്തറുവിന്റെ കിഴക്കേച്ചെരുവിൽ നിന്നാണ് അവ കയറിവന്നത്. നിശബ്ദരും നിശ്ചലരുമായി ഉള്ളിൽ ആർത്തലച്ചുവന്ന ആഹ്ലാദത്തോടെ ഞങ്ങൾ ആ പുണ്യമുഹൂർത്തത്തിനും സാക്ഷ്യംവഹിച്ചു. *മൂന്നാറിലെ രാജമലയിലെ ഉപ്പിന്റെ ആസക്തിയിൽനിന്ന് ഇനിയും മോചിതരാകാത്തതും ടൂറിസ്റ്റുകളെ മുട്ടിയുരുമി നില്ക്കുന്നതുമായ വരയാടുകളെക്കാൾ ഞങ്ങൾക്കെന്തുകൊണ്ടും പ്രധാനപ്പെട്ടവയായിരുന്നു ആ രണ്ടു വരയാടുകൾ. അവയുടെയും ആവാസ ഇടമായിരുന്നു അവിടം. ആരുടെയൊക്കെയോ തോക്കിൻ മുന്നിൽ നിന്നും കെണിക്കുടുക്കുകളിൽ നിന്നും രക്ഷപ്പെട്ടവയായിരിക്കും. ആ ഒറ്റ ദർശനത്തോടെ പിന്നെ ഒരിക്കലും അവയെ കണ്ടെത്താനായില്ല ഞങ്ങൾക്ക്. പുൽമേടും ഏതാണ്ട് നശിച്ചുകഴിഞ്ഞു.*

ശേഷം വന്തറവുവിന് സംഭവിച്ച മാറ്റത്തെക്കുറിച്ച് വിവരിക്കുന്നു. ‘‘വന്തറുവിന്റെ നല്ലൊരു നീർചാലിനു കുറുകേ ചെക്ഡാം കെട്ടിക്കഴിഞ്ഞു. കടവരി ഭാഗത്തെ കുറിഞ്ഞി സാങ്ചറി’ക്ക് അരികിലെ നീർചോലയിലും ചെക്ഡാം കെട്ടി പുൽമേടുകൾ തകർത്തു. വന്തറവുവിനു ചോട്ടിൽ റോഡിനിരുവശവും വിശാലമായ ഒരു ചതുപ്പ് ഉണ്ടായിരുന്നു. എപ്പോഴും കാട്ടുപോത്തുകളും മാൻകൂട്ടങ്ങളും ആനക്കൂട്ടങ്ങളുമൊക്കെ കാണുന്ന ഇടം. അതിൽ ഒരു ചെക്ഡാം കെട്ടി ആ ചതുപ്പിനെ മുക്കിക്കൊന്നു. നിശബ്ദവും വിജനവുമായി കിടന്ന പുൽമേട്ടിൽ കാർട്ടേഴ്സുകൾ പണിതുയർത്തി. എത്രയോവട്ടം എന്റെ ക്യാമറയുമായി സന്ദർശിച്ചിരുന്ന ഇടം. ഇന്നീ ഭാഗങ്ങളിൽ വന്യജീവികൾ അപൂർവമായിരിക്കുന്നു. ഷോലയ്ക്ക് നടുവിലെ മുറിവെന്ന പോലെ പണിതുയർത്തിയ ടൂറിസ്റ്റ് കോട്ടേജുകൾ പ്ലാസ്റ്റിക്കുകൾ നിറയുന്ന ഷോല. ഏറെ മനോഹരവും സ്വച്ഛന്ദവുമായ ചെറിയ ഈ ഷോലയുടെ അവസ്ഥ ഈ നിലയിലായത് നാഷണൽ പാർക്ക് ആക്കി ഉയർത്തിയതിനു ശേഷമാണ് എന്ന് എൻ.എ. നസീർ നിരീക്ഷിക്കുന്നു. വേദനയോടെയും അവ്യക്തമായ രോഷത്തോടെയുമാണ് പറമ്പിക്കുളം കടുവാസങ്കേത്തിനു മുന്നിൽ നില്ക്കുന്നത് എന്ന് അദ്ദേഹം പറയുന്നു. ഒരുകാലത്ത് നിശബ്ദവും അധികമാരും എത്തിപ്പെടാത്തതുമായ ഇടമായിരുന്നു ഇവിടം.

ശേഷം കാട് എങ്ങനെയാണ് തനിക്കൊരു സവിശേഷ അനുഭവമായിത്തീർന്നതെന്ന് എൻ.എ. നസീർ പറയുന്നു. മുപ്പതു വർഷം മുൻപാണ് വന്യജീവികളുടെ സ്വഭാവങ്ങളെക്കുറിച്ച് അപ്പുക്കുട്ടൻ സാർ (വൈൽഡ് ലൈഫ് അസിസ്റ്റന്റ്) പാഠങ്ങൾ ചൊല്ലിത്ത ന്നത്. സെബാസ്റ്റിൻമാഷിനോടൊപ്പമായിരുന്നു അങ്ങോട്ടുള്ള യാത്രകളൊക്കെ. നാട്ടുകാരനായ പരമൻചേട്ടൻ ഫോറസ്റ്റ് ഗാർഡായിരുന്നു അവിടെ. താമ

SGOU

സം അങ്ങോട്ടു മാറ്റി. രാത്രിയിൽ കാട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി കണ്ണടച്ച് ഇരുത്തുക പരമൻചേട്ടന്റെ പാഠങ്ങളിൽ ഒന്നായിരുന്നു. പിന്നെ എപ്പോഴോ കാട് വിളിച്ചു. കൂട്ടുകാരൊന്നുമില്ലാത്ത യാത്രകളുടെ എണ്ണം ഏറി. അപ്പുക്കുട്ടൻസാർ എന്നന്നേക്കുമായി അദ്ദേഹത്തിന്റെ പ്രിയ കാട് വിട്ടുപോയി. ഗുരുതുല്യം പോലെ നെൽസൺസാർ എത്തി. ഒരു വന്യജീവി ഫോട്ടോഗ്രാഫർ എന്തായിരിക്കണം, എങ്ങനെയാണ് കാടിനെ നോക്കിക്കാണേണ്ടത്, കാടെന്താണ്, കാടിനെ എങ്ങനെയാണ് അറിയേണ്ടത് എന്നൊക്കെ അദ്ദേഹം കാട്ടിൽ തൊട്ടുകാണിച്ചു.




ശേഷം പറമ്പിക്കുളത്തിന് സംഭവിച്ച മാറ്റത്തെക്കുറിച്ചാണ് പറയുന്നത്. നെൽസൺസാറും റിട്ടയേർഡായി പോയി. അപ്പോഴേക്കും പറമ്പിക്കുളം മാറിക്കഴിഞ്ഞിരുന്നു. മാറിക്കൊണ്ടേയിരുന്നു. വല്ലപ്പോഴും നടന്നു പോയ്ക്കൊണ്ടിരുന്ന പഴയ ജീപ്പുപാതകൾ നിത്യവും ജീപ്പ് ഓടുന്ന പാതകളായി. കോൺക്രീറ്റ് കടുവയും സിംഹവാലന്മാരും മലമുഴക്കി വേഴാമ്പലുകളും സന്ദർശകർക്കായി ഒരുക്കി. പുതുകെട്ടിടങ്ങൾ ഉയർന്നു. കോൺട്രാക്ടർമാർ പറമ്പിക്കുളത്തെ സ്ഥിര അന്തേവാസികളായിത്തീർന്നു. നിത്യഹരിത വനത്തിൽ ചില്ലുകൊട്ടാരം പണിതുയർത്തിയപ്പോൾ അസഹ്യമായ ചൂടുകൊണ്ടവിടെ ജോലിയെടുക്കാനാവാതെ ഉദ്യോഗസ്ഥർ അതിനരികിലായി പുൽക്കുടിലുണ്ടാക്കി അത് ഓഫീസാക്കി. കണ്ണാടിമാളികയിലെ ചൂടിനെതിരേ എ.സി. പിടിപ്പിച്ചു. നിത്യഹരിതവനത്തിൽ എ.സി. എന്നിട്ടും ചില്ലുകൊട്ടാരത്തിലെ ചൂടു കുറഞ്ഞില്ല. പരിസ്ഥിതിയെ തങ്ങൾക്ക് അനുഗുണമായ നിലയിൽ പരിവർത്തനപ്പെടുത്താൻ ശ്രമിക്കുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങളും അനുഭവിക്കേണ്ടതായി വരുന്നു.

ചന്ദനവേട്ടക്കാരെ നേരിട്ടതിനെക്കുറിച്ചൊരു അനുഭവം അദ്ദേഹം പങ്കുവയ്ക്കുന്നുണ്ട്. ആന്റിപോച്ചിങ് ക്യാമ്പുകൾ പണിതുകൂട്ടുമ്പോഴും ചന്ദനക്കള്ളന്മാർ കാട്ടിൽ കയറിയിറങ്ങിക്കൊണ്ടിരുന്നു. മലമുഴക്കികളെ തേടിപ്പോയപ്പോഴാണ് ആയുധധാരികളായ ചന്ദനക്കള്ളന്മാരെ കണ്ടെത്തിയത്. അവർക്കിടയിലേക്ക് നിരായുധനായി പാഞ്ഞുചെല്ലുമ്പോൾ തെല്ലും ഭയം തോന്നിയില്ല. മുപ്പതുവർഷം തപസ്യപോലെ കൊണ്ടുനടന്ന ആയോധനകലകളും ഒരു വന്യജീവി ഫോട്ടോഗ്രാഫറിലേക്ക് എന്നെ വളർത്തിക്കൊണ്ടുവന്ന എന്റെ കാടും കരുത്തായി കൂട്ടിനുണ്ടായിരുന്നു. ചിന്നിച്ചിതറിപ്പോയ ആയുധധാരികളിൽ രണ്ടുപേരെ കീഴ്പ്പെടുത്താൻ വലിയ ശ്രമമൊന്നും വേണ്ടിവന്നില്ല. വന്യജീവിസങ്കേതത്തിന്റെ കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷങ്ങൾക്കിടയിൽ ആദ്യമായാണ് പ്രതികളെ പിടികൂടാനായത്. കഞ്ചാവ് വെട്ടാനും കൈയേറ്റക്കാരെ ഒഴിപ്പിക്കാനും കാട്ടുകള്ളന്മാരെ പിടിക്കാനുമൊക്കെ ഒത്തിരി കാട് കയറിയിറങ്ങിയതിന്റെ ഓർമ്മയുണ്ട്. സ്വന്തം ഭവനത്തിൽ മോഷ്ടാക്കൾ കയറുന്ന വാശിയോടെയാണ് പലരെയും പിടികൂടിയിട്ടുള്ളത്.

പ്ലാസ്റ്റിക് പെറുക്കലോ കാടിനകത്തളങ്ങളിലേക്ക് വീതിയേറിയ പാതകളുണ്ടാക്കലോ പുതിയ കെട്ടിടങ്ങൾ പണിതുയർത്തലോ അല്ല വൈൽഡ് ലൈഫ് മാനേജ്മെന്റും ഇക്കോടൂറിസവും എന്ന് എൻ.എ. നസീർ ഓർമ്മിപ്പിക്കുന്നു. മനുഷ്യരുടെ സൗകര്യങ്ങൾക്കു മാത്രം ഊന്നൽ കൊടുക്കുന്ന ടൂറിസം കാടിനും അതിലെ വന്യജീവികൾക്കും എന്തുഗുണമാണ് ചെയ്യുന്നതെന്ന് എനിക്കറിയില്ല. മനുഷ്യർക്ക് കാട് കാണണം. അത് വിശുദ്ധ ഇടമായിട്ടാണ് നല്കേണ്ടത്. അടിസ്ഥാനസൗകര്യങ്ങളേ അവിടെ പാടുള്ളൂ. വീട്ടിൽ ഉണ്ടാക്കുന്ന ആഹാരവും ഉറക്കറയുമൊക്കെ അതേപോലെ കാട്ടിലും

SGOU

വേണമെന്ന ചിന്തയോടെ കാടൊരുക്കരുത് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു. ഓരോ കാടകങ്ങളിൽനിന്നും തിരിച്ചു പോകുന്ന സന്ദർശകരുടെ മനസിനകത്ത് ഭൂമിയിലെ ഏറ്റവും വിശുദ്ധ ഇടം സന്ദർശിച്ചു മടങ്ങുന്ന തീർഥാടകന്റെ മനസായിരിക്കണം ഉണ്ടാകേണ്ടത്. അത്തരത്തിലുള്ള മാറ്റങ്ങൾക്ക് ഉതകുന്നതായിരിക്കണം പ്രകൃതിപഠനങ്ങളും ക്യാമ്പുകളും സന്ദർശനങ്ങളും. കാട് അതിലെ ജന്തുജാലങ്ങൾക്ക് സ്വതന്ത്രമായി ഇര തേടാനും സഞ്ചരിക്കാനും ഉള്ള അവരുടെ സ്വന്തം ഇടങ്ങളാണ് എന്ന തിരിച്ചറിവോടുകൂടി വേണം കാടിനെ സമീപിക്കാൻ. കാട്ടിലേക്ക് ഒരു വസ്തുവും ഇടരുതെന്നും കാട്ടിൽനിന്ന് ഒന്നും കൊണ്ടുപോകരുതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു. കാട് ഒരു അനുഭവവും അനുഭൂതിയും മാത്രമല്ല കരുതലിന്റെ സംസ്കാരം കൂടിയാണ്.

നിർമ്മലവും വിശുദ്ധവുമായ ഒരു ജൈവമേഖലയെ വികലമായ കാഴ്ചപ്പാടുകളിലൂടെയും ഇടപെടലുകളിലൂടെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. കാടോരത്ത് മരച്ചീനി നട്ട്, അവ തിന്നതിന് കാട്ടുപന്നിക്ക് വധശിക്ഷ വിധിച്ച നാടാണിത് എന്ന് വിമർശിക്കാനും അദ്ദേഹം മടിക്കുന്നില്ല. തന്റെ കാടനുഭവങ്ങളെ പകർത്തുന്നതിനൊപ്പം പരിസ്ഥിതി ദർശനം ജീവിതത്തിന്റെ ഭാഗമായി മാറിയ മനുഷ്യനെയാണ് എൻ.എ. നസീറിൽ നമുക്ക് കാണാൻ കഴിയുന്നത്. സിംഹവാലന്മാർ തറയിലൂടെ എന്നെങ്കിലും സഞ്ചരിക്കുന്നത് കണ്ടാൽ അപ്പോൾ വിചാരിച്ചോ ആ കാടിന്റെയും സിംഹവാലന്മാരുടെയും നാശമാണതെന്ന് എൻ.എ.നസീർ നിരീക്ഷിക്കുന്നു. ഓരോ അനുഭവത്തിൽ നിന്നും പങ്കുവെയ്ക്കുന്ന അറിവിൽ നിന്നും അദ്ദേഹം തിരിച്ചറിവുകളിലേക്ക് എത്തിച്ചേരുകയാണ്.


‘‘ഏറെ നേരമായി ഞാൻ ആ വൃക്ഷത്തിനു പിന്നിൽ മറഞ്ഞുനില്ക്കുന്നു. എനിക്കു മുന്നിൽ ഒരു വെടിപ്ലാവ് വൃക്ഷം നില്പുണ്ട്. നല്ല ഉയരമാർന്ന ആ വൃക്ഷത്തിന്റെ ശാഖകളിൽ തേനൂറുന്ന പൂക്കളുണ്ടായിരുന്നു. അവ തിന്നാനെത്തിയ ഏതാനും സിംഹവാലന്മാരും. താഴെനിന്ന് കുത്തനെയുള്ള ആ ദൃശ്യം ക്യാമറയിലേക്ക് പകർത്തിയാൽ അത് നന്നാകില്ല. പക്ഷേ, അവ എന്റെ ക്യാമറയുടെ ഫീൽഡിലേക്ക് വരാതിരിക്കില്ല. ആ വലിയ വൃക്ഷത്തിൽനിന്ന് അവയ്ക്ക് നിലത്തിറങ്ങിയേ മതിയാകൂ. ചാടാൻ എത്തുന്ന ദൂരത്തിൽ മറ്റു വൃക്ഷങ്ങളില്ല. ഉണ്ടായിരുന്നതാണ് പക്ഷേ, താഴെയുള്ള ഏലത്തിന് അധികം നിഴൽ വീഴാതിരിക്കാൻ മറ്റു വൃക്ഷത്തിന്റെ ശാഖകൾ ഒക്കെ വെട്ടിയൊതുക്കിയിരിക്കുന്നു. ഏറെ നേരത്തെ കാത്തിരിപ്പിനൊടുവിൽ സിംഹവാലന്മാർ ഒന്നൊന്നായി ഭയത്തോടെ താഴേക്കിറങ്ങി. പിന്നെ ഓടി അടുത്തുള്ള വൃക്ഷത്തിന്റെ ചുവട്ടിലേക്ക്. വല്ലാത്ത വിഷമം തോന്നി. ഉയർന്നു പന്തലിച്ച് പരസ്പരം കൈയെത്തിപിടിച്ചു നിൽക്കേണ്ട ഒരു വനഭൂമിയാണ് ഇത്തരത്തിൽ നശിച്ചുകൊണ്ടിരുന്നത് എന്ന് കൂട്ടിച്ചേർത്തിരിക്കുന്നു.

മാറ്റം പാടില്ലാത്ത ഒരേയൊരിടം കാടാണെന്ന് എൻ.എ. നസീർ വിശ്വസിക്കുന്നു. വന്യസൗന്ദര്യത്തിൽ വിസ്മയം പൂണ്ട് എത്രയോ രാപകലുകൾ അലഞ്ഞിരിക്കുന്നു. ജനവാസം ഉള്ളയിടങ്ങളിൽനിന്ന് അകന്നു മാറിയുള്ള അലച്ചിലുകൾ. പ്രകൃതിയെ, അതിന്റെ സൗന്ദര്യത്തെ, നിഗൂഢതയെ, വൈവിധ്യത്തെ വെറുതേ നിരീക്ഷിക്കുന്നത് നമ്മളിൽ എന്തൊക്കെയോ മാറ്റങ്ങൾ ഉണ്ടാക്കുന്നു. മരങ്ങളെയും മലനിരകളെയും ചതുപ്പുകളെയും കൊന്നൊടുക്കുന്നവരെ ഏതുനിലയിലാണ് മനുഷ്യരെന്നു വിളിക്കേണ്ടതെന്ന് അറിയില്ല. പുഴകളുടെ നാദപ്രവാഹത്തെ തടഞ്ഞുനിർത്തുന്ന അണക്കെട്ടുകളുടെ കാലം എന്നേ കഴിഞ്ഞിരിക്കുന്നു. പണിതുയർത്തിയവയൊക്കെ യാതൊരു ദാക്ഷിണ്യവുമില്ലാതെ താഴേക്കു പോരാം. ഭൂമിയുടെ അടിത്തട്ടിലെന്തൊക്കെയോ തെന്നിമാറുന്നുണ്ട്. ചില സന്ദർഭങ്ങളിൽ പരിസ്ഥിതിക്ക് നേരെ നടക്കുന്ന കയ്യേറ്റങ്ങൾക്ക് മുമ്പിൽ പരിസ്ഥിതിപ്രവർത്തകർ പോലും നിശബ്ദരാകുന്നത് എന്തുകൊണ്ടാണെന്ന് അദ്ദേഹം ചോദിക്കുന്നു. ചിന്നാറിലെപ്പോലെ വരണ്ട കാടുകൾ നമ്മുടെ പ്രകൃതിശാസ്ത്രജ്ഞർക്ക് സൈലന്റ് വാലി പോലെ അമൂല്യമല്ല. കാരണം അവ ഇലകളുടെ സമൃദ്ധിയല്ല; പക്ഷേ, സസ്യജാലങ്ങളുടെയും അത്യപൂർവ അനുഭവങ്ങളുടെയും ഒരു പറുദീസയാണെന്ന് എന്റെ ക്യാമറക്കണ്ണുകളിലൂടെ ഞാൻ കണ്ടതാണ്. വെള്ളക്കാട്ടുപോത്ത്, ചാമ്പൽ മലയണ്ണാനുകൾ,



SGOU

ആന, കടുവ, പുള്ളിപ്പുലി, കുട്ടിത്തേവാങ്ക്, കാട്ടുനായ, പാല് തൈരാക്കുകയും വെള്ളം കട്ടിയാക്കുകയും ചെയ്യുന്ന ചില തരം ഇലകളുടെ സസ്യജാല അദ്ഭുതങ്ങൾ, പൂമ്പാറ്റകളുടെയും പക്ഷികളുടെയും ഉരഗവർഗങ്ങളുടെയും വൈവിധ്യത്തിന്റെ ആഴം നമ്മെ അദ്ഭുതപ്പെടുത്തും. വന്യജീവികൾ പുഴയിലേക്കിറങ്ങുന്ന പാതയിൽത്തന്നെയാണ് ഇവിടെയും ടൂറിസ്റ്റ് കെട്ടിടങ്ങൾ പണിതിരിക്കുന്നത്. സ്ഥലങ്ങൾ തിരഞ്ഞെടുക്കുമ്പോൾ ദിനവും കാട്ടിൽ പോകുന്ന ഇവിടത്തെ ആദിവാസികളോടും ആലോചിച്ചിട്ടായിരുന്നെങ്കിൽ വന്യജീവികൾക്ക് മാറിപ്പോകേണ്ടിവരില്ലായിരുന്നു.



അദ്ദേഹം എഴുതുന്നു: ഷോലക്കാടിന്റെ മുന്നിൽനിന്ന് തിരികെപ്പോരുവാൻ മനസ് അനുവദിക്കുന്നില്ല. ആ കടുത്ത പച്ചയിൽ പച്ചയായി ചേർന്നുപോയെങ്കിൽ. രണ്ടുമൂന്ന് അടികൾ വെച്ചാൽ ഷോലയിലെത്താം. ഗവേഷണത്തിന്റെയോ ഫോട്ടോഗ്രാഫിയുടെയോ ടൂറിസത്തിന്റെയോ ഒക്കെ പേരിൽ നമ്മുടെ കാല്പാദങ്ങൾ ചവിട്ടി അശുദ്ധമാക്കാൻ പാടില്ലാത്ത വിശുദ്ധ ഇടമാണിത്. സ്പർശിക്കാൻ പോലും അർഹതയില്ലാത്ത പരിപാവനമായ ആരണ്യമാണിത്. അകലെനിന്നും തൊഴുതു മടങ്ങുക മാത്രമേ ചെയ്യാനുള്ളൂ. തിരികെ നടക്കുമ്പോൾ ബിഭൂതിഭൂഷൺ ബന്ദോപാധ്യായയുടെ ആരണ്യകിലെ ഏതാനും നിമിഷങ്ങൾ. ആ ഹരിതവിസ്മയത്തിനു മുന്നിൽ കണ്ണുകളടച്ചു ആരണ്യക് എന്ന മഹത്തായ നോവൽ മനസിലേക്കു കടന്നു വന്നു. എത്ര ആവർത്തിച്ചാലും മടുക്കാത്ത അതേ മാനസികാവസ്ഥയാണ് ആരണ്യകിനെ വായിക്കുമ്പോഴും. ആരും തൊടാതെ കിടന്ന ആരണ്യദേവതയെ തൊട്ട് അശുദ്ധമാക്കിക്കുകയും മനസിനടരുകളിലെ ഹരിതം വാടിപ്പോയിക്കൊണ്ടിരിക്കുകയും ചെയ്യുന്ന കാലത്താണ് ജീവിക്കുന്നത്. അതിനെക്കുറിച്ചുള്ള വേദന അദ്ദേഹത്തിന്റെ വാക്കുകളിൽ പ്രകടമാണ്. ഹേ! അരണ്യാനിയുടെ വനദേവതമാരേ! എനിക്ക് മാപ്പരുളണേ! വിടനല്കണേ! എന്ന പ്രാർഥനയോടെ പാഠഭാഗം അവസാനിക്കുന്നു.

സ്നേഹവും കൈകോർക്കലുമാണ് എൻ.എ. നസീർ മുന്നോട്ടുവെക്കുന്ന പരിസ്ഥിതി ദർശനത്തിലെ അടിസ്ഥാനതത്വം. അത് മോചനമാണ്, ബന്ധനമല്ല. അവിടെ ഭയവും സംശയവും അപ്രസക്തമായിത്തീരുന്നു. വനജീവികൾ നസീറിനെ ഒരു കടന്നുകയറ്റക്കാരനായി കാണാത്ത ഒരവസ്ഥയുണ്ടാകുന്നു. രമണമഹർഷിയും അസീസ്സിയിലെ ഫ്രാൻസിസ്സും മറ്റും മൃഗപക്ഷികളുമായുണ്ടാക്കിയ പാരസ്പര്യം നമുക്ക് എൻ.എ.നസീറിലും ദർശിക്കാം. നസീർ ക്യാമറയ്ക്ക് പകരം പേന കൈയിലെടുത്ത് വനലോകത്തെപ്പറ്റി എഴുതുമ്പോൾ അതിൽ നിറയുന്നത് ആധ്യാനവും ശ്രദ്ധയുമാണ്. ജോൺസിയുടെ സൗമ്യവും ഏകാന്തവുമായ സ്വരം നമ്മോട് പറഞ്ഞതും, തോറോ തന്റെ നിർമ്മല സുന്ദരവും ചിന്താനിർഭരവുമായ വാൾഡ്' നിലൂടെ സമർഥിച്ചതും, തന്റെ ഉദ്യാനത്തിലും ഗ്രാമത്തിലും മാത്രം ഉലാത്തി പ്രകൃതിയുടെ ഒരു രഹസ്യ പറുദീസ കണ്ടെത്തിയ ഗിൽബർട്ട് വൈറ്റ് (Gilbert White The Natural History of Selborne) എഴുതുന്നതും ആ ആത്മീയതയെപ്പറ്റിയാണ്. ഛായാഗ്രാഹകനും സാഹസികനും അതേ സമയം മനസും ശരീരവും ഏകമുഖമാകുന്നതായ സവിശേഷമായ ശരീരസംസ്കാരപദ്ധതികളുടെ അനുയായിയുമായ നസീർ ആ തിരിച്ചറിവിലേക്ക് പുതിയ ദിശാബോധങ്ങൾ കൊണ്ടുവരുന്നു (സക്കറിയ) എന്ന് പറയാം.

### അവലോകനം

കാടിന്റെ കൈയൊപ്പിട്ട രചനയാണ് എൻ.എ. നസീറിന്റേത്. കാടിനെപ്പറ്റി മറ്റും പരിസ്ഥിതിപ്രവർത്തകരുടെയും രചനകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും, നസീർ എന്ന ഛായാഗ്രാഹകനായ ആത്മീയാന്വേഷകൻ നമുക്ക് അനുഭവവേദ്യമാക്കുന്ന മാന്ത്രികാരണ്യം ഇതുവരെ മലയാളത്തിൽ

SGOU

വിവരിക്കപ്പെട്ടിട്ടില്ല. കാടിനെ നാം വിധേയമാക്കിയ എല്ലാ അതിക്രമങ്ങൾക്കും ശേഷം അത് ഇന്നും പിടിതരാത്ത ഇടങ്ങളിൽ തളിർക്കുകയും പൂക്കുകയും ജീവികളെ പാർപ്പിക്കുകയും ചെയ്തുകൊണ്ടേയിരിക്കുന്നു എന്നതിന്റെ സന്തോഷകരമായ രേഖയാണ് നസീറിന്റെ പുസ്തകം. അവിടെ അട്ടയും ഉറുമ്പും ഒച്ചും വണ്ടും പൂമ്പാറ്റയും മരനായയും മലമുഴക്കിയും കരിങ്കിളിയും മുതലയും കരടിയും കടുവയും ആനയും കാട്ടുപോത്തുമെല്ലാമടക്കമുള്ള വനപൗരന്മാർ സുഖമായി ജീവിക്കുന്നുണ്ട്. ഇലകളും വേരുകളും അവരുടെ രസതന്ത്രങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നുണ്ട് എന്ന് ആമുഖക്കുറിപ്പിൽ സക്കറിയ അഭിപ്രായപ്പെട്ടിരിക്കുന്നത് പ്രസക്തമാക്കുന്ന എഴുത്താണ് അദ്ദേഹത്തിന്റേത് എന്ന് പറഞ്ഞു നിർത്താം.

## Recap

- ഷോലക്കാടുകൾ
- മനുഷ്യരും പ്രകൃതിയും തമ്മിലുള്ള പരസ്പര ആശ്രയത്വം
- സംരക്ഷിക്കേണ്ടതിന്റെ അത്യാവശ്യകത
- പരിസ്ഥിതി സംരക്ഷണം
- പരിസ്ഥിതിദർശനം
- കാട് അറിവും അനുഭവവും
- കാടുകൾ ഭൂമിയുടെ നിലനില്പിന് നിർണ്ണായകമാണ്.
- ചില വനഭൂമികളിൽ മനുഷ്യരുടെ ഇടപെടൽ ഒഴിവാക്കേണ്ടത് അനിവാര്യമാണ്
- സുസ്ഥിര വികസനം
- പ്രകൃതിയോടുള്ള മനുഷ്യരുടെ കരുതലാണ് ആധാരം
- എൻ.എ.നസീറിന്റെ കാഴ്ചപ്പാട്:
- കാടും, വനജീവികളും, ഫോട്ടോഗ്രാഫറും
- ധ്യാനത്തിന്റെ പ്രതീതി
- മനുഷ്യർ ദൂരം പാലിക്കേണ്ട പാരിസ്ഥിതിക ഇടങ്ങൾ.
- 'കാടിന്റെ നിശ്ചയം'
- പ്രകൃതിയോടുള്ള സ്നേഹം,
- മനുഷ്യരുടെ ഉത്തരവാദിത്തം
- അശാസ്ത്രീയമായ പ്രവർത്തനങ്ങൾ
- നാഷണൽ പാർക്കുകൾക്ക് പിന്നീട് എന്താണ് സംഭവിച്ചത്
- പരിസ്ഥിതിബോധവും പരിസ്ഥിതിദർശനവും
- വന്യജീവികൾ അനുഭവങ്ങൾ
- ചന്ദനക്കള്ളന്മാർ
- അശാസ്ത്രീയമായ പ്രവർത്തനങ്ങളും അതിന്റെ പരിമിതികളും

SGOU

## Objective Questions

1. കാടും ക്യാമറയും എന്ന കൃതി രചിച്ചത് ആര്?
2. കാട്ടിൽ ഒപ്പം നടന്നവരും കൊഴിഞ്ഞു പോയവരും ആരുടെ രചനയാണ്?
3. ആയിരത്തി എണ്ണൂറ്റി അറുപത്തിയാറിൽ ഇക്കോളജി എന്ന പദം ആദ്യമായി പ്രയോഗിച്ചത് ആര്?
4. 'ഇക്കോളജി' എന്ന പദം ഉണ്ടായത് ഏതെല്ലാം വാക്കുകളിൽ നിന്നാണ് ?
5. ഭൂമിയുടെ നിലനിൽപ്പിന് നിർണ്ണായകമായ പരിസ്ഥിതിയുടെ ഘടകമായി എം.എൻ.നസീർ കാണുന്നത് എന്തിനെയാണ് ?
6. ഗവേഷണത്തിന്റെയോ ഫോട്ടോഗ്രാഫിയുടെയോ ടൂറിസത്തിന്റെയോ ഒക്കെ പേരിൽ നമ്മുടെ കാല്പാദങ്ങൾ ചവിട്ടി അശുദ്ധമാക്കാൻ പാടില്ലാത്ത വിശുദ്ധ ഇടമാണിത്. - ഏതിടത്തെക്കുറിച്ചാണ് ഇപ്രകാരം പറയുന്നത്?
7. മാറ്റം പാടില്ലാത്ത ഒരേയൊരിടമായി എൻ.എ.നസീർ പരിഗണിക്കുന്നത് എന്തിനെയാണ്?
8. ആന്റി പോച്ചിങ് ക്യാമ്പുകൾ പണിതു കൂട്ടുമ്പോഴും ആരുടെ ശല്യമാണ് കാടിനെ വലയ്ക്കുന്നത്?
9. കാടും ക്യാമറയും -ആരുടെ കൃതിയാണ് ?
10. വ്രണം പൂത്ത ചന്തം, മലമുഴക്കി - ആരുടെ രചനയാണ്?

## Answers

1. എൻ.എ.നസീർ
2. എൻ.എ.നസീർ
3. ജർമ്മൻ ജന്തുശാസ്ത്രകാരനായ ഏണസ്റ്റ് ഹെഗൽ ആണ്
4. ഇക്കോസ്, ലോഗോസ്
5. കാടുകളെ
6. ഷോലക്കാടുകളെ
7. കാടിനെ
8. ചന്ദനക്കള്ളന്മാരുടെ
9. എൻ.എ.നസീർ
10. എൻ.എ.നസീർ

SGOU

## Assignments

1. പരിസ്ഥിതിദർശനത്തെക്കുറിച്ച് ഉപന്യസിക്കുക
2. കാടും അറിവും അനുഭവവും - പരിസ്ഥിതിയെക്കുറിച്ചുള്ള എൻ.എ.നസീറിന്റെ കാഴ്ചപ്പാടുകളെകുറിച്ച് വിവരിക്കുക
3. പരിസ്ഥിതിദർശനവും പശ്ചിമഘട്ടവും -ഉപന്യാസം തയ്യാറാക്കുക.
4. ചില വനഭൂമികളിൽ മനുഷ്യരുടെ ഇടപെടൽ ഒഴിവാക്കേണ്ടത് അനിവാര്യമാണ് - കാടിനെ ചെന്ന് തൊടുമ്പോൾ എന്ന ലേഖനത്തെ മുൻനിർത്തി വിശകലനം ചെയ്യുക.

## Reference


1. എൻ.എ.നസീർ, കാടിനെ ചെന്നു തൊടുമ്പോൾ, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്
2. ജി. മധുസൂദനൻ, കഥയും പരിസ്ഥിതിയും, കറന്റ് ബുക്ക്സ്, തൃശ്ശൂർ.
3. കാട്ടിൽ ഒപ്പം നടന്നവരും കൊഴിഞ്ഞു പോയവരും, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്


SGOU

## Suggested Reading


1. Begon, Michael, Colin R. Townsend, and John L. Harper. Ecology: From Individuals to Ecosystems. 4th ed., Blackwell Publishing, 2006.
2. Odum, Eugene P., and Gary W. Barrett. Fundamentals of Ecology. 5th ed., Cengage Learning, 2005.
3. Krebs, Charles J. The Experimental Analysis of Distribution and Abundance. 6th ed., Pearson Education, 2009.

2

UNIT

# കേരളം : ഒരു സംഭാഷണചരിത്രം സങ്കല്പിക്കുമ്പോൾ

ഇ.പി. രാജഗോപാലൻ

## Learning Outcomes

- ഭാഷയും അധികാരവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നു
- സംഭാഷണത്തിലൂടെ നിർമ്മിതമാകുന്ന സാമൂഹികചരിത്രത്തെ വിശകലനം ചെയ്യുന്നു
- കേരളത്തെ സംഭാഷണചരിത്രത്തിൽ നിന്ന് കണ്ടെടുക്കാൻ ശ്രമിക്കുന്നു
- സംഭാഷണചരിത്രത്തെക്കുറിച്ചുള്ള ഇ.പി. രാജഗോപാലിന്റെ നിരീക്ഷണങ്ങൾ വിലയിരുത്തുന്നു

## Prerequisite

നിരൂപണരംഗത്ത് തികച്ചും, വേറിട്ടുനിൽക്കുന്ന രചനാശൈലിയുടെ ഉടമയാണ് ഇ.പി. രാജഗോപാലൻ. ലളിതമായ ചില പേരുകൾ, പെരുമാറ്റങ്ങൾ, ഒച്ചകൾ, വാക്കുകൾ എന്നിവയിലൂടെ സാഹിത്യസൃഷ്ടികളെ ഇഴകീറി നിരൂപിക്കാനുള്ള പലമ തന്നെയാണ് ഈ നിരൂപകനെ  വേറിട്ടു നിർത്തുന്നത്. ഒരോ വാക്കിനെയും, പേരിനെയും സംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും മിടിപ്പിടങ്ങളായി നിരീക്ഷിക്കുന്ന സമ്പ്രദായത്തിന് മലയാളസാഹിത്യത്തിൽ തുടക്കം കുറിച്ചത് ഇ.പി. രാജഗോപാലനാണ്. സംഭാഷണ ചരിത്രത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സംഭാഷണ രൂപേണ എഴുതിയ ലേഖനമാണ് കേരളം : ഒരു സംഭാഷണ ചരിത്രം സങ്കല്പിക്കുമ്പോൾ. ഇ. പി. രാജഗോപാലൻ ഒരു സൗഹൃദസംഭാഷണമെന്ന രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കുകയും കനമുള്ള ചിന്തകൾ വായനക്കാരിലേക്ക് കടത്തി വിടുകയും ചെയ്യുന്നു. സംഭാഷണത്തിലൂടെ നിർമ്മിതമാകുന്ന കേരളത്തിന്റെ ചരിത്രത്തെ കുറിച്ചുള്ള നിരീക്ഷണങ്ങളും ആലോചനകളുമാണ് അദ്ദേഹം പങ്കുവയ്ക്കുന്നത്. പല മേഖലകളിലായി രേഖപ്പെടുത്താതെപോയ ചരിത്രത്തിന്റെ വിടവിനെ കണ്ടെടുക്കാൻ സംഭാഷണ ചരിത്രത്തിലൂടെ ഒരു പരിധിവരെ സാധിക്കും. ഭാഷയും ഭാഷണവും ലോകത്തോട് പലനിലയിൽ സംവദിക്കുന്നു. സാംസ്കാരിക പദവിയെ നിർണ്ണയിക്കുന്ന പല ഘടകങ്ങളിൽ ഒന്നായി സംഭാഷണം മാറുന്നു. ഭാഷയും അതിന്റെ അധികാരവും ആ നിലയിൽ പ്രശ്നവൽകരിക്കപ്പെടേണ്ടതുണ്ട്. ശബ്ദത്തിന്റെയും നിശബ്ദതയുടെയും രാഷ്ട്രീയം അദ്ദേഹം വിശകലനം ചെയ്യുന്നു. അക്കാദമിക അന്വേഷണങ്ങൾ സംഭാഷണ ചരിത്രത്തിലേക്ക് കടന്നുചെല്ലേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു.

SGOU

**ഇ.പി. രാജഗോപാലൻ**

കാസർകോട് ജില്ലയിലെ ഉദിനൂർ കിനാത്തിൽ എന്ന സ്ഥലത്ത് 1962-ൽ ഇ.പി. രാജഗോപാലൻ ജനിച്ചു. പയ്യന്നൂർ കോളേജിൽ നിന്ന് ഇംഗ്ലീഷ്സാഹിത്യത്തിൽ ബിരുദം നേടി. ഇരുപത്തൊന്നു കൊല്ലം കണ്ണൂർ ജില്ലയിലെ വെള്ളൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഇംഗ്ലീഷ് അധ്യാപകനായി പ്രവർത്തിച്ചു. 2018-ൽ കക്കാട്ട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും പ്രധാനാധ്യാപകനായി വിരമിച്ചു. സാഹിത്യകൃതികളെക്കൂടി കണക്കിലെടുത്തുകൊണ്ടുള്ള സർഗാത്മകമായ ലോകവായനയാണ് സാഹിത്യനിരൂപണം എന്ന് അദ്ദേഹം നിരീക്ഷിക്കുകയുണ്ടായി. 2016 മുതൽ കേരള സാഹിത്യ അക്കാദമി അംഗമാണ്. പുരോഗമന കലാ-സാഹിത്യസംഘ പ്രവർത്തകൻ, സാഹിത്യ പ്രവർത്തക സഹകരണ സംഘം (എസ്.പി. സി. എസ്. / എൻ.ബി.എസ് ) ഡയറക്ടർ ബോർഡ് അംഗമായും പ്രവർത്തിക്കുന്നു.



മീനും കപ്പലും, കഥയും ആത്മകഥയും, സ്വപ്നവും ചരിത്രവും, ലോകത്തിന്റെ വാക്ക്, നിശബ്ദതയും നിർമ്മാണവും, നിരന്തരം, നാട്ടറിവും വിമോചനവും, രണ്ടു കസേരകൾ, സംസ്കാരത്തിന്റെ കുടിലുകൾ, ആഖ്യാനത്തിന്റെ ജീവിതം, കാലക്രമേണ, പൂവും മരവും പൂരവും, ആളുകളുടെ വഴികൾ പേരുകൾ, പെരുമാറ്റങ്ങൾ (ഓർമ്മക്കുറിപ്പുകൾ), ഇന്ദുലേഖ; വായനയുടെ ദിശകൾ (എഡിറ്റർ), കഥാപൂർവം (എഡിറ്റർ), മുരിങ്ങാച്ചോട്ടിലെ നക്ഷത്രക്കാഴ്ചകൾ (എഡിറ്റർ), കുഞ്ഞമ്പുമാഷും ഇംഗ്ലീഷുവാക്കും (ഭാഷാകുറിപ്പുകൾ), ഉൾക്കഥ (കഥാവിമർശനം), പ്രത്യക്ഷം (ഫോട്ടോപഠനങ്ങൾ), മിണ്ടാട്ടങ്ങൾ (പഠനങ്ങൾ) എന്നിവ പ്രധാനപ്പെട്ട രചനകളാണ്.

SGOU

## Keywords

സംഭാഷണചരിത്രം - മിണ്ടാട്ടങ്ങൾ - ചരിത്രവിടവുകൾ - നവചരിത്രവാദം - സംസ്കാരപഠനം - ഭാഷ - അധികാരം - ഭിന്നമുഖങ്ങൾ - ഉൾഭാഷ

## Discussion

മലയാളനിരൂപണത്തിൽ ആധുനികതയുടെ കാലത്തിനു ശേഷം കടന്നുവന്ന ചരിത്രോന്മുഖമായ വിമർശനരീതിയുടെ ഊർജ്ജസ്വലനായ പ്രയോക്താവാണ് ഇ.പി. രാജഗോപാലൻ. നിരൂപണത്തെ പുതിയ നിരീക്ഷണങ്ങൾ കൊണ്ട് വ്യത്യസ്തവും സർഗാത്മകവുമാകുന്ന എഴുത്തുരീതിയാണ് രാജഗോപാലൻ തുടക്കകാലം മുതൽ സ്വീകരിച്ചിരിക്കുന്നത്. എഴുതുന്ന വ്യക്തിയെ കാര്യമായി കണക്കാക്കാതെ എഴുത്തിൽ വായിക്കാനാവുന്ന ചരിത്രത്തെയും ജീവിതത്തെയുമാണ് രാജഗോപാലൻ ശ്രദ്ധിക്കാറുള്ളത്. സാഹിത്യകൃതികൾ, ഫോക്‌ലോർ, നാടകം, ചിത്രകല, ചലച്ചിത്രം, ഫോട്ടോഗ്രഫി, വിദ്യാഭ്യാസചിന്ത, മറ്റ് പൊതുജീവിതരംഗങ്ങൾ, ചെറിയ കാര്യങ്ങൾ, അനൗപചാരികമായ വസ്തുതകൾ, സ്ഥാപനവത്കൃതമാവാത്ത അറിവുകൾ, പ്രാദേശികമായ ഇനങ്ങൾ

എന്നിവയും ഇ.പി. രാജഗോപാലനെ ആകർഷിക്കുന്നു. സംസ്കാരപഠനം എന്ന മേഖലയെ ഏറെ ജനകീയമാക്കിയ ഇ.പി. രാജഗോപാലൻ ഒരു പ്രഭാഷകൻ കൂടിയാണ്.

രേഖീയവും ലിഖിതരൂപവുമാർന്ന ചരിത്രത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് സംഭാഷണ ചരിത്രത്തിലേയ്ക്ക് ഉറ്റുനോക്കുമ്പോഴാണ് അതുവരെ നാം കൊണ്ടാടിയ ചരിത്രത്തിനിടയിലെ വിടവുകൾ തെളിഞ്ഞുവരുന്നത്. ചരിത്രം വസ്തുനിഷ്ഠമായ കേവലവിവരണം എന്നതിൽ കവിഞ്ഞ്, കർതൃത്വപദവിയിലൂടെ രൂപപ്പെടുന്ന സാംസ്കാരിക മുഖങ്ങൾ വീണ്ടെടുക്കുന്നതും നാം കണ്ടതാണ്. ആർക്കുവേണ്ടി എഴുതുന്നു എന്നതുപോലെ തന്നെ ആര് എഴുതുന്നു എന്നതും പ്രധാനപ്പെട്ട ചോദ്യമായി തുടരുന്നു. രേഖപ്പെടുത്തിയ തെളിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാപിച്ചെടുക്കുന്ന ചരിത്രത്തിൽ നിന്ന് ഭിന്നമായ ഒരു മുഖം സംഭാഷണ ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയും. അതിൽ ജനതയുടെ ജീവിതവും ദർശനവും ഉൾചേർന്നിരിക്കുന്നു. എഴുത്തധികാരം കയ്യാളിയിരുന്നവരുടെ സാമൂഹിക അർത്തികളെ അതിലംഘിക്കാൻ സംഭാഷണ ചരിത്രത്തിന് കഴിയുന്നു. ആ നിലയിൽ സംഭാഷണം ഒരു ചരിത്രരേഖയാണ്.

പി. ഭാസ്കരനുണ്ണിയുടെ പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തിന്റെ ആദ്യത്തെ അധ്യായത്തിൽ ആഹാരത്തെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത് എന്ന് സൂചിപ്പിച്ചു കൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. അടിസ്ഥാനം ആഹാരമാണ് എന്ന ചിന്ത വ്യത്യസ്തമാണ്. അതിലെ സരളത ധീരമാണ്. രാജാവും ജന്മിയും യുദ്ധവും വെട്ടിപ്പിടിക്കലും അതിർത്തിയും നികുതിയുമൊക്കെ ആഹാരത്തിന് ശേഷമാണ് വരുന്നത്. ഈ കാര്യത്തിന് കൗതുകത്തിനപ്പുറത്തെ പ്രാധാന്യമുണ്ട്. 'നെല്ലും സംസ്കൃതിയും' എന്ന പേരിൽ നെല്ലിനെ ആസ്പദമാക്കിയുള്ള ഒരു കേരള ചരിത്രരചനാസംരംഭം മുന്നോട്ടു പോയിട്ടുണ്ട്. വി. ശങ്കരൻ നായരുടെ ശ്രമമാണ് വിവരങ്ങളുടെ ഈ വലിയ വയൽ. മധ്യകാലകേരളത്തിലെ ഇരുട്ടിന്റെയും രാത്രിജീവിതത്തിന്റെയും ചരിത്രത്തെപ്പറ്റി (സാമൂതിരി പഠനത്തിൽ ഉൾക്കൊള്ളിച്ച്) ഡോ. വി.വി. ഹരിദാസ് എഴുതിയതും ശ്രദ്ധേയമാണ്. കേരളത്തിലെ കാടും കൊളോണിയലിസവും എന്ന വിഷയത്തിലുള്ള ഡോ. വി.വി. കുഞ്ഞികൃഷ്ണന്റെ പ്രസിദ്ധം ചെയ്യാത്ത ഗവേഷണപ്രബന്ധം, കേരളത്തിലെ റെയിൽ - റോഡ് വിന്യാസത്തിന് ഒരു ആഖ്യാനം ഉണ്ടാക്കുകയും കൊളോണിയൽ വിപുലനത്തിന്റെ താല്പര്യങ്ങൾ അതിൽ കണ്ടെത്തുകയും ചെയ്യുന്ന ഡോ. സി. ബാലന്റെ ഗവേഷണ പ്രബന്ധം (അതും പുസ്തകമായിട്ടില്ല) എന്നിവയും കുടിയേറ്റം, സ്വർണവിപണി, മദ്യത്തിന്റെ ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ തെളിയുന്ന കേരളീയജീവിതത്തെക്കുറിച്ചുള്ള പഠനങ്ങളും ഇതുപോലെ ഓർക്കേണ്ടതാണ്.

പയ്യന്നൂർ കോളേജിലെ ഒരു വിദ്യാർഥിനി മുലക്കച്ചകളുടെ (brassiere) ചരിത്ര-സാമൂഹിക ശാസ്ത്രപഠനത്തിന്റെ തുടക്കമെന്ന നിലയിൽ ഒരു രേഖ എഴുതിയുണ്ടാക്കിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ സംഗ്രഹം വായിക്കാനും സാധിച്ചു എന്ന് ഇ.പി. രാജഗോപാലൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ നിലയിൽ ധാരാളം പുതിയ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട് എന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. ഗവേഷണത്തിന്റെ സ്ഥിരപ്പെട്ടതും ഔദ്യോഗികമായി പിൻപറ്റുന്നതുമായ രീതിശാസ്ത്രത്തിലല്ല പലതും എഴുതപ്പെട്ടിരിക്കുന്നത്. ചിലതിൽ വിവരസമൃദ്ധിയാണ് മുന്നിട്ടു നിൽക്കുന്നത്. ചരിത്രരേഖകളിൽ സംഭാഷണ ചരിത്രത്തിന് സവിശേഷമായ സ്ഥാനം ലഭിക്കേണ്ടതുണ്ട് എന്ന ചിന്തയിലേയ്ക്കാണ് ഇ.പി. രാജഗോപാലൻ വിരൽ ചൂണ്ടുന്നത്. സംസാരം ഒരു സാംസ്കാരിക രേഖയാണ്. അതിന് ഒരു ചരിത്രഘട്ടത്തെ അടയാളപ്പെടുത്താൻ കഴിയും. ആ നിലയിൽ കണ്ടെത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പൂരിപ്പിച്ച ചരിത്രം പുതിയ നിലയിലുള്ള ആലോചനകൾക്ക് വഴിയൊരുക്കുന്നു. സംസ്കാരവും ചരിത്രവും പരസ്പരം പൂരകമായിരിക്കുന്നതിനാൽ തന്നെ ഭക്ഷണവും വസ്ത്രവും ഭാഷയും അധികാരത്തിന്റെ ചിഹ്നങ്ങളുമെല്ലാം എല്ലാം ചരിത്രത്തിന്റെ ഭാഗമാണ്. സംഭാഷണത്തിലൂടെ പൂരിപ്പിക്കപ്പെടുന്ന ചരിത്രം ജനതയുടെ ജീവിതചിത്രത്തെ കൂടി പകർത്തുന്നു.

ജീവിതത്തിലെ ഏത് വിഷയത്തെ ആസ്പദമാക്കിയും ഒരു നാടിന്റെ ചരിത്രമുണ്ടാക്കാം, എല്ലാറ്റിനെയും രാഷ്ട്രീയമായി കാണാം എന്ന അറിവ് നവചരിത്രവാദത്തിന്റെ നിർവഹണവുമായി ചേർന്നുവരുന്നതാണ്. സംസ്കാരപഠനവും ഇതുമായി ഇണങ്ങുന്ന സംരംഭമാണ്. ഇതുണ്ടാക്കുന്ന ഉന്മേഷം ചെറുതല്ല. ഇതാർക്കും അവഗണിക്കാൻ അവകാശവുമില്ല. ഒരു കാര്യവും നിസ്സാരമല്ല എന്നും ഏതു കാര്യവും ആ കാര്യം മാത്രമല്ല എന്നും ഒരു കാര്യം പല നീക്കങ്ങളുടെയും ഫലവും ഭാഗവുമാണ് എന്നുമുള്ള സമീപനമാണിത്. ജനാധിപത്യദർശനത്തെ മാനിക്കുന്ന, പല പല സാമ്പത്തിക - സാംസ്കാരിക - ലൈംഗിക തൊഴിലാളികളെയും പ്രതികരണമാതൃകകളെയും അറിവുറവകളെയും കണക്കിലെടുക്കുന്ന അന്വേഷണങ്ങളായിട്ടാണ് മിക്കവാറും ഈ പ്രവർത്തനം വരുന്നത്. വലിയ സംഭവങ്ങളും നാടകീയ ഫലങ്ങളും നിറഞ്ഞ ഭൂതകാലം മാത്രമല്ല ചരിത്രം എന്നും സാധാരണ ദൈനംദിന ജീവിതത്തിലെ കാര്യങ്ങളിൽ തെളിയുന്ന ചരിത്രത്തിനും വലിയ പ്രാധാന്യം ഉണ്ട് എന്നും അവയ്ക്കും രേഖപ്പെടാനുള്ള യോഗ്യതയുണ്ട് എന്നും ഇന്ന് തെളിഞ്ഞു വന്നിട്ടുണ്ട്. Everyday എന്നത് ഒരു പാൽപ്പൊടിയുടെയും സാംസ്കാരിക ചരിത്രസമീപനത്തിന്റെയും പേരാണ് എന്ന് അദ്ദേഹം പറയുന്നു.

‘ആർക്കിയോളജി ഓഫ് നോളജു’മായി ബന്ധപ്പെട്ട തർക്കത്തിനിടയിൽ മിഷേൽ ഫൂക്കോവിനോട് ദെറിദ ചോദിച്ചതാണ്, മൗനത്തിന് ഒരു ചരിത്രമുണ്ടോ എന്ന്. ഏൾമനറിന്റെ ഒരു ഡൽഹി പ്രസംഗപാഠത്തിലാണ് ഇക്കാര്യം വായിച്ചത്. കേരളത്തിലെ മനുഷ്യശബ്ദങ്ങളുടെ ഒരു ചരിത്രം (അല്ലെങ്കിൽ മനുഷ്യ ശബ്ദങ്ങളുടെ ഒരു കേരളചരിത്രം) ഉണ്ടാക്കാനാവുമോ, സങ്കല്പിക്കാനാവുമോ എന്നൊക്കെ തോന്നിത്തുടങ്ങിയത് അപ്പോഴാവാം. ഒട്ടുമൊട്ടും എളുപ്പമല്ല. അസാധ്യം തന്നെയാവാം. എഴുത്തിന്റെ ബാക്കി എവിടെയൊക്കെയോ ഉണ്ട്. കണ്ടെടുക്കാം - കണ്ടെടുക്കുന്നുണ്ട്. വിദഗ്ധർ വായിച്ചെടുക്കുന്നുണ്ട്, വ്യാഖ്യാനിക്കുന്നുണ്ട്. സംസാരം (speech) ഇങ്ങനെ പുരാരേഖാശാസ്ത്രപരമായി ‘ദൃശ്യമായ അടയാളമൊന്നും ബാക്കിയാക്കുന്നില്ല. ഉള്ളിലേക്കെടുക്കുന്ന വായു സാംസ്കാരികമാവുന്ന ശാരീരിക പ്രവർത്തനമാണ് സംസാരം. ശബ്ദലേഖന ശാസ്ത്രത്തിന് ചെറിയ പഴക്കമേയുള്ളൂ. ആളുകളുടെ വർത്തമാനത്തെക്കുറിച്ച് പറയാൻ മറ്റു ഭാഷകളിലെന്നപോലെ മലയാളത്തിലും കുറെ വാക്കുകൾ ഉണ്ട്. പറയൽ, അലർച്ച, പൊട്ടിത്തെറി, മന്ത്രിക്കൽ, പിറുപിറുക്കൽ, തലയിണമന്ത്രം. കുശുകുശുപ്പ്, ഗർജനം, മൂളൽ, ഓക്കാനം, കുര, ഏങ്ങൽ, മുരളൽ, ഇടറൽ, ഗദ്ഗദം... ഈ വാക്കുകൂട്ടം ഒരർഥത്തിൽ വായുവിലേക്ക് തിരിച്ചു പോകുന്ന വാക്കുകളെ ഓർമ്മയിൽ പിടിച്ചു വെക്കാൻ വേണ്ടി സാധാരണ മനുഷ്യർ സ്വയം അറിയാതെ ഉണ്ടാക്കിയുപയോഗിച്ചുപോന്ന സാംസ്കാരിക സംവിധാനമാണ്. ചിരട്ട പാറയിൽ ഉരക്കുന്നതുപോലുള്ള ഒച്ച, കുയിൽനാദംപോലുള്ള ഉപമകളും ഒരു തരത്തിൽ ശബ്ദലേഖനയന്ത്രങ്ങളാണ്. കേട്ടറിഞ്ഞ കഥകളും അനുഭവ വിവരണങ്ങളും പാട്ടുകളും ഓർമ്മിക്കുകയും ആവർത്തിക്കുകയും എഴുതിവെക്കുകയുമൊക്കെ ചെയ്യുന്നതും ഇതേ ഉന്നം വെച്ചാണ് എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

അടുത്ത കാലം വരെ ഒരാളുടെ സംസാരമട്ട് കേട്ട് ഓർത്ത് ശബ്ദാനുകരണം നടത്തുകയെന്നത് വീട്ടുകൂട്ടങ്ങളിലും ചങ്ങാതിക്കൂട്ടങ്ങളിലും സാധാരണമായിരുന്നു. ഇതും റെക്കോഡിങ് മെഷിനറിയാണ്. ഒ.വി. വിജയന് ‘ഖസാക്കിന്റെ ഇതിഹാസ’ത്തിന്റെ പേരിൽ ഓടക്കുഴൽ സമ്മാനം കൊടുക്കുന്ന ചടങ്ങിന്റെ സംഘാടനത്തെപ്പറ്റി എൻ.വി. കൃഷ്ണവാരിയർക്ക് അയച്ച കത്തിൽ ജി. ശങ്കരക്കുറുപ്പ് ഇങ്ങനെ എടുത്തുപറയുന്നുണ്ട്, “വിജയൻ നോവലെഴുതാനുണ്ടായ കാര്യങ്ങളൊക്കെ വിവരിക്കട്ടെ. ഞാൻ റെക്കോഡിങ് മെഷീൻ കൊണ്ടു വരാം’’ എന്ന്. ജി. ആകാശവാണിയിലും പണിയെടുത്തയാളാണ്. ഈ യന്ത്രം വരുന്നതിന് മുമ്പ് ഭാഷകൊണ്ടു തന്നെ സംസാരത്തെ ചെറിയ തോതിലെങ്കിലും ലേഖനം ചെയ്യാൻ ജനങ്ങൾക്ക് താല്പര്യം ഉണ്ടായിരുന്നു. സാക്ഷരതയുടെ കുറഞ്ഞ നിരക്കും ഇതിനവരെ പ്രത്യേകം ഒരുക്കി. ഇതൊക്കെ നേരിയ കാര്യങ്ങൾ. ആളുകൾ പറഞ്ഞതിൽ ഏറെയും പോയതു തന്നെ. പഴയ സംസാരസാഗരത്തിൽ നിന്ന് എന്താണ് രേഖയായി സൂക്ഷിക്കാനാവുക? ഈ ഘട്ടത്തിൽ ചെറിയ തുണയാവുക പഴയ പാട്ടുകളും തോറ്റങ്ങളും ചിന്തുകളും കഥകളും ഇന്നത്തെ പഴയവരുടെ ഓർമ്മ

SGOU

കളുമാവാം. ആദ്യകാല നോവലുകളിൽ പഴയ ശബ്ദങ്ങൾ അച്ചടിച്ചിട്ടുണ്ട്. യാത്രാവിവരണങ്ങളിൽ കുറെ തപ്പിയാൽ ചില ശബ്ദസൂചനകൾ കിട്ടാനുണ്ട്. അതും വലിയ സഹായമാണ്. പഴയ നാടുകൾപോലെ, ഭൂതത്തിന്റെ ബാക്കിപോലെ കിടക്കുന്ന വളരെ കുറച്ച് സ്ഥലങ്ങൾ കാണും. ചിലപ്പോൾ അത് ഒരു പറമ്പ് മാത്രമാകാം. അവിടത്തെ ചില ആളുകളുടെ ഓർമ്മയുടെ ഒരു ചെറിയ ഇടമെങ്കിലും പഴയ പേച്ചുകളുടെ (speeches) മ്യൂസിയമായിട്ടുണ്ടാവാം. ഇത്തരം ചെറിയ ഏർപ്പാടുകളേ ഉള്ളൂ പഴയ ശബ്ദങ്ങളുടെ ചരിത്രത്തിന് വഴികാട്ടാൻ എന്ന് ഇ.പി. രാജഗോപാലൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

തുടർന്ന് ശബ്ദമാതൃകകളുടെ ഒരു ശേഖരം ഉണ്ടാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം പറയുന്നു. ഇന്നത്തെ ശബ്ദമാതൃകകളുടെ ഒരു ശേഖരം ഉണ്ടാവുക എന്നത് പ്രധാനമാണ്. അതെളുപ്പമാണ്. എന്നു വിചാരിച്ച് ചെയ്യാതിരുന്നാൽ വലിയ നഷ്ടമാണ് ഉണ്ടാവുക. ഒരു സംസ്ഥാനതല ശബ്ദാലയമല്ല വേണ്ടത്. പ്രാദേശികനിലയങ്ങളാണ്. പഞ്ചായത്ത് തലത്തിൽ മതിയാകും. അവ വെബ്സൈറ്റിൽ സൂക്ഷിക്കണം. ഓരോ ശബ്ദസൈറ്റിലേക്കും എല്ലാ സൈറ്റുകളിൽ നിന്നും ലിങ്ക് ഉണ്ടാവണം. ആ നിലയിൽ ശബ്ദമാതൃകകളിലൂടെ നിർമ്മിതമാകുന്ന ചരിത്രവും രേഖപ്പെടുത്തേണ്ടതാണ്.

കേരളചരിത്രത്തിലെ വലിയൊരു വിച്ഛേദമാണ് നവോത്ഥാനം. എന്തിനെയുമെന്നപോലെ നവോത്ഥാനത്തെയും വിമർശനപരമായിത്തന്നെ കാണണം. നവോത്ഥാനം അകറ്റി നിർത്തിയ പ്രമേയങ്ങളും പ്രതികരണങ്ങളും പ്രദേശങ്ങളും പ്രതിനിധാനങ്ങളും ഉണ്ട്. മധ്യവർഗം എന്ന (അപ്രതീക്ഷിത) സന്താനം നവോത്ഥാനത്തിന് പിറക്കുകയും ചെയ്തു. മുതലാളിത്താധുനികത തന്നെയാണ് നവോത്ഥാനം. കേരളചരിത്രത്തിന്റെ മുൻപും ശേഷവും എന്ന് വേർതിരിക്കാൻ നവോത്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. പൊതുയോഗങ്ങൾ, പ്രസംഗങ്ങൾ, ഉച്ചഭാഷിണി, പ്രകടനജാഥകൾ, മുദ്രാവാക്യങ്ങൾ, മതേതര കലാവിഷ്കാരങ്ങൾ, സ്കൂളുകൾ, തടസ്സമില്ലാത്ത വഴികൾ, പൊതുവാഹന യാത്രകൾ, അനൗപചാരിക ചർച്ചകൾ, പത്രവായന ഇതൊക്കെ മനുഷ്യരുടെ സംസാരത്തിന്റെ പ്രകൃതത്തിൽ വലിയ മാറ്റമുണ്ടാക്കി; വിഷയത്തിലും ശൈലിയിലും പറച്ചിലിലും കേൾവിയിലും മാറ്റം വരുത്തി. ഭാഷയിലെ ആവിഷ്കാരങ്ങൾ ഏറി. കൂടിയ ആത്മവിശ്വാസത്തിന്റെ, വർഗാവിഷ്കാരത്തിന്റെ കേരളം രൂപംകൊണ്ടു. ഇതേപ്പറ്റിയുള്ള സാമാന്യമായൊരു ശബ്ദധാരണ ലഭ്യമാണ്. പല പഴയവരുടെയും ശബ്ദങ്ങൾ ആകാശവാണിയിലും മറ്റും ഉണ്ട്. സ്വകാര്യ ശബ്ദശേഖരങ്ങളും ഉണ്ട്. നാടകജീവിതത്തിലെ ഏത് വിഷയത്തെ ആസ്പദിച്ചും ഒരു നാടിന്റെ ചരിത്രമുണ്ടാക്കാം, എല്ലാറ്റിനെയും രാഷ്ട്രീയമായി കാണണം എന്ന അറിവ് നവചരിത്രവാദത്തിന്റെ നിർവഹണവുമായി ചേർന്നുവരുന്നതാണ് എന്ന് ഇ. പി. രാജഗോപാലൻ നിരീക്ഷിക്കുന്നു.

കേരളം ഏറെ സംസാരിച്ച കാലമാണ് 1990 വരെയുള്ള കാലം. സംസാരകേരളത്തോടുള്ള പ്രതികരണംപോലെ "നാവടക്കൂ. പണിയെടുക്കൂ'' എന്നത് രാഷ്ട്രപുരോഗതിയുടെ ഔദ്യോഗിക മുദ്രാവാക്യമായി വന്നതും ഓർക്കേണ്ടതുണ്ട്. (പൊതുവേ പറയാറുള്ള) നവോത്ഥാനത്തിന് തൊട്ടുമുൻപുള്ള കാലത്തെ കേരളീയർ (മലയാളികൾ) വിവിധ ജീവിതസ്ഥലങ്ങളിൽ സംസാരിച്ചത് എതുവിധം? കീഴാളർ മിണ്ടാതെ കേൾക്കുന്നവർ മാത്രമായിരുന്നോ? അവരുടെ പ്രതികരണങ്ങൾ മുഴുഭാഷയായിരുന്നില്ലേ? അവർ അവരുടെ കൂട്ടങ്ങളിൽ മാത്രമായിരുന്നോ ഏറെ മിണ്ടിയത്? പണിത്തിരക്കിൽ മിണ്ടാട്ടം കുറവായിരുന്നോ? അന്ന് മൂകതയുടെ നിറമായിരുന്നോ രാത്രിയിരുട്ട്? വ്യക്തിയുടെ ഉള്ളിൽനിന്നുള്ള തള്ളലുകൾ വാക്കുകളായി പുറത്തുവന്നിരിക്കില്ലേ? ആ സ്വതന്ത്ര ശബ്ദങ്ങളെ ഒതുക്കാനുള്ള പലതരം ഏർപ്പാടുകൾ ആചാരം, ചിട്ട, ജാതി, വിധി, സമ്പ്രദായം, സ്ഥാനപദവികളോടുള്ള ആദരം തുടങ്ങിയവയിലൂടെ പ്രവർത്തിച്ചുപോന്നിരിക്കില്ലേ? കേൾക്കുക എന്നതിന് അനുസരിച്ച് പ്രവർത്തിക്കുക എന്ന വിധ്വംസകമായ അർഥം കൂടിയുള്ള ഭാഷയാണ് മലയാളം. "പറഞ്ഞത് കേട്ടാ(ൽ) മതി" എന്നത് അധികാരിയുടെ ഭാഷണമാണ്.

കാഞ്ഞങ്ങാട്ടെ ചെറോ ഗോത്രത്തിന്റെ പാട്ടിൽ ആകാശവും ഭൂമിയുമില്ലാതെ ദേവകൾ മാത്രം ഉള്ള ലോകത്തെക്കുറിച്ച്

SGOU

പറയുന്നു. ഭൂവാസം നരകമായതിനാലുള്ള സങ്കടപ്പേച്ചാണത്. ഇത്തരം വിടുതലുകൾ അന്നത്തെ സംഭാഷണത്തിലും വല്ലപ്പോഴുമെങ്കിലും പ്രത്യക്ഷപ്പെട്ടിരിക്കില്ലേ? കഷ്ട കീഴാളത്തത്തിൽ മറ്റു രസങ്ങളൊന്നും എളുപ്പമല്ലാതിരുന്നതിനാൽ സ്വന്തം കൂട്ടങ്ങളിൽ വർത്തമാനം ഏറെ നടന്നിരിക്കുമോ? അധികാരമൂർത്തിയെ താനറിയാതെ അനുകരിച്ചു പോന്ന കീഴാളൻ ദീനതയാർന്ന യാഥാർഥ്യമാവാം. അങ്ങനെയുള്ളവരുടെ കുടുംബങ്ങളിൽ മൂകത സംസാരത്തെക്കാൾ ഗാഢമായി ഉണ്ടായിരുന്നിരിക്കാം. സ്ത്രീകളും കുട്ടികളുമായിരിക്കാം അനുസരണയുടെ പ്രകടനമായ നിശബ്ദതയിൽ ഏറെയും തടവിലായിരുന്നിരിക്കുക. അധികാരിക്ക് എപ്പോഴും അധികാരം നിലനിർത്തേണ്ടതിനാൽ അയാളും നിയന്ത്രിതഭാഷണത്തിന്റെ തടവിലാവും കഴിഞ്ഞിട്ടുണ്ടാവുക. മദ്യസേവയുടെയും ഉന്മാദത്തിന്റെയും മറ്റും വേളകൾ മാത്രമാവാം പല അധികാരികളുടെയും വാക് സ്വാതന്ത്ര്യത്തിന്റെ കാലം. അധികാരികൾ തമ്മിൽത്തമ്മിൽ ഭയന്നിരുന്നു. കീഴാളസദസ്സുകളിലെ സ്വാഭാവികമായ സംസാരസന്തോഷവും ഭാവനായാത്രകളും മേലാളന് കിട്ടിക്കാണില്ല എന്നും ഇ.പി. രാജഗോപാലൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

ഭാഷ അധികാരത്തിന്റെ ഭിന്നമുഖങ്ങളെ വഹിക്കുന്നുണ്ട്. സാമൂഹികമായിരിക്കെ തന്നെ സമൂഹത്തിന്റെ എല്ലാ തട്ടുകളെയും പ്രതിഫലിപ്പിക്കുന്നു. പദനിഷ്പത്തിയും പ്രയോഗവും ആ നിലയിൽ സൂക്ഷ്മ വിശകലനത്തിന് വിധേയമാകേണ്ടതാണ്. അന്തർജനം – എന്തൊരു പേരാണത്. വാക്കിന്റെ അർഥം മാത്രം നോക്കിയാൽ തടവുപുള്ളി എന്നും വരാം. അടക്കവും ഒതുക്കവുമുള്ള എന്നത് നല്ല പെണ്ണിന്റെ വിശേഷണങ്ങളാണ്. അടക്കൽ, ഒതുക്കൽ – തടവിന്റെ വാക്കുകൾ തന്നെ. വീട്ടിലെ സ്ത്രീകൾ തമ്മിൽത്തമ്മിൽ ആൺനോട്ടമില്ലാത്ത സ്ഥലത്തും നേരത്തും കഴിയുന്നത്ര മിണ്ടിയിട്ടുണ്ടാവണം. സ്ത്രീകൾക്ക് ഉൾഭാഷ (personal language) ഉണ്ടായിരുന്നതായും കേട്ടിട്ടുണ്ട്. വീടിന് പുറത്ത് പണിയെടുക്കുന്ന സ്ത്രീകൾക്ക് ഇത്ര വലിയ സംസാരസമയം കിട്ടിക്കാണില്ല. അധ്വാനക്കൂടുതൽ വിശ്രമം എന്ന മൂകതയിലേക്ക് അവരെ ദിനേന എളുപ്പത്തിൽ നയിച്ചിരിക്കാം എന്നു കരുതുന്നവർ ഉണ്ട്. തോന്നലുകൾ മാത്രമാണ് പലതും. ഇന്ന് ജീവിച്ച് ഇന്നലെയെ ഭാവന ചെയ്യുന്നതിലുള്ള തകരാറ് ഇതിലൊക്കെ കാര്യമായി ഉണ്ടാവും എന്നും അദ്ദേഹം നിരീക്ഷിക്കുന്നു. ആ നിലയിൽ വ്യത്യസ്ത മേഖലകളിൽ സംസാരചരിത്രത്തിന് വിശേഷമായ പ്രാധാന്യമുണ്ടെന്ന് മനസ്സിലാക്കാം. ശബ്ദത്തിന്റെയും നിശബ്ദതയുടെയും രാഷ്ട്രീയമാണ് ഇവിടെ അദ്ദേഹം വിശകലനം ചെയ്യുന്നത്. ശബ്ദമുള്ളവരും ശബ്ദമില്ലാത്തവരുമായ ജനത അധികാരത്തിന്റെ വിവിധ തട്ടുകളെയാണ് സൂചിപ്പിക്കുന്നത്. അവർ നിർമ്മിച്ച ഭാഷയുടെ രാഷ്ട്രീയം ഒരു ചരിത്രമാണ്. ശേഷം ശബ്ദത്തിന്റെയും നിശബ്ദതയുടെയും രാഷ്ട്രീയം വിശകലനം ചെയ്യുന്നു.

1990–ന് ശേഷം മുതലാളിത്തം കൂടുതൽ ശക്തമാവുകയും സമ്മതനിർമ്മിതി മാധ്യമവ്യൂഹത്തിലൂടെ ഫലപ്രദമാവുകയും ചെയ്തതായി വിമർശനയുക്തിയോടെ കാണണം. നവോത്ഥാനത്തിന്റെ സംഭാവനയായ മധ്യവർഗജനതയുടെ സ്വകാര്യവ്യക്തി വിജയം മാത്രം സ്വീകാര്യം എന്ന വാദം മറകളൊക്കെ നീങ്ങി തെളിഞ്ഞ കാലമാണിത്. ഇത് രണ്ടു തരം നിശബ്ദതകൾ ഉണ്ടാക്കി. ഒന്ന് ശരിയായ നിശബ്ദത തന്നെ. വ്യവസ്ഥാവിമർശനപരമായി മിണ്ടിയാൽ വിജയം തകരാറിലാകും, സ്വസ്ഥത പോവും എന്നതിനാൽ മിണ്ടാതെ കഴിയുന്നവർ മധ്യവർഗസമൂഹത്തിൽ എത്രയെങ്കിലും ഉണ്ട്. രണ്ടാമത്തെ നിശബ്ദത ഔപചാരികം മാത്രമായ സംസാരമാണ്. ഭാഷ, പറയുന്നയാളിന്റെ ആവിഷ്കാരമാവുന്നില്ല. പകരം ഒരു സന്ദർഭത്തിൽ എവിടെയും തൊടാതെ എന്താണോ പറയേണ്ടത് അത് പറയുക. ആളുകൾക്ക് വ്യക്തികളാവേണ്ട. ഒരു ക്രമം (pattern) അനുസരിച്ച് പെരുമാറിയാൽ മതി.

വ്യക്തിവ്യത്യാസം (individual difference) കുറഞ്ഞുകൊണ്ടിരിക്കുന്ന സ്ഥലമാണ് ഇന്നത്തെ കേരളം. ഒരേപോലെ സംസാരിക്കുന്നവർ ഏറിയേറിവരുന്നു. വ്യക്തികളെ പരിഗണിക്കലും കുറയുകയാണ്. അസഹിഷ്ണുത ആണത്തത്തിന്റെ ഭാഗമായി കരുതുന്നവർ ഉണ്ടാവുന്നുണ്ട്. വലിയൊരു വിഭാഗത്തിന്റെ സൗഹൃദത്തിന്റെ മാധ്യമം ഭാഷയല്ലാതാവുന്നു. വിരുന്നും മറ്റു സുഖങ്ങളുമൊക്കെയാവുന്നു. സംവാദത്തിന്റെ

SGOU

വെളിച്ചം കുറയുന്നു. ഏകഭാഷണത്തിന്റെ (monologue) നാളുകൾ അകലെയല്ല എന്ന് തോന്നൽ കനക്കുന്നുണ്ട്.

ഈ ഘട്ടത്തിൽ സംസാരത്തെക്കുറിച്ച് കൂടുതൽ ആലോചിക്കുന്നത് പ്രതിരോധ പ്രവർത്തനമാണ്. തുറന്നു സംസാരിക്കുക, ശ്രദ്ധയോടെ കേൾക്കുക എന്നതെല്ലാം ജനാധിപത്യത്തിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ്. ഇവിടെ നവോത്ഥാന പൂർവകേരളത്തിലെ മനുഷ്യശബ്ദത്തിന്റെ ചരിത്രമെന്തായിരുന്നിരിക്കണം എന്നതിനെപ്പറ്റി പല തലമുറകളിൽപെട്ട ഏതാനും സാമൂഹിക -സാംസ്കാരിക നിരീക്ഷകരോട് പ്രതികരണം തേടുകയാണ്. നവോത്ഥാനകാലത്തിന് മുൻപ് കേരളീയർ ധാരാളം സംസാരിക്കുമായിരുന്നോ? കേരളത്തിന്റെ മനുഷ്യശബ്ദചരിത്രം എന്നൊന്ന് സങ്കല്പിക്കാനാവുമോ? സംഭാഷണസമൂഹം (talking community) തെളിഞ്ഞു വന്നത് ആധുനികതയുടെ ഭാഗമായാണോ? തുടങ്ങിയ ചോദ്യങ്ങൾ അദ്ദേഹം ഉയർത്തുന്നു. ഗവേഷണ പഠനങ്ങൾക്ക് പുതിയ സാധ്യതകൾ തുറന്നിടുന്ന മേഖലയായി സംഭാഷണ ചരിത്രം മാറുകയാണ്.

## Recap

- സംഭാഷണ ചരിത്രം
- കേരളം-സംഭാഷണ ചരിത്രം സങ്കല്പിക്കുന്നു
- ഭാഷയും ഭാഷണവും
- സമൂഹവും അധികാരവും
- ചരിത്രത്തിലെ വിടവുകൾ
- ഗവേഷണത്തിന്റെ പുതിയ സാധ്യതകൾ
- നവോത്ഥാനവും സംഭാഷണ ചരിത്രവും
- ഭാഷയും സമൂഹവും
- അന്തർജനം- വാക്കും പദവിയും അധികാരവും
- വാക്കുകളുടെ അധികാരം
- നിശബ്ദതയുടെ രാഷ്ട്രീയം
- നവചരിത്രവാദം, മുതലാളിത്തം
- രേഖപ്പെടുത്താതെ പോയ ചരിത്രത്തിന്റെ വിടവിനെ കണ്ടെടുക്കാൻ സംഭാഷണ ചരിത്രത്തിലൂടെ ഒരു പരിധിവരെ സാധിക്കും.
- മിഷേൽ ഫൂക്കോവിനോട് ദെറിദ ചോദിച്ചതാണ്, മൗനത്തിന് ഒരു ചരിത്രമുണ്ടോ എന്ന്.
- കേരള ചരിത്രത്തിന്റെ മുൻപും ശേഷവും എന്ന് വേർതിരിക്കാൻ നവോത്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.
- പൊതുയോഗങ്ങൾ, പ്രസംഗങ്ങൾ, ഉച്ചഭാഷിണി, പ്രകടനജാഥകൾ, മുദ്രാവാക്യങ്ങൾ, മതേതര കലാവിഷ്കാരങ്ങൾ
- സ്കൂളുകൾ, തടസ്സമില്ലാത്ത വഴികൾ, പൊതുവാഹന യാത്രകൾ, അനൗപചാരിക ചർച്ചകൾ, പത്രവായന... ഇതൊക്കെ മനുഷ്യരുടെ സംസാരത്തിന്റെ പ്രകൃതത്തിൽ വലിയ മാറ്റമുണ്ടാക്കി;

SGOU

- സാഹിത്യകൃതികളെക്കൂടി കണക്കിലെടുത്തുകൊണ്ടുള്ള സർഗ്ഗാത്മകമായ ലോകവായനയാണ് സാഹിത്യനിരൂപണം
- തുറന്നു സംസാരിക്കുക, ശ്രദ്ധയോടെ കേൾക്കുക എന്നതെല്ലാം ജനാധിപത്യത്തിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ്
- ചരിത്രത്തിൽ നിന്നും വ്യതിചലിച്ചു കൊണ്ട് സംഭാഷണ ചരിത്രത്തിലേയ്ക്ക് ഉറ്റുനോക്കുമ്പോഴാണ് ചരിത്രത്തിനിടയിലെ വിടവുകൾ തെളിഞ്ഞു വരുന്നത്.
- എഴുത്തധികാരം കയ്യാളിയിരുന്നവരുടെ സാമൂഹിക അർത്തികളെ അതിലംഘിക്കാൻ സംഭാഷണ ചരിത്രത്തിന് കഴിയുന്നു.
- സംഭാഷണം ഒരു ചരിത്രരേഖയാണ്.
- പി. ഭാസ്കരനുണ്ണിയുടെ പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തെ സൂചിപ്പിച്ചു കൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്

## Objective Questions

1. ഇ.പി. രാജഗോപാലന്റെ ഓർമ്മക്കുറിപ്പുകളുടെ പേരെന്ത്?
2. ഇന്ദുലേഖ; വായനയുടെ ദിശകൾ എന്ന കൃതിയുടെ എഡിറ്റർ ആരാണ്?
3. പല മേഖലകളിലായി രേഖപ്പെടുത്താതെ പോയ ചരിത്രത്തിന്റെ വിടവിനെ ഏതിലൂടെയാണ് കണ്ടെടുക്കാൻ സാധിക്കുക?
4. മനുഷ്യരുടെ സംസാരത്തിന്റെ പ്രകൃതത്തിൽ വലിയ മാറ്റമുണ്ടാക്കിയതെന്തെല്ലാമാണ്?
5. എന്തിനാണ് കേരളചരിത്രത്തിന്റെ മുൻപും ശേഷവും എന്ന് വേർതിരിക്കാൻ കഴിഞ്ഞിട്ടുള്ളത്?
6. മൗനത്തിന് ഒരു ചരിത്രമുണ്ടോ എന്ന് ആര് ആരോടാണ് ചോദിച്ചത്?
7. സാഹിത്യകൃതികളെക്കൂടി കണക്കിലെടുത്തുകൊണ്ടുള്ള സർഗാത്മകമായ ലോകവായനയാണ് സാഹിത്യനിരൂപണം എന്ന അഭിപ്രായം ആരുടേതാണ്?
8. തുറന്നു സംസാരിക്കുക, ശ്രദ്ധയോടെ കേൾക്കുക എന്നതെല്ലാം എന്തിന്റെ ഭാഗമാണ്
9. അതുവരെ നാം കൊണ്ടാടിയ ചരിത്രത്തിനിടയിലെ വിടവുകൾ തെളിഞ്ഞു വരുന്നത് എപ്പോഴാണ്?
10. എഴുത്തധികാരം കയ്യാളിയിരുന്നവരുടെ സാമൂഹിക അർത്തികളെ അതിലംഘിക്കാൻ കഴിയുന്നതെന്തിന്?
11. പി. ഭാസ്കരനുണ്ണിയുടെ 'പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള'ത്തിന്റെ ആദ്യത്തെ അധ്യായത്തിൽ ചർച്ച ചെയ്യുന്നത് എന്തിനെക്കുറിച്ചാണ്?
12. എന്ത് സൂചിപ്പിച്ചുകൊണ്ടാണ് കേരളം : ഒരു സംഭാഷണ ചരിത്രം സങ്കല്പിക്കുമ്പോൾ എന്ന ലേഖനം ആരംഭിക്കുന്നത്?

SGOU

## Answers

1. പെരുമാറ്റങ്ങൾ
2. ഇ.പി. രാജഗോപാലൻ
3. സംഭാഷണ ചരിത്രത്തിലൂടെ
4. പൊതുയോഗങ്ങൾ, പ്രസംഗങ്ങൾ, ഉച്ചഭാഷിണി, പ്രകടനജാഥകൾ, മുദ്രാവാക്യങ്ങൾ, മതേതര കലാവിഷ്കാരങ്ങൾ, സ്കൂളുകൾ, തടസ്സമില്ലാത്ത വഴികൾ, പൊതുവാഹന യാത്രകൾ, അനൗപചാരിക ചർച്ചകൾ, പത്രവായനകൾ എന്നിവ
5. കേരള നവോത്ഥാനത്തിന്
6. മിഷേൽ ഫൂക്കോവിനോട് ദെറിദ ചോദിച്ചതാണ്
7. ഇ.പി. രാജഗോപാലൻ
8. ജനാധിപത്യത്തിലുള്ള വിശ്വാസത്തിന്റെ ഭാഗം
9. രേഖീയവും ലിഖിതരൂപവുമാർന്ന ചരിത്രത്തിൽ നിന്നും വ്യതിചലിച്ചു കൊണ്ട് സംഭാഷണ ചരിത്രത്തിലേയ്ക്ക് ഉറ്റുനോക്കുമ്പോഴാണ്
10. സംഭാഷണ ചരിത്രത്തിന് കഴിയുന്നു. ആ നിലയിൽ സംഭാഷണം ഒരു ചരിത്രം രേഖയാണ്.
11. ആഹാരത്തെക്കുറിച്ചാണ്
12. പി. ഭാസ്കരനുണ്ണിയുടെ 'പത്തൊമ്പതാം നൂറ്റാണ്ടിലെ കേരള'ത്തിന്റെ ആദ്യത്തെ അധ്യായത്തിലെ ആഹാരത്തെപ്പറ്റി

## Assignments

1. കേരളത്തിന് ഒരു സംഭാഷണ ചരിത്രം ആവശ്യമുണ്ടോ? വിമർശനാത്മകമായി വിലയിരുത്തുക.
2. കേരളത്തിലെ ഭാഷാഭേദങ്ങൾ സംഭാഷണ ചരിത്രത്തെ എത്രത്തോളം സ്വാധീനിക്കുന്നു - ചർച്ച ചെയ്യുക
3. സംഭാഷണസമൂഹം (talking community) തെളിഞ്ഞു വന്നത് ആധുനികതയുടെ ഭാഗമായാണോ? - അപഗ്രഥിക്കുക

## Reference


1. ഇ.പി. രാജഗോപാലൻ, മിണ്ടാട്ടങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം
2. പി. ഭാസ്കരനുണ്ണി, പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, സാഹിത്യ അക്കാദമി, തൃശൂർ
3. വി. ശങ്കരൻ നായർ, നെല്ലും സംസ്കൃതിയും, ജി.ഡി.ബുക്സ്

## Suggested Reading


1. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരള സമൂഹവും, ഡി.സി. ബുക്സ്, കോട്ടയം
2. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം


SGOU

3

UNIT

# കറുപ്പിന്റെ സൗന്ദര്യം കവിതയിലെ കീഴാളമുഖം

ടി. കെ. അനിൽകുമാർ

## Learning Outcomes

- കീഴാളപക്ഷകൃതികളെക്കുറിച്ച് അറിയുന്നു
- മലയാള കവിതയിലെ പരിവർത്തനദശയെക്കുറിച്ച് അറിയുന്നു
- ദലിത് കവിതകളെക്കുറിച്ച് ധാരണയുണ്ടാകുന്നു
- സാമ്പ്രദായികരചനകളിൽ നിന്നുള്ള കവിതയുടെ മോചനത്തെക്കുറിച്ചുള്ള ധാരണ ഉണ്ടാകുന്നു

SGOU

## Prerequisite

ദലിത് വിമോചനപ്രസ്ഥാനങ്ങളുടെ ഭാഗമായി ലോകത്തെല്ലാം പല കാലഘട്ടങ്ങളിലായി സാഹിത്യപ്രതിരോധങ്ങളും രചനാപദ്ധതികളുമുണ്ടായി. അമേരിക്കയിലെ Black literature ഉം ഫ്രാൻസിൽ 1930കളിൽ ഉണ്ടായ നെഗ്രിറ്റ്യൂഡും ഭാരതത്തിലുണ്ടായ ദലിത് സാഹിത്യവുമെല്ലാം ഇതിന്റെ ഭാഗമാണ്. സാമൂഹ്യപരമായും, സാംസ്കാരികപരമായും അവഗണിക്കപ്പെട്ടിരുന്ന വലിയൊരു ജനത തങ്ങളുടെ സ്വത്വം വീണ്ടെടുക്കാനുള്ള ശ്രമമാണ് ഇത്തരം എഴുത്തുകളിലൂടെ നടത്തിയത്. ജാതീയവും വംശീയവുമായ ഉച്ചനീചത്വങ്ങൾക്കെതിരെയുള്ള ശക്തമായ താക്കീതായി ഇത്തരം എഴുത്തുകൾ ഇന്നും സജീവമായിത്തന്നെ തുടർന്നുവരുന്നു.

ഭാരതത്തിൽ ദലിത് വിമോചനപ്രസ്ഥാനങ്ങളുടെ ഭാഗമായി മഹാരാഷ്ട്രയിലാണ് ദലിത് സാഹിത്യം രൂപം കൊള്ളുന്നത്. ജ്യോതി റാവു ഫൂലേ, ഡോ. ബി.ആർ. അംബേദ്കർ തുടങ്ങിയവർ ഇതിന് നേതൃത്വം കൊടുത്തു. വംശീയപരമായും, ലിംഗപരമായും അടിച്ചമർത്തപ്പെട്ട ജനവിഭാഗമാണ് ഇന്ന് എഴുത്തിന്റെയും വായനയുടെയും ഇടങ്ങളിൽ പ്രത്യക്ഷമാകുന്നത്. ദലിത് ജീവിതത്തിന്റെ ദുരന്താനുഭവങ്ങൾ പൊതുസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്ന ശക്തമായ മാധ്യമമായി ഇന്ന് എഴുത്ത് മാറിയിരിക്കുന്നു. താൻ നേരിടേണ്ടി വന്ന കഷ്ടപ്പാടുകളും അപമാനങ്ങളും അടിച്ചമർത്തലുകളും അനീതിയും ദാരിദ്ര്യവും വിശപ്പും, ചൂഷണവും അവതരിപ്പിക്കാൻ ഒരു മാധ്യമം വേണമെന്ന ചിന്തയാണ് ദലിത് എഴുത്തിന്റെ അടിസ്ഥാനം.

മഹാരാഷ്ട്രയിൽ ആരംഭിച്ച ദലിത് എഴുത്ത് മലയാള സാഹിത്യത്തിലും ഇന്ന് ശക്തമായ സാന്നിധ്യമുറപ്പിച്ചുകഴിഞ്ഞു. ദലിത് എഴുത്ത് എന്ന വ്യാഖ്യാനത്തിൽ വരുന്നി

ല്ലെങ്കിലും മലയാളത്തിൽ ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ ജാതീയമായ വേർതിരിവിനെതിരെ പ്രതിഷേധ രചനകൾ ഉണ്ടായിട്ടുണ്ടെന്ന് സാഹിത്യചരിത്രം പരിശോധിച്ചാൽ മനസ്സിലാകും.

കാണുന്നീലൊരക്ഷരവും
എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ടനേകവംശത്തിൻ

ചരിത്രങ്ങൾ - എന്നെഴുതിയ പൊയ്കയിൽ അപ്പച്ചനിൽ തുടങ്ങുന്ന കീഴാളന്റെ എഴുത്ത് പണ്ഡിറ്റ് കറുപ്പന്റെ 'ജാതിക്കുമ്മി'യിലൂടെയും, പാശ്ചാത്യ മിഷനറിമാരുടെ നോവലുകളിലൂടെയും മലയാളത്തിൽ വളർന്നുവരികയായിരുന്നു. കഥ, കവിത, നോവൽ, ആത്മകഥ, ജീവചരിത്രം, നിരൂപണം തുടങ്ങിയ സാഹിത്യരംഗങ്ങളിലെല്ലാം ദലിതർ തങ്ങളുടെ സാന്നിധ്യം ഉറപ്പിച്ചുകഴിഞ്ഞതിന്റെ ചരിത്രം പരിശോധിക്കേണ്ടതാണ്. മുഖ്യധാര സാഹിത്യതത്ത്വങ്ങളെ നിഷേധിച്ചുകൊണ്ടുള്ള ഇത്തരം ദലിത് രചനകളുടെ ചരിത്രം കൂടി പരിശോധിക്കാതെ ഇന്ന് സാഹിത്യ സംസ്കാര ചരിത്രപഠനം പൂർണ്ണമാകില്ല. കാരണം ചരിത്രത്തിന്റെ അംഗീകൃത മാതൃകകളെ വിമർശനാത്മകമായി പരിശോധിച്ചുകൊണ്ടാണ് ദലിത് സാഹിത്യം ഇന്ന് അതിന്റെ സ്ഥാനം ഉറപ്പിച്ചിരിക്കുന്നത്.

നമ്മുടെ സാഹിത്യകൃതികളും സാഹിത്യപഠനങ്ങളും കീഴാള വീക്ഷണത്തോടെ നോക്കിക്കണ്ടപ്പോൾ ഉണ്ടായ അമ്പരപ്പും വേദനയുമാണ് ഇത്തരമൊരന്വേഷണത്തിനു തിരികൊളുത്തിയതെന്ന് ടി. കെ. അനിൽകുമാർ മലയാള സാഹിത്യത്തിലെ കീഴാളപരിപ്രേക്ഷ്യം എന്ന കൃതിയുടെ ആമുഖത്തിൽ രേഖപ്പെടുത്തുന്നു. കീഴാളപക്ഷകൃതികളെ സാഹിത്യലോകം അവഗണിക്കുന്നതിലാണ് വേദനയുണ്ടായത്. സാംസ്കാരികാവബോധത്തിലും ജീവിതവീക്ഷണത്തിലും മുന്നാക്കം നിൽക്കുന്ന കീഴാളർ സാഹിത്യകൃതികളിൽ നിന്ന് എങ്ങനെ ബഹിഷ്കൃതരായി എന്ന അന്വേഷണവും സാഹിത്യപഠനങ്ങളിൽ കീഴാളപക്ഷകൃതികൾ കടന്നുവരേണ്ടതുണ്ടെന്ന തിരിച്ചറിവുമാണ് ഈ ഗ്രന്ഥരചനയുടെ പിന്നിലെ പ്രേരണ എന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു. മലയാള സാഹിത്യത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശബ്ദങ്ങളും ദലിത് ജീവിതാനുഭവങ്ങളും പരിശോധിക്കുന്ന പഠനഗ്രന്ഥം മുഖ്യധാരാ സാഹിത്യത്തിന് പുറത്തു നിൽക്കുന്ന കീഴാള സ്വത്വത്തെയും അവരുടെ പോരാട്ടങ്ങളെയും അടയാളപ്പെടുത്തുന്നു.

## ടി. കെ. അനിൽകുമാർ



എഴുത്തുകാരൻ, നാടകപ്രവർത്തകൻ, അധ്യാപകൻ, സാംസ്കാരിക പ്രവർത്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനാണ് അനിൽകുമാർ.

**കൃതികൾ**

ദലിത് സാഹിത്യം ചരിത്രവും വർത്തമാനയും, മൊയാരം 1948, അൽ കാഫീ റൂൻ, ലിറ്റിൽ പ്രൊഫസർ, ഞാൻ വാഗ്ഭടാനന്ദൻ, മലയാള സാഹിത്യത്തിലെ കീഴാള പരിപ്രേക്ഷ്യം

SGOU

## Keywords

കീഴാളർ - ജാതി സങ്കല്പം - ജാതിക്കുമ്മി - കുമാരനാശാൻ - ഹിന്ദുമതം - വയലാർ - സച്ചിദാനന്ദൻ - എ. അയ്യപ്പൻ - ഗോത്രം - കറുപ്പിന്റെ സൗന്ദര്യം.

## Discussion

ജന്മം കൊണ്ട് കീഴാളരായവരുടെ കൃതികളല്ല, മറിച്ച് കീഴാളജനത ആവിഷ്കരിക്കപ്പെടുന്ന കീഴാളപക്ഷകൃതികളെയാണ് മലയാള സാഹിത്യത്തിലെ കീഴാളപരിപ്രേക്ഷ്യം എന്ന കൃതിയിൽ ടി. കെ. അനിൽകുമാർ പരിശോധിക്കുന്നത്. ഒൻപത് അധ്യായങ്ങളായി തിരിച്ചിരിക്കുന്ന കൃതിയിലെ അഞ്ചാം അധ്യായമാണ് 'കറുപ്പിന്റെ സൗന്ദര്യം- കവിതയിലെ കീഴാളമുഖം' എന്നത്. മലയാളകവിതയിൽ കാലഘട്ടത്തിന്റെ മാറ്റം സൃഷ്ടിച്ച പ്രതികരണോന്മുഖമനസ്സുമായി ബന്ധപ്പെട്ടാണ് കവിതയിൽ കീഴാളർ കടന്നുവരാനും അത്തരം കവിതകൾ രചിക്കാനും തുടങ്ങിയത്. വ്യക്തിഗതപ്രമേയങ്ങൾക്കും കല്പിത ഇതിവൃത്തങ്ങളുടെ ആവിഷ്കരണത്തിനും സാഹിത്യമണ്ഡലത്തിൽ അംഗീകാരം കിട്ടിത്തുടങ്ങിയതോടെയാണ് സാഹിത്യത്തിൽ കീഴാളരുടെ പ്രശ്നങ്ങൾ ഇടം നേടിത്തുടങ്ങിയതെന്ന് ലേഖകൻ അന്വേഷിക്കുന്നു. കീഴാളർ നേരിടുന്ന പീഡനങ്ങൾ മലയാളിയുടെ കവിതാവ്യവഹാരങ്ങളിൽ കടന്നുവരാൻ കാരണം സമൂഹ നവീകരണപ്രക്രിയയും ജാതിനശീകരണ പ്രവർത്തനവും അതിനെത്തുടർന്നുണ്ടായ ബോധപൂർവമായ ശ്രമങ്ങളുമാണ്.

1911-ൽ കെ. പി. കറുപ്പൻ എഴുതിയ 'ജാതിക്കുമ്മി' യിൽ കേവലമൊരു പുരാവൃത്തം എന്ന നിലയിൽ മേലാളർ കണ്ട ശങ്കരാചാര്യ-ചണ്ഡാലസംവാദം പുതിയ അർഥകല്പനകൾക്കു വഴിതുറക്കുവാൻ പ്രേരണയായി. പറയനും ബ്രാഹ്മണനും തമ്മിലുള്ള സംവാദം അസ്പൃശ്യതയ്ക്കെതിരെയുള്ള ചെറുത്തു നിൽപ്പായി വികസിക്കുന്നു. 'എല്ലാവരും നമ്മൾ മാനുഷന്മാരാണ്' എന്ന പ്രഖ്യാപനം മനുഷ്യരായി സമൂഹം ഒരിക്കലും അംഗീകരിക്കാതിരുന്ന ജനതയുടെ കരുത്തായി മാറുന്നു. മാനുഷികത നഷ്ടപ്പെട്ടുപോയ ബ്രാഹ്മണ്യത്വത്തിന്റെ അല്പത്വം മനുഷ്യനാണ് താൻ എന്ന കീഴാളന്റെ പ്രഖ്യാപനത്തിലൂടെ വിമർശന വിധേയമായി മാറുന്നു. ജാതീയതയെ മേലാളർ സ്വീകരിക്കുമ്പോൾ അത് മനുഷ്യത്വത്തെ നിരാകരിക്കുകയും അത് അവരുടെ ആത്മനിഷേധവുമായി മാറുകയും ചെയ്യുന്ന കാലഘട്ടത്തിലാണ് ജാതിസങ്കല്പത്തെ നിരാകരിക്കുന്ന ഒരു മനുഷ്യത്വവായന കെ. പി. കറുപ്പൻ നടത്തുന്നതെന്ന് ടി. കെ. അനിൽകുമാർ നിരീക്ഷിക്കുന്നു.

ശങ്കരാചാര്യർക്ക് 'മനീഷാപഞ്ചകം' എഴുതാനിടയായ സംവാദത്തെ സമകാലിക കേരളത്തിന്റെ സാമൂഹ്യപരിതസ്ഥിതിയുമായി ഇണക്കിച്ചേർത്ത് വിമർശിക്കുകയാണ് കെ. പി. കറുപ്പൻ ചെയ്തത്. ഹിന്ദുമതത്തിന്റെ ജാതീയമായ പൊരുത്തക്കേടുകളെ ആദ്യമായി ചോദ്യം ചെയ്ത കവിതയായതു കൊണ്ടാണ് കീഴാളരുടെ നാവിൻ തുമ്പിൽ 'ജാതിക്കുമ്മി' നിലനിൽക്കുന്നതെന്ന് അദ്ദേഹം കണ്ടെത്തുന്നു. പുലയർ, ദീനരോദനം, ഉദ്യാനവിരുന്ന് തുടങ്ങിയ ജാതിവിരുദ്ധ കവിതകൾ എഴുതിയ കെ. പി.കറുപ്പനും ഭൂതകാലം കീഴ്പ്പെടുത്തിയ ഒരു സാമൂഹിക-സംസ്കാരികാവസ്ഥകൾക്കകത്തുവെച്ചു തന്നെയാണ് തന്റെ ചിന്തകൾ പങ്കുവെയ്ക്കുന്നത്. കീഴാളൻ ഹിന്ദു മതത്തിന്റെ ഒരവിഭാജ്യഘടകമാണെന്ന ചിന്ത ഉൾക്കൊള്ളുമ്പോഴും ജാതീയത ക്രിസ്തുമതത്തിന്റെ പരിധിയിൽ രൂക്ഷമാണെന്ന ചിന്ത അദ്ദേഹം തിരിച്ചറിയാതെ പോയി എന്ന യാഥാർഥ്യം ലേഖകൻ പങ്കുവെയ്ക്കുന്നു. ഇതേ കാലഘട്ടത്തിൽ തന്നെ, സാമൂഹികാസമത്വത്തെ വിമർശിച്ചു കൊണ്ട് കീഴാളജനതയെ മുഖ്യധാരയിലേയ്ക്ക് നയിക്കാൻ പള്ളത്തുരാമനും ശ്രദ്ധ ചെലുത്തുന്നുണ്ട്.

SGOU

'പോരും വിഷാദം പുലയച്ചെറുക്കാ
പാരിന്നു വിപ്രന്നു, നിനക്കു നാളെ'

എന്ന ചിന്ത പീഡിതജനത ആർജിക്കാനിടയുള്ള കരുത്തിനെയാണ് സൂചിപ്പിക്കുന്നത്.

സവർണ്ണ സാഹിത്യനായകന്മാരെ വിറളി പിടിപ്പിച്ച കവിരാമായണം, പുലവൃത്തഗാനങ്ങൾ, പുലയരുടെ പാട്ട് എന്നിവ കീഴാളജനതയുടെ ജീവചൈതന്യം വെളിപ്പെടുത്തുന്ന മൂലൂരിന്റെ കൃതികളാണ്. ഹൈന്ദവീയതയുടെ അതിരുകളെ ഭേദിച്ചുകൊണ്ട് 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്' എന്ന് 'ധർമം' എന്ന കവിതയിൽ ധീരമായ ആഹ്വാനം നടത്തിയ സഹോദരൻ അയ്യപ്പൻ ഒരു പുതിയ ലോകത്തെ സൃഷ്ടിക്കുവാനാണ് ശ്രമിച്ചത്. മതസങ്കല്പങ്ങളുടെ പരിധിയ്ക്കകത്ത് ജാതിസങ്കല്പങ്ങളുയർത്താനുള്ള മേലാളനീതിയ്ക്കെതിരെയുള്ള അതിനിശിതമായ യുദ്ധ പ്രഖ്യാപനമായിരുന്നു അതെന്ന് ലേഖകൻ നിരീക്ഷിക്കുന്നു. എന്നാൽ തമിഴ്നാട്ടിൽ ഇ.വി. രാമസ്വാമി ചെയ്തതു പോലെ ബ്രാഹ്മണ്യനിരാസവും ദൈവനിഷേധവും അതിശക്തമായ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാൻ അയ്യപ്പനു കഴിഞ്ഞില്ല എന്നും കൂട്ടിച്ചേർക്കുന്നു. എന്നാൽ കേരളത്തിലെ കപട ആത്മീയബോധത്തെ തകർത്തെറിയാൻ ആത്മീയാന്വേഷണമാണു ഫലവത്താകുക എന്ന ശ്രീനാരായണഗുരുവിന്റെ ശ്രമം വിജയകരമായിരുന്നു എന്നും അഭിപ്രായപ്പെടുന്നു. സഹോദരൻ അയ്യപ്പൻ കൊണ്ടുവന്ന ജാതി -മത-ദൈവ നിരാസം ഉൾക്കൊള്ളാൻ കേരളീയർക്കു കഴിയാതെ പോയി. കീഴാളജനതപോലും നവോത്ഥാന ശബ്ദം കേൾക്കാൻ തയ്യാറായില്ല. അയ്യപ്പന്റെ പല കവിതകളിലും നിയതലക്ഷ്യമുണ്ടായിരുന്നു എന്നു കാണാം. കവികളിൽ നിന്നു വ്യത്യസ്തനായി ഹൈന്ദവീയതയെ നിരാകരിക്കുവാനുള്ള ശ്രമങ്ങൾ അയ്യപ്പൻ നടത്തുന്നു. പുലയനയ്യപ്പൻ എന്ന വിളിപ്പേരു നേടിയെങ്കിലും വാക്കു കൊണ്ടും കർമ്മം കൊണ്ടും ഒരു നവീനലോകത്തെ സൃഷ്ടിക്കുവാനാണ് അദ്ദേഹം ശ്രമിച്ചത്.

മലയാളകവിതയിലെ പരിവർത്തനദശയെക്കുറിച്ചുള്ള ചർച്ചകൾ കുമാരനാശാനിലാണ് തുടക്കം കുറിക്കുന്നതെന്ന് ലേഖകൻ നിരീക്ഷിക്കുന്നു. ആശാൻ കീഴാളപക്ഷ നിലപാടുകളെ സാധൂകരിക്കുന്ന കവിയായി മാറിയതിനു മൂന്നു കാരണങ്ങളാണ് പറയുന്നത്. ജാതീയാസമത്വം അനുഭവിക്കേണ്ടിവന്ന ഒരു സമുദായത്തിൽ ജനിച്ചതും ശ്രീനാരായണഗുരുവിൻെറ 'ചിന്നസ്വാമി' ആയതും സഹോദരനയ്യപ്പന്റെ സഹവർത്തിത്വവുമാണ് അതിനു കാരണം. ആശാന്റെ 'ദുരവസ്ഥ'യും 'ചണ്ഡാലഭിക്ഷുകി'യുമാണ് ജാതിവിരുദ്ധ കോണിലൂടെ രചിക്കപ്പെട്ട് നിരന്തരചർച്ചയ്ക്ക് വിധേയമായ കൃതികൾ. കീഴാള പ്രതിരോധത്തിനു ശക്തി കൂട്ടുവാൻ ആ കൃതികൾക്കു കഴിയുന്നു. അതിശക്തമായ ജാതിവിരുദ്ധ സമീപനം അവതരിപ്പിക്കുന്നെങ്കിലും അവ കീഴാളപക്ഷ രചനകളല്ല എന്ന് ഗ്രന്ഥകാരൻ സമർഥിക്കുന്നു. ചണ്ഡാലഭിക്ഷുകിയിൽ ഹിന്ദുമതത്തിന്റെ പക്ഷത്ത് നിലയുറപ്പിക്കുന്ന ആശാനെ കാണുവാനാവും. ഹൈന്ദവവത്കരണത്തിന്റെ പര്യായമാക്കി പരിഷ്കരണത്തെ കാണുവാനുള്ള യത്നമാണ് ആശാൻ നടത്തുന്നത്. 'ചാത്തനെ ഞാൻ പഠിപ്പിച്ചിടും'' എന്ന സാവിത്രിയുടെ വാക്കുകളിൽ എന്തു പഠിപ്പിക്കും എന്ന ചോദ്യമുണരുന്നുണ്ട്. അക്ഷരം അറിയുന്ന ജനത സംസ്കാര സമ്പന്നരാവുന്നില്ല. കേരളത്തിലെ മേലാളന് അറിവ് കീഴാളരെ ചൂഷണം ചെയ്യുവാനും മനുസ്മൃതി വാക്യങ്ങളെ വ്യാഖ്യാനിക്കുവാനുമുള്ള ഉപാധി മാത്രം. എന്നാൽ അക്ഷരമറിയാത്ത ജനത, കീഴാളന്റെ കലയും സംസ്കാരവും ജീവിതവും സൃഷ്ടിച്ചു. അധ്വാനത്തിൻെറ സംസ്കാരം അവർ പഠിപ്പിക്കുകയും ചെയ്തു. ഹിന്ദുത്വത്തിന്റെ വ്യവസ്ഥാപിത സാമൂഹികക്രമത്തെ ഉറപ്പിച്ചു നിർത്തിയ മേലാളവർഗത്തിന്റെ തന്ത്രങ്ങളുടെയും കീഴ്പ്പെടുത്തലുകളുടെയും പുരാണമാണ് സാവിത്രിക്ക് ചാത്തനെ പഠിപ്പിക്കാനുള്ളത്. ചാത്തൻ പ്രതിനിധാനം ചെയ്യുന്ന ഒരു സാമൂഹിക ക്രമത്തിലേയ്ക്ക് സാവിത്രി പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന് എന്തു കൊണ്ട് ഉയരാൻ കഴിയുന്നില്ല എന്ന ചോദ്യം അവശേഷിക്കുന്നുണ്ട്. തന്റെ കഥാപാത്രങ്ങളെ അത്രത്തോളം അനുവദിക്കുവാൻ കുമാരനാശാന്റെ ഹൈന്ദവബോധം അനുവദിക്കുന്നില്ല എന്നതാണ് യാഥാർഥ്യമെന്ന് അനിൽകുമാർ വെളിപ്പെടുത്തുന്നു.

ദുരവസ്ഥയുടെ സൂക്ഷ്മവായനയിൽ, പ്രതിലോമകരമായ ബ്രാഹ്മണ്യത്തിന് അനുകൂലമായ കൃതിയാണതെന്ന് വ്യക്തമാവുന്നു.

SGOU

'ചണ്ഡാലഭിക്ഷുകിയി'ലും ജാതീയതയെ ആശാൻ വിമർശനവിധേയമാക്കുന്നെങ്കിലും ഹൈന്ദവരീതികളെ ചോദ്യം ചെയ്ത ബുദ്ധന്റെ ലോകത്ത് ഹിന്ദു ജാതീയത കടന്നുവരുന്നു. ബുദ്ധൻ അതിനെ നിരാകരിക്കുന്നുവെങ്കിലും ഹിന്ദു ജാതീയതയെക്കുറിച്ചുള്ള ചർച്ച 'ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ' എന്നു പറയുന്നതിന്റെ വിരുദ്ധാർത്ഥത്തിലാണ് പ്രകടമാകുന്നതെന്ന് ചൂണ്ടിക്കാണിക്കുന്നു.

വള്ളത്തോളിൻെറ ചില കവിതകൾ ജാതിവിരുദ്ധ ചിന്തകൊണ്ട് സമ്പന്നമെങ്കിലും കീഴാളനെ പ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങൾ ഇല്ലാത്തതിനാൽ കീഴാളപക്ഷരചനകൾ എന്നു വിശേഷിപ്പിക്കാനാവില്ല. പാരമ്പര്യവാദിയും യാഥാസ്ഥിതികനുമാണെങ്കിലും ആശാനെക്കാളും വള്ളത്തോളിനെക്കാളും ജാതിവിരുദ്ധകവിതകൾ എഴുതിയത് ഉള്ളൂരാണ്. ഹിന്ദുമതത്തിന്റെ സമുദ്ധാരണം ആ കാലഘട്ടത്തിലെ മറ്റേത് കവികളെപ്പോലെ ഉള്ളൂരിന്റെയും ലക്ഷ്യമായിരുന്നു. കീഴാളജനതയെ അംഗീകരിക്കുവാനും സ്വീകരിക്കുവാനുമുള്ള ശ്രമത്തെ ആ നിലയിൽ കാണേണ്ടതുണ്ട്.

ചങ്ങമ്പുഴയുടെ'വാഴക്കുല' കീഴാളജനതയുടെ ദുരിതങ്ങളെ ഭാഷയുടെ ഹൃദ്യതയോടെ അവതരിപ്പിക്കുകയായിരുന്നു. സാമൂഹികാവസ്ഥയുടെ രൂക്ഷവിമർശനമായി അന്നത്തെ കേരളീയമനസ്സിന് കവിത അനുഭവവേദ്യമായി. എന്നാൽ നികൃഷ്ടമായ ഒരു വ്യവസ്ഥയെ സ്വതന്ത്രമായി വിട്ടു എന്നതാണ് വാഴക്കുലയുടെ വിജയവും പരാജയവും എന്ന് ലേഖകൻ വീക്ഷിക്കുന്നു. പ്രതിഷേധിക്കാനാവാത്ത കീഴാളാവസ്ഥയെ തിരിച്ചറിയുകയും വായനക്കാരന്റെ ഉള്ളിലെ പ്രതിഷേധത്തിന് ആക്കം കൂട്ടുകയും ചെയ്തതാണ് ആ കൃതിയുടെ വിജയമെന്നും അഭിപ്രായപ്പെടുന്നു. മേലാളരെ ചോദ്യം ചെയ്യാൻ കീഴാളൻ നേർത്ത ചലനങ്ങൾ പോലും ഉണ്ടാക്കില്ലെന്ന നിരീക്ഷണമാണ് കവിത നൽകുന്നത്. കീഴാളദൈന്യത്തിന്റെ പ്രതിഫലനം മാത്രമായി കവിത മാറുന്നതായി കാണാം. ജീയിലും ഇടശ്ശേരിയിലും വൈലോപ്പിള്ളിയിലും കീഴാളപക്ഷ രചനകൾ എന്ന അർഥത്തിൽ കവിതകൾ ഉണ്ടായിട്ടില്ല. ജാതീയതയ്ക്കു പകരം വർഗ സമരത്തിന്റെ നിലപാടുകൾ രൂപപ്പെടുകയും ചെയ്തു. കൃഷിക്കാരൻ എന്ന പൊതു ധാരയിലേയ്ക്ക് കീഴാളനെ മാറ്റാനാണ് ഇടശ്ശേരി ശ്രമിച്ചത്. കീഴാളജനതയുടെ സാമൂഹികാവസ്ഥയ്ക്കു നേരെയുള്ള പ്രതിഷേധമൊന്നും അവരുടെ കവിതകളിൽ ദൃശ്യമല്ല.

കേരളത്തിലെ അതിരൂക്ഷമായ ജാതീയത മതമില്ലാത്ത കീഴാളജനതയെ പുതിയ മതങ്ങളിലേയ്ക്ക് നയിച്ചു. കീഴാളജനതയിൽ നിന്ന് ഇസ്ലാം-ക്രൈസ്തവ മതങ്ങളിലേയ്ക്ക് പരിവർത്തനങ്ങളുണ്ടായി. എന്നാൽ അവർ അസ്പൃശ്യൻ തന്നെയായിരുന്നു. വയലാർ രാമവർമ്മയുടെ 'ഇത്താപ്പിരി' എന്ന കവിതയുടെ പ്രസക്തി ലേഖകൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നു. ക്രൈസ്തവ ജാതീയതയുടെ വിമർശനമാണ് കവിത. ഇത്താപ്പിരി എന്നും പറയനിത്താപ്പിരി തന്നെയായി നിൽക്കേണ്ടിവരുന്നതും വിശന്നു മരിച്ചപ്പോൾ വിശുദ്ധനാകുന്നതും അയാളുടെ അടുത്ത തലമുറ ജാതീയസമൂഹത്തിൽ നിന്ന് ബഹിഷ്കൃതരാകുന്നതും വയലാർ അവതരിപ്പിക്കുന്നു. ക്രിസ്തുമത പൗരോഹിത്യവും ക്രൈസ്തവമേലാളരും പുലർത്തിവന്ന സമീപനത്തെ നിശിതമായി വയലാർ വിമർശിക്കുന്നു. കേരളത്തിലെ ക്രൈസ്തവ സവർണർ കീഴാളരെ വീക്ഷിക്കുന്ന സങ്കുചിതത്വ സവർണബോധം മലയാളത്തിലാദ്യമായി അവതരിപ്പിക്കുവാൻ വയലാറിനു സാധിച്ചു എന്ന് കണ്ടെത്തുന്നു. താടകയെ ദ്രാവിഡ രാജകുമാരിയായി കണ്ട കവിയുടെ ശക്തമായ ഇടപെടലാണ് 'ഇത്താപ്പിരി'യിൽ കാണുന്നത്.

ഗോത്രസംസ്കൃതിയുടെ വിശാലമായ ഒരവബോധത്തിൽ നിന്നു കൊണ്ട് അധഃകൃതത്വത്തെ പ്രതിരോധമാക്കുന്ന കവിതകൾ കടമ്മനിട്ട രാമകൃഷ്ണൻ രചിച്ചിട്ടുണ്ട്. കാട്ടാളൻ, കുറത്തി, കിരാതവൃത്തം എന്നിവ ആ ഗണത്തിൽ പെടുന്നു. കടമ്മനിട്ടക്കവിതയിലെ കീഴാളർ തങ്ങൾക്ക് അന്യമായ 'ഇന്നു'കളിൽ നിന്നുള്ള വിമോചനം കൊണ്ടാടുകയാണെന്ന് ലേഖകൻ നിരീക്ഷിക്കുന്നു. മലയും മരവും കുലവും നശിപ്പിക്കുകയും തങ്ങൾക്കു സ്വന്തമായതെല്ലാം അന്യമാക്കിത്തീർക്കുകയും ചെയ്ത ഉപരിവർഗത്തോടുള്ള പ്രതിഷേധം വംശീയമായ ഉണർവോടെ കടമ്മനിട്ടയുടെ കവിതയിൽ ഉയർന്നു വരുന്നു.

SGOU

ചൂഷണത്തിന്റെ ഇരകളായ ഗോത്രവർഗജനത തങ്ങളുടെ സ്വത്വം പുനഃസ്ഥാപിക്കുന്നത് ഈയൊരു ഭാഷയിലായിരിക്കുമെന്ന വ്യംഗ്യം കവിതയെ ശക്തമാക്കുന്നുവെന്ന് നിരീക്ഷിക്കുന്നു. അടിമത്തത്തിനെതിരെ, പ്രതിഷേധത്തിന്റെയും പ്രതികരണത്തിന്റെയും സാധ്യതകൾ ഉയർത്തി വീക്ഷണത്തിലും കാവ്യഭാഷയിലും പരിവർത്തനങ്ങൾ വരുത്താനുള്ള ശ്രമങ്ങൾ നടത്തുമ്പോഴും കീഴാളരുടെ സ്വത്വപ്രതിഷ്ഠാപനമായി കവിത വികസിക്കുന്നില്ല എന്ന പരിമിതിയും എടുത്തുപറയുന്നു.

സച്ചിദാനന്ദന്റെ 'പുലയപ്പാട്ട്', 'പറയപ്പാട്ട്' എന്നീ കവിതകളിൽ കീഴാളന്റെ സ്വത്വസംസ്ഥാപനത്തിന്റെ ഭാഷ ലേഖകൻ കണ്ടെത്തുന്നു. വർത്തമാനകാല കവിതയിൽ ഹിന്ദുത്വ പ്രതിഷ്ഠാപനവും ആര്യത്വഘോഷണവും നിറയുമ്പോൾ കീഴാളപക്ഷത്തുനിന്നുള്ള നേർത്ത കാഴ്ചപോലും വിലമതിക്കപ്പെടുന്നു. മേലാള ബോധം എക്കാലത്തും കേരളീയ സാമൂഹികവികാസത്തിന്റെ നൈരന്തര്യം തടസ്സപ്പെടുത്തിയെന്നും അതിനെ വിമർശന വിധേയമാക്കേണ്ടതുണ്ടെന്നും ഗ്രന്ഥകാരൻ എടുത്തുപറയുന്നു. കേരളീയാവസ്ഥയെ മലിനമാക്കിയത് ജാതീയത തന്നെയാണ്. കീഴാളന്റെ പണത്തിന് അശുദ്ധി കല്പിക്കാത്ത മേലാളനെ അവതരിപ്പിക്കുന്ന പുനലൂർ ബാലന്റെ 'സഞ്ചയനം', ആർഷധർമത്തിന്റെ വക്താക്കളുടെ മുന്നിൽ മുലകൾ ഛേദിച്ചെറിയുന്ന കഥ പറയുന്ന 'ഒരു ചരിത്ര സംഭവം' എന്നിവ കീഴാള വായനയിൽ പ്രസക്തമായ കവിതകളാണ്. ഫ്യൂഡലിസ്റ്റ് ഭാവുകത്വത്തെ ഭേദിക്കണമെന്ന് ആഹ്വാനം ചെയ്യുന്ന ആറ്റൂർ രവിവർമ്മയുടെ 'ഉദാത്തം, എം. പി.അപ്പന്റെ 'കൊയ്ത്തു കാലം' തുടങ്ങിയ കവിതകളും കീഴാളപക്ഷത്തു നിന്ന് വിലയിരുത്തേണ്ടവയാണെന്ന് നിരീക്ഷിക്കുന്നു. കെ.കെ.ഗോവിന്ദന്റെ അയിത്തം, എന്റെ സമുദായം എന്നീ സമാഹാരങ്ങളിലെ കവിതകൾ പലതും കീഴാളനു വേണ്ടി എഴുതപ്പെട്ടവയാണ്. സുഗതകുമാരിയുടെ 'ആദിവാസി സാക്ഷരത' എന്ന കവിതയിൽ കീഴാളരെ ചൂഷണം ചെയ്യുന്നതിന്റെ പല മുഖങ്ങൾ കാണാം. ഉപരിവർഗ്ഗ നൃശംസതയെ തിരിച്ചറിയുന്ന കവി കവിതയെ പ്രതിരോധമാക്കി മാറ്റുന്നു.

എ. അയ്യപ്പൻ ബലിക്കുറിപ്പുകളിൽ ഇന്ത്യൻ അവസ്ഥയിൽ ഓങ്കാരസർപ്പം ഫണം വിടർത്തുന്നത് ഭയാശങ്കകളോടെ തിരിച്ചറിയുന്നുണ്ട്. അദ്ദേഹത്തിന്റെ 'കരിനാക്കുള്ളവന്റെ പാട്ട്' എന്ന കവിതയിൽ ഇന്നലെകളുടെ തള്ളവിരൽ മുറിച്ചെറിയപ്പെട്ട കീഴാളന്റെ നിസഹായതയിൽ നിന്ന് മേലാളന്റെ നീതിബോധത്തെ ചോദ്യം ചെയ്യുകയും പുത്തൻ നീതിയുടെ അമ്പ് രൂപപ്പെടുത്താനുള്ള ആഹ്വാനം മുഴക്കുകയും ചെയ്യുന്നു. സവർണ വ്യവസ്ഥാക്രമത്തിൽ ഏകലവ്യന്റെ അമ്പുകൾ വളരാനുള്ള അവസ്ഥ, രൂപപ്പെടുന്നു എന്ന തിരിച്ചറിവായി കവിത മാറുന്നു. ദലിതരെ കൂട്ടക്കൊല ചെയ്യുന്ന ഇന്ത്യൻ ഗ്രാമങ്ങളുടെ മണ്ണിൽ തീപ്പന്തമായി മാറുന്ന കവിതയാണ് കെ. സി. കാട്ടാക്കടയുടെ 'കറുത്ത പുലരി.' കറുത്ത മനുഷ്യന്റെ രക്തത്തിനും ചുവപ്പു നിറമാണെന്ന തിരിച്ചറിവിലൂടെ വായനയുടെ പല സാധ്യതകളിലേയ്ക്കും കൂട്ടിക്കൊണ്ടുപോകുന്ന കവിതയാണതെന്ന് വെളിപ്പെടുത്തുന്നു. കല്ലട ശശി, സണ്ണി എം കപിക്കാട്, കവിയൂർ മുരളി, തുടങ്ങിയ കവികൾ കവിതയെ പ്രതിലോമകരമായ വ്യവസ്ഥയ്ക്കെതിരെയുള്ള ആയുധമാക്കി മാറ്റുന്നു. ദാരിദ്ര്യത്തെ പ്രമേയമാക്കിയും മറ്റും കീഴാളജനതയുടെ നിലപാടുകളെ ബോധ്യപ്പെടുത്തുന്നു. മേലാളൻെറ ദൃഷ്ടിയിലൂടെ രൂപപ്പെട്ട സങ്കല്പങ്ങളെ തകർത്തെറിയുവാൻ ഈ കറുത്ത കവിതകൾ ധൈര്യപ്പെടുന്നു എന്ന് ശ്രീ അനിൽകുമാർ നിരീക്ഷിക്കുന്നു.

കറുപ്പിന്റെ എല്ലാ സാധ്യതകളെയും തുറന്നിടുകയും ഭാഷയിലും വീക്ഷണത്തിലും കീഴാളരുടെ പരികല്പനകൾ രൂപപ്പെടുത്തുകയും ചെയ്ത് കവിതയെ അനുഭവമാക്കി മാറ്റാൻ രാഘവൻ അത്തോളിയുടെ കവിതയ്ക്കു സാധിക്കുന്നു. അദ്ദേഹം സൃഷ്ടിക്കുന്ന വാക്കുകൾ മേലാളൻ രൂപപ്പെടുത്തിയ ധാരണകളെ തകർക്കുന്നു. ഒരു പുത്തൻ കാവ്യസങ്കല്പം തന്നെ അദ്ദേഹം സൃഷ്ടിക്കുന്നു. ഗോത്രം എന്ന ബോധം കവിതയെ ചില പരികല്പനകളിലേയ്ക്ക് നയിക്കുകയും ആ വികാരം കീഴാളന്റെ ഞരമ്പുകളെ ആവേശഭരിതമാക്കുകയും ചെയ്യും. രൗദ്രമായ ഭാവത്തിൽ വിശ്വസിക്കുന്ന കവി സംസാരിക്കുന്നത് “വാക്കിന്റെ/ചാവേറിലുക്കിന്റെ/നോവേറിലുണ്മയുടെ' ഭാഷയാണ്. കറുപ്പിന്റെ സൗന്ദര്യം കൊണ്ട് വ്യവസ്ഥാപിത ലാ


SGOU

വണ്യശാസ്ത്രനിയമങ്ങളെ നിഷേധിക്കുകയും കവിതയെ കരുത്താക്കി മാറ്റുകയും ചെയ്യുന്നു. ദലിതുകളിൽ നിന്ന് മലയാളത്തിനു ലഭിച്ച ആധുനിക കവിയെന്ന് കെ. കെ. കൊച്ച് രാഘവൻ അത്തോളിയെ വിശേഷിപ്പിച്ചത് അതുകൊണ്ടാണെന്നു പറയാം.

കാലഘട്ടത്തിന്റെ സ്വാധീനത്താൽ പ്രചോദിതരാകുമ്പോഴും കീഴാളപക്ഷാഭിമുഖ്യം പുലർത്തുന്ന കവിതകൾ ലഭിച്ചത് പരമ്പരാഗത സൗന്ദര്യസങ്കല്പങ്ങൾ നിയന്ത്രിക്കുന്ന കാവ്യബോധത്തിന്റെ പരിമിതിക്കുള്ളിൽ കവിതയെ രൂപപ്പെടുത്തുന്ന കവികളിൽ നിന്നാണ്. എന്നാൽ അത്തരം സാമ്പ്രദായിക രചനകളിൽ നിന്ന് കവിതയെ മോചിപ്പിക്കുവാനുള്ള ശ്രമങ്ങൾ കവികൾ തുടങ്ങിയിരിക്കുന്നു. കീഴാളരുടെ നോവ് ആവിഷ്ക്കരിക്കുമ്പോൾ കവിതയിൽ പീഡിതന്റെ ഭാഷ രൂപപ്പെടുന്നു. അവരിൽ ചുരുക്കം പേരെങ്കിലും ജന്മം കൊണ്ട് കീഴാളപാരമ്പര്യത്തിൽ നിലയുറപ്പിക്കുന്നവരാണ്. അതുകൊണ്ടാണ് പ്രതിരോധത്തിന്റെ കവിതകളായി അവ മാറുന്നത്. മലയാള കവിതയുടെ ഏറ്റവും പ്രകാശപൂർണമായ മുഖം കീഴാളകവിതകളിൽ കാണാനാവുമെന്നും ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നു.

## Recap

- കീഴാളപക്ഷ കൃതികളുടെ വിശകലനം
- ജന്മം കൊണ്ട് കീഴാളരായവരുടെ കൃതികൾ
- കീഴാളജനതയ ആവിഷ്ക്കരിക്കപ്പെടുന്ന കൃതികൾ
- മലയാള കവിതയിലെ കീഴാളമുഖം
- സാമൂഹിക നവീകരണവും ജാതിനശീകരണ പ്രവർത്തനങ്ങളും
- കെ. പി. കറുപ്പന്റെ 'ജാതിക്കുമ്മി'
- ഹിന്ദുമതത്തിന്റെ ജാതീയമായ പൊരുത്തക്കേടുകളെ ആദ്യമായി ചോദ്യം ചെയ്ത കവിത
- ശങ്കരാചാര്യ-ചണ്ഡാലസംവാദം
- കീഴാളത്വ പ്രസ്ഥാനത്തിന്റെ തുടക്കം
- മുലൂരും സഹോദരൻ അയ്യപ്പനും
- മൂലധാരണകളെ തകർക്കുന്ന ജാതിവിരുദ്ധതയുടെ ആദ്യ കൃതികൾ
- കുമാരനാശാന്റെ ഹൈന്ദവബോധം
- 'ദുരവസ്ഥ', 'ചണ്ഡാലഭിക്ഷുകി' തുടങ്ങിയ കൃതികൾ, ജാതിയെ വിമർശിച്ചെങ്കിലും, ഹൈന്ദവത്വത്തിന് അനുയോജ്യമായ നിലപാടുകൾ കൈക്കൊണ്ടു.
- വള്ളത്തോളിന്റെയും ഉള്ളൂരിന്റെയും കാവ്യവ്യവഹാരം
- ചങ്ങമ്പുഴയുടെ 'വാഴക്കുല' കീഴാളദൈന്യം അവതരിപ്പിച്ചു.
- മേലാളപരിപാലനത്തെ ചോദ്യം ചെയ്യാതെ തുടർന്നു.
- ജീയിലും ഇടശ്ശേരിയിലും വർഗസമരത്തിന്റെ നിലപാടുകൾ
- കേരളത്തിലെ അതിരൂക്ഷമായ ജാതീയത മതമില്ലാത്ത കീഴാളജനതയെ പുതിയ മതങ്ങളിലേയ്ക്ക് നയിച്ചു.
- ക്രിസ്തുമതത്തിലെ ജാതീയതയെ വിമർശിച്ച് കീഴാളജനതയുടെ ദുരിതങ്ങൾ മിന്നിത്തെളിയിക്കുന്നു.
- കടമ്മനിട്ട രാമകൃഷ്ണന്റെ കാവ്യങ്ങൾ. ഗോത്രജനതയുടെ ഉന്മൂലനത്തോട് ശക്തമായ പ്രതികരണം പ്രകടിപ്പിച്ചു.

- സച്ചിദാനന്ദന്റെ 'പുലയപ്പാട്ട്, പറയപ്പാട്ട് എന്നീ കവിതകളിൽ കീഴാളന്റെ സ്വത്വ സംസ്ഥാപനത്തിന്റെ ഭാഷ കണ്ടെത്തുന്നു.
- പുനലൂർ ബാലൻ സഞ്ചയനം
- ഫ്യൂഡലിസ്റ്റ് ഭാവുകത്വത്തെ ഭേദിക്കണമെന്ന് ആഹ്വാനം ചെയ്യുന്ന ആറ്റൂർ രവിവർമ്മയുടെ 'ഉദാത്തം
- കർമ്മത്തിന്റെയും പീഡനങ്ങളുടെയും ഭാഷയിൽ പ്രതിഷേധം സൃഷ്ടിച്ചു
- സമകാലീന സവർണ്ണാധിപത്യത്തെ വിമർശിക്കുന്ന ദൃഢമായ എഴുത്ത്
- കെ. സി. കാട്ടാക്കടയുടെ 'കറുത്ത പുലരി'
- ദാരിദ്ര്യത്തിന്റെയും ചൂഷണത്തിന്റെയും ഉയർച്ച പ്രതിനിധാനം ചെയ്തു.
- രാഘവൻ അത്തോളിയുടെ കാവ്യപ്രവർത്തനം
- കറുപ്പിന്റെ സൗന്ദര്യം കൊണ്ട് വ്യവസ്ഥാപിത ലാവണ്യശാസ്ത്രനിയമങ്ങളെ നിഷേധിക്കുകയും കവിതയെ കരുത്താക്കി മാറ്റുകയും ചെയ്യുന്നു.
- കീഴാളസൗന്ദര്യവും സമാന്തരസംസ്കാരവും പുതുവഴികൾ കണ്ടെത്താൻ സഹായിക്കുന്നു

## Objective Questions

1. കറുപ്പിന്റെ സൗന്ദര്യം കവിതയിലെ കീഴാളമുഖം എന്ന ലേഖനം ഏതു കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ്.
2. ജാതിക്കുമ്മി ആരുടെ കൃതിയാണ്?
3. മനീഷാപഞ്ചകം ആരുടെ രചനയാണ്?
4. 'ജാതി വേണ്ട , മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്' എന്ന ആഹ്വാനം ആരുടേതാണ്?
5. കീഴാളജനതയുടെ ദുരിതങ്ങളെ ഭാഷയുടെ ഹൃദ്യതയോടെ അവതരിപ്പിച്ച ചങ്ങമ്പുഴയുടെ കൃതി ഏത്?
6. ക്രൈസ്തവജാതീയതയുടെ വിമർശനമായ വയലാർ രാമവർമ്മയുടെ കൃതി ഏത്?
7. ആദിവാസി സാക്ഷരത എന്ന കവിത ആരുടെ രചനയാണ്
8. കരിനാക്കുള്ളവന്റെ പാട്ട് എന്ന കവിത ആരുടെ രചനയാണ്
9. കുറുത്തപുലരി എന്ന കവിത ആരുടെ രചനയാണ്?
10. ദലിതുകളിൽ നിന്ന് മലയാളത്തിന് ലഭിച്ച ആധുനിക കവിയെന്ന് കെ.കെ. കൊച്ച് വിശേഷിപ്പിച്ചത് ആരെയാണ്?
11. ഫ്യൂഡലിസ്റ്റ് ഭാവുകത്വത്തെ ഭേദിക്കണമെന്ന് ആഹ്വാനം ചെയ്യുന്ന ആറ്റൂർ രവിവർമയുടെ കൃതി ഏത്?
12. ദലിതരെ കൂട്ടക്കൊല ചെയ്യുന്ന ഇന്ത്യൻ ഗ്രാമങ്ങളുടെ മണ്ണിൽ തീപ്പന്തമായി മാറുന്ന കെ.സി കാട്ടാക്കടയുടെ കവിത ഏത്?
13. അയിത്തം എന്ന കവിത ആരുടെ രചനയാണ്?
14. കീഴാളന്റെ പണത്തിന് അശുദ്ധി കല്പിക്കാത്ത മേലാളനെ അവതരിപ്പിക്കുന്ന പുനലൂർ ബാലന്റെ കൃതി ഏത്?



SGOU

15. ജാതിവിരുദ്ധ കോണിലൂടെ രചിക്കപ്പെട്ട് നിരന്തര ചർച്ചയ്ക്ക് വിധേയമായ ആശാന്റെ കൃതികൾ ഏവ?

## Answers

1. മലയാള സാഹിത്യത്തിലെ കീഴാള പരിപേക്ഷ്യം
2. കെ. പി. കറുപ്പൻ
3. ശങ്കരാചാര്യർ
4. സഹോദരൻ അയ്യപ്പൻ
5. വാഴക്കുല
6. ഇത്താപ്പിരി
7. സുഗതകുമാരി.
8. എ അയ്യപ്പൻ
9. കെ.സി. കാട്ടാക്കട
10. രാഘവൻ അത്തോളി
11. ഉദാത്തം
12. കറുത്ത പുലരി
13. കെ.കെ. ഗോവിന്ദൻ
14. സഞ്ചയനം
15. ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി

SGOU

## Assignments

1. പീഡനങ്ങൾ മലയാളിയുടെ കാവ്യവ്യവഹാരങ്ങളിൽ കടന്നു വന്നതെങ്ങനെയെന്ന് നിരീക്ഷിക്കുക
2. ജാതിക്കുമ്മിയുടെ സാമൂഹിക പ്രസക്തി എന്താണെന്ന് വിലയിരുത്തുക
3. സഹോദരൻ അയ്യപ്പന് ബ്രാഹ്മണ്യനിരാസവും ദൈവനിഷേധവും ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാൻ കഴിയാത്തതെന്തു കൊണ്ടെന്ന് പരിശോധിക്കുക.
4. കീഴാളപക്ഷ നിലപാടുകളെ സാധുകരിക്കുന്ന കവിയായി ആശാൻ മാറിയ സാഹചര്യം പരിശോധിക്കുക
5. അധ:കൃതത്വത്തെ പ്രതിരോധമാക്കി കടമ്മനിട്ട മാറ്റുന്നതെങ്ങനെയെന്ന് വിലയിരുത്തുക.
6. സച്ചിദാനന്ദൻ കീഴാളന്റെ ചെറുത്തുനില്പുമായി ബന്ധപ്പെട്ട് അവരെ മുഖ്യധാരയിലേയ്ക്ക് നടത്താൻ ശ്രമിക്കുന്നതെങ്ങയെന്ന് വിവരിക്കുക.

7. ദലിതുകളിൽ നിന്നു മലയാളത്തിനു ലഭിച്ച ആധുനിക കവിയായി രാഘവൻ അത്തോളിയെ കാണുന്നതിന്റെ സാംഗത്യമെന്തെന്ന് പരിശോധിക്കുക
8. മലയാള കവിതയുടെ ഏറ്റവും പ്രകാശപൂർണമായ മുഖം കീഴാള കവിതകളിൽ കാണാനാകുമെന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നത് എങ്ങനെയെന്ന് പരിശോധിക്കുക

## Reference


1. ടി.കെ. അനിൽ കുമാർ, *മലയാള സാഹിത്യത്തിലെ കീഴാള പരിപ്രേക്ഷ്യം*, കേരള സാഹിത്യ അക്കാദമി, തൃശൂർ
2. പ്രദീപൻ പാമ്പിരികുന്ന്, *ദലിത് സൗന്ദര്യശാസ്ത്രം*, ഡി സി ബുക്സ്, കോട്ടയം
3. കെ.കെ.ബാബുരാജ്, *ഇരുട്ടിലെ കണ്ണാടി*, ഡി സി. ബുക്സ്, കോട്ടയം


## Suggested Reading


1. ടി.കെ. അനിൽകുമാർ, *ദലിത് സാഹിത്യം ചരിത്രവും വർത്തമാനവും*, കേരള സാഹിത്യ അക്കാദമി, തൃശൂർ
2. കവിയൂർ മുരളി, *ദലിത് സാഹിത്യം*, കറന്റ് ബുക്സ്, കോട്ടയം
3. കെ.സി. പുരുഷോത്തമൻ, *ദലിത് സാഹിത്യ പ്രസ്ഥാനം*, കേരള സാഹിത്യ അക്കാദമി, തൃശൂർ


SGOU

# 2
# BLOCK

SGOU

1
UNIT

# കളരിയിലെ ദിവസങ്ങൾ

**കലാമണ്ഡലം കൃഷ്ണൻ നായർ**

## Learning Outcomes

- ആത്മകഥാസാഹിത്യത്തെ കുറിച്ച് ധാരണ നേടുന്നു
- കലാമണ്ഡലം കൃഷ്ണൻ നായരുടെ കലാജീവിതത്തെക്കുറിച്ച് അറിവ് നേടുന്നു
- ഗുരുകുല സമ്പ്രദായത്തെക്കുറിച്ച് അറിവ് നേടുന്നു
- കഥകളി അഭ്യസനത്തിന്റെ രീതിയെ കുറിച്ച് ധാരണ ലഭിക്കുന്നു

## Prerequisite

**ആത്മകഥ**

ജീവചരിത്രത്തോട് ഏറ്റവുമടുത്ത ബന്ധമുള്ള ഒരു സാഹിത്യവിഭാഗമാണ് ആത്മകഥ. ജീവചരിത്രവും (Biography) ആത്മകഥയും (Autobiography) വ്യക്തിചരിതം തന്നെയാണല്ലോ. ഒന്ന് ചരിത്രമായും മറ്റേത് കഥയായും പരാമർശിക്കപ്പെടുന്നു. രണ്ടിലും ചരിത്രമുണ്ട്, കഥയുമുണ്ട്. ആത്മകഥയിലെ ചരിത്രം കഥാപുരുഷൻ തന്നെ രചിക്കുന്നു. ജീവചരിത്രരചന കഥാപുരുഷൻ ഒഴിച്ച് ആർക്കും ആകാവുന്നതാണ്. ഇതാണ് രണ്ടും തമ്മിലുള്ള മൗലികവ്യത്യാസം. ഒരു വ്യക്തിയുടെ സ്വഭാവരൂപരേഖയും ജീവിതഗതിയും വിവരിക്കുന്ന രണ്ട് പരമ്പരാഗത സാഹിത്യരൂപങ്ങളാണ് ജീവചരിത്രവും ആത്മകഥയും. ജീവചരിത്രം എന്നത് മറ്റൊരാൾ എഴുതിയ ഒരു വ്യക്തിയുടെ ജീവിത ചരിത്രത്തിന്റെ എല്ലാ ഘടകങ്ങളും അടങ്ങിയിരിക്കുന്നു. ഒരു ആത്മകഥയിൽ ആഖ്യാതാവിന്റെ സ്വഭാവ രേഖാചിത്രം, അയാൾ ജനിച്ച് വളർന്ന സ്ഥലം, അയാളുടെ വിദ്യാഭ്യാസം, ജോലി, ജീവിതാനുഭവങ്ങൾ, വെല്ലുവിളികൾ, നേട്ടങ്ങൾ എന്നിവ അവതരിപ്പിക്കുന്നു. ഇതിൽ അയാളുടെ കുട്ടിക്കാലം, കൗമാരം, യൗവനം തുടങ്ങിയ സംഭവങ്ങളും കഥകളും ഉൾപ്പെട്ടേക്കാം. അന്യവ്യക്തിക്ക് ഒരിക്കലും കണ്ടുപിടിക്കാൻ കഴിയാത്ത ചില ഘടകങ്ങൾ സ്വന്തം കഥ എഴുതുന്ന ആളിന് അറിയാൻ കഴിയും ഒരാളുടെ പ്രവൃത്തികളും ഭാഷണങ്ങളും അടിസ്ഥാനമാക്കിയാണ് ലോകം അയാളെ വിധിക്കുന്നത്. അയാളുടെ ചിന്തയ്ക്കും അതുപോലെ പ്രധാനമായ സ്ഥാനം കൊടുക്കേണ്ടതാണെങ്കിലും ലോകം അതറിയുന്നില്ല. ചിന്താഗതിയെക്കുറിച്ച് അയാൾ ഊഹിക്കുന്നതേയുള്ളൂ. അയാൾ ജീവിച്ച ഓരോ കാലഘട്ടത്തിലെയും അയാളുടെ

SGOU

ചിന്താഗതിയെക്കുറിച്ച് ആത്മകഥാകാരന് പറയാൻ കഴിയും. ആ ചിന്താഗതിയുടെ വൈചിത്ര്യങ്ങൾ ഒരളവിൽ ആത്മകഥയിൽ പ്രതിഫലിക്കുകയും ചെയ്യും. അങ്ങനെ നോക്കുമ്പോൾ മനഃശാസ്ത്ര മൂല്യം കൂടുതൽ ആത്മകഥയിൽ ഉണ്ടാവും എന്നു പറയാം.

ലോകം കണ്ട ആത്മകഥകളിൽ ഏറ്റവും വിശിഷ്ടമായ ഒന്നാണല്ലോ മഹാത്മാഗാന്ധിയുടെ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ'. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ഗുണവും ദോഷവും പ്രതിഫലിപ്പിക്കുന്ന ചിന്താഗതികൾ അവതരിപ്പിക്കുന്നതിൽ ഗാന്ധിജിയെപ്പോലെ വിജയിച്ചിട്ടുള്ളവർ ചുരുക്കം തന്നെ. ഇപ്രകാരം സ്വന്തം ജീവിതാനുഭവങ്ങൾ ചികഞ്ഞു പിടിച്ചു കണ്ടെത്താനും കണ്ടെത്തുന്നത് നൂറുശതമാനം സത്യസന്ധമായി അവതരിപ്പിക്കാനും കഴിവുള്ള എത്ര എഴുത്തുകാർ ഉണ്ടായിരിക്കും എന്നതാണ് അതീവ പ്രസക്തമായ ചോദ്യം. ഒരു വ്യക്തിയുടെ പൂർണമായ ജീവിതകഥ ആവിഷ്കരിക്കുവാൻ ജീവചരിത്രത്തിനല്ലാതെ ആത്മകഥയ്ക്ക് സാധ്യമല്ല. ജനനം മുതൽ മരണം വരെയുള്ള കാലമാണ് ഇവിടെ കണക്കിലെടുക്കേണ്ടത്. ജീവിത സായാഹ്നത്തിൽ എഴുതപ്പെടുന്ന ആത്മകഥക്ക് സാമാന്യം പൂർണത ലഭ്യമാകുന്നു. പക്ഷേ പലപ്പോഴും മരണത്തിനു വളരെ മുമ്പായിരിക്കും കഥാരചന നടക്കുക. പിന്നെയും ഫലപ്രദമായി ജീവിതം പൊയ്ക്കൊണ്ടിരിക്കും. ആത്മകഥാകാരന് സ്വന്തം കഥയിലെ വൈകാരികഭാവം ആവിഷ്കരിച്ച് സംതൃപ്തി നേടാൻ കൗതുകം ഏറുന്നു. ഇക്കാരണത്താൽ തന്നെ, ആത്മകഥകൾ കൂടുതൽ ആസ്വാദ്യകരമായി അനുഭവപ്പെടുന്നു.

**കലാമണ്ഡലം കൃഷ്ണൻ നായർ**



1914 മാർച്ച് 11-ാം തീയതി കണ്ണൂർ ജില്ലയിൽ ചിറയ്ക്കൽ താലൂക്കിൽ ചെറുതാഴം അംശത്തിൽ കുന്നുമ്പുറം ദേശത്ത് പുതിയേടത്തു വീട്ടിൽ മാധവിയമ്മയുടേയും കാഞ്ഞിരക്കോട്ടു നാരായണൻ നായരുടേയും മകനായി പിറന്നു. വാരണക്കോട്ടില്ലത്തിന്റെ കീഴിലെ കഥകളി യോഗത്തിലാണ് പഠനം ആരംഭിച്ചത്. അവിടെ നിന്ന് കിട്ടിയ സഹായം കൊണ്ടാണ് തുടർപഠനങ്ങൾ സാധിച്ചത്. കഥാപാത്രങ്ങളുമായി താദാത്മ്യം പ്രകടിപ്പിക്കാനുള്ള കഴിവ്, ഭാവരസങ്ങളുടെ ദീപ്തമായ അവതരണം എന്നിവ കൃഷ്ണൻ നായരെ മറ്റ് കഥകളി നടൻമാരിൽ നിന്നും വ്യത്യസ്തനാക്കി. പച്ച, മിനുക്ക് വേഷങ്ങളിൽ അദ്ദേഹം പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. തന്റെ ആട്ടം ജനങ്ങളെ മനസിലാക്കിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവാണ് കൃഷ്ണൻ നായരെ ജനപ്രിയ കഥകളി നടനാക്കിയത്. തൃപ്പൂണിത്തുറ ആർ. എൽ. വി. ഫൈൻ ആർട്സ് സ്കൂളിൽ കഥകളി അധ്യാപകനായിരുന്നു കലാമണ്ഡലം കൃഷ്ണൻ നായർ. അതിനുശേഷം തിരുവനന്തപുരത്ത് മാർഗിയിലും അധ്യാപകനായിരുന്നു. കൊട്ടാരം കഥകളിനടൻ, മഹാനടൻ, മൈസൂർ മഹാരാജാവിൽ നിന്ന് സ്വർണമെഡൽ, കൊച്ചി മഹാരാജാവിൽ നിന്ന് വീരശൃംഖല, പത്മശ്രീ ബഹുമതി എന്നിവ ലഭിച്ചിട്ടുണ്ട്. 1990 ഓഗസ്റ്റ് 15 ന് അന്തരിച്ചു.

കഥകളി കലാകാരനായ കലാമണ്ഡലം കൃഷ്ണൻ നായരുടെ ആത്മകഥയാണ് 'എന്റെ ജീവിതം-അരങ്ങിലും അണിയറയിലും' എന്നത്. ശ്രമകരവും പ്രതിജ്ഞാബദ്ധവുമായ ഒരു കലാജീവിതത്തിന്റെ മുന്നേറ്റം കൃഷ്ണൻ നായരെന്ന കലാകാരനിൽ കണ്ടെത്താനാവും. അവിശ്വസനീയമായ ആത്മബലത്തിന്റെ ഇതിഹാസ ഗാഥയായി ഈ കൃതിയെ കാണാവുന്നതാണ്. കേരളത്തിലും പുറത്തും കഥകളിയ്ക്കു വിലാസമുണ്ടാക്കിക്കൊടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അഭിനയകലയ്ക്ക് അവിസ്മരണീയമായ മാനം കൊടുത്ത് ആ കലയെ ചൈതന്യധന്യമാക്കിയ കലാകാരനാണ് കൃഷ്ണൻ നായർ. തന്റെ ജീവിതാനുഭവങ്ങളും ജീവിതസ്പർശിയായ സംഭവങ്ങളും വളരെ വ്യക്ത

SGOU


മായി ആത്മകഥയിൽ അവതരിപ്പിക്കുന്നു. ഒൻപത് അധ്യായങ്ങളായി വിഭജിച്ചിട്ടുള്ള ഈ കൃതിയിലെ എട്ടാമത്തെ അധ്യായമാണ് പാഠഭാഗമായി നൽകിയിരിക്കുന്ന 'കളരിയിലെ ദിവസങ്ങൾ'.

കഥകളി ക്ലബ്ബ് കലാകാരന്മാർക്കുവേണ്ടി ഏർപ്പെടുത്തിയ അദ്യത്തെ വള്ളത്തോൾ അവാർഡ് ലഭിച്ചത് കലാമണ്ഡലം കൃഷ്ണൻനായർക്കും കൃഷ്ണൻകുട്ടി പൊതുവാളിനും ഒന്നിച്ചായിരുന്നു.

## Keywords

കഥകളി - അനുഭവം - ആഖ്യാനം

## Discussion




കഥകളി കലാകാരനായ കലാമണ്ഡലം കൃഷ്ണൻനായരുടെ ആത്മകഥയായ 'എന്റെ ജീവിതം- അരങ്ങിലും അണിയറയിലും' എന്ന ഗ്രന്ഥത്തിൽ നിന്ന് എടുത്ത ഒരു ഭാഗമാണ് കളരിയിലെ ദിവസങ്ങൾ. ഗുരുകുല സമ്പ്രദായത്തിലുള്ള കഥകളി അഭ്യസനരീതി എപ്രകാരമായിരുന്നു എന്ന് വിശദമായി വിവരിക്കുവാനാണ് 'കളരിയിലെ ദിവസങ്ങൾ' എന്ന അധ്യായത്തിൽ ശ്രമിക്കുന്നത്. ഇന്നത്തെ തലമുറ ഇത്തരം രീതിയെ കുറിച്ച് പൊതുവേ അജ്ഞരാണ്. കഥകളി രീതിയെക്കുറിച്ചറിയാനുള്ള ജിജ്ഞാസ പലർക്കുമുണ്ടാവും. അതു ബോധ്യപ്പെടുത്താനാണ് തന്റെ ശ്രമമെന്ന് ആമുഖമായി അദ്ദേഹം സൂചിപ്പിക്കുന്നു. പല അനുഭവങ്ങളിലൂടെ ഒരു കഥകളിക്കാരനായി താൻ വളർന്നതെങ്ങനെയെന്ന് പറയാനുള്ള ശ്രമം അസ്ഥാനത്താവില്ലെന്ന് അദ്ദേഹം കരുതുന്നു.

മനസുകൊണ്ടും ദേഹം കൊണ്ടും വളരെയധികം കഷ്ടപ്പെടേണ്ട ഒന്നാണ് കഥകളിയഭ്യാസം. ഒരു നല്ല കഥകളിക്കാരനാകണമെങ്കിൽ പല കഷ്ടപ്പാടുകളും സഹിക്കണം. വളരെയധികം വിഷമമുള്ള ഒന്നാണ് ഉഴിച്ചിൽ. രണ്ടു മൂന്നു ദിവസത്തെ ഉഴിച്ചിൽ കഴിയുമ്പോൾ മാംസപേശികളും രക്തവും മജ്ജയുമെല്ലാം കഠിനമായ വേദന കൊണ്ട് പുളയും. ദേഹം കൊണ്ടുള്ള ആയാസം കാരണം ഉറങ്ങാൻ തന്നെ പ്രയാസമാകും. കളരി അടിച്ചുവാരി തളിച്ച് ശുദ്ധമാക്കണം. ഭസ്മക്കുറിയിട്ട് നാരായണമന്ത്രം ജപിച്ച് നാലോ അഞ്ചോ മുദ്രകൾ കാണിച്ച് ചെമ്പടതാളം പിടിക്കുന്നതെങ്ങനെയെന്ന് കാണിച്ചുകൊടുക്കണം.

തുടക്കത്തിൽ രണ്ടാം ദിവസം വെളുപ്പിനു അഞ്ച് മണിക്ക് എഴുന്നേറ്റ് പ്രഭാതകൃത്യങ്ങൾ നടത്തി അഞ്ചരയ്ക്കു കളരിയിൽ ഹാജരാകണം. കച്ച കെട്ടിയതിനു ശേഷം 'ചാടൽ' എങ്ങനെയെന്നു കാണിച്ചു തരുന്നു. കുമ്പിടുക, മെയ്യുറപ്പാട്, കാലുസാധകം എന്നിവ തുടർന്നു നടത്തുന്നു. രാത്രി ഒൻപത് മണിവരെ ഇതു നീണ്ടു നിൽക്കും. പിറ്റേന്നു വെളുപ്പിന് ഉഴിച്ചിലാണ്. അതു കഴിഞ്ഞാൽ കാലും കൈയും വീശുക, കൈകൊട്ടി ചാടുക, വച്ചിരുത്തുക എന്നീ ചടങ്ങുകൾ നടത്തുന്നു. അതിനു ശേഷം തലയിൽ എണ്ണ തേച്ച് കുളിക്കും. കുളി കഴിഞ്ഞ് നെയ്യ് കൂട്ടി കഞ്ഞി കുടിക്കും. അതു കഴിഞ്ഞ് കളരിയിൽ ചെന്ന് കണ്ണു സാധകക്രമങ്ങൾ പരിശീലിക്കുക, മുദ്ര കാണിച്ചു പഠിക്കുക, താളം പിടിക്കുക എന്നിവ പരിശീലിക്കും. അതുകഴിഞ്ഞ്

SGOU

ചാട്ടം, മെയ്യുറപ്പാടിന്റെ എണ്ണങ്ങൾ ശീലിക്കൽ, ചവുട്ടിച്ചാടിക്കാണിക്കേണ്ട മുദ്രകൾ എന്നിവ പഠിപ്പിക്കും. ഊണു കഴിഞ്ഞുള്ള ഇടവേളയ്ക്കു ശേഷം രാവിലെ ചെയ്തവ ആവർത്തിക്കണം. ഇത്തരം അഭ്യാസത്തിന് ചൊല്ലിയാട്ടക്രമം എന്നാണ് പറയുന്നത്.

പതിനഞ്ചു ദിവസം കഴിയുമ്പോൾ വെളുപ്പിനു മൂന്നു മണിയ്ക്ക് ഉണരണം. ദിനചര്യകൾ കഴിഞ്ഞ് കച്ചകെട്ടി മെഴുക്കിട്ട് അഭ്യാസങ്ങൾ ആവർത്തിക്കുന്നു. കച്ചകെട്ടാനും മെഴുക്കിടാനും സ്വയം പഠിക്കുന്നു. 'വച്ചിക്കുത്തുക' എന്ന അഭ്യാസം പിന്നീട് കാണിക്കുന്നു. അതിനുശേഷം 'കുത്തിഞെളിയൽ'. രണ്ടു കൈയും മുഷ്ടിമുദ്ര പിടിച്ച് ഒരു കാലിൽ അരയിൽ കൊണ്ടിരിക്കുക, മറ്റേ കാലിലും അതേ പോലെ ഇരിക്കുക തുടങ്ങിയ പലതും പരിശീലിക്കുന്നു. ഇതിലെ പല അഭ്യാസങ്ങളും കളരിപ്പയറ്റിലെ അഭ്യാസക്രമത്തിലുണ്ടെന്ന് കൃഷ്ണൻ നായർ അഭിപ്രായപ്പെടുന്നു. ഇതു നിഷ്ക്കർഷിച്ചു ചെയ്താൽ 'മെയ്യു'ണ്ടാകുമെന്നതിനു തർക്കമില്ല. ഇതിലൂടെ ഒരു കഥകളി നടനു വേണ്ടത്ര മെയ്വഴക്കവും ആംഗ്യഭംഗിയും ലഭിക്കുമെന്ന് അദ്ദേഹം ഉറപ്പു നൽകുന്നു.



കാലുസാധകം ചെയ്യുന്നതും വളരെ പ്രയാസമേറിയ അഭ്യാസക്രമമാണ്. പതിഞ്ഞ കാലത്തിൽ തുടങ്ങി, രണ്ടാം കാലം, മൂന്നാം കാലം, നാലാം കാലം ആരോഹണാവരോഹണക്രമത്തിൽ ചവിട്ടണം. ഒരാൾ പതിഞ്ഞ കാലം ചവിട്ടുമ്പോൾ തൊട്ടടുത്ത ആൾ രണ്ടാം കാലവും പിന്നത്തെയാൾ മൂന്നാം കാലവും അടുത്തയാൾ നാലാം കാലവും തുടർന്ന് അവരോഹണമായി നാല്, മൂന്ന്, രണ്ട്, ഒന്ന് എന്ന ക്രമത്തിൽ ചവിട്ടണം. ചവിട്ടുന്ന അവസരത്തിൽ വായ കൊണ്ടു പതിഞ്ഞ കാലത്തിൽ താളം പറയുക, നാലു കാലങ്ങളിൽ ചവിട്ടുക എന്നതാണ് അതിന്റെ സമ്പ്രദായം. ഏറെ നിഷ്ക്കർഷയോടെ ചവിട്ടണം. ഓരോ കാലും മുട്ടോളം പൊക്കിച്ചവിട്ടണം. കൈ രണ്ടും കച്ചയുടെ ഉള്ളിൽ തിരുകിപ്പിടിക്കണം. നാലാം കാലം എല്ലാവരും കൂടി ഒരുമിച്ച് ചവുട്ടി വായ്ത്താരി ചൊല്ലി അവസാനിപ്പിക്കണം. അതിനുശേഷം ഓരോരുത്തരും ഉഴിച്ചിലിനു പോകണം. മറ്റുള്ളവർ 'ചുഴിപ്പ്' എടുക്കും. പലതരം ചുഴിപ്പുകൾ ചെയ്യുന്നത് കൈയും ദേഹവും കണ്ണും യോജിച്ചു ഭംഗി കിട്ടാൻ വേണ്ടിയാണ്. അതിനുശേഷം ഇരട്ടിവട്ടം, ധീവട്ടം, തക്കിട തകി, ധിക്കിടതകി, തോംകിടതകി, തംകിടതകി തുടങ്ങിയ സാധകങ്ങളാണ്. അതിനുശേഷം 'മറിച്ചിൽ' ചെയ്യുന്നു. ഇത്തരം സാധകങ്ങൾ ചെയ്യുമ്പോൾ ഗുരുനാഥൻ നിഷ്ക്കർഷയോടെ അധികം സംസാരിക്കാതെ നോക്കിയിരിക്കും. തെറ്റിയാൽ മുട്ടി കൊണ്ടുള്ള അടി വീണിരിക്കും. ചൊല്ലിയാട്ടത്തിൻെറ ചടങ്ങിൽ എല്ലാ താളത്തിനും നാലു കാലത്തിലും കലാശം എടുക്കണം. ചെമ്പട, ചെമ്പ, അടന്ത, പഞ്ചാരി, മുറിയടന്ത, ത്രിപുട എന്നീ താളങ്ങളിലെല്ലാം നാലു കാലങ്ങളിലും കലാശം എടുക്കണം. വെളുപ്പിനു മൂന്നു മണിമുതൽ രാത്രി പത്തു മണിവരെ അഭ്യാസത്തിനുള്ള സമയമാണ്.

ഗുരുകുല അഭ്യസനത്തിനിടയിൽ ഓണത്തിനു മാത്രമാണ് അവധിയുള്ളത്. വീട്ടിൽ പോകുമ്പോൾ പത്തു അധികാരി ഓരോരുത്തർക്കും ഒരു മുണ്ടും ഒരു തോർത്തും വീതം തരും. ഓണം കഴിഞ്ഞു വന്നാൽ ഉഴിച്ചിലില്ല. മറ്റെല്ലാ അഭ്യാസക്രമങ്ങളും പതിവുപോലെയുണ്ടാവും. ഓണം കഴിഞ്ഞ് അഞ്ചുമാസത്തോളം അഭ്യാസം കഴിഞ്ഞാൽ ഇരുപത്തൊന്നു ദിവസം ചൊല്ലിയാട്ടം. അതു രാത്രിയിലാണ് നടത്താറ്. ഓരോ ദിവസം ഓരോ കഥ ചൊല്ലിയാടും. മുണ്ടുടുത്ത് കച്ചമണികെട്ടി കുട്ടികളെക്കൊണ്ട് എല്ലാ വേഷവും ചൊല്ലിയാടിയ്ക്കും. കത്തി, താടി തുടങ്ങി തിര നോക്കുള്ള വേഷങ്ങൾക്ക് തിരനോട്ടം, ഇരുന്നാട്ടം, അലർച്ച എന്നിവയും പരിശീലിപ്പിക്കും. അഭ്യാസത്തിന്റെ അദ്ധ്വാനം സഹിക്കാൻ വയ്യാതെ ചിലർ പഠിത്തം മതിയാക്കാറുണ്ട്. ഒരു കഥകളി നടന്റെ പഠനം ഒരിക്കലും തീരുന്നില്ല എന്ന് കൃഷ്ണൻ നായർ ആത്മകഥയിൽ അഭിപ്രായപ്പെടുന്നുണ്ട്. കുട്ടിക്കാലത്ത് വളരെ ദാരിദ്ര്യം അനുഭവിക്കേണ്ടിവന്നെങ്കിലും ഒരു കഥകളി കലാകാരനാകണമെന്ന ഇച്ഛാശക്തി ആ ബാലനെ ഏതു കഷ്ടപ്പാടുകളെയും നേരിടാനും തന്റെ ലക്ഷ്യസാധ്യത്തിനായി എന്തു ത്യാഗം ചെയ്യുവാനും സന്നദ്ധനാക്കി.

SGOU

കഥകളിയുടെ അവതരണത്തിൽ പാലിക്കുന്ന ചിട്ടയാണ് അതിന് നിയതമായ നൃത്തഗീതവാദ്യ സ്വഭാവം നൽകുന്നത്. നിരന്തരം നടക്കുന്ന അഭ്യസനയത്നത്തിൽ ചിട്ടകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നിയതമായ ചിട്ടയില്ലാതെ അഭ്യസിക്കാൻ കഴിയുകയില്ല. നടൻ ശരീരത്തിൽ കഥകളിയുടെ ശരീരഭാഷ ഉണർത്തിയെടുക്കാനുള്ള അഭ്യാസം അനേകം നാളുകളിലൂടെ നിർവഹിക്കേണ്ടതാണ്.

കഥകളിയിലെ ചിട്ടകൾ രൂപപ്പെടുന്നത് നാടുവാഴിത്തവ്യവസ്ഥ നിലനിന്ന കാലഘട്ടത്തിലാണ്. ചോദ്യം ചെയ്യാൻ ആർക്കും തന്നെ അവകാശമുണ്ടായിരുന്നില്ല. ഈ സമീപനം ആദരവായും ഭീതിയായും ആശ്രിതത്വമായും അടിമത്തമനോഭാവമായും ജനസാമാന്യത്തിന്റെ ചിന്തകളിൽ നിലനിന്നിരുന്നു. അങ്ങനെയൊരു സാമൂഹിക ഘടനയിലാണ് കഥകളിയുടെ ചിട്ടകൾ ഉരുവമെടുക്കുന്നത്.

## അവലോകനം

ജന്മസിദ്ധമായ കലാവാസനയും പുരാണപരിചയവും ആകാരഭംഗിയും കലാമർമ്മജ്ഞതയും കൊണ്ട് മറ്റു കലാകാരന്മാരിൽ നിന്ന് ഏറെ വ്യത്യസ്തനായിരുന്നു കലാമണ്ഡലം കൃഷ്ണൻ നായർ. കേരളകലാമണ്ഡലത്തിൽ ചേർന്ന് കഥകളി അഭ്യാസം പൂർത്തിയാക്കുവാനും ഗുരു കുഞ്ചുക്കുറുപ്പ്, പട്ടിക്കാംതൊടി രാവുണ്ണിമേനോൻ, കവളപ്പാറ നാരായണൻ നായർ തുടങ്ങിയവരുടെ വിദഗ്ധശിക്ഷണത്തിൽ തന്റെ കലാപ്രതിഭ വികസിപ്പിച്ചെടുക്കാനും അദ്ദേഹത്തിനു സാധിച്ചു. പച്ച, കത്തി, കരി, താടി, മിനുക്ക് തുടങ്ങിയ വേഷവിഭാഗങ്ങളിലെല്ലാം സർവാധിപത്യം സ്ഥാപിച്ച നടനായിരുന്നു അദ്ദേഹം. ദീർഘകാലത്തെ തപസ്യകൊണ്ട് അഭിനയരംഗത്ത് ഉന്നതസ്ഥാനം അലങ്കരിച്ച അദ്ദേഹം താൻ അവതരിപ്പിക്കുന്ന വേഷങ്ങൾക്ക് പുതിയ മാനങ്ങൾ നൽകുകയും ഓരോ വേഷത്തിന്റെയും അവതരണത്തിൽ സ്വന്തമായ ശൈലി ഉറപ്പിക്കുകയും ചെയ്തു. ദാരിദ്ര്യവും ക്ലേശവുമെല്ലാം സഹിച്ചുകൊണ്ട് കഥകളിയെന്ന കലയ്ക്കുവേണ്ടി കളരിയിൽ നേരിട്ട അനുഭവങ്ങളാണ് ആത്മകഥയിലെ ഈ അധ്യായത്തിൽ അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്.

## Recap

- കലാമണ്ഡലം കൃഷ്ണൻ നായരുടെ ആത്മകഥ -'എന്റെ ജീവിതം-അരങ്ങിലും അണിയറയിലും'
- 'ജീവിതം-അരങ്ങിലും അണിയറയിലും' എന്ന ഗ്രന്ഥത്തിൽ നിന്ന് എടുത്ത ഒരു ഭാഗമാണ് കളരിയിലെ ദിവസങ്ങൾ
- ഗുരുകുല സമ്പ്രദായം: കഥകളി അഭ്യസനത്തിന് ഗുരുകുല സമ്പ്രദായമാണ് അടിസ്ഥാനമായിരുന്നത്
- ശിഷ്യർ ഗുരുവിന്റെ കീഴിൽ കഴിയുകയും കഠിനമായി അഭ്യസിക്കുകയും ചെയ്തിരുന്നു
- ദിവസചടങ്ങുകൾ: ദിവസചടങ്ങുകൾ രാവിലെ മൂന്നു മണി മുതൽ രാത്രിവരെ നീണ്ടുനിന്നിരുന്നു
- കഥകളി ചട്ടങ്ങൾ: ചെമ്പട, താളങ്ങൾ, നൃത്തഘടനകൾ എന്നിവ നിശ്ചിത ചട്ടാനുസൃതമായിരുന്നു
- നടന്റെ കൃത്യത ഉറപ്പാക്കി
- മുദ്രാപരിചയം
- കഥകളിയുടെ മുദ്രകളുടെയും താളങ്ങളുടെയും പരിശീലനം നിർബന്ധമായിരുന്നു.

SGOU

- താളപാഠങ്ങൾ
- എല്ലാ താളങ്ങളിലും നാല് കാലങ്ങൾ അനുസരിച്ച് കലാശം എടുക്കേണ്ടതും നിശ്ചിതപ്രകാരം പറയേണ്ടതുമാണ്.
- ഓണത്തിനുള്ള അവധി
- പഠനത്തിന്റെ സങ്കീർണ്ണത
- കഥകളി അഭ്യാസത്തിനിടയിലെ കഠിനാധ്വാനവും ചിട്ടയുമാണ് ഒരു കലാകാരനെ നിർമ്മിക്കുന്നത്
- നാടുവാഴിത്തത്തിന്റെ സ്വാധീനം
- കഥകളി ചിട്ടകൾ സാമൂഹിക-പാരമ്പര്യഘടനയുടെ സ്വാധീനത്തിലാണ് രൂപപ്പെട്ടത്
- കഥകളി നടന്റെ ജീവിതം
- കച്ചകെട്ട്, ചാടൽ, കുമ്പിടുക, മെയ്യുറപ്പാട്, കാലുസാധകം
- ചെമ്പട, ചെമ്പ, അടന്ത, പഞ്ചാരി, മുറിയടന്ത, ത്രിപുട
- നിയതമായ ചിട്ടയില്ലാതെ അഭ്യസിക്കാൻ കഴിയുകയില്ല
- ക്ലേശങ്ങളും പ്രയത്നങ്ങളും

## Objective Questions

1. കലാമണ്ഡലം കൃഷ്ണൻ നായരുടെ ആത്മകഥയുടെ പേരെന്ത്?
2. പലതരം ചുഴിപ്പുകൾ ചെയ്യുന്നത് എന്തിന് വേണ്ടിയാണെന്നാണ് കലാമണ്ഡലം കൃഷ്ണൻ നായർ അഭിപ്രായപ്പെട്ടിരിക്കുന്നത്?
3. ചുഴിപ്പുകൾക്ക് ശേഷം അനുഷ്ഠിക്കേണ്ട സാധകങ്ങൾ ഏതെല്ലാമാണ്?
4. കഥകളിയിൽ കത്തി, കരി, താടി തുടങ്ങിയ കഥാപാത്രങ്ങൾ അരങ്ങിലെത്തുന്നതിനുമുമ്പ് അവതരിപ്പിക്കുന്ന ആചാരമേത്?
5. ഒരു കഥകളി പ്രകടനത്തിന് മുമ്പ് നടത്തുന്ന ആചാരപരമായ നൃത്തം ഏത്?
6. ചാട്ടം, മെയ്യുറപ്പാടിന്റെ എണ്ണങ്ങൾ ശീലിക്കൽ, ചുട്ടിച്ചാടിക്കാണിക്കേണ്ട മുദ്രകൾ ഇവ ആവർത്തിച്ചു ചെയ്യുന്നതിന്റെ പേരെന്ത്?
7. കളരിയിലെ ദിവസങ്ങൾ എന്ന പാഠഭാഗം ആത്മകഥയിലെ എത്രാം അധ്യായത്തിലേതാണ്?
8. കഥകളി ക്ലബ്ബ് കലാകാരന്മാർക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്ന അവാർഡ് ഏത്?
9. ചൊല്ലിയാട്ടം എത്ര ദിവസമാണ് നടത്തുന്നത്?
10. കഥകളിയുടെ അവതരണത്തിൽ പാലിക്കേണ്ട ചിട്ടകളെന്തെല്ലാം?
11. കഥകളിയിലെ ചിട്ടകൾ രൂപപ്പെട്ടത് ഏതു കാലഘട്ടത്തിലാണ്?
12. കലാമണ്ഡലം കൃഷ്ണൻ നായർ സർവാധിപത്യം സ്ഥാപിച്ച കഥകളി വേഷങ്ങൾ ഏതെല്ലാം?
13. അവതരിപ്പിച്ച വേഷങ്ങളിലെല്ലാം സ്വന്തമായ ശൈലി ഉറപ്പിച്ച കഥകളി നടൻ ആര്?

SGOU

## Answers

1. എന്റെ ജീവിതം അരങ്ങിലും അണിയറയിലും
2. കൈയും ദേഹവും കണ്ണും യോജിച്ച് ഭംഗി കിട്ടാൻ വേണ്ടി
3. ഇരട്ടി വട്ടം, ധീവട്ടം, തക്കിടതകി, ധിക്കിടതകി, തോം കിടതി, തംകിടതകി തുടങ്ങിയവ
4. തിരനോട്ടം
5. തോടയം
6. ചൊല്ലിയാട്ടം
7. എട്ടാമധ്യായം
8. വള്ളത്തോൾ അവാർഡ്
9. ഇരുപത്തിയൊന്ന്
10. ചിട്ട
11. നാടുവാഴിത്ത വ്യവസ്ഥയുടെ കാലഘട്ടത്തിൽ
12. പച്ച, കത്തി, കരി, താടി, മിനുക്ക്
13. കലാമണ്ഡലം കൃഷ്ണൻ നായർ

## Assignments

1. കലാമണ്ഡലം കൃഷ്ണൻ നായരുടെ കഥകളി ജീവിതത്തെക്കുറിച്ച് വിവരിക്കുക.
2. ഗുരുകുലസമ്പ്രദായത്തിലുള്ള കഥകളി അഭ്യസനരീതിയെ കുറിച്ച് ഉപന്യസിക്കുക.
3. കഥകളി അവതരിപ്പിക്കുമ്പോൾ പാലിക്കേണ്ട ചിട്ടകളെക്കുറിച്ച് വിശദീകരിക്കുക.

SGOU

## Reference


1. കലാമണ്ഡലം കൃഷ്ണൻ നായർ, എന്റെ ജീവിതം, അരങ്ങിലും അണിയറയിലും, ഡി.സി. ബുക്ക്സ്, കോട്ടയം
2. ഡോ.വി.സി. ഹാരിസ്, ആത്മകഥ ജീവിതം, സമൂഹനിരൂപണം, റെയിൻബോ ബുക്സ്, കോഴിക്കോട്
3. ഇ.പി. ജയരാജൻ, കഥയും ആത്മകഥയും, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം

## Suggested Reading


1. നടുവട്ടം ഗോപാലകൃഷ്ണൻ, ആത്മകഥാസാഹിത്യം മലയാളത്തിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. വി. ജയകുമാർ, ആത്മകഥാസാഹിത്യം മലയാളത്തിൽ, എൻ.ബി.എസ്., കോട്ടയം
3. കെ.എം. ജോർജ്, ജീവചരിത്രസാഹിത്യം, എൻ.ബി.എസ്., കോട്ടയം


SGOU

# UNIT 2

# മലയാളസംഗീതത്തിലെ രാഘവത്വം

വി.ടി. മുരളി

## Learning Outcomes

- മലയാള ചലച്ചിത്രഗാനശാഖയെക്കുറിച്ച് അറിയുന്നു
- കെ. രാഘവൻമാസ്റ്റർ എന്ന സംഗീതസംവിധായകനെ പരിചയപ്പെടുന്നു
- രാഘവൻമാസ്റ്ററുടെ ഗാനങ്ങളിൽ നാടോടിഗാനത്തിന്റെ സ്വാധീനം തിരിച്ചറിയുന്നു
- ചലച്ചിത്രഗാനങ്ങളുടെ ജനകീയത മനസിലാക്കുന്നു

## Prerequisite

മലയാള കാവ്യചരിത്രത്തിലെ സജീവമായ ഒരു ശാഖയാണ് ചലച്ചിത്രഗാനശാഖ. മലയാള സിനിമാചരിത്രത്തെ അവിസ്മരണീയമാക്കുന്നതിൽ ചലച്ചിത്ര ഗാനങ്ങൾക്ക് വലിയ പങ്കുണ്ട്. ലളിതമായ ഭാഷയിൽ കാവ്യാത്മകമായി അവതരിപ്പിക്കുന്ന ചലച്ചിത്ര ഗാനസാഹിത്യം ജനമനസിൽ മായാതെ നിൽക്കുന്നു. കാലത്തിനനുസരിച്ച് സിനിമാഗാനങ്ങളിലും ഭാവുകത്വപരമായി മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. 1950 കൾ മുതലാണ് കാവ്യാത്മകമായ പാട്ടുകൾ കൂടുതലായി രചിക്കപ്പെട്ടത്. അഭയദേവ്, പി. ഭാസ്കരൻ, ദക്ഷിണാമൂർത്തി, കെ. രാഘവൻ, ജി ദേവരാജൻ, ഒ.എൻ.വി. കുറുപ്പ്, വയലാർരാമവർമ്മ, എം.എസ്. ബാബുരാജ്, എം.എസ്. വിശ്വനാഥൻ തുടങ്ങിയവരായിരുന്നു അക്കാലത്തെ പ്രഥമഗണനീയർ. വിപുലമായ ബഹുജന സംവേദനം ലക്ഷ്യമിടുന്നവയാണ് ചലച്ചിത്രഗാനങ്ങൾ. ജനകീയമായ ആസ്വാദനത്തിന്റ തലം ചലച്ചിത്രഗാനങ്ങൾക്കുണ്ട്. കേൾവിസുഖം മാത്രമല്ല പാട്ടുകൾ നൽകുന്നത്. അതിൽ ജീവിതമുണ്ട്. ജീവിതത്തിന്റെ വ്യത്യസ്ത അവസ്ഥകളെ, വികാരങ്ങളെ, ഭാവങ്ങളെയൊക്കെ ഉണർത്താൻ ഗാനങ്ങൾക്ക് കഴിയുന്നു. ബിംബങ്ങളാലും ആശയങ്ങളാലും സംഗീതത്താലും അനുഭൂതിയാലും ഒക്കെ സമൃദ്ധമാണ് ചലച്ചിത്രഗാനങ്ങൾ. മലയാളികളുടെ മനസ്സിൽ എന്നും ഗൃഹാതുരത്വമായി മാറിയ ധാരാളം ചലച്ചിത്രഗാനങ്ങളുടെ ഈണം രാഘവൻ മാസ്റ്ററെ പോലുള്ള പ്രഗത്ഭരായ സംഗീതസംവിധായകരുടെ വിലപ്പെട്ട സംഭാവനകൾ കൊണ്ട് സമ്പന്നമാണ്.

SGOU

**കെ. രാഘവൻ മാസ്റ്റർ**



മലയാള ചലച്ചിത്രസംഗീതരംഗത്തെ പ്രശസ്തനായ സംഗീത സംവിധായകനായിരുന്നു കെ. രാഘവൻ. 1914 ഡിസംബർ 2-ന് കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ തലായി എന്ന സ്ഥലത്ത് ജനിച്ചു. നാട്ടിലെ പ്രമുഖ സംഗീതജ്ഞനായിരുന്ന പി. എസ്. നാരായണയ്യരുടെ കീഴിൽ ശാസ്ത്രീയസംഗീതം അഭ്യസിച്ചു. സംഗീതപഠനത്തിനു ശേഷം ആകാശവാണിയിൽ സംഗീതവിഭാഗത്തിൽ ജീവനക്കാരനായി. ആകാശവാണിയുടെ മദിരാശി, ദില്ലി, കോഴിക്കോട് നിലയങ്ങളിൽ ജോലിചെയ്തു. അദ്ദേഹം അമ്പതിലേറെ സിനിമകൾക്കും എണ്ണമറ്റ നാടകങ്ങൾക്കും സംഗീതസംവിധാനം നിർവഹിച്ചു. നിർമ്മാല്യ'ത്തിന്റെ സംഗീത സംവിധാനത്തിന് 1973-ലും 'പൂജയ്ക്കെടുക്കാത്ത പൂക്കൾ' എന്ന സിനിമയുടെ സംഗീതസംവിധാനത്തിന് 1977-ലും ഗവൺമെന്റിന്റെ പുരസ്കാരങ്ങൾ ലഭിച്ചു.

**പ്രശസ്തമായ ഗാനങ്ങൾ**

കായലരികത്ത് വലയെറിഞ്ഞപ്പോൾ, എല്ലാരും ചൊല്ലണ്, എങ്ങനെ നീ മറക്കും, കുയിലിനെ തേടി (നീലക്കുയിൽ), പണ്ടു പണ്ടു പണ്ടു നിന്നെ, നാഴിയുരിപ്പാലുകൊണ്ട്, പൂമുറ്റത്തൊരു മുല്ല (രാരിച്ചൻ എന്ന പൗരൻ), തുമ്പീ തുമ്പീ വാ വാ (കൂടപ്പിറപ്പ്), കാത്തുസൂക്ഷിച്ചൊരു കസ്തൂരിമാമ്പഴം, വെളുത്ത പെണ്ണേ (നായരു പിടിച്ച പുലിവാൽ), അന്നു നിന്നെ കണ്ടതിൽ പിന്നെ (ഉണ്ണിയാർച്ച), ഉണരുണരൂ ഉണ്ണിപ്പൂവേ, കൊന്നപ്പൂവേ, മധുരപ്പതിനേഴുകാരി (അമ്മയെ കാണാൻ), ആകാശത്തിലെ കുരുവികൾ, കിളിവാതിലിൽ മുട്ടിവിളിച്ചത് (റെബേക്ക), പതിവായി പൗർണ്ണമി തോറും, ഭാരതമെന്നാൽ പാരിൻ നടുവിൽ, കിഴക്കുദിക്കിലെ ചെന്തെങ്ങിൽ (ആദ്യകിരണങ്ങൾ), കാനനച്ഛായയിൽ ആടു മേയ്ക്കാൻ, വെള്ളിനക്ഷത്രമേ നിന്നെ നോക്കി (രമണൻ), സഖാക്കളേ മുന്നോട്ട് (പുന്നപ്ര വയലാർ), മാനത്തെ കായലിൽ, കരിമുകിൽ കാട്ടിലെ (കള്ളിച്ചെല്ലമ്മ), അമ്പലപ്പുഴ വേല കണ്ടു, ഉത്രട്ടാതിയിൽ (കാക്കത്തമ്പുരാട്ടി), തിരുവേഗപ്പുറയുള്ള, പൂർണ്ണേന്ദുമുഖിയോട് (കുരുക്ഷേത്രം), നാളികേരത്തിന്റെ നാട്ടിൽ, പാർവണേന്ദുവിൻ (തുറക്കാത്ത വാതിൽ), ഏകാന്തപഥികൻ ഞാൻ, വീണക്കമ്പി തകർന്നാലെന്തേ, ആറ്റിനക്കരെയക്കരെ (ഉമ്മാച്ചു), ശ്രീ മഹാദേവൻ തന്റെ (നിർമ്മാല്യം), ഹൃദയത്തിൻ രോമാഞ്ചം (ഉത്തരായനം), നിലാവിന്റെ പൂങ്കാവിൽ (ശ്രീകൃഷ്ണപ്പരുന്ത്), താമരപ്പൂങ്കാവനത്തിൽ (ബാല്യകാലസഖി), പാമ്പുകൾക്ക് മാളമുണ്ട്, തലയ്ക്കുമീതെ ശൂന്യാകാശം (അശ്വമേധം) തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രശസ്തമായ ഗാനങ്ങളാണ്.

പത്മശ്രീ (2010) അവാർഡ്, ജെ.സി. ഡാനിയേൽ പുരസ്കാരം (1997), മികച്ച സംഗീതസംവിധായകനുള്ള കേരളസംസ്ഥാന ചലച്ചിത്രപുരസ്കാരം (1973, 1977 എന്നീ വർഷങ്ങളിൽ), സ്വരലയ യേശുദാസ് അവാർഡ് (2007), എം.ജി. രാധാകൃഷ്ണൻ പുരസ്കാരം, കേരള സംഗീത നാടക അക്കാദമി ഫെല്ലോഷിപ്പ്, കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷൻ അവാർഡ്, കേരളസംസ്ഥാന നാടക അവാർഡ് (1986) കെ. പി. എ. സി.യുടെ പാഞ്ചാലി എന്ന നാടകത്തിന്റെ സംഗീതസംവിധാനം നിർവഹിച്ചതിന്), ഖത്തർ ഐ. സി. ആർ. സിയുടെ കെ. ബാബുരാജ് അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

**വി.ടി. മുരളി**

മലയാള ചലച്ചിത്രരംഗത്തെ പിന്നണിഗായകനാണ് വി.ടി. മുരളി. തേൻതുള്ളി എന്ന ചിത്രത്തിലെ മുരളി പാടിയ 'ഓത്തുപള്ളീലന്ന് നമ്മൾ പോയിരുന്ന കാലം' എന്ന ഗാനം വളരെ പ്രശസ്തമാണ്. കവി വി.ടി. കുമാരന്റെയും ശാന്തയുടെയും മകനായി 1955 നവംബർ 18-ന് കോഴിക്കോട് ജില്ലയിലെ വടകരയിലാണ് അദ്ദേഹം ജനിച്ചത്. തിരുവനന്തപുരം ശ്രീസ്വാതിതിരുനാൾ സംഗീത കോളേജിൽ നിന്ന് ഗാനഭൂഷണം ബിരുദം നേടിയ അദ്ദേഹം ചലച്ചിത്ര പിന്നണിഗാനരംഗത്തു പ്രവർത്തിക്കുന്നതിനു പുറമെ ധാരാളം നാടകഗാനങ്ങളും ലളിതഗാനങ്ങളും മാപ്പിളപ്പാട്ടുകളും നാടൻപാട്ടുകളും പാടിയിട്ടുണ്ട്. രാഗമലയാളം, സംഗീതത്തിന്റെ കേരളീയ പാഠങ്ങൾ, തുറന്നു വച്ച സംഗീത ജാലകങ്ങൾ, കെ. രാഘവൻ ഒരു സംഗീതവിചാരം തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കൃതികളാണ്.

മലയാള ഗാനശാഖയുടെ ദീപസ്തംഭമായ രാഘവൻ മാസ്റ്ററുടെ സ്മരണയ്ക്കു മുന്നിൽ സമർപ്പിച്ച ഗ്രന്ഥമാണ് വി.ടി. മുരളിയുടെ 'കെ. രാഘവൻ ഒരു സംഗീതവിചാരം' എന്ന കൃതി. മലയാളിയുടെ സംഗീതത്തെ നിയന്ത്രിക്കുകയും വളർത്തുകയും ചെയ്ത സംഗീതജ്ഞനാണ് കെ. രാഘവൻ മാസ്റ്റർ. പൊതുവെ, സംഗീത സംവിധായകരെക്കുറിച്ചു പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ വ്യക്തിബന്ധങ്ങളുടെ കുറിപ്പുകളായി മാറാറുണ്ട്. എന്നാൽ ഈ കൃതിയിൽ കാലവും മറ്റു കലാരൂപങ്ങളുമായുള്ള ബന്ധവും രാഘവൻമാസ്റ്ററുടെ സംഗീതത്തിൽ എത്രത്തോളം ഉണ്ടായിരുന്നു എന്ന അന്വേഷണമാണ് വി.ടി. മുരളി നടത്തുന്നത്. പ്രസ്തുത ഗ്രന്ഥത്തിലെ മലയാള സംഗീതത്തിലെ രാഘവത്വം എന്ന ഭാഗമാണ് വിശദപഠനത്തിനായി നൽകിയിരിക്കുന്നത്.

# Keywords

നാടൻസംഗീതം -ഹൈദരാലി - കായലരികത്ത് - മാപ്പിളപ്പാട്ട് - ശാസ്ത്രീയ സംഗീതം - ഹിന്ദുസ്ഥാനി സംഗീതം - മെഹബൂബ്-സലിൽ ചൗധരി


# Discussion

## വിശദപഠനം



മലയാളസംഗീതലോകത്ത് രാഘവൻ മാസ്റ്ററുടെ സ്ഥാനമെന്തായിരുന്നു എന്ന് കണ്ടെത്താനുള്ള ശ്രമമാണ് കെ. രാഘവൻ ഒരു സംഗീതവിചാരം എന്ന കൃതി. സംഗീതത്തെ വാക്കുകളിൽ ഒളിപ്പിച്ചും ആസ്വാദനത്തിന്റെ ഒരുതലം സൃഷ്ടിച്ചുമാണ് കൃതിയുടെ രചന നിർവഹിച്ചിരിക്കുന്നത്. പുതുതലമുറ രാഘവൻമാസ്റ്റർ എന്ന സംഗീതപ്രതിഭയെ എങ്ങനെ കാണുന്നു എന്ന അന്വേഷണവും രചയിതാവ് നടത്തുന്നു. ഓർമ്മകൾ, പഠനങ്ങൾ എന്ന് രണ്ട് വിഭാഗങ്ങളായി തിരിച്ചുകൊണ്ടാണ് വി.ടി. മുരളി പഠനം നിർവഹിച്ചിരിക്കുന്നത്. ഓർമ്മകൾ എന്ന ഒന്നാം

ഭാഗത്ത് എഴുത്തുകാരായ എം.ടി. വാസുദേവൻ നായർ, ഒ.എൻ.വി. കുറുപ്പ്, ഗാനരചയിതാക്കളായ ശ്രീകുമാരൻ തമ്പി, യൂസഫലി കേച്ചേരി, പാട്ടുകാരായ ഉദയഭാനു തുടങ്ങിയവരുടെ ഓർമ്മകളിലൂടെ കെ. രാഘവൻ എന്ന സംഗീതജ്ഞനെ അവതരിപ്പിച്ചിരിക്കുന്നു. പഠനങ്ങൾ എന്ന രണ്ടാം ഭാഗത്ത് സംഗീതനിരൂപകരും സാഹിത്യനിരൂപകരും സംഗീതജ്ഞരും കെ. രാഘവൻ എന്ന പ്രതിഭാശാലിയെ വീക്ഷിക്കുന്നതെങ്ങനെയെന്ന് നിരീക്ഷിക്കുന്നു. ഫോക്‌ലോർ രംഗത്ത് പ്രമുഖനായ എ. കെ. നമ്പ്യാരും രവി മേനോനും ആലങ്കോട് ലീലാകൃഷ്ണനും കരിവെള്ളൂർ മുരളിയും രമേശ് ഗോപാലകൃഷ്ണനും സജയ് കെ.വിയും വി.ടി. മുരളിയുമെല്ലാം കെ. രാഘവൻ എന്ന സംഗീതജ്ഞനെ വ്യത്യസ്തകോണിലൂടെ വിലയിരുത്തുന്നു. ഈ പഠനഗ്രന്ഥത്തിലെ അവസാന അധ്യായമാണ് 'മലയാള സംഗീതത്തിലെ രാഘവത്വം' എന്ന വി.ടി. മുരളിയുടെ ലേഖനം.




സംഗീതജ്ഞനായ രാഘവൻമാസ്റ്ററെക്കുറിച്ചുള്ള പഠനം സംഗീതത്തിൽ നിന്ന് സാഹിത്യത്തിലേക്ക് എത്തിച്ചേരുന്നു എന്നു സൂചിപ്പിച്ചുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. കെ. രാഘവന്റെ സംഗീതത്തെക്കുറിച്ചു പഠിക്കാൻ ശ്രമിക്കുമ്പോൾ നാടൻ പാട്ടിലേയ്ക്കാണ് എല്ലാവരും കടന്നുചെല്ലുന്നത്. എന്നാൽ നാടൻ സംഗീതത്തിലെ ഈണങ്ങളെപ്പറ്റിയോ, അതിലെ സ്വരസഞ്ചാരങ്ങളെപ്പറ്റിയോ, അതിലെ ആലാപനസ്വഭാവത്തെക്കുറിച്ചോ ഉള്ള ഗൗരവപഠനങ്ങൾ നടക്കുന്നില്ല എന്ന യാഥാർഥ്യം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് വി.ടി. മുരളി പഠനം നിർവഹിച്ചിരിക്കുന്നത്.

ഫോക്‌ലോറിസ്റ്റുകൾ എന്നു വിശേഷിപ്പിക്കുന്ന അക്കാദമിക് പണ്ഡിതന്മാർ പലപ്പോഴും കലയുടെ സൗന്ദര്യാത്മകതയെ ഒഴിവാക്കുവാൻ നടത്തുന്ന ശ്രമങ്ങളെ എഴുത്തുകാരൻ വിമർശിക്കുന്നുണ്ട്. അതുപോലെ സംഗീതജ്ഞർ നാടൻപാട്ടിലെ സംഗീതത്തെ മ്ലേച്ഛമായി കാണുകയും ചെയ്യുന്നു. അത്തരം പൂർവധാരണകളെ ബോധ്യപ്പെടുത്തുവാൻ കലാമണ്ഡലം ഹൈദരാലിയുടെ ആത്മകഥയിലെ ചില ഭാഗങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. ഹൈദരാലി കഥകളി അരങ്ങത്തു പാടിക്കൊണ്ടിരിക്കുമ്പോൾ കേട്ടുകൊണ്ടിരുന്ന കൃഷ്ണൻകുട്ടിപ്പൊതുവാൾ എന്ന കഥകളി സംഗീതജ്ഞൻ 'ഇതു കായലരികത്തല്ല' എന്ന് പറഞ്ഞത് വിപരീതാർഥത്തിലല്ല എന്നും സംഗീതത്തെ ലളിതമാക്കിയതോ, മുസ്ലീം ആയ ഹൈദരാലി പാടിയാൽ കഥകളിസംഗീതമാകില്ല എന്ന പൂർവധാരണയോ ആകാം ഇത്തരമൊരു പരാമർശം നടത്താൻ കൃഷ്ണൻകുട്ടിപ്പൊതുവാളെ പ്രേരിപ്പിച്ചത് എന്നും വിലയിരുത്തുന്നു. എന്നാൽ ലേഖകൻ ഈയൊരു പരാമർശത്തെ മറ്റൊരു തലത്തിൽ കാണുവാനാണ് താത്പര്യപ്പെട്ടത്. 'കായലരികത്ത്' എന്ന ഗാനം ഒരു ശാസ്ത്രീയസംഗീത കലാകാരനെപ്പോലും അത്യധികം താത്പര്യത്തോടെ കേൾക്കാൻ പ്രേരിപ്പിച്ച ഘടകം ആ പാട്ട് കേൾക്കുന്നതിലെയും പാടുന്നതിലെയും ലാളിത്യമാണ്. എന്നാൽ ചിലർ ഇതിൽ ഏതെങ്കിലും ഒന്നിൽ മാത്രം ഊന്നാനാണ് ശ്രമിക്കുന്നത്. അതിന്റെ സൗന്ദര്യം തിരിച്ചറിയുന്നതിനു അത് തടസ്സമായി നിൽക്കുന്നുവെന്ന യാഥാർഥ്യത്തെക്കൂടിയാണ് എഴുത്തുകാരൻ വെളിപ്പെടുത്തുന്നത്.

രാഘവൻമാസ്റ്റർ സംഗീതം ചെയ്ത് ആലപിച്ച ഗാനം മാപ്പിളപ്പാട്ടുകളിൽ പുതി

SGOU

യൊരിശൽ തന്നെയാണെന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ മാപ്പിളപ്പാട്ടു കലാകാരന്മാരും പഠിതാക്കളും അതിനെക്കുറിച്ച് മൗനം ദീക്ഷിക്കുകയും ചെയ്യുന്നു. സംഗീതജ്ഞരാവട്ടെ, ശാസ്ത്രീയസംഗീതത്തെക്കാൾ മഹത്തരമായി ലോകത്തിലൊന്നും തന്നെയില്ല എന്ന അഭിപ്രായക്കാരുമാണ്. ഈ രണ്ടു മൗലികവാദങ്ങളെയും ഒഴിവാക്കിയാൽ മാത്രമേ കലയ്ക്കു മുന്നോട്ടു പോകുവാൻ കഴിയുകയുള്ളൂ. എന്നാൽ അക്കാദമിക പണ്ഡിതന്മാർ അല്ലെങ്കിലും കാവാലം നാരായണപ്പണിക്കരെപ്പോലെയും പി.കെ. ശിവശങ്കരപ്പിള്ളയെപ്പോലെയും ഉള്ളവർ ഈ സത്യം മനസിലാക്കാൻ തയ്യാറായി. മലയാളസംഗീതത്തെ പോഷിപ്പിക്കുവാൻ രാഘവൻ മാസ്റ്റർക്ക് സാധിച്ചതെങ്ങനെയെന്ന് അന്വേഷിക്കുകയാണ് തുടർന്ന് വി.ടി. മുരളി.

വ്യാകരണശുദ്ധിയുള്ള ശാസ്ത്രീയസംഗീതത്തിന്റെ ഏറ്റവും ഉയർന്നതലത്തിൽ നിൽക്കുമ്പോഴും മണ്ണിന്റെ മണമൂറുന്ന സാധാരണ പാട്ടിനെ മാനിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. വ്യാകരണശുദ്ധിയുള്ള ശാസ്ത്രീയസംഗീതത്തോടൊപ്പം വ്യാകരണശുദ്ധതയില്ലാത്ത നാടൻപാട്ടുകൾ പുനരാവിഷ്കരിക്കുവാനും ആലപിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു എന്നത് വലിയൊരു നേട്ടം തന്നെയാണ്. കേരളത്തിലുടനീളം സംഗീതക്കച്ചേരികൾ നടത്തിയപ്പോഴും കച്ചേരികളുടെ അവസാനം ജനങ്ങൾ ആവശ്യപ്പെടുമ്പോൾ 'കായലരികത്ത്' എന്ന ഗാനവും അദ്ദേഹം പാടിയിരുന്നു. തൃശൂരിലെ ഒരു നാടകസമിതിക്കുവേണ്ടി നാടകത്തിലെ ഒരു സന്ദർഭത്തിൽ കൃഷ്ണസ്തുതി കീർത്തനം ഉൾക്കൊള്ളിക്കുവാൻ പുരന്ദരദാസരുടെ ഒരു കൃതി ഉൾക്കൊള്ളിക്കുകയും അതുമായി ബന്ധപ്പെട്ട ചില സംശയങ്ങൾ ചേർത്തല ഗോപാലൻ നായരെപ്പോലെയുള്ള സംഗീതജ്ഞരോട് ചോദിച്ചു മനസ്സിലാക്കുകയും ചെയ്ത സംഭവങ്ങൾ ലേഖകൻ പരാമർശിക്കുന്നു. പല സിനിമകളിലും ശാസ്ത്രീയസംഗീതത്തിന്റെ പ്രയോഗങ്ങൾ അദ്ദേഹം കൂട്ടിച്ചേർക്കാൻ താല്പര്യപ്പെട്ടിട്ടുണ്ട്. രാഘവൻ മാസ്റ്ററിലെ ശാസ്ത്രീയ സംഗീതകാരനെ തിരിച്ചറിയാനുതകുന്ന നിരവധി ഗാനങ്ങൾ അദ്ദേഹത്തിൽ നിന്നു മലയാള സിനിമാഗാനശാഖയ്ക്കു കിട്ടിയിട്ടുണ്ട്.

കെ. രാഘവൻ എന്ന സംഗീതജ്ഞന്റെ വളർച്ചയ്ക്ക് പിന്നിൽ പ്രവർത്തിച്ച ഘടകങ്ങളിൽ ഒന്ന്, നാടൻതുടിപ്പുകളെയും ശാസ്ത്രീയസംഗീതത്തെയും സമന്വയിപ്പിക്കുന്നതിൽ അദ്ദേഹം കാട്ടിയ വൈഭവമാണെന്ന് ലേഖകൻ നിരീക്ഷിക്കുന്നു. അതിനെ രണ്ടിനെയും ആവാഹിച്ച് പുതിയൊരു സംഗീതശില്പം അദ്ദേഹം മലയാളികൾക്കു നൽകുകയായിരുന്നു. കെ. രാഘവൻ എന്ന സംഗീതജ്ഞനിലെ ലളിതസംഗീതജ്ഞനെ പുറത്തു കൊണ്ടുവന്നത് പി. ഭാസ്കരനാണ്. നാടൻപാട്ടിനും ശാസ്ത്രീയസംഗീതത്തിനും മധ്യേ നിൽക്കുന്ന സംഗീതം പകർന്നു നൽകാൻ അവർക്കു രണ്ടുപേർക്കും കഴിഞ്ഞു. ആകാശവാണി പോലുള്ള മാധ്യമങ്ങളിലെ ആവർത്തിച്ചുള്ള പ്രക്ഷേപണമാണ് പല ഗാനങ്ങളുടെയും പ്രശസ്തിക്കു പിന്നിൽ. അത്തരം പ്രശസ്ത ഗാനങ്ങളെക്കാൾ രചനയിലും സംവിധാനത്തിലും ആലാപനത്തിലും ഉൾക്കനമുള്ള ധാരാളം ഗാനങ്ങൾ മലയാളികൾ കേൾക്കാതെ പോയെന്ന് വി.ടി. മുരളി അഭിപ്രായപ്പെടുന്നു. കഥാസന്ദർഭവുമായും കഥാപാത്രത്തിന്റെ സംസ്കാരവുമായും കോർത്തിണക്കി സംഗീതത്തെ പ്രയോഗസാധ്യമാക്കുന്നതെങ്ങനെയെന്ന് ബോധ്യപ്പെടുത്തുന്ന അത്തരം ഗാനങ്ങൾ പലതും കേൾക്കാൻ മലയാളിക്ക് ഭാഗ്യമുണ്ടായില്ല എന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

കായലരികത്ത് എന്ന ഗാനം രാഘവൻ മാസ്റ്റർ ചിട്ടപ്പെടുത്തിയതെങ്ങനെയെന്ന് വിശദമാക്കുന്ന ലേഖകൻ, കാകളി നിഷാദത്തിന്റെയും ചതുശ്രുതി ഋഷഭത്തിന്റെയും മാത്രം പ്രയോഗത്തിലൂടെ ഗാന്ധാരത്തിന്റെ മൃദുസ്പർശത്തിലൂടെയാണ് അതു സാധിക്കുന്നതെന്ന് വെളിപ്പെടുത്തുന്നു. മാപ്പിളപ്പാട്ടുകളുടെ അനുഭൂതി സൃഷ്ടിക്കുന്ന ഈ സ്വരങ്ങൾ സ്ഥാനം മാറ്റിയാൽ മന്ത്രോച്ചാരണത്തിന്റെ സംഗീതമായി മാറുന്നു. സ്വരസ്ഥാനങ്ങളിൽ വരുത്തുന്ന ഈ മാറ്റം സാംസ്കാരികമായ വ്യത്യാസത്തെക്കൂടിയാണ് വിളംബരം ചെയ്യുന്നത്. രാഗങ്ങൾ എന്നതിലുപരി, സംഗീതജ്ഞൻ മനസ്സിൽ എവിടെയോ സ്പർശിച്ചു കടന്നുപോവുകയും സ്ഥാനം പിടിക്കുകയും ചെയ്ത ചില നാദതരംഗങ്ങൾ പുനഃസൃഷ്ടിക്കുന്നതിലൂടെയാണ് ഇതു സാധ്യമാകുന്നത്. ശാസ്ത്രീയ സംഗീതത്തിലെന്നപോ

SGOU

ലെ ഗാനങ്ങൾ പാടുന്നതിലും നിരവധി ക്ലേശങ്ങളുണ്ട്. ചില ഗാനങ്ങൾ സംഗീത സംവിധായകർ തന്നെ പാടുന്നത്, അവർ ഉദ്ദേശിച്ച വികാരം, പ്രസിദ്ധ ഗായകരുടെ ശബ്ദത്തിലൂടെയും ആലാപനശൈലിയിലൂടെയും പുറത്തുവന്നാൽ ശരിയാകില്ല എന്ന വിശ്വാസം കൊണ്ടാണ്. 'പൊട്ടിത്തകർന്ന കിനാവിന്റെ', കണ്ണുനീർത്തുള്ളിയെ, ഹൃദയവാഹിനി, കായലരികത്ത് തുടങ്ങിയ ഗാനങ്ങൾ ബാബുരാജും എം.എസ്. വിശ്വനാഥനും രാഘവൻ മാസ്റ്ററും പാടിയതിന്റെ പിന്നിൽ ഈയൊരംശം കാണാമെന്ന് വി.ടി. മുരളി അഭിപ്രായപ്പെടുന്നു.

'കടമ്പ' എന്ന ചിത്രത്തിലെ ഗാനമായ 'അപ്പോഴും പറഞ്ഞില്ലേ' എന്ന ഗാനം പണ്ടുമുതലേ വടക്കേ മലബാറിൽ പ്രശസ്തിയാർജിച്ച ഗാനമായിരുന്നു. ഒരു റഷ്യൻ സാംസ്കാരിക സംഘത്തിനു കോഴിക്കോട്ട് നൽകിയ സ്വീകരണത്തിൽ രാഘവൻ മാസ്റ്റർ തിക്കൊടിയനുമായി ആലോചിച്ച് ചിട്ടപ്പെടുത്തിയ ഗാനമാണത്. പഴയ ഒരു നാടൻപാട്ടിന്റെ രണ്ടു വരികൾക്കുശേഷം തിക്കൊടിയൻ എഴുതിച്ചേർത്തതാണ് ബാക്കി വരികൾ. സരിഗപ എന്നീ നാലു സ്വരങ്ങൾ മാത്രം ഉപയോഗിച്ചുകൊണ്ട് പഞ്ചമത്തിന്റെ പ്രയോഗം ഒരു സ്പർശം മാത്രമായി നിർത്തിയിരിക്കുന്നു. രാഘവൻ മാസ്റ്റർ ചില ഗാനങ്ങൾ ആലപിക്കുമ്പോൾ അതു ഫോക് ആയും മറ്റുള്ളവർ പാടുമ്പോൾ ക്ലാസ്സിക്കൽ ആയും മാറുകയും ചെയ്യാറുണ്ട്. അവ തമ്മിലുള്ള അതിർവരമ്പുകളെക്കുറിച്ചുള്ള ധാരണ എന്നതിലുപരി അതിന്റെ പ്രയോഗങ്ങൾ കണ്ഠത്തിൽ കൊണ്ടുവരാനുള്ള ശിക്ഷണം കൂടി ഗായകർക്കുണ്ടാവണം. പൂർവാർജിതമായ സംസ്കാരം ആലാപനത്തിൽ പ്രതിഫലിപ്പിക്കുവാൻ എല്ലാവർക്കും കഴിയുകയില്ല.

രാഘവൻമാസ്റ്ററുടെ സംഗീതത്തിൽ ഹിന്ദുസ്ഥാനി സംഗീതത്തിൻെറ മെലഡിയും, കർണ്ണാടക സംഗീതത്തിന്റെ ഗമകങ്ങളും, നാടൻ സംഗീതത്തിന്റെ ആർജ്ജവവും ഉണ്ടെന്ന് അദ്ദേഹം തന്നെ സൂചിപ്പിച്ചിട്ടുള്ളതായി ലേഖകൻ ഓർമ്മിക്കുന്നു. സംഗീതമെന്നത് ഭക്തിസംഗീതം മാത്രമാണെന്ന ധാരണ തിരുത്തിക്കുറിക്കുവാനും ലളിത സംഗീതത്തെ ക്ലാസ്സിക്കൽ സംഗീതത്തിന്റെയും നാടൻ സംഗീതത്തിന്റെയും മധ്യത്തിൽ പ്രതിഷ്ഠിക്കുവാനും മുന്നോട്ടു വന്നു എന്നത് കെ. രാഘവൻ എന്ന സംഗീതജ്ഞൻ ചെയ്ത ചരിത്രപരമായ ദൗത്യമാണെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

കടലിൻെറ സംഗീതം മലയാളിക്ക് കിട്ടിയത് ബംഗാളിയായ സലിൽ ചൗധരിയിൽ നിന്നാണെങ്കിലും ബാല്യ കൗമാരകാലം മുഴുവൻ കടലിന്റെ എല്ലാ വികാരങ്ങൾക്കും സാക്ഷ്യം വഹിച്ച രാഘവൻ മാസ്റ്ററിൽ നിന്നായിരുന്നു അത് കിട്ടേണ്ടിയിരുന്നതെന്നും വി.ടി. മുരളി ഓർമ്മിപ്പിക്കുന്നു. ഒ.എൻ.വി രചിച്ച, കെ. രാഘവൻ ചിട്ടപ്പെടുത്തിയ 'സാഗരമേ നിനക്കെത്ര ഭാവം? ശാന്തം, അശാന്തം, രൗദ്രം, താന്തം, തരളഹൃദന്തം' എന്ന ഗാനത്തിൽ തിരമാലകളുടെ താളമാണ് ഭാവങ്ങൾക്കെല്ലാം അദ്ദേഹം കല്പിച്ചത്. പാട്ടിൽ ഓരോ വാക്കും ഭാവസാന്ദ്രമാക്കാൻ കഴിയും എന്ന പാഠം കൂടിയാണ് അദ്ദേഹം പഠിപ്പിച്ചത്. അദ്ദേഹത്തിന്റെ വൈവിധ്യമാർന്ന ഗാനപ്രപഞ്ചത്തിലൂടെ സഞ്ചരിച്ചാൽ നമ്മുടെ സംസ്കാരത്തിന്റെ ചൂടുംചൂരും അനുഭവിക്കുവാനാവും. പലപ്പോഴും ഗായകന്റെ ശബ്ദത്തിനപ്പുറമുള്ള ലോകത്തേയ്ക്കു നമ്മളെ കുട്ടിക്കൊണ്ടുപോകുവാൻ അദ്ദേഹം ചിട്ടപ്പെടുത്തിയ ഗാനത്തിനു കഴിയുന്നു. ഒരു ഗാനത്തിന്റെ കേൾവിയിൽ ഗായകന് പ്രാധാന്യം നൽകിയപ്പോൾ നമുക്കു നഷ്ടമായത് യഥാർഥ ആസ്വാദനശീലമാണ്. ഗായകന്റെ ശൈലിയിലേയ്ക്കു സംഗീതം മാറ്റപ്പെടുമ്പോൾ നഷ്ടപ്പെടുന്നത് ആ ഗാനമുൾക്കൊള്ളുന്ന സംസ്കാരമാണ്.

രാഘവൻമാസ്റ്റർ ഗാനങ്ങൾ പാടുന്ന നിമിഷം വളരെ വ്യക്തമായി 'സംഗതികൾ' അവതരിപ്പിക്കും. നാടൻ സംഗീതം പോലും ശുദ്ധമാക്കി അദ്ദേഹം മാറ്റും. ഓരോ അംശവും സ്പഷ്ടവും സൂക്ഷ്മവുമായിരിക്കും. മാപ്പിളപ്പാട്ടുകൾ എന്ന മേഖലയ്ക്ക് സവിശേഷമായ പരിഗണന അദ്ദേഹം നൽകിയിട്ടുണ്ട്. മാപ്പിളപ്പാട്ടുകളെ ചില ശാസ്ത്രജ്ഞർ വിമർശിക്കുന്നതിനെ ലേഖകൻ പരാമർശിക്കുന്നുണ്ട്. കമ്പി, കഴുത്ത്, വാൽക്കമ്പി, വാലിന്മേൽ കമ്പി എന്നീ സാങ്കേതികതകൾ മുന്നോട്ടുവെച്ചാണ് അതിനെ അവർ വിലയിരുത്തുന്നത്. അതിലെ സാഹിത്യത്തേക്കാൾ സംഗീതത്തിലെ മാപ്പിളഅന്തരീക്ഷമാണ്

പ്രധാനമെന്ന എം.എൻ. കാരശ്ശേരിയുടെ അഭിപ്രായം ലേഖകൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. സാഹിത്യനിയമങ്ങൾ പാലിച്ച പല പാട്ടുകളെക്കാൾ മാപ്പിളഅന്തരീക്ഷത്തിൽ ഈണം കൊടുത്ത പല പാട്ടുകളും അതിലെ ഈണത്തിന്റെ സവിശേഷതകൊണ്ടു മാത്രം ശ്രദ്ധേയമായിത്തീർന്നിട്ടുണ്ട്. മാപ്പിളപ്പാട്ടിന്റെ അടിസ്ഥാന ഈണത്തിൽ നിന്നു പുതിയ ഈണങ്ങൾ സൃഷ്ടിക്കാൻ തലശ്ശേരിയിലെയും മറ്റും മുസ്ലീംകുടുംബങ്ങളിലെ കല്യാണങ്ങളിലെ ഖവാലി ഗായകരുടെ കച്ചേരികളും ആകാശവാണിയിലെ എസ്.എം. കോയ എന്ന പ്രശസ്ത ഗായകന്റെ പാട്ടും കാരണമായിട്ടുണ്ടെന്ന് രാഘവൻ മാസ്റ്റർ സൂചിപ്പിച്ചിട്ടുണ്ട്. വിരഹവും ദുഃഖവും തമാശയും ഭക്തിയുമെല്ലാം ഗാനങ്ങളായി മാറ്റിയതിൽ അദ്ദേഹത്തിന്റെ കൈയൊപ്പുണ്ടെന്നു കാണാം.

മെഹബൂബ് എന്ന കലാകാരന്റെ പ്രതിഭ തിരിച്ചറിയുകയും അദ്ദേഹത്തെ കൂടുതൽ ഉപയോഗപ്പെടുത്തിയതും രാഘവൻ മാസ്റ്ററാണ്. പല ശാസ്ത്രീയ സംഗീതജ്ഞരെയും കൊണ്ട് പാടിച്ചിട്ടുള്ള അദ്ദേഹത്തിന് ഏറ്റവും പ്രിയം മെഹബൂബ് തന്നെയായിരുന്നു. സലിൽ ചൗധരിയെപ്പോലുള്ള പ്രശസ്തരായവർപോലും നീലക്കുയിലിലെ 'ജിഞ്ചക്കന്താരോ' എന്ന ഗാനത്തിൻെറ മൗലികതയെയും അതിലെ ഫോക് അംശത്തിന്റെ നിറവിനെയും തിരിച്ചറിഞ്ഞതും വി.ടി. മുരളി എടുത്തു പറയുന്നു. കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുവാനും അവരുടെ കഴിവുകളെ പരമാവധി പ്രയോജനപ്പെടുത്തുവാനുമുള്ള ഒരു കലാകാരന്റെ അസാധാരണ വൈഭവം കെ. രാഘവന്റെ പ്രത്യേകതയാണെന്ന് നിരീക്ഷിക്കുന്നു.

നാടകത്തിൽ നിന്നു സിനിമാരംഗത്തേയ്ക്കു വന്ന നിരവധി സംഗീതജ്ഞരുണ്ട്. ആ രംഗത്ത് വലിയ പ്രവർത്തനപരിചയം ഇല്ലെങ്കിലും അശ്വമേധത്തിലെ 'പാമ്പുകൾക്കു മാളമുണ്ട്', 'തലയ്ക്കു മീതേ' തുടങ്ങിയ ഗാനങ്ങൾ ആ ശാഖയിൽ എത്രമാത്രം പ്രാഗത്ഭ്യം ഉണ്ടെന്നതിന് തെളിവാണെന്ന് ചൂണ്ടിക്കാണിക്കുന്നു. സംഗീതനാടകങ്ങളോടൊപ്പം പ്രവർത്തിച്ചതിന്റെ മികവ് കെ.പി.എ.സിയുടെ ഇരുപതിലേറെ നാടകങ്ങൾക്ക് സംഗീതസംവിധാനം നിർവഹിക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. കോഴിക്കോട് ആകാശവാണിയിലെ പ്രവർത്തനവും ഉറൂബുമായി ചേർന്ന് ഉപകരണസംഗീതം ഉപയോഗിച്ച് ശാകുന്തളം കഥ അവതരിപ്പിച്ചതും കടലിന്റെ മുഴുവൻ വികാരവും ചേർത്തിണക്കി ദ്വീപുകാർക്കുവേണ്ടി മഹത് ഭാഷയിലെ ഗാനങ്ങൾ ചിട്ടപ്പെടുത്തിയതും മറ്റും ജി. ഭാർഗവൻപിള്ളയെപ്പോലുള്ള എഴുത്തുകാർ അനുസ്മരിക്കുന്നുണ്ട്.

സാഹിത്യവും സംഗീതവും തമ്മിലുള്ള പൊരുത്തത്തെക്കുറിച്ച് നല്ല ധാരണ നിലനിർത്തിയതിനാൽ ഓരോ വാക്കിനെയും സംഗീതമാക്കി മാറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. സംഗീതത്തെ ഓരോ തലങ്ങളിലും സ്വീകരിക്കേണ്ടതെങ്ങനെയെന്നതിനെക്കുറിച്ച് നല്ല ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു കലാകാരൻ വിഭിന്നനാകുന്നത് മറ്റു കലാകാരന്മാരെ ആ രംഗത്തേയ്ക്ക് ഉയർത്തിക്കൊണ്ടു വരുന്നതിലും കൂടിയാണ്. ഉദയഭാനു എന്ന ഗായകനെയും ചിദംബരനാഥൻ എന്ന വയലിനിസ്റ്റിനെയും ആ രംഗത്തേയ്ക്കുകൊണ്ടു വരുവാൻ കാണിച്ച ആർജവം അഭിനന്ദനീയം തന്നെയാണ്. രാഘവൻെറ ശ്രദ്ധേയമായ പല പാട്ടുകളും ലേഖകൻ എടുത്തു പറയുന്നു. നാടൻപാട്ടിന്റെ ശക്തിയും ക്ലാസ്സിക്കൽ സംഗീതത്തിന്റെ വ്യാകരണവും മലയാളിത്തവുമെല്ലാം തന്റെ പാട്ടിൽ ഇണക്കിച്ചേർത്ത കെ. രാഘവൻ എന്ന സംഗീതജ്ഞൻ മലയാളത്തിന്റെ സൗഭാഗ്യം തന്നെയാണെന്ന് വി.ടി. മുരളി സമർഥിക്കുന്നു.

ഒരു നാടിന്റെ സംസ്കാരവും സംഗീതവും സമന്വയിപ്പിച്ച ഒരപൂർവ സംഗീതജ്ഞനായിരുന്നു കെ. രാഘവൻ. ഒരേ സമയം ശാസ്ത്രീയസംഗീതവും നാടൻസംഗീതവും മാപ്പിളപ്പാട്ടുകളും നാടകഗാനങ്ങളും എല്ലാം ഉൾക്കൊണ്ട ഒരു ഗാനപ്രപഞ്ചം തന്നെയാണ് കെ. രാഘവൻ എന്ന സംഗീതജ്ഞന്റെ സംഭാവന. മലയാള സംഗീതത്തെ ജനകീയമാക്കിയും നാടോടിഈണങ്ങൾ കൊണ്ട് മലയാളികളുടെ ഉള്ളുണർത്തി ചലച്ചിത്രഗാനങ്ങളുടെ നാട്ടുവഴി വെട്ടിത്തുറക്കുകയും ചെയ്ത രാഘവസംഗീതത്തിന് ആദരം അർപ്പിക്കുന്ന വി.ടി. മുരളിയുടെ ഈ കൃതി സംഗീതകലയുടെ കാലചരിത്രം കൂടി രേഖപ്പെടുത്തുന്നു.

SGOU

# Recap

- ഓർമ്മകൾ പഠനങ്ങൾ എന്ന് രണ്ട് വിഭാഗങ്ങൾ
- പ്രശസ്തരായ ഗാനരചയിതാക്കൾ രാഘവൻമാസ്റ്ററെ ഓർമ്മിക്കുന്നു
- സംഗീത നിരൂപകരുടെയും സംഗീതജ്ഞരുടെയും നിരീക്ഷണം
- സംഗീതത്തിൽ നിന്ന് സാഹിത്യത്തിലേക്ക് എത്തിച്ചേരുന്നു
- നാടൻ സംഗീതത്തെപ്പറ്റി ഗൗരവമായ പഠനങ്ങൾ നടക്കുന്നില്ല
- കലയുടെ സൗന്ദര്യാത്മകതയെ അക്കാദമിക് പണ്ഡിതർ ഒഴിവാക്കുന്നു
- ഹൈദരാലിയുടെ ആത്മകഥ
- കായലരികത്ത് എന്ന ഗാനത്തിന്റെ ലാളിത്യം
- മാപ്പിളപ്പാട്ടിലെ പുതിയൊരിശൽ
- ശാസ്ത്രീയ സംഗീതത്തിന്റെ ഉയർന്ന തലത്തിൽ നിൽക്കുമ്പോഴും നാടൻപാട്ടിനെ മാനിക്കുന്നു
- പല സിനിമകളിലും ശാസ്ത്രീയ സംഗീതത്തിന്റെ പ്രയോഗങ്ങൾ ചേർത്തിട്ടുണ്ട്
- നാടൻ സംഗീതത്തേയും ശാസ്ത്രീയ സംഗീതത്തേയും സമന്വയിപ്പിച്ചു
- ലളിത സംഗീതജ്ഞനെ പുറത്തു കൊണ്ടു വന്നത് പി. ഭാസ്കരൻ
- പല ഗാനങ്ങളുടെയും പ്രശസ്തിക്കു കാരണം അകാശവാണി പോലുള്ള മാധ്യമങ്ങളിലെ തുടർ പ്രക്ഷേപണം
- ഗാനങ്ങൾ പാടുന്നതിന് ക്ലേശങ്ങളുണ്ട്
- സംഗീത സംവിധായകർ തന്നെ പാടുന്നു
- അപ്പോഴും പറഞ്ഞില്ലേ വടക്കേ മലബാറിൽ പ്രശസ്തിയാർജിച്ച ഗാനം
- ഹിന്ദുസ്ഥാനി സംഗീതത്തിന്റെ മെലഡിയും കർണ്ണാടക സംഗീതത്തിന്റെ ഗമകങ്ങളും
- സംഗീതം എന്നത് ഭക്തിസംഗീതം മാത്രമല്ല
- കടലിന്റെ സംഗീതം സലിൽ ചൗധരിയിൽ നിന്ന്
- പാട്ടിൽ ഓരോ വാക്കും ഭാവസാന്ദ്രമാക്കാൻ കഴിയും
- വ്യക്തമായ സംഗതികൾ ഉണ്ടാവും
- നാടൻ സംഗീതം പോലും ശുദ്ധമാക്കി മാറ്റും
- മാപ്പിളപ്പാട്ടിൽ സാഹിത്യത്തേക്കാൾ സംഗീതത്തിലെ മാപ്പിള അന്തരീക്ഷം പ്രധാനം
- ഖവാലി ഗായകരുടെ കച്ചേരികൾ
- വിരഹവും ദുഃഖവും തമാശയും ഭക്തിയുമെല്ലാം ഗാനങ്ങളായി മാറ്റി
- മെഹബൂബ് എന്ന കലാകാരന്റെ പ്രതിഭയെ കണ്ടെത്തി
- സംഗീത നാടകങ്ങളോടൊപ്പം പ്രവർത്തിച്ചു
- ഉദയഭാനു എന്ന ഗായകനേയും ചിദംബരനാഥൻ എന്ന വയലിനിസ്റ്റിനേയും ഉയർത്തിയെടുത്തു
- സംഗീതകലയുടെ കാലചരിത്രം രേഖപ്പെടുത്തുന്നു

SGOU

## Objective Questions

1. എല്ലാരും ചൊല്ലണ്..എന്ന ഗാനത്തിന്റെ സംഗീതസംവിധായകൻ ആര്?
2. രാഘവൻമാസ്റ്റർക്ക് പത്മശ്രീ ലഭിച്ച ലഭിച്ചവർഷം?
3. 'ഓത്തു പള്ളീലന്ന് നമ്മൾ പോയിരുന്ന കാലം' എന്ന ഗാനം ആലപിച്ചത് ആര്?
4. കെ. രാഘവൻ ഒരു സംഗീത വിചാരം എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ആര്?
5. കെ. രാഘവന്റെ സംഗീതത്തെക്കുറിച്ച് പഠിക്കാൻ ശ്രമിക്കുമ്പോൾ എവിടേയ്ക്ക് കടന്നു ചെല്ലുന്നു എന്നാണ് ലേഖകൻ പറയുന്നത്?
6. നാടൻ പാട്ടിലെ സംഗീതത്തെ മ്ലേച്ഛമായി കാണുന്ന അവസ്ഥയെ ഉദാഹരിക്കാൻ ആരുടെ ആത്മകഥയെയാണ് ചൂണ്ടിക്കാണിക്കുന്നത്?
7. കായലരികത്ത് എന്ന ഗാനത്തിന്റെ പ്രത്യേകതയായി പറയുന്നതെന്ത്?
8. കച്ചേരിയുടെ അവസാനം ജനങ്ങളുടെ ആവശ്യപ്രകാരം പാടിയിരുന്ന പാട്ട് ഏത്?
9. കെ. രാഘവൻമാസ്റ്ററുടെ സംഗീതത്തിന്റെ പ്രത്യേകതയെന്ത്?
10. കെ രാഘവൻ എന്ന സംഗീതജ്ഞനിലെ ലളിതസംഗീതജ്ഞനെ പുറത്ത് കൊണ്ടു വന്നത് ആര്?
11. വടക്കേ മലബാറിൽ പ്രചാരത്തിലിരുന്ന ഏതു പാട്ടിനെയാണ് 'കടമ്പ' എന്ന ചിത്രത്തിനു വേണ്ടി സ്വീകരിച്ചത്?
12. ആരുമായി ആലോചിച്ചാണ് 'അപ്പോഴും പറഞ്ഞില്ലേ' എന്ന ഗാനം ചിട്ടപ്പെടുത്തിയത്?
13. കടലിന്റെ സംഗീതം മലയാളിക്ക് കിട്ടിയത് ആരിൽ നിന്ന്?
14. രാഘവൻമാസ്റ്റർക്ക് ഏറ്റവും പ്രിയപ്പെട്ട ഗായകൻ ആര്?
15. ആരുമായി ചേർന്നാണ് ശാകുന്തളം കഥ ഉപകരണസംഗീതം ഉപയോഗിച്ച് അവതരിപ്പിച്ചത് ?

SGOU

## Answers

1. കെ. രാഘവൻമാസ്റ്റർ
2. 2010
3. വി.ടി. മുരളി
4. വി.ടി. മുരളി
5. നാടൻപാട്ടിലേയ്ക്ക്
6. കലാമണ്ഡലം ഹൈദരാലി
7. ലാളിത്യം
8. കായലരികത്ത്
9. ശാസ്ത്രീയസംഗീതത്തേയും നാടൻസംഗീതത്തേയും സമന്വയിപ്പിച്ചു
10. പി. ഭാസ്കരൻ

11. അപ്പോഴും പറഞ്ഞില്ലേ
12. തിക്കൊടിയനുമായി
13. സലിൽ ചൗധരി
14. മെഹബൂബ്
15. ഉറൂബ്

## Assignments

1. മലയാള ചലച്ചിത്രഗാന സാഹിത്യത്തെക്കുറിച്ച് ഉപന്യസിക്കുക
2. കെ. രാഘവൻമാസ്റ്റർ ചലച്ചിത്രഗാനസംഗീത ലോകത്തിന് നൽകിയ സംഭാവനകളെ വിവരിക്കുക
3. ലേഖകൻ ചൂണ്ടികാട്ടുന്ന രാഘവൻമാസ്റ്ററുടെ ഗാനങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തുക
4. നാടൻസംഗീതവും ശാസ്ത്രീയസംഗീതവും സമന്വയിപ്പിച്ചു കൊണ്ടുള്ള രാഘവൻമാസ്റ്ററുടെ ഗാനങ്ങളെ കണ്ടെത്തി ആസ്വാദനം തയ്യാറാക്കുക

## Reference

1. വി.ടി. മുരളി, കെ. രാഘവൻ ഒരുസംഗീത വിചാരം, പൂർണ്ണ പബ്ളിക്കേഷൻസ്, കോഴിക്കോട്
2. ഡോ. കുമാരൻ വയലേരി (എ.ഡി.)ചലച്ചിത്രഗാനപഠനങ്ങൾ, സാഹിതി, മലയാള വിഭാഗം, സംസ്കൃത സർവകലാശാല, പയ്യന്നൂർ

## Suggested Reading

1. വി.ടി. മുരളി, പാട്ടുകൊണ്ടൊരു ജീവിതം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. വി.ടി. മുരളി, തുറന്നുവെച്ച സംഗീത ജാലകങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്
3. പി.കെ. ഹരികുമാർ (എഡി.) മലയാള ചലച്ചിത്രഗാനം: സാഹിത്യം ചരിത്രം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം

SGOU

BLOCK-2

3

UNIT

# ആത്മദംശനം

മൈന ഉമൈബാൻ

## Learning Outcomes

- അനുഭവാഖ്യാനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു
- പാരമ്പര്യ വിഷചികിത്സയുടെ പ്രാധാന്യത്തെ അറിയുന്നു
- ലേഖികയുടെ നാട്ടറിവുകളെക്കുറിച്ച് മനസ്സിലാക്കുന്നു
- പാരിസ്ഥിതികവാദത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു

SGOU

## Prerequisite

ഗദ്യസാഹിത്യത്തിലെ പ്രധാനപ്പെട്ട വിഭാഗങ്ങളാണ് ആത്മകഥ, ജീവചരിത്രം, അനുഭവാഖ്യാനം എന്നിവ. സ്വന്തം ജീവിതത്തെ വ്യക്തിതന്നെ എഴുതുന്നതാണ് ആത്മകഥ. മറ്റൊരാളുടെ ജീവിതത്തെ സത്യസന്ധമായി രേഖപ്പെടുത്തുന്നതാണ് ജീവചരിത്രം. ഇതിൽ നിന്നും വ്യത്യസ്തമാണ് ഓർമ്മയെഴുത്ത്. സമകാലിക ഗദ്യസാഹിത്യത്തിൽ അനുഭവാഖ്യാനങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. ജീവിതത്തിലെ മറക്കാനാവാത്ത അനുഭവങ്ങളേയും ജീവിത ചുറ്റുപാടുകളെയും ഓർമ്മിച്ചെടുക്കുകയും അവയെ സാംസ്കാരിക പ്രാധാന്യമുള്ള വസ്തുതകളുമായി ഇണക്കിച്ചേർത്ത് പ്രയോജനപ്രദമായ അറിവുകളായി രേഖപ്പെടുത്തുകയും ചെയ്യുന്നത് ഇന്ന് സർവസാധാരണമാണ്. അന്യംനിന്ന് പോയ നാട്ടറിവുകളെയും പരിസ്ഥിതിചിന്തകളെയും ആത്മകഥാപരമായ അനുഭവക്കുറിപ്പുകളിലൂടെ എഴുതിവയ്ക്കപ്പെടുന്നത് ചരിത്രപരമായി വളരെ പ്രാധാന്യം അർഹിക്കുന്നുണ്ട്.

ജീവന്റെ നിലനിൽപ്പിനും പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കും വെല്ലുവിളി നേരിടുന്ന കാലത്താണ് പരിസ്ഥിതിവാദം പ്രസക്തമായത്. മനുഷ്യരെന്നപോലെ പ്രകൃതിയിലെ എല്ലാ ജന്തുജാലങ്ങൾക്കും ഒരേ പോലെ ജീവിക്കാൻ അവകാശമുണ്ട്. മനുഷ്യജീവന് ഹാനികരമായ കൊടിയ വിഷമുള്ള ഇഴജന്തുക്കളും ഈ പ്രകൃതിയുടെ തന്നെ ഭാഗമാണ്. ഭയവും ആരാധനയും വിശ്വാസവും ഒക്കെ കലർന്ന നിഗൂഢ പരിവേഷമാണ് പാമ്പുകൾക്കുള്ളത്. കണ്ടും കേട്ടുമറിഞ്ഞ ആചാരവിശ്വാസങ്ങളും പാരമ്പര്യമായി ലഭിച്ച വിഷവൈദ്യവും രേഖപ്പെടുത്തി വയ്ക്കുന്ന കൃതിയാണ് ആത്മദംശനം. ഇടുക്കിയുടെ ഹരിതാഭമായ പ്രകൃതിയോടിണങ്ങി ജീവിക്കാൻ ലഭിച്ച അവസരം മൈന

ഉമൈബാൻ എന്ന എഴുത്തുകാരിയുടെ പാരിസ്ഥിതിക വീക്ഷണത്തിന് മുതൽകൂട്ടായി. പാരമ്പര്യചികിത്സയിൽ സ്ത്രീകളുടെ പങ്ക് വളരെ കുറവാണ്. അത്തരമൊരു സാഹചര്യത്തിലാണ് എഴുത്തുകാരി തനിക്ക് ലഭിച്ച അറിവുകളെ ഉപകാരപ്രദമായി പകർന്ന് നൽകുന്നത്. പാമ്പുകളെ സംബന്ധിച്ച അന്ധവിശ്വാസങ്ങളും കെട്ടുകഥകളും നിറഞ്ഞ ഒരു ഭൂതകാലം കേരളീയർക്കുണ്ട്. ഇന്നും അതിൽ ഏറിയ പങ്കും നിലനിൽക്കുന്നുമുണ്ട്. മനുഷ്യന്റെ അജ്ഞതയാണ് ഇത്തരം കെട്ടുകഥകളുടെ അടിസ്ഥാനം. സ്വാനുഭവത്തിൽ നിന്ന് കൊണ്ട് ഈ കഥകളുടെ ശാസ്ത്രീയത മനസ്സിലാക്കുകയും സമൂഹത്തെ അജ്ഞതയിൽ നിന്ന് മോചിപ്പിക്കാനും എഴുത്തുകാരി ശ്രമിക്കുന്നു.

**മൈന ഉമൈബാൻ**

വിഷചികിത്സാഗവേഷകയും അധ്യാപികയും എഴുത്തുകാരിയുമാണ് മൈന ഉമൈബാൻ. ജീവിതഗന്ധിയായ കാര്യങ്ങൾ ലളിതമായ ഭാഷയിൽ വിവരിക്കുന്നതാണ് എഴുത്തുകാരിയുടെ പ്രത്യേകത. ഇടുക്കി ജില്ലയിലെ വാളറയിലാണ് മൈന ഉമൈബാൻ ജനിച്ചത്. പാരമ്പര്യ വിഷചികിത്സയിൽ നല്ല പരിജ്ഞാനമുണ്ട്. പരിസ്ഥിതി-സാമൂഹിക പ്രവർത്തകയാണ്. ആനുകാലികങ്ങളിൽ പരിസ്ഥിതി, സ്ത്രീ, സാമൂഹ്യവിഷയങ്ങൾ എന്നിവയെക്കുറിച്ചുള്ള ലേഖനങ്ങളും കഥകളും എഴുതുന്നു. ഏഴു പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ചന്ദനഗ്രാമം, വിഷചികിത്സ, ആത്മദംശനം, പെൺനോട്ടങ്ങൾ, കേരളീയ വിഷചികിത്സാ പാരമ്പര്യം, ചുവപ്പുപട്ടയംതേടി, ഒരുത്തി എന്നിവ പ്രധാനപ്പെട്ട രചനകളാണ്. മറയൂരിനെ കേന്ദ്രമാക്കി എഴുതിയ നോവലാണ് ചന്ദനഗ്രാമം. 'ആത്മദംശനവും' 'പെൺനോട്ടങ്ങളും' ലേഖനസമാഹാരങ്ങളാണ്. 'ചുവപ്പുപ്പട്ടയം തേടി' യാത്രാവിവരണമാണ്. 'ഒരുത്തി' കഥാസമാഹാരമാണ്. പരിസ്ഥിതി ദർശനത്തിൽ ഊന്നി നിൽക്കുന്ന ലേഖനങ്ങളാണ് ആത്മദംശനം എന്ന കൃതിയിൽ ഉൾപ്പെടുന്നത്.

SGOU

## Keywords

ആത്മദംശനം- മുറുക്കുന്നത്ത- പാലമൂട്ടിൽ കുടുംബം -വിഷചികിത്സ - മന്ത്രവാദം - നാട്ടറിവുകൾ - പാരമ്പര്യ ചികിത്സ - ഔഷധസസ്യങ്ങൾ


## Discussion



പരിസ്ഥിതിയെക്കുറിച്ചുള്ള ലേഖന സമാഹാരമാണ് ആത്മദംശനം എന്ന കൃതി. നമ്മുടെ കാലാവസ്ഥയ്ക്ക് വ്യതിചലനം സംഭവിച്ചുകൊണ്ടിരിക്കുന്ന കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ആഗോളതാപനം അതിന്റെ രൂക്ഷതയിൽ എത്തിനിൽക്കുന്നു. ഈ അവസരത്തിൽ പ്രകൃതിയോടിണങ്ങി ജീവിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും കൃഷിയുടെയും വിഷചികിത്സയുടെയും നാട്ടറിവുകൾ പകർന്നു തരികയും ചെയ്യുന്ന പരിസ്ഥിതി ലേഖനങ്ങളാണ് ആത്മദംശനം എന്ന

പുസ്തകത്തിലുള്ളത്. ഇവയെല്ലാം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചവയാണ്.

നീലഗിരിയിലെ കുന്നിൽചെരിവിലൂടെ നടക്കുമ്പോൾ കാണപ്പെട്ട പാമ്പിൻപടങ്ങൾ എഴുത്തുകാരിയുടെ മനസ്സിനെ ബാല്യകാലത്തിലേക്ക് തള്ളിവിട്ടു. ചെറുപ്പത്തിൽ കണ്ട പാമ്പിൻ പടങ്ങൾ, അവക്കുള്ളിലെ പാമ്പുകൾക്ക് എന്ത് സംഭവിച്ചു എന്നറിയാനുള്ള ജിജ്ഞാസ ഉണ്ടാക്കി. കുറച്ചുകൂടി വളർന്നതിനുശേഷമാണ് സർപ്പങ്ങൾ, വർഷത്തിൽ മൂന്ന് പ്രാവശ്യം പടം പൊഴിക്കുമെന്നും പൊഴിയാറാകുമ്പോൾ മന്ദന്മാരായിരിക്കും എന്നും പൊഴിഞ്ഞാൽ വീരശൂരപരാക്രമികളാവുമെന്നും അറിഞ്ഞത്. മൂന്നാംക്ലാസ്സിൽ പഠിക്കുമ്പോഴാണ് സഹപാഠി പാമ്പുകടിയേറ്റ് മരിക്കുന്നത്. പാമ്പുകടിയേറ്റാൽ രക്ഷപ്പെടില്ലേയെന്നും രക്ഷപ്പെടുത്താൻ ആർക്കും കഴിയില്ലേ എന്നുമായിരുന്നു എഴുത്തുകാരിയുടെ അക്കാലത്തെ വേവലാതി.





പാരമ്പര്യമായി വൈദ്യന്മാരായിരുന്നു മൈന ഉമൈബാന്റെ കുടുംബം. 'മുറുക്കുന്നത്ത' എന്ന് വിളിക്കുന്ന അച്ഛന്റെ അച്ഛൻ പോലീസിൽ യോഗാഭ്യാസ മാസ്റ്ററായിരുന്നു. ജോലി കിട്ടുന്നതിനു മുമ്പ് വൈദ്യമായിരുന്നു തൊഴിലെങ്കിലും പിന്നീടത് തുടർന്നില്ല. വിരമിച്ച ശേഷവും സ്വന്തം ആവശ്യത്തിനുമാത്രം ഉപയോഗിക്കുന്നതായിരുന്നു വൈദ്യം. മൃഗചികിത്സ, ബാലചികിത്സ, മന്ത്രവാദം തുടങ്ങി എല്ലാതരം ചികിത്സയുമുണ്ടായിരുന്നു.

കുടുംബത്തിലെ മന്ത്രവാദികളെക്കുറിച്ചുള്ള പഴയകഥകൾ ലേഖിക ഓർക്കുന്നു. പാറപ്പുറത്ത് എന്നായിരുന്നു ആദ്യം അവരുടെ കുടുംബപ്പേര്. എന്നാൽ ഇപ്പോൾ അത് പാലമൂട്ടിൽ എന്നാണ്. പൊൻകുന്നത്തും മുണ്ടക്കയത്തുമായിരുന്നു പൂർവികരുടെ സങ്കേതം. മുണ്ടക്കയത്തെ ഒരു പൊതു വഴിക്കരികിൽ ഒരു പാല നിന്നിരുന്നു. ആ പാലയിൽ വെള്ളിയാഴ്ച രാത്രികളിൽ ഗന്ധർവൻ തേരു വരുമായിരുന്നുവത്രെ. രാത്രി ആ വഴി വരുന്നവർ ഗന്ധർവ ശല്യത്താൽ പൊറുതിമുട്ടി, മുറുക്കുന്നത്തയുടെ അത്ത ഖാദർകണ്ണു റാവുത്തറെ സമീപിച്ചു. അദ്ദേഹം ഒരു വെള്ളിയാഴ്ച പാലമരത്തിനു ചുവട്ടിൽ ഗന്ധർവനെ കാത്തിരുന്നു. രാത്രി തേരിലെത്തിയ ഗന്ധർവനെ വഴിമാറ്റി വിട്ടു. അതിനുശേഷം പാറപ്പുറത്ത് എന്ന അവരുടെ കുടുംബപ്പേര് നാട്ടുകാർ പാലമൂട്ടിൽ എന്നാക്കി. പിന്നെയും മന്ത്ര വാദകഥകൾ ധാരാളമുണ്ടായിരുന്നു.

ചെറുപ്പത്തിൽ പാമ്പുകളെക്കുറിച്ചുള്ള കേട്ടറിവുകൾ ഏറെയായിരുന്നു. അവരുടെ വീടിനടത്തു കൂടിയായിരുന്നു ദേവിയാർ ഒഴുകുന്നത്. വടക്ക് മുടിപ്പാറമലയും തെക്ക് കുതിരകുത്തി മലയും. കുതിരകുത്തി മലയ്ക്കപ്പുറം കൊടും വനമായിരുന്നു. കാട്ടിലും പറമ്പിലും വിഷമുള്ളതും ഇല്ലാത്തതുമായ ഒട്ടേറെ പാമ്പുകൾ. പക്ഷേ വെള്ളത്തിലൂടെ ഒഴുകിപ്പോകുന്ന നീർക്കോലിയെ മാത്രമാണ് കണ്ടിട്ടുള്ളത്. ലേഖിക താമസിച്ചിരുന്ന ആ പ്രദേശത്തെ പ്രകൃതിയെക്കുറിച്ച് വിശദമായി വിവരിച്ചിട്ടുണ്ട്.

ഒരു ദിവസം നാട്ടിലെത്തിയപ്പോഴാണ് മുറുക്കുന്നത്ത വിഷമേറ്റ ഒരു കുട്ടിയെ ചികിത്സിക്കുന്നത് കാണുന്നത്. ചുരുട്ട എന്ന പാമ്പാണ് കടിച്ചതെന്നും സാരമില്ലെന്നും അദ്ദേഹം പറഞ്ഞു. ചുരുട്ടയെ കാണുവാൻ പറ്റുമോ എന്ന ചോദ്യത്തിന് അതിന്റെ രൂപം വിവരിച്ചുകൊടുത്തു. അതിൽ തൃപ്തിയാ

കാതെ വന്നപ്പോൾ ഉച്ചയോടടുത്ത സമയത്ത് മണ്ണിൽ ആലസ്യപ്പെട്ടു കിടക്കുന്ന ചുരുട്ടയെ മുറുക്കുന്നത്ത കാണിച്ചു കൊടുത്തു. പാമ്പിനെ മന്ത്രം ചൊല്ലി വരുത്തുന്നതിനെക്കുറിച്ച് അവ്യക്തമായി എന്തൊക്കെയോ കേട്ടിട്ടുണ്ടെങ്കിലും ആ കാഴ്ച അവിശ്വസനീയമായിരുന്നു. അഞ്ചിൽ പഠിക്കുമ്പോഴാണ് ടീച്ചർ കുട്ടികളോട് ഭാവിയിൽ ആരാകണം എന്ന് ചോദിച്ചത്. മറ്റു കുട്ടികൾ പറഞ്ഞതുപോലെ ഡോക്ടറാകണമെന്നാണ് ലേഖികയും പറഞ്ഞത്. പക്ഷേ ചികിത്സിക്കണം എന്ന ആഗ്രഹമൊന്നും അപ്പോഴുമുണ്ടായിരുന്നില്ല. ആകാംക്ഷയെ ശമിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം.




എന്നാൽ മുറുക്കുന്നത്തക്ക് ചികിത്സാരഹസ്യം കൈമാറുന്നതിന് താല്പര്യമില്ലായിരുന്നു. അലോപ്പതിയുടെ ഉയർച്ചയും ആയുർവേദത്തോടുള്ള ആളുകളുടെ അകൽച്ചയുമായിരുന്നു ഒരു കാരണം. മക്കൾക്കൊന്നും മന്ത്രത്തിലും ചികിത്സയിലുമൊന്നും താത്പര്യവുമില്ലായിരുന്നു. ചികിത്സ പഠിക്കണം എന്ന മൈനയുടെ നിർബന്ധത്തിനുമുമ്പിൽ പത്താം ക്ലാസ്സ് കഴിയട്ടെ എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ചികിത്സക്ക് കൂടുതൽ ആളുകൾ വരാൻ തുടങ്ങി. നാട്ടുകാരിലധികവും കൃഷിയും വനവുമായാണ് ഉപജീവനം കഴിക്കുന്നത്. രോഗികൾ വൈദ്യനെ തേടിവരുന്നത് വിഷമേറ്റ് രണ്ടോ മൂന്നോ ദിവസങ്ങൾ കഴിഞ്ഞിട്ടായിരിക്കും. മരുന്നുകൾ പറിച്ചു കൊണ്ടുവരിക, അരച്ചു കൊടുക്കുക, രോഗിയുടെ പ്രതികരണങ്ങൾ മനസ്സിലാക്കുക തുടങ്ങിയ കാര്യങ്ങളാണ് ആദ്യം മൈന പഠിച്ചു തുടങ്ങിയത്. സാവധാനം പാമ്പു കടിച്ച മുറിപ്പാടും ദംശപ്രദേശവും പ്രതികരണങ്ങളും കണ്ട് ഏത് പാമ്പാണ് കടിച്ചത്, എന്ത് മരുന്ന് നൽകാം എന്നെല്ലാം മനസ്സിലാക്കാൻ തുടങ്ങി. ദംശപ്രദേശത്ത് വിരൽ തൊട്ടാൽ വിഷമുണ്ടെങ്കിൽ ഒരു വൈദ്യുതപ്രവാഹം പോലെ എന്തോ ഒന്ന് അവരുടെ വിരലിനുള്ളിലൂടെ കടന്നുപോകുന്നത് തിരിച്ചറിഞ്ഞു തുടങ്ങി.

ചികിത്സ പഠിക്കുന്നതിന്റെ ആദ്യഭാഗമായി ഭക്ഷണരീതി മാറ്റി. സാവധാനം ഭക്ഷണത്തിൽനിന്നും ഇറച്ചിയും മീനും ഒഴിവാക്കി. പത്താംക്ലാസ്സ് പരീക്ഷ കഴിഞ്ഞതിന്റെ പിറ്റേദിവസം ദക്ഷിണവെച്ച് നമസ്ക്കരിച്ച് പഠിക്കാനിരുന്നു. ആദ്യംതന്നെ മുറുക്കുന്നത്ത ഒരു നോട്ടുബുക്കിൽ എന്തൊക്കെയോ എഴുതി വായിക്കാൻ കൊടുത്തു. വായിക്കാൻ തുടങ്ങിയതേ വിറയ്ക്കാൻ തുടങ്ങി. ഒരു തളർച്ച തോന്നി. കുറെ മന്ത്രങ്ങളായിരുന്നു അത്. പേടിച്ചു എന്ന് മനസ്സിലാക്കിയപ്പോൾ അദ്ദേഹം ധൈര്യത്തിന് മറ്റൊരു മന്ത്രം ഓതിക്കൊടുത്തു. അത് ഇപ്പോഴും ചൊല്ലിക്കൊണ്ടിരിക്കുന്നു.

മൈനയുടെ പൂർവികർ ഹിന്ദുക്കളായിരുന്നു എന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്. ടിപ്പുവിന്റെ പടയോട്ടക്കാലത്തോ മറ്റോ ആണ് ഇസ്ലാംമതം സ്വീകരിക്കുന്നത്. അനഫി വിഭാഗക്കാരായിരുന്നു. സംസാരഭാഷ തമിഴായിരുന്നു. തൊഴിൽ വൈദ്യമായിരുന്നതുകൊണ്ട് മതം മാറിയെങ്കിലും തലമുറയായി കൈമാറി വന്ന ചികിത്സ ഉപേക്ഷിച്ചില്ല. കൂടാതെ ചില ആരാധനാമൂർത്തികളെ സേവിക്കുകയും ചെയ്തിരുന്നു. പാരമ്പര്യമായി എല്ലാം കൈമാറുക എന്നാൽ ആരാധനാമൂർത്തികളെയടക്കം കൈമാറുക എന്നതായിരുന്നു അർഥം. എന്നാൽ മുറുക്കുന്നത്ത

SGOU

അതിന് തയ്യാറായിരുന്നില്ല. വിഷചികിത്സ മാത്രമാണ് മൈനക്ക് കൈമാറിയത്. ചികിത്സക്കായി പറഞ്ഞുകൊടുത്ത മന്ത്രങ്ങളിൽ ചിലതിൽ ഇസ്ലാമായിരുന്നു നിഴലിച്ചത്. ചിലതിൽ ഹൈന്ദവ മന്ത്രങ്ങളും, പഠിച്ച മന്ത്രങ്ങളൊന്നും പ്രയോഗത്തിലാക്കാൻ മൈന ശ്രമിച്ചില്ല. വെള്ളമോതിയൊഴിക്കുക, മരുന്ന് മന്ത്രം ജപിച്ച് നൽകുക എന്നിവയാണ് ചെയ്തിരുന്നത്.

പുരാതനസംസ്കാരങ്ങളിലെല്ലാം പാമ്പും വിശ്വാസവും ആരാധനയും കൂടിക്കലർന്നു കിടക്കുന്നു. ചിലർ ദേവന്റെ സ്ഥാനത്തേക്കുയർത്തി. ചിലർ രോഗശാന്തിയുടെ ചിഹ്നമായി സ്വീകരിച്ചു. കാമത്തിന്റെയും രതിയുടെയും പ്രതീകമാക്കി മറ്റുചിലർ. സർപ്പത്തോടുള്ള ഭയമാണ് ആരാധനയുടെയും വിശ്വാസത്തിന്റെയും പുറകിലുള്ളത്. പാമ്പുകടിയേൽക്കുന്നത് സർപ്പകോപം മൂലമാണെന്നും കാലന്റെ കടിയാണെന്നുമൊക്കെയാണ് ഇപ്പോഴുമുള്ള വിശ്വാസം. 'മന്ത്രൗഷധാദിയായിട്ടു ചെയ്വൂ വിഷചികിത്സയെ' എന്നാണ് ഗ്രന്ഥങ്ങളിലുള്ളത്. മരുന്നുകൊണ്ട് വിഷവും മന്ത്രംകൊണ്ട് കാലക്കേടും മാറുമെന്നാണ് വിശ്വസിക്കുന്നത്.

മൈനയുടെ ഓർമ്മയിൽ, പാമ്പു കടിച്ചു എന്ന് കണ്ണുകൊണ്ട് കണ്ട ഒരാളെയും വെറുതെ കടിച്ചതല്ല. ചവിട്ടിയിട്ടോ, പുല്ലരിയുമ്പോഴോ കൂട്ടിപ്പിടിക്കുമ്പോഴോ ഒക്കെയായിരുന്നു പാമ്പുകടിച്ചിരുന്നത്. പകവെച്ചു കടിച്ചതായോ തേടിവന്നു കടിച്ചതായോ അവരുടെ അറിവിലില്ല. എന്നാൽ ഇപ്പോഴും അത്ഭുതപ്പെടുത്തുന്ന, എത്ര ചിന്തിച്ചിട്ടും ഉത്തരം കിട്ടാത്ത ചില അനുഭവങ്ങളുണ്ട്. അതിലൊന്ന് ഒരു വർഷത്തിനുള്ളിൽ അഞ്ചു പ്രാവശ്യം പാമ്പു കടിച്ച പത്തൊൻപതുകാരിയാണ്. എല്ലാ പ്രാവശ്യവും അവൾ പാമ്പിനെ കണ്ടിരുന്നു. എന്തുകൊണ്ടാണ് വീണ്ടും വീണ്ടും കടിയേൽക്കേണ്ടി വരുന്നത് എന്നറിയില്ല. അവരുടെ ചോദ്യങ്ങൾക്കൊന്നും ഉത്തരമില്ലാത്തത് മൈനയെ വിഷമിപ്പിച്ചിരുന്നു. ഇരതേടുക, വിശ്രമിക്കുക എന്നതിലപ്പുറം വികാസം പ്രാപിച്ച മസ്തിഷ്കമല്ല പാമ്പുകളുടേത്. ശപിക്കാനുള്ള കഴിവോ പകവെച്ച് കടിക്കാനോ ഉള്ള ഓർമ്മയുമില്ല. അവധി ദിവസങ്ങളിൽ കാട്ടിൽ ചുള്ളിപെറുക്കാൻ പോയിരുന്ന അനുഭവം മൈന പങ്കുവെക്കുന്നു. മറയൂർക്കാട്ടിലെ പൊന്തകളിൽ പാമ്പുകളെ അവർ കണ്ടിട്ടില്ല. പക്ഷേ കാട്ടിലെ ഏതോ മരച്ചുവട്ടിൽ പാമ്പുകളുടെ അസ്ഥികൂടങ്ങളുണ്ടായിരുന്നുവെന്നും ആ മരം പാമ്പുകളെ ആകർഷിക്കുന്നുവെന്നും പാമ്പുകളെല്ലാം അവിടെയെത്തുമ്പോൾ മരിച്ചുപോകുന്നുവെന്നും കാട്ടിൽ ആളുകളെ മേയ്ക്കാൻ പോകുന്നവർ പറഞ്ഞിരുന്നു. ആ മരം അണലിവേഗമാവാം എന്ന് മുറുക്കുന്നത്ത പറഞ്ഞു. അണലിവേഗത്തിന്റെ വേര് ശരീരത്തിലുണ്ടെങ്കിൽ പാമ്പു കടിയേൽക്കില്ലെന്ന വിശ്വാസത്തിൽ ആദിവാസികളിൽ പലരും അത് ധരിച്ചു നടക്കാറുണ്ട്.

ചികിത്സയ്ക്കുവരുന്നവർ ഒരുപാട് സംശയങ്ങൾ ചോദിക്കാറുണ്ട്. എന്നാൽ വിഷം ശരീരത്തിന്റെ വിവിധ ധാതുക്കളിലേയ്ക്ക് പടരുമ്പോൾ മാത്രമേ ദർശന-സ്പർശന സ്വഭാവങ്ങൾ നഷ്ടപ്പെടുകയുള്ളൂ. മൂത്രതടസ്സം നേരിടുന്നത് വിഷം ശരീരത്തിന്റെ അന്തർഭാഗത്ത് എത്തുമ്പോൾ മാത്രമാണ്. കടിയേൽക്കുമ്പോൾ തന്നെ മൂത്രമൊഴിക്കാൻ പറ്റാത്തത് പലപ്പോഴും ഭയം മൂലമാണ്.

വിഷചികിത്സ അറിയാം എന്നല്ലാതെ പഠിച്ചു എന്ന് പറയാനാകില്ലെന്ന് ലേഖിക അഭിപ്രായപ്പെടുന്നു. പ്രകൃതിയിൽ നമ്മെപ്പോലെ ജീവിക്കാൻ അവകാശമുള്ള ജീവികളാണ് വിഷജന്തുക്കളും. സ്വരക്ഷയ്ക്ക് പ്രകൃതി തന്നെ നൽകിയിരിക്കുന്നതാണ് വിഷപ്പല്ലുകളും വിഷവും. ഒരാൾക്ക് കടിയേറ്റാൽ പ്രകൃതിതന്നെ അതിനുള്ള പ്രതിവിധിയും ഒരുക്കിവെച്ചിട്ടുണ്ട്. അതാണ് ഔഷധസസ്യങ്ങൾ. വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞതുപോലെ ഈ ഭൂമി മനുഷ്യർക്കു മാത്രമല്ല; എല്ലാ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ്.

സാമൂഹികപ്രവർത്തകയും അധ്യാപികയും വിഷചികിത്സാഗവേഷകയും എഴുത്തുകാരിയുമാണ് മൈന ഉമൈബാൻ. സ്നേഹമാണ് മറ്റു ജീവികളിൽനിന്ന് മനുഷ്യരെ വ്യത്യസ്തരാക്കുന്നതെന്ന് അവർ വിശ്വസിക്കുന്നു. ജീവിതഗന്ധിയായ കാര്യങ്ങൾ ലളിതമായ ഭാഷയിൽ എഴുത്തുകാരി അവതരിപ്പിക്കുന്നു. പരിസ്ഥിതിയെക്കുറിച്ചുള്ള ലേഖനസമാഹാരമാണ് ആത്മദംശനം എന്ന കൃതി. പ്രകൃതിയോടിണങ്ങി ജീവിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും



SGOU

കൃഷിയുടെയും വിഷചികിത്സയുടെയും നാട്ടറിവുകൾ പകർന്നു തരികയും ചെയ്യുന്ന ലേഖനങ്ങളാണ് ഈ കൃതിയിലുള്ളത്. പാരമ്പര്യമായി വൈദ്യന്മാരായിരുന്നു മൈന ഉമൈബാന്റെ കുടുംബം. വിഷചികിത്സയ്ക്കും മന്ത്രവാദത്തിനും പേരുകേട്ടതായിരുന്നു അവരുടെ കുടുംബം. തന്റെ മുത്തച്ഛൻ പാമ്പു കടിയേറ്റവരെ ചികിത്സിക്കുന്നത് കണ്ടപ്പോൾ തനിക്കും അത് പഠിക്കണമെന്ന ആഗ്രഹം അവർക്കുണ്ടായി. എന്നാൽ ആദ്യമൊന്നും മുത്തച്ഛൻ അതിന് തയ്യാറായിരുന്നില്ല. പക്ഷേ പിന്നീട് മൈനയുടെ നിർബന്ധത്തിന് അദ്ദേഹം വഴങ്ങി. പത്താംക്ലാസ്സ് കഴിഞ്ഞതിനുശേഷം മുത്തച്ഛൻ അവരെയും കൂടെ കൂട്ടി. സാവധാനം വിഷചികിത്സയെക്കുറിച്ച് പഠിപ്പിച്ചു തുടങ്ങി. വിഷചികിത്സ പഠിയ്ക്കുന്നതിനുവേണ്ടി അവർ നടത്തിയ തയ്യാറെടുപ്പുകളും പിന്നീടുണ്ടായ അവരുടെ അനുഭവങ്ങളുമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

## Recap

- പാരിസ്ഥിതിക വീക്ഷണം
- പ്രകൃതിയോടിണങ്ങി ജീവിക്കുന്നതിന്റെ പ്രാധാന്യം
- കൃഷിയുടെയും വിഷചികിത്സയുടെയും നാട്ടറിവുകൾ
- പാമ്പുകളുടെ ജീവിതത്തെക്കുറിച്ചുള്ള ജിജ്ഞാസ
- പാരമ്പര്യമായി വൈദ്യകുടുംബം
- വിഷവൈദ്യത്തെക്കുറിച്ചുള്ള അറിവുകൾ മുറുക്കുന്നത്തയിൽ നിന്ന് മനസ്സിലാക്കുന്നു
- ചികിത്സാരഹസ്യം കൈമാറാൻ വൈമുഖ്യം കാണിച്ചത് അലോപ്പതിയുടെ ഉയർച്ചയും ആയുർവേദത്തോടുള്ള അകൽച്ചയും
- മരുന്നുകൾ നിർമ്മിക്കാനും രോഗിയുടെ പ്രതികരണങ്ങൾ മനസ്സിലാക്കാനും ആദ്യം പഠിച്ചു
- ഭക്ഷണരീതിയിൽ മാറ്റം വരുത്തി
- വിഷചികിത്സയിൽ ഹൈന്ദവമന്ത്രങ്ങൾ ഉണ്ടായിരുന്നു
- പുരാതന സംസ്കാരങ്ങളിലെല്ലാം പാമ്പും വിശ്വാസവും ആരാധനയും കൂടിക്കലർന്ന് കിടക്കുന്നു
- സർപ്പത്തോടുള്ള ഭയമാണ് ആരാധനയുടെയും വിശ്വാസത്തിന്റേയും പുറകിലുള്ളത്
- മന്ത്രൗഷധിയായിട്ടു ചെയ്വൂ വിഷചികിത്സയെ – എന്നാണ് ഗ്രന്ഥങ്ങളിൽ
- മരുന്നുകൊണ്ട് വിഷവും മന്ത്രംകൊണ്ട് കാലക്കേടും മാറുമെന്ന വിശ്വാസം
- ശപിക്കാനോ പക വെച്ച് കടിക്കാനോ ഉള്ള ഓർമ്മ പാമ്പുകൾക്കില്ല
- അണലിവേഗത്തിന്റെ വേര് ശരീരത്തിലുണ്ടെങ്കിൽ പാമ്പു കടിയേൽക്കില്ലെന്ന വിശ്വാസം
- വിഷം ശരീരത്തിന്റെ വിവിധധാതുക്കളിൽ എത്തുമ്പോൾ ദർശന സ്പർശന സ്വഭാവം നഷ്ടപ്പെടും
- പ്രകൃതിയിൽ ജീവിക്കാൻ അവകാശമുള്ളവരാണ് വിഷജന്തുക്കളും
- പ്രകൃതി തന്നെ പ്രതിവിധി ഒരുക്കിയിട്ടുണ്ട്
- നാട്ടറിവുകൾ പകർന്നു തരുന്നു

## Objective Questions

1. മൈന ഉമൈബാന്റെ പരിസ്ഥിതി സംബന്ധമായ ലേഖനസമാഹാരം ഏത്?
2. മറയൂരിനെ കേന്ദ്രമാക്കി മൈന ഉമൈബാൻ രചിച്ച നോവൽ?
3. ചുവപ്പുപ്പട്ടയം തേടി ഏതു വിഭാഗത്തിൽപ്പെടുന്ന കൃതിയാണ്?
4. എഴുത്തുകാരിയുടെ മനസ്സിനെ ബാല്യകാലത്തിലേക്ക് തള്ളിവിട്ടത് എന്താണ്?
5. പാരമ്പര്യമായി മൈനയുടെ കുടുംബം ആരായിരുന്നു?
6. ലേഖിക വിഷചികിത്സ പഠിക്കണം എന്ന് ആഗ്രഹിച്ചത് എന്തുകൊണ്ട്?
7. ആരിൽ നിന്നാണ് ലേഖികയ്ക്ക് പാരമ്പര്യ വിഷവൈദ്യത്തെക്കുറിച്ചുള്ള അറിവുകൾ ലഭിക്കുന്നത്?
8. ചികിത്സ പഠിക്കുന്നതിന്റെ ആദ്യഭാഗമായി എന്താണ് ചെയ്തത്?
9. മൈനയുടെ പൂർവികർ ആരായിരുന്നു?
10. മൈനയുടെ പൂർവികൾ ഇസ്ലാം മതം സ്വീകരിക്കുന്നതെപ്പോൾ?
11. വിഷചികിത്സയിൽ പ്രധാനം എന്തായിരുന്നു?
12. ആരാധനയുടെയും വിശ്വാസത്തിന്റെയും പുറകിലുള്ളത് എന്താണെന്നാണ് എഴുത്തുകാരി പറയുന്നത്?
13. പ്രാചീനഗ്രന്ഥങ്ങളിൽ വിഷചികിത്സയെക്കുറിച്ച് പറഞ്ഞിട്ടുള്ളത് എന്ത്?
14. എന്തുണ്ടെങ്കിലാണ് പാമ്പുകടിയേൽക്കില്ലെന്ന വിശ്വാസമുള്ളത്?
15. കടിയേൽക്കുമ്പോൾ തന്നെ മൂത്രമൊഴിക്കാൻ പറ്റാത്തത് എന്തുകൊണ്ടാണ് ?
16. വിഷചികിത്സയ്ക്ക് പ്രകൃതിതന്നെ ഒരുക്കിയ പ്രതിവിധിയെന്ത്?

SGOU

## Answers

1. ആത്മദംശനം
2. ചന്ദനഗ്രാമം
3. യാത്രാവിവരണം
4. നീലഗിരിയുടെ കുന്നിൽചെരുവിലൂടെയുള്ള നടത്തം
5. വൈദ്യന്മാർ
6. ജിജ്ഞാസയെ ശമിപ്പിക്കാൻ
7. മുറുക്കുന്നത്ത
8. ഭക്ഷണ ശൈലി മാറ്റി
9. ഹിന്ദുക്കൾ
10. ടിപ്പുവിന്റെ പടയോട്ടക്കാലത്ത്
11. മന്ത്രങ്ങൾ

12. സർപ്പത്തോടുള്ള ഭയം
13. മന്ത്രൗഷധാദിയായിട്ടു ചെയ്വൂ വിഷചികിത്സയെ
14. അണലിവേഗത്തിന്റെ വേര് ശരീരത്തിൽ
15. ഭയംമൂലം
16. ഔഷധസസ്യങ്ങൾ

## Assignments

1. പരിസ്ഥിതിദർശത്തിന്റെ പ്രാധാന്യം ആത്മദംശനം എന്ന ലേഖനത്തെ ആസ്പദമാക്കി ചർച്ച ചെയ്യുക
2. നാട്ടറിവുകൾ മനുഷ്യജീവിതവുമായി ബന്ധപ്പെട്ട് നിൽക്കുന്നതിന്റെ ഉദാഹരണങ്ങൾ കണ്ടെത്തുക
3. വിഷചികിത്സുമായി ബന്ധപ്പെട്ട വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും വിശദമാക്കുക
4. മൈന ഉമൈബാൻ പാരമ്പര്യമായി കിട്ടിയ വിഷചികിത്സാ അറിവിനെ പാരിസ്ഥിതിക ബോധത്തിൽ നോക്കിക്കാണുന്നതെങ്ങനെയെന്ന് വിവരിക്കുക

## Reference


1. മൈന ഉമൈബാൻ, ആത്മദംശനം, മാതൃഭൂമി ബുക്സ്, കോഴിക്കോട്
2. പ്രൊഫ. പന്മന രാമചന്ദ്രൻ നായർ, പരിസ്ഥിതി പഠനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം


## Suggested Reading


1. മൈന ഉമൈബാൻ, കേരളീയ വിഷചികിത്സാ പാരമ്പര്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം


SGOU

# 3
# BLOCK

SGOU

# UNIT 1

# കുടിയേറ്റക്കാരന്റെ വീട്

വി. മുസഫർ അഹമ്മദ്

## Learning Outcomes

- പ്രവാസം എന്തെന്ന് തിരിച്ചറിയുന്നു
- പ്രവാസം, കുടിയേറ്റം എന്നിവയുടെ വ്യത്യാസത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു.
- യാത്രാവിവരണസാഹിത്യത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു.
- മുസഫർ അഹമ്മദിന്റെ കൃതികളിലെ വൈവിധ്യം തിരിച്ചറിയുന്നു

## Prerequisite

മനുഷ്യൻ സാമൂഹ്യജീവിയായി തീരുന്നതിന് എത്രയോ മുൻപുതന്നെ ഒറ്റയ്ക്കോ സംഘമായോ ദേശാന്തരഗമനം നടത്തിയിരുന്നു. വാസയോഗ്യമായ ഇടം തേടിയോ ഭക്ഷണസാമഗ്രികൾ അന്വേഷിച്ചോ നടത്തിയ ഇത്തരം സഞ്ചാരങ്ങളിൽ കുടിയേറ്റത്തിന്റെ ചരിത്രം ആരംഭിച്ചിരുന്നുവെന്നു കാണാം. അന്യദേശസഞ്ചാരങ്ങളുടെ ദൂരം ഭൂഖണ്ഡങ്ങൾ കടന്ന് ലോകവ്യാപകമായി പരക്കുവാൻ തുടങ്ങിയതാണ് സാംസ്കാരികോന്നതിയുടെയും സാമ്പത്തികാഭിവൃദ്ധിയുടെയും മതാത്മകവിശ്വാസങ്ങളുടെയും ഉയർച്ചയ്ക്ക് ഓരോ ജനതയ്ക്കും കാരണമായതെന്ന് നിസ്സംശയം പറയാം. സംഘടിതമായോ അസംഘടിതമായോ ജനത നടത്തുന്ന പ്രയാണങ്ങളുടെ ബാക്കിപത്രങ്ങളാണ് ഓരോ ജനതയുടെയും സാംസ്കാരിക സങ്കലനത്തിന്റെയും വിജ്ഞാനസമ്പത്തിന്റെയും അടിത്തറ. അതിനാൽ പരദേശങ്ങളെ തേടിയുള്ള ഈ യാത്രയിലാണ് മനുഷ്യസമൂഹത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. പ്രതികൂലമായ ചുറ്റുപാടുകളോടുള്ള വെല്ലുവിളികളായിരുന്നു അതിജീവനത്തിന്റെ ആദ്യഘട്ടം. ദുർഘടമായ ഈ പ്രതിസന്ധി അതിജീവിച്ചുകൊണ്ടാണ് ഓരോ ജനതയും തങ്ങളുടെ സ്വത്വത്തെ കണ്ടെത്തുന്നത്. ഇന്നും അനുസ്യൂതം തുടർന്നു വരുന്ന കുടിയേറ്റജീവിതങ്ങൾ നരവംശത്തിൽ പുതിയ സ്വത്വനിർമ്മിതിയിലേക്ക് കടന്നുവരുന്നു. അക്കാദമിക് സമൂഹത്തിൽ ഡയസ്പോറ എന്നവാക്കുപയോഗിച്ച് നടത്തപ്പെടുന്ന പ്രവാസപഠനങ്ങൾ മനുഷ്യന്റെ ആവാസത്തിന്റെ വിഭിന്ന മേഖലകളെ, വ്യത്യസ്ത അനുഭവങ്ങളെ സാംസ്കാരികാധിനിവേശത്തെ സാംസ്കാരികാഭ്യുന്നതിയെ ഒക്കെ ആഴത്തിൽ പഠിക്കുന്നതിനു സജ്ജരാക്കുന്നു. ഓരോ സമൂഹത്തിന്റെയും കുടിയേറ്റത്തിന്റെയും കുടിയിറക്കത്തിന്റെയും ചരിത്രം പരിശോധിക്കുന്നത്, ആ സമൂഹത്തിന്റെ ചരിത്രനിർമ്മിതിയിൽ വളരെ വലിയ പങ്കാണു വഹിക്കുന്നത്.



SGOU

ദേശാന്തര സഞ്ചാരങ്ങളുടെ സാഹിതീയരൂപങ്ങൾ മലയാളത്തിൽ പാറേമാക്കൽ തോമാകത്തനാരുടെ വർത്തമാനപുസ്തകത്തിലൂടെയാണ് ആരംഭിക്കുന്നതെങ്കിലും എസ്.കെ. പൊറ്റെക്കാട്ടിലൂടെയാണ് മലയാളികൾക്ക് അത് ചിരപരിചിതമാകുന്നത്. യാത്രകളെ കാല്പനികമായും ദാർശനികമായും സമീപിക്കുന്ന എഴുത്തുകാർ വളരെ ചുരുക്കം പിൽക്കാലത്ത് ഉണ്ടായിട്ടുണ്ട്. എന്നാൽ കുടിയേറ്റത്തിന്റെ ചരിത്രം അനാവൃതമാക്കുന്ന സാഹിത്യകൃതികൾ വളരെ കുറവായിരുന്നു. മലയാളികൾക്ക് വളരെ പണ്ടുമുതൽക്കുതന്നെ കൃത്യമായൊരു പ്രവാസചരിത്രം ഉണ്ടെന്നിരിക്കെ അതിനെ സംബന്ധിച്ച ആധികാരികമായ ചരിത്രരേഖകളോ സാഹിത്യകൃതികളോ വിരലിലെണ്ണാവുന്നവ മാത്രമായിരുന്നു ഈ അടുത്ത കാലംവരേയും. കോളനിവല്കരണത്തിന്റെ ഭാഗമായി കേരളത്തിൽ നിന്നും കടൽ കടന്നവരുടെയോ അതിനു ശേഷം സിംഗപ്പൂർ മലേഷ്യ പോലുള്ള സ്ഥലങ്ങളിലേക്ക് തൊഴിൽതേടി പോയവരുടെയോ ചരിത്രവും നേരായി രേഖപ്പെടുത്തിയിട്ടില്ല. ആയിരത്തിത്തൊള്ളായിരത്തിഅറുപതുകളോടെ കേരളത്തിൽ സമാരംഭിച്ച ഗൾഫ് കുടിയേറ്റമാണ് യഥാർഥത്തിൽ മലയാളിയുടെ പ്രവാസചരിത്രമായി പരക്കെ അറിയപ്പെട്ടിട്ടുള്ളത്. എഴുപതുകൾ മുതൽ ശക്തമായ ഈ കുടിയേറ്റജീവിതം കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ ചെലുത്തിയ ദൂരവ്യാപകമായ മാറ്റങ്ങളുടെ കണക്കാണു കുടിയേറ്റജീവിതത്തിൽ ആധികാരിക രേഖപ്പെടുത്തലുകളായി അറിയപ്പെടുന്നത്.

**വി. മുസഫർ അഹമ്മദ്** (1968)



മാധ്യമപ്രവർത്തകൻ, എഴുത്തുകാരൻ, വിവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. പതിമൂന്നുവർഷത്തെ ഗൾഫ് ജീവിതം അദ്ദേഹത്തെ പഠിപ്പിക്കുകയും അനുഭവിപ്പിക്കുകയും ചെയ്ത കാര്യങ്ങളും വസ്തുതകളുമാണ് അദ്ദേഹത്തിന്റെ രചനകൾക്കടിസ്ഥാനമായി വർത്തിക്കുന്നത്. ഒരു മലയാളി എന്തിന് ഗൾഫിൽ പോയി, അവിടെ എങ്ങനെ ജീവിച്ചു, ഗൾഫ് മലയാളിയുണ്ടാക്കിയ പണം നാട്ടിൽ എങ്ങനെ ചെലവഴിച്ചു – ഇതു സംബന്ധിച്ച് കൃത്യമായി പഠിച്ചാൽ ഏതാണ്ട് 50 വർഷത്തെ കേരള ചരിത്രത്തിന്റെ പ്രധാനപ്പെട്ട ഏട് രചിക്കാൻ പറ്റുമായിരിക്കും. മലയാളിക്ക് ഗൾഫിൽ എത്തുമ്പോൾ മണ്ണും മണലും എന്ന പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടിവരും, എന്നാൽ കുറച്ചു നാൾ കൊണ്ട് മണൽ തന്നെ മണ്ണായി മാറുന്ന രാസപ്രക്രിയയെ അഭിമുഖീകരിക്കേണ്ടിവരികയും ചെയ്യും. ഗൾഫ് മലയാളി ജീവിതത്തിന്റെ വ്യത്യസ്തങ്ങളായ അടരുകളിലേക്ക് 13 വർഷത്തിനിടെ നടത്തിയ യാത്രകളാണ് ഈ കുറിപ്പുകളും ലേഖനങ്ങളുമെന്ന് ഒരർഥത്തിൽ പറയാം.

അറേബ്യൻ മരുഭൂമിയാത്രാനുഭവങ്ങൾ മരുമരങ്ങൾ, മരുഭൂമിയുടെ ആത്മകഥ എന്നീ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മരുഭൂമിയുടെ ആത്മകഥയ്ക്ക് 2010–ൽ കേരളസാഹിത്യ അക്കാദമി അവാർഡു ലഭിച്ചു. പ്രവാസ ജീവിതാനുഭവങ്ങൾ കുടിയേറ്റക്കാരന്റെ വീട് എന്ന പുസ്തകത്തിലും ആധുനിക അറബ് സാഹിത്യത്തിലെ അതികായൻമാരുമായുള്ള അഭിമുഖങ്ങൾ അറബ്സംസ്കൃതി: വാക്കുകൾ വേദനകൾ എന്ന പുസ്തകത്തിലും ശേഖരിച്ചു. കേരള സാഹിത്യത്തെ നിർണയിച്ച പ്രവാസഘടകങ്ങൾ എന്ന വിഷയത്തിലുള്ള ഗവേഷണത്തിന് കേന്ദ്രസാംസ്കാരിക വകുപ്പിന്റെ സീനിയർ ഫെല്ലോഷിപ്പ് 2013 – 2015 വർഷത്തിൽ ലഭിച്ചു. മാധ്യമം ദിനപ്പത്രത്തിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ജിദ്ദയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന മലയാളം ന്യൂസ് ദിനപത്രത്തിന്റെ പത്രാധിപരായിരുന്നു.

SGOU

**പ്രധാന കൃതികൾ:** കുടിയേറ്റക്കാരന്റെ വീട്, മരുമരങ്ങൾ, മരിച്ചവരുടെ നോട്ടുപുസ്തകം, ബങ്കറിനരികിലെ ബുദ്ധൻ, സെന്റ് മാർക്സ് ചത്വരത്തിലെ ഒഴിഞ്ഞ ഇരിപ്പിടങ്ങൾ, വേലിക്കും വിളവിനും (കവിതകൾ), മുറിവുകളുടെ പെണ്ണിന് - പലസ്തീൻ, ഇറാഖ് പെൺകവിതകൾ (വിവർത്തനം), ഏകതാരയിലെ പാട്ടുപാലങ്ങൾ. കർമാട് റെയിൽപ്പാളം ഓർക്കാത്തവരേ (ലേഖനം), മയിലുകൾ സവാരിക്കിറങ്ങിയ ചരിവിലൂടെ (ഓർമ്മ/യാത്ര)

## Keywords

സഞ്ചാരസാഹിത്യം - കുടിയേറ്റം - പ്രവാസം - കുടിയേറ്റക്കാരന്റെ വീട്

## Discussion

### സഞ്ചാരസാഹിത്യം

വായനക്കാർക്ക് വളരെയേറെ താല്പര്യമുള്ള സാഹിത്യശാഖയാണ് സഞ്ചാരസാഹിത്യം. അന്യനാടുകളെക്കുറിച്ചും അവിടത്തെ ജനങ്ങളെക്കുറിച്ചും അറിയാനുള്ള ജിജ്ഞാസ സ്വാഭാവികമായി മനുഷ്യനുണ്ട്. എല്ലാ ദേശങ്ങളിലേക്കും എല്ലാവർക്കും പോയി കാണുക എന്നത് സാധ്യവുമല്ല. അപ്പോൾ സഞ്ചാരസാഹിത്യം - യാത്രാവിവരണ സാഹിത്യം മനുഷ്യന്റെ ഈ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുന്നു. നടന്നു കണ്ട നാടിനെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകളാണ് സഞ്ചാരസാഹിത്യകൃതികളിൽ നിന്ന് പ്രതീക്ഷിക്കുന്നത്. മനുഷ്യന്റെ അനുഭവലോകവുമായി ബന്ധപ്പെട്ട എല്ലാഘടകങ്ങളും സഞ്ചാരസാഹിത്യത്തിൽ ഉൾക്കൊള്ളുന്നു. നാടിന്റെ ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ പ്രത്യേകതകൾ, ജനങ്ങളുടെ ജീവിതരീതി, സാംസ്കാരികബോധം, സാമൂഹിക സ്ഥിതിവിശേഷങ്ങൾ, ഭരണസംവിധാനം മുതലായവ ഇതിൽ ഉൾക്കൊള്ളുന്നു. ഭാവനാശാലിയും സൂക്ഷ്മനിരീക്ഷണ പടുവും ആയ ഒരു എഴുത്തുകാരനു മാത്രമേ മികച്ച സഞ്ചാരസാഹിത്യകൃതി എഴുതാൻ കഴിയൂ. അത് വായിക്കുമ്പോൾ, വിവരിക്കപ്പെടുന്ന സ്ഥലങ്ങളിലൂടെ വായനക്കാരന് സഞ്ചരിക്കുന്ന പ്രതീതി ഉണ്ടാകണം. ഈ യാഥാർഥ്യപ്രതീതിയും ഭാവസാന്ദ്രതയുമാണ് സഞ്ചാരസാഹിത്യകൃതിക്ക് മനോഹാരിതനല്കുന്നത്. വിജ്ഞാനകുതുകിയുടെ അന്വേഷണപരതയും ചരിത്രകാരന്റെയും സാമൂഹികശാസ്ത്രജ്ഞന്റെയും സൂക്ഷ്മനിരീക്ഷണ സാമർഥ്യവും ദാർശനികന്റെ സമചിത്തതയും കവിയുടെ ഭാവനാവിലാസവും കലാകാരന്റെ ശില്പചാതുര്യവും ഒരു സഞ്ചാരസാഹിത്യകാരനിൽ ഒത്തിണങ്ങിയിരിക്കണം. അപ്പോഴേ ഉത്തമ സഞ്ചാരസാഹിത്യകൃതികൾ രചിക്കാനാകൂ.

മലയാളത്തിൽ പാറേമ്മാക്കൽ തോമാക്കത്തനാർ എഴുതിയ വർത്തമാനപ്പുസ്തകം അഥവാ ഒരു റോമൻ യാത്രയാണ് മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതി. 1790 നും 1199 നും മധ്യേ എഴുതിയതെന്ന് കരുതുന്ന ഈ കൃതി അച്ചടിച്ചത് 1936 -ലാണ്. തോമാക്കത്തനാരും കരിയാറ്റിൽ ജോസഫ് മല്പാനും അന്ന് കേരള ക്രൈസ്തവ സഭയിൽ ഉണ്ടായ വലിയ അഭിപ്രായവ്യത്യാസം പരിഹരിക്കാൻ മാർപ്പാപ്പയെ കാണാൻ റോമിലേക്കുപോയ യാത്രയിലെ അനുഭവങ്ങളാണ് വർത്തമാനപ്പുസ്തകത്തിൽ വിവരിക്കുന്നത്. എന്നാൽ യാത്രാവിവരണം പദ്യത്തിൽ എഴുതുന്ന സമ്പ്രദായം മലയാളത്തിന് സ്വന്തമാണ്. ധർമ്മരാജാവിന്റെ രാമേശ്വരയാത്രയാണ് ഈ വിഭാഗത്തിൽപ്പെടുന്ന ആദ്യകൃതി. തുള്ളൽപ്പാട്ടിന്റെ മാതൃകയിലാണ് ഇതിന്റെ രചന. വൈക്കത്ത് പാച്ചുമൂത്തത് എഴുതിയ കാശിയാത്രാവിവരണമാണ് രണ്ടാമത്തെ സഞ്ചാരസാഹിത്യകാവ്യം. നടുവത്തച്ഛന്റെ അഷ്ടമിയാത്ര, കുഞ്ഞിക്കു

SGOU

ട്ടൻതമ്പുരാന്റെ മദിരാശിയാത്ര, ഒടുവിൽ കുഞ്ഞികൃഷ്ണമേനോന്റെ കുംഭകോണയാത്ര, വെണ്മണിഅച്ഛന്റെ രാമേശ്വരയാത്ര വെണ്മണിമഹന്റെ സംഗമേശയാത്ര തുടങ്ങി ഇതര കൃതികൾ ഈ വിഭാഗത്തിൽപ്പെടുന്നു.

മലയാളത്തിലെ സഞ്ചാരസാഹിത്യത്തിന്റെ കുലപതിയായി നിലകൊള്ളുന്ന വ്യക്തിയാണ് എസ്.കെ. പൊറ്റെക്കാട്ട്. ഇന്നത്തെപ്പോലെ സാമൂഹിക പുരോഗതിയോ യാത്രാസൗകര്യങ്ങളോ ഇല്ലാതിരുന്ന കാലത്ത് ഒട്ടേറെ യാത്രാപര്യടനങ്ങൾ നടത്തിയ സാഹസികനായ എഴുത്തുകാരനായിരുന്നു അദ്ദേഹം. താൻ കണ്ടനാടുകളെയും അവിടത്തെ ജനസമൂഹങ്ങളെയും അവരുടെ ജീവിതത്തിന്റെ പ്രധാന സവിശേഷതകളെയും കലാസുഭഗമായി അവതരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. കാപ്പിരികളുടെ നാട്ടിൽ, നൈൽഡയറി, ഇന്തോനേഷ്യൻ ഡയറി, ബാലിദ്വീപ്, പാതിരാസൂര്യന്റെ നാട്ടിൽ തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാനകൃതികളാണ്.

## കുടിയേറ്റം

ആളുകൾ സ്ഥിരമായോ താൽക്കാലികമായോ അവരുടെ ജന്മനാട്ടിൽ നിന്ന് മറ്റൊരു പ്രദേശത്തേക്ക് മാറിത്താമസിക്കുന്നതിനെയാണ് കുടിയേറ്റം എന്നതുകൊണ്ട് അർഥമാക്കുന്നത്. ഇത് മെച്ചപ്പെട്ട തൊഴിൽ, വിദ്യാഭ്യാസം, ജീവിതസാഹചര്യങ്ങൾ, യുദ്ധം, പ്രകൃതിദുരന്തങ്ങൾപോലുള്ള കാരണങ്ങളാൽ സംഭവിക്കാവുന്നതാണ്. ഇതിൽ രാജ്യത്തിനകത്തുള്ള ആഭ്യന്തര കുടിയേറ്റവും അതിർത്തികൾ കടന്നുള്ള രാജ്യാന്തര കുടിയേറ്റവും ഉൾപ്പെടുന്നു. കുടിയേറ്റത്തിന്റെ ഫലമായി മാതൃരാജ്യത്തേക്ക് വിദേശനാണ്യവും, സാങ്കേതികവിദ്യയുടെ കൈമാറ്റവും, തൊഴിലവസരങ്ങളും, ഉയർന്ന വിദ്യാഭ്യാസസൗകര്യങ്ങളും ലഭ്യമാകുന്നു. മലയാളികളുടെ കുടിയേറ്റത്തിന്റെ ദേശചരിത്രം അന്യദേശങ്ങളിലേക്ക് സഞ്ചരിക്കപ്പെട്ടിട്ടുള്ള അജ്ഞാതരായ പൂർവികരുടേതു മാത്രമല്ല, പല രാജ്യങ്ങളിൽ നിന്നും പല കാലങ്ങളിലായി ഇവിടെ എത്തപ്പെട്ട പരദേശികളുടെ ചരിത്രം കൂടിയാണെന്ന് കണക്കാക്കേണ്ടിയിരിക്കുന്നു. എഴുത്തുകാരൻ സങ്കല്പിക്കുന്നതു പോലെ ലോകത്തിലെ എല്ലാ മനുഷ്യരുടെയും ആദിമ പിതാക്കന്മാരിലേക്കുള്ള ഒരു തലമുറക്കോവണി സൃഷ്ടിച്ചെടുക്കുവാൻ കഴിയുമായിരുന്നുവെങ്കിൽ ആ മനുഷ്യൻ എത്തപ്പെട്ട ദേശങ്ങൾ ഏതൊക്കെയെന്ന് നമുക്ക് തെളിഞ്ഞു കിട്ടുമായിരുന്നു. അതിലൂടെ അവർ സഞ്ചരിച്ച പാതകളും അവരുടെ ജീവിതങ്ങളും നമുക്ക് മനസിലാകുമായിരുന്നു. അറിയപ്പെടാതെ കിടക്കുന്ന ആ അജ്ഞാതകർത്തൃകങ്ങളിൽ നിന്ന് നാം സ്വീകരിച്ച സാംസ്കാരികാംശങ്ങളാൽ സമ്പന്നമാണ് കേരളത്തിന്റെ ആധുനിക സംസ്കാരം. മറ്റേതൊരു ജനതയിലും കാണുന്ന സുദൃഢവും വ്യതിരിക്തവുമായ ഗോത്രപാരമ്പര്യവും ഗോത്രബോധവും മലയാളികളിൽ കുറഞ്ഞു പോയതത് ഈ കാരണങ്ങളാലാണ്. ഭാഷയിലും, വേഷത്തിലും, ഭക്ഷണത്തിലും തുടങ്ങി ജീവിതവുമായി ബന്ധപ്പെട്ട ഏതിലും കാണപ്പെടുന്ന ഈ സങ്കരത്വമാണ് ആധുനിക കേരളീയന്റെ സ്വത്വം. അൻപതുകളിൽ തുടങ്ങി ഇന്നും തുടർന്നു വരുന്ന ഈ കുടിയേറ്റത്തിന്റെ ചരിത്രത്തിനു പഴയതിനേക്കാൾ വിഭിന്നമായ മാനസിക തലമാണുള്ളത്. താൽക്കാലികമായ ഒരിടത്താവളമെന്ന നിലയ്ക്ക് ഇന്നത് മാറി കഴിഞ്ഞിരിക്കുന്നു എന്നതാണതിന്റെ പ്രത്യേകത.

## പ്രവാസം

സ്വന്തം നാട്വിട്ട് മറ്റൊരു രാജ്യത്ത് താമസിക്കുന്നതിനെയോ നാടുകടത്തപ്പെടുകയോ ചെയ്യുന്നതിനെയാണ് പ്രവാസം എന്നതുകൊണ്ട് അർഥമാക്കുന്നത്. ഇത് ജോലി, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കായി സ്വച്ഛന്ദമായി പോകുന്നതിനെയും, ശിക്ഷയായി വേർപിരിയുന്നതിനെയും സൂചിപ്പിക്കുന്നു. മലയാളികൾ ഗൾഫ് രാജ്യങ്ങളുൾപ്പെടെ പലയിടത്തും പ്രവാസികളായി കഴിയുന്നുണ്ട്. ഇത് പല കാലങ്ങളിലായി തലമുറകളിലൂടെ കൈമാറിക്കൊണ്ടിരിക്കുന്നു. തൊഴിൽ തേടി സാഹസികമായി കടൽ കടന്നെത്തിയവർ പിന്നീടൊരു കരപറ്റിയെന്ന് സ്വയം ആശ്വസിക്കുമ്പോഴും അതിജീവനത്തിന്റെ അനുഭവങ്ങൾ അവരുടെ ഓർമ്മകളെ പൊള്ളിക്കുന്നത് സ്വാഭാവികമാണ്. മെച്ചപ്പെട്ട ജീവിതാവസ്ഥകൾ തേടിയുള്ള യാത്രകളാണ് പ്രവാസത്തിനടിസ്ഥാനം. സ്വന്തം നാട്ടിലെ വീടെന്ന സ്വപ്നത്തിൽ എപ്പോൾ വേണമെങ്കിലും തിരിച്ചു വരാ

SGOU

മെന്ന പ്രത്യാശയിലാണ് അവന്റെ പ്രവാസ ജീവിതത്തിന്റെ ധൈര്യവും പ്രതീക്ഷയുമെന്ന് ഓരോ പ്രവാസിക്കുമുറപ്പുണ്ട്. എവിടെ ചെന്നാലും അതിനോടിഴകി ചേരാനുള്ള മലയാളികളുടെ സ്വഭാവം പൂർവാർജിതമായ വിഭിന്ന സംസ്കാരങ്ങളുടെ സങ്കലനത്തിൽ നിന്നും ലഭ്യമായതെന്നും ഇവിടെ നിരീക്ഷിക്കപ്പെടുന്നുണ്ട്. ആഗോളമുതലാളിത്തത്തിന്റെ കാലത്ത് പ്രവാസികൾ ധാരാളം പ്രശ്നങ്ങൾ നേരിടേണ്ടതായി വന്നിട്ടുണ്ട്. മുൻകാലങ്ങളിൽ പൗരത്വം നൽകി സ്വീകരിച്ചിരുന്ന പല രാജ്യങ്ങളും ഇന്ന് വരത്തൻ എന്ന രീതിയിൽ ഇവരെ പരിഗണിച്ചുകൊണ്ട് അരക്ഷിതമായ ഒരവസ്ഥ സൃഷ്ടിക്കുന്നു.

## വിശദപഠനം

### കുടിയേറ്റക്കാരന്റെ വീട്
### മുസഫർ അഹമ്മദ്

മരുഭൂമി പാഴ്നിലമാണെന്നും അവിടെ ജീവന്റെ ഒരു തുടിപ്പുമില്ലെന്നും പൊതുവെ മലയാളികൾ കരുതിപ്പോരുന്നു. എന്നാൽ അതിലൂടെ നിരന്തരം സഞ്ചരിക്കുമ്പോൾ ജീവന്റെ തുടിപ്പുകളും തിളക്കവും ഊഷരഭൂമിയിലും കാണുവാനാകും എന്ന യാഥാർഥ്യം മനസ്സിലാകും. അതുകൊണ്ടാവാം മലയാളികൾക്ക് മരുഭൂമിയിലെ, നാടുകൾ അന്നവും അർഥവും നൽകി ജീവനെ പൊലിപ്പിച്ചു നിർത്തുന്നത്. യാത്രാവിവരണത്തിന് കേരളസാഹിത്യ അക്കാദമി അവാർഡ് നേടിയ വി. മുസഫർ അഹമ്മദിന്റെ പ്രവാസക്കുറിപ്പുകളാണ് 'കുടിയേറ്റക്കാരന്റെ വീട്'. മലയാളികൾ ഗൾഫിൽ എങ്ങനെ ജീവിച്ചു? ഗൾഫ്മലയാളിയുണ്ടാക്കിയ പണം നാട്ടിൽ എങ്ങനെ വിനിയോഗിച്ചു എന്നതിനെ സംബന്ധിച്ച പഠനം 50 വർഷത്തെ കേരളചരിത്രത്തിന്റെ പ്രധാനപ്പെട്ട ഏടായിരിക്കും. മുഖ്യധാരയിൽ ഗൾഫുകാരനെ അവതരിപ്പിക്കുന്നതിനെക്കുറിച്ച് കൃത്യമായ രീതിശാസ്ത്രങ്ങൾ തന്നെ ഉണ്ടാവേണ്ടിയിരിക്കുന്നു. ഗൾഫിലെ മലയാളിജീവിതത്തിന്റെ പല അടരുകളിലേയ്ക്ക് നടത്തിയ യാത്രകളാണ് ഈ പുസ്തകമെന്ന് എഴുത്തുകാരൻ ആമുഖത്തിൽ രേഖപ്പെടുത്തുന്നു.

നാലു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഗ്രന്ഥത്തിൽ 24 ലേഖനങ്ങളുണ്ട്. അതിൽ രണ്ടാം ഭാഗത്തെ ഒരു ലേഖനമാണ് 'കുടിയേറ്റക്കാരന്റെ വീട്'. 'A Man without his house is an illusion' (സ്വന്തമായി വീടില്ലാത്ത ഒരു മനുഷ്യൻ ഭ്രമാത്മക ലോകത്തായിരിക്കുമെന്ന) ഇസ്ഹാഖ് ബാർലോഡേ എന്ന ഇറാഖി കവിയുടെ വാക്യം ആരംഭത്തിൽ കൊടുത്തു കൊണ്ടാണ് ലേഖനം തുടങ്ങുന്നത്. ഏതൊരു കുടിയേറ്റക്കാരന്റെ മനസ്സിലും ജന്മനാട്ടിലെ വീടിന്റെ ചിത്രം മായാതെ കിടക്കും. അയാൾ ജന്മനാട്ടിലെ വീട്ടിലെ തടവുകാരൻ ആണ്. അതോടൊപ്പം പാരമ്പര്യത്തിന്റെ തടവുകാരനും. അതുകൊണ്ടാണ് പാലായിൽ നിന്ന് അപ്പനമ്മമാർ കുടിയേറി കുറ്റ്യാടിയിലെത്തിയശേഷം അവിടെ വച്ച് പിറന്ന മക്കളോട് നാടെവിടെ എന്നു ചോദിക്കുമ്പോൾ പാലാ എന്ന സംശയരഹിതമായ മറുപടി വരുന്നത്. കൂടാതെ കുറ്റ്യാടി ഭാഷ കലർത്തി സംസാരിക്കുമ്പോഴും അതിനിർണായകമായ ചില മുഹൂർത്തങ്ങളിൽ പാലാമൊഴി പുറത്തു വരുന്നതും. കുടിയേറ്റവും പ്രവാസവും തികച്ചും ഭിന്നമാണെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നു. പ്രവാസി ഒരിക്കലും ജന്മനാട്ടിലേയ്ക്കു തിരിച്ചുപോകാൻ കഴിയുമെന്ന് വിശ്വസിക്കുന്നില്ല. ജനിച്ച നാടും വീടും അയാളെ നിരന്തരം ഗൃഹാതുരത്വത്തിലേയ്ക്കു നയിക്കുമെങ്കിലും കുറേനാൾ കഴിയുമ്പോൾ ആ ഓർമ്മകൾ സാവധാനം അവരെ വിട്ടൊഴിയുന്നു. പലായനം ചെയ്ത് എത്തിയ നാട്ടിലെ ഭാഷ അവരുടെ മാതൃഭാഷയായി മാറും. പല എഴുത്തുകാരും അവർ എത്തിച്ചേർന്ന നാട്ടിലെ ഭാഷയിലാണെഴുതുന്നത് എന്ന് ലേഖകൻ ചൂണ്ടിക്കാട്ടുന്നു. പിന്നീട്, അവരുടെ മാതൃഭാഷയിലേയ്ക്ക് അതിന് വിവർത്തനങ്ങളുണ്ടാകുന്നു. അവരുടെ ഒന്നാം ഭാഷ പ്രവാസജീവിതം നയിക്കുന്ന നാട്ടിലേതായി മാറുന്നു.

എന്തുകൊണ്ടാണ് പ്രവാസം ഉണ്ടാകുന്നത്? രാഷ്ട്രീയകാരണങ്ങളാൽ പലപ്പോഴും പ്രവാസം സംഭവിക്കാറുണ്ട്. ഫലസ്തീനികൾ ലോകമെങ്ങും ചിതറാൻ കാരണം ഇസ്രായിൽ അധിനിവേശമാണ്. ലോകമഹായുദ്ധങ്ങൾ യൂറോപ്യൻ ജനതയെ പല ഭൂഖണ്ഡങ്ങളിലേയ്ക്കും ചിതറാൻ കാരണമായി. എന്നാൽ മലയാളിയുടെ പ്രവാസത്തിനു കാരണം തൊഴിലില്ലായ്മയാണെന്ന് മുസഫർ അഹമ്മദ് നിരീക്ഷിക്കുന്നു. എഡ്വേർഡ് സൈദും മഹ്മൂദ് ദർവിഷും ഇസ്രായിൽ അധിനിവേശത്തിന്റെ പശ്ചാത്ത

ലത്തിലാണ് പ്രവാസികളാകുന്നത്. രാഷ്ട്രീയ കാരണങ്ങളാലാണ് വിശ്രുതരായ പലരും പ്രവാസികളായി മാറിയത്. നോബൽ സമ്മാന ജേതാവായ ഗാവോ സിങ്ജിയാൻ ചൈനയിൽ നിന്ന് ഒളിച്ചോടിപ്പോകുന്നത് രാഷ്ട്രീയ കാരണങ്ങളാലാണ്. മാവോയുടെ കാലത്തെ ചൈനയിൽ എഴുത്തുകാരനായി തുടരുക അസാധ്യമാണെന്ന സാഹചര്യം വന്നപ്പോഴാണ് അദ്ദേഹം ജന്മദേശം വിട്ട് ഓടിപ്പോകുന്നത്. തമിഴ്-ശ്രീലങ്കൻ എഴുത്തുകാരൻ ഷോഭാശക്തി പാരീസിൽ ഹോട്ടൽ പണിയ്ക്കു പോകേണ്ടി വന്നതും രാഷ്ട്രീയ കാരണങ്ങൾ മൂലമാണ്. ഭരണകൂടവുമായുള്ള ഏറ്റുമുട്ടലോ രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായുള്ള വിയോജിപ്പോമൂലമാണ് അവർക്ക് പ്രവാസികളാകേണ്ടി വന്നത്. ലോകമെങ്ങും ചിതറിക്കിടക്കുന്ന മലയാളികൾക്കും ഫലസ്തീനികൾക്കും തമ്മിൽ ചില വ്യത്യാസങ്ങളുണ്ടെന്ന് ലേഖകൻ നിരീക്ഷിക്കുന്നു. എത്ര ഉയർന്ന ജോലി ചെയ്യുമ്പോഴും താനൊരു അഭയാർഥിയാണെന്ന തോന്നൽ അവരെ മഥിച്ചു കൊണ്ടിരിക്കും. വീടും നാടും തേടി നടക്കുന്ന വ്യഗ്രത അവരിൽ നിറഞ്ഞു നിൽക്കും. എന്നാൽ മലയാളിയാവട്ടെ, ലോകത്തെവിടെയായാലും സ്വന്തം വീടിനെക്കുറിച്ചോർത്ത്, അതിൽ തലപൂഴ്ത്തി ജീവിക്കുന്നവരാണ്. ഒന്നുകിൽ പുതിയ വീട് നിർമ്മിക്കുന്നതിനെക്കുറിച്ച്, അല്ലെങ്കിൽ ഉള്ള വീട് പുതുക്കിപ്പണിയുന്നതിനെക്കുറിച്ച് ആലോചിച്ചാണ് അവർ പുറം നാടുകളിൽ കഴിയുന്നത്. സ്വന്തമായി സ്വത്തു വാങ്ങാൻ നിയമം അനുവദിക്കാത്ത ഗൾഫ് നാടുകളിൽ കഴിയുന്ന മലയാളി ജന്മനാട്ടിൽ വീടോ വീടുകളോ പണിഞ്ഞു കൊണ്ടിരിക്കുകയാണ്. 50 വർഷമായി ഈ പ്രവർത്തനം നടന്നു വരുന്നുണ്ട് എന്നും ലേഖകൻ സൂചിപ്പിക്കുന്നു. എന്നാൽ ഗൾഫിൽ ജോലി ചെയ്ത് നാട്ടിൽ വീടുണ്ടാക്കിയവരേക്കാൾ വീടുണ്ടാക്കാൻ കഴിയാത്തവരാണ് ഭൂരിപക്ഷം കുടിയേറ്റ മലയാളികളും എന്നൊരു കണ്ടെത്തലുമുണ്ട്.

ഗൾഫ് ജീവിതം മലയാള സാഹിത്യത്തിൽ നിർണ്ണായകമായി മാറാത്തതെന്തെന്ന് ചിന്തിക്കേണ്ടതുണ്ടെന്ന് ലേഖകൻ ഓർമ്മിപ്പിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച ഗൾഫ് മലയാളികളുടെ ജീവിതം സാഹിത്യത്തിൽ ഇടം പിടിക്കാതെ പോയതെന്തുകൊണ്ടാണ്? അറുപതുകളിൽ സ്വർണ്ണത്തിനായി നടന്ന കുഴിക്കലും അതുമായി ബന്ധപ്പെട്ട സംഘർഷങ്ങളും ഉറൂബിന്റെ 'ഉമ്മാച്ചു'വിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. നേരിയ കാലത്തേക്കുമാത്രം നിലനിന്ന ഈ പ്രതിഭാസംപോലും മലയാള സാഹിത്യത്തിൽ വേണ്ടവിധം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ മലയാളിയുടെ കുടിയേറ്റ ജീവിതമാണ് ഗൾഫിൽ നടക്കുന്നത്, പ്രവാസജീവിതമല്ല എന്ന യാഥാർഥ്യം നാം മനസ്സിലാക്കേണ്ടതുണ്ട്. ജന്മനാട്ടിൽ തങ്ങൾക്ക് തിരിച്ചെത്താൻ കഴിയുമെന്ന വിശ്വാസം മലയാളിക്കുണ്ട്. രാഷ്ട്രീയമായി പരിഹരിക്കപ്പെടാൻ കഴിയുന്നതല്ല തൊഴിലില്ലായ്മ എന്നും സംഘടിതമായ കുടിയേറ്റം മാത്രമാണ് അതിനുള്ള പോംവഴിയെന്നും മലയാളികൾ വിശ്വസിക്കുന്നു. ഇഷ്ടവും വെറുപ്പുമില്ലാത്ത ഒരു സമീപനമാണ് മലയാളികൾക്ക് ഗൾഫിനോടുള്ളത് എന്ന് ചൂണ്ടിക്കാണിക്കാവുന്നതാണ്.

നോമാൻസ്‌ലാന്റിലെ സാഹിത്യം രേഖപ്പെടുത്താനാവുന്നത് കേട്ടെഴുത്തുകാർക്കാണെന്ന് മുസഫർ അഹമ്മദ് രേഖപ്പെടുത്തുന്നു. നിലമ്പൂർ ആയിഷയുടെയും വിളയിൽ ഫസീലയുടെയും ജീവിതകഥ കേട്ടെഴുത്തുകാരൻ പകർത്തിയെടുത്ത് അവതരിപ്പിച്ചത് എഴുത്തുകാരൻ ഓർമ്മിപ്പിക്കുന്നു. നോമാൻസ്‌ലാന്റുമായുള്ള ഏറ്റുമുട്ടൽ ഈ രണ്ടു കലാകാരികളിലുമുണ്ട്. മുസ്ലീംസ്ത്രീ, നാടകം കാണുകപോലും ചെയ്യാത്ത കാലത്ത് അതിൽ അഭിനയിച്ച ആയിഷയും മാപ്പിളമാർ മാത്രം ചൊല്ലി നടക്കേണ്ട പാട്ട് അതല്ലാത്ത ഒരാൾ പാടിനടന്നതുവഴി വത്സലയായിരുന്ന ഫസീലയും നിർവഹിച്ചത് ഇതിനു സമാനമായ ഏറ്റുമുട്ടലാണെന്ന് അഭിപ്രായപ്പെടുന്നു. അതിനു സമാനമാണ് ഗൾഫിൽ കഴിയുന്ന മലയാളിയുടെ ജീവിതത്തിന്റെ പകർത്തിയെഴുത്തും. കുടിയേറ്റക്കാരായ അവർക്ക് അത്രയേറെ അനുഭവങ്ങളുണ്ട്. തൊഴിലിടങ്ങളിലും മനുഷ്യബന്ധങ്ങളിലും പ്രണയ സ്മരണകളിലും ഉണ്ടാകുന്ന പിടച്ചിൽ ആത്മകഥകൾക്കു മാത്രം ഉൾക്കൊള്ളാൻ പാകത്തിലാണ്. ഗൾഫിൽ കഴിയുന്ന ഓരോ മലയാളിയും ആത്മകഥകൾ കൊണ്ട് വീർപ്പുമുട്ടുന്നവരാണ്. എന്നാൽ ആത്മകഥകളെഴുതാൻ അവർക്കാവുന്നുമില്ല. അവരുടെ അനുഭവം പകർത്തിവെയ്ക്കാൻ സാധിക്കുന്ന ഒരു ഭാഷ അവരിൽ വളർന്നില്ല

എന്നതാണ് യാഥാർഥ്യമെന്ന് മുസഫർ അഹമ്മദ് രേഖപ്പെടുത്തുന്നു. കേട്ടെഴുത്തുകാരൻ/കാരി എന്ന സങ്കൽപം ശ്രദ്ധേയമാവുന്നത് ഈ സന്ദർഭത്തിലാണ്. അതിലൂടെ ഗൾഫ് ജീവിതത്തിന്റെ മുഖം അനാവരണം ചെയ്തില്ലെങ്കിൽ ഒരു ആഡംബരജീവിയായി ഗൾഫ് മലയാളി മാറും. അവരുടെ യഥാർഥ ജീവിതം അറിയപ്പെടാതെ പോകും. ലേബർ ക്യാമ്പിൽ കഴിയുന്ന, തോട്ടങ്ങളിൽ കുറഞ്ഞ കൂലിയ്ക്കു ജോലി ചെയ്യുന്ന, വർഷങ്ങളായി നാട്ടിൽ പോകാൻ പറ്റാത്ത ഗൾഫ് മലയാളിയെക്കുറിച്ച് നാട്ടിൽ പലർക്കും അറിയില്ല. പുറത്തു നിന്നുള്ള കേട്ടെഴുത്തിലൂടെ മാത്രമേ ഗൾഫ് മലയാളിയുടെ യാഥാർഥ്യം പകർത്താനാവു. ശുദ്ധസാഹിത്യത്തിനുള്ള ഇടമല്ല അതെന്ന് ലേഖകൻ നിരീക്ഷിക്കുന്നു. ശുദ്ധസാഹിത്യകാരന്മാർ ഗൾഫിലെ മലയാളിയുടെ അനുഭവങ്ങളോ, വേദനകളോ, സ്വപ്നങ്ങളോ സൃഷ്ടിക്കുവാൻ താത്പര്യപ്പെടുന്നില്ല. സമൃദ്ധിയും ദാരിദ്ര്യവും കൂടിച്ചേർന്ന ഗൾഫുകാരന്റെ മായികജീവിതം രേഖപ്പെടുത്തിയിട്ടില്ല എന്ന യാഥാർഥ്യം നാം മനസ്സിലാക്കേണ്ടതുണ്ട്.

ഗൾഫിലെ അനുഭവങ്ങൾ, വേദനകൾ, സ്വപ്നങ്ങൾ, മിഥ്യകൾ എന്നിവയിലൂടെ മുഖ്യധാരയ്ക്ക് അപരിചിതനായ മറ്റൊരു മലയാളിയെ നിർമ്മിച്ച് യാഥാർഥ്യത്തിന്റെ കഥാർസിസ് നടത്താൻ ഇവിടെയുള്ള ശുദ്ധ സാഹിത്യകാരന്മാരിൽ അധികമാരും താല്പര്യമെടുത്തു കാണുന്നില്ല. മരുഭൂമിയിൽ ജീവിക്കുമ്പോഴും നിറഞ്ഞൊഴുകിയിരുന്ന ഭാരതപ്പുഴ കണികണ്ടാണ് താനുണരുന്നത് എന്ന മട്ടിലാണ് ഗൾഫിലെ വലിയൊരു മലയാളി എഴുത്തുകാരും കഴിഞ്ഞു പോരുന്നത്. ഇത് അട്ടിമറിയ്ക്കാൻ കേട്ടെഴുത്തുകാർക്കായിരിക്കും കഴിയുക. ഒരു പക്ഷേ, അതുവഴി ഭാവുകത്വവിസ്ഫോടനം തന്നെയുണ്ടായിക്കൂടെന്നില്ല. ഗൾഫുകാരന്റെ നേർകഥ, സമൃദ്ധിയും, ദാരിദ്രവും ഉൾച്ചേർന്ന മായികമായ ജീവിതകഥ അഞ്ചു പതിറ്റാണ്ട് നീണ്ട കുടിയേറ്റത്തിനു ശേഷവും രേഖപ്പെടുത്തിയിട്ടില്ലെന്ന് ഓർക്കണം.

കുടിയേറ്റക്കാരനായി ലോകമെങ്ങും ചിതറിയ മലയാളി, രാഷ്ട്രീയ പ്രവാസിയായി തടവുമുറികളിലും അപരിചിതമായ പരിസരത്തിലും ജീവിച്ചു തുടങ്ങി, കുടിയേറ്റ സംസ്കാരക്കാരനായി മാറിയ ചരിത്രവും മുസഫർ വെളിപ്പെടുത്തുന്നു. 1921-ലെ മലബാർ കലാപത്തിൽ പങ്കെടുത്ത് ആൻഡമാൻസിലെ പോർട്ട്ബ്ലെയറിലെ സെല്ലുലാർ ജയിലിലും കർണ്ണാടകയിലെ ബെല്ലാരി ജയിലിലും നിരവധി മാപ്പിളമാർ അടയ്ക്കപ്പെട്ടു. നിരവധി പേരെ നാടുകടത്തുകയും ചെയ്തു. ജയിൽ മോചിതരായവരും നാടുകടത്തപ്പെട്ടവരുമായ മലയാളിസമൂഹം അവിടെ ജീവിതം കണ്ടെത്തി. വിമോചന നായകരോ എഴുത്തുകാരോ അവരിൽ നിന്ന് ഉണ്ടായില്ല. ആൻഡമാനിലെത്തിയ മാപ്പിളമാർ അവിടെയുള്ള ചില സ്ഥലങ്ങൾക്ക് തങ്ങളുടെ നാടിന്റെ സ്ഥലപ്പേരു നൽകാൻ തയ്യാറായി. തികച്ചും വിചിത്രമായ ഒരു പ്രക്രിയയാണതെന്ന് ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു. അവിടെയുള്ള മനോഹരമായ ഒരു ബീച്ചിന്റെ പേർ വണ്ടൂർ എന്നാണ്. സ്വന്തം നാടിന്റെ പേരുകൾ വഹിക്കുന്ന മറ്റൊരു ദേശത്തെ ആൻഡമാൻസിൽ മലയാളി നിർമ്മിച്ചെടുക്കുകയായിരുന്നു. മറ്റൊരു നാടിനെ തന്റെ നാടിന്റെ പേരുകൊടുത്ത് പുനർനിർമ്മിക്കുന്ന, പ്രവാസം കുടിയേറ്റമായി മാറുന്ന, അപൂർവ ഇതിഹാസകഥയാണ് ആൻഡമാൻസിലുണ്ടായത്.

അഞ്ചുപതിറ്റാണ്ടിന്റെ കുടിയേറ്റചരിത്രത്തിനു ശേഷവും മലയാളിയുടെ സാഹിത്യത്തിൽ ഗൾഫ് പ്രകൃതിയുടെ ലാന്റ്സ്കേപ്പിങ് ഇല്ല എന്ന വസ്തുത ലേഖകൻ ചൂണ്ടിക്കാണിക്കുന്നു. ഗൾഫിൽ ജനിച്ചു വളർന്ന് പ്ലസ്ടു വരെ പഠിച്ച കുട്ടികൾ വരയ്ക്കുന്ന ചിത്രങ്ങളിൽ ഗൾഫ് ലാന്റ്സ്കേപ്പുകൾ കടന്നുവരുന്നുണ്ട്. അവർ വരയ്ക്കുന്ന വൃക്ഷങ്ങളിൽ തെങ്ങെന്നോ ഈന്തപ്പനയെന്നോ തിരിച്ചറിയാൻ കഴിയാത്ത വിഷമഛ്രായ ഉണ്ടെന്ന് മുസഫർ അഹമ്മദ് ചൂണ്ടിക്കാണിക്കുന്നു. അതിജീവനത്തിന്റെ രസതന്ത്രശാലയാണ് പ്രവാസം. വലിയ ആൾക്കൂട്ടത്തിനിടയിൽ ഏകാന്തതടവിനു വിധിക്കപ്പെടുകയാണ് കുടിയേറ്റക്കാരൻ. അയാൾ പാരമ്പര്യത്തിന്റെ തടവുകാരൻ കൂടിയാണ്. മലയാളിയുടെ പ്രവാസത്തെ കുടിയേറ്റമായി പരിഗണിക്കുന്ന ഗ്രന്ഥകാരൻ കുടിയേറ്റത്തിന്റെ രാഷ്ട്രീയ കാരണങ്ങളും സാമൂഹിക പ്രശ്നങ്ങളും വിലയിരുത്തുന്നതോടൊപ്പം അവരുടെ ജീവിതം എഴുതപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ബോധ്യപ്പെടുത്തുകയാണ്.

# Recap

- മനുഷ്യന്റെ അനുഭവലോകവുമായി ബന്ധപ്പെട്ട ഘടകങ്ങൾ സഞ്ചാര സാഹിത്യത്തിൽ ഉണ്ട്.
- യാഥാർഥ്യ പ്രതീതിയും ഭാവസാന്ദ്രതയുമാണ് സഞ്ചാരസാഹിത്യകൃതിക്ക് മനോഹാരിത നല്കുന്നത്.
- ദാർശനികന്റെ സമചിത്തതയും കവിയുടെ ഭാവനാവിലാസവും കലാകാരന്റെ ശില്പചാതുര്യവും ഒരു സഞ്ചാരസാഹിത്യകാരനിലുണ്ടാകണം.
- വർത്തമാനപുസ്തകം അഥവാ ഒരു റോമൻയാത്രയാണ് മലയാളത്തിലെ ആദ്യ സഞ്ചാരസാഹിത്യകൃതി.
- പാറേമാക്കൽ തോമാക്കത്തനാർ ആണ് വർത്തമാനപുസ്തകം എഴുതിയത്.
- ധർമ്മരാജാവിന്റെ രാമേശ്വരയാത്രയാണ് പദ്യത്തിൽ എഴുതിയ ആദ്യകൃതി.
- വൈക്കത്ത് പാച്ചുമൂത്തതിന്റെ കാശിയാത്രാവിവരണമാണ് രണ്ടാമത്തെ യാത്രാവിവരണ കാവ്യം.
- സഞ്ചാരസാഹിത്യത്തിന്റെ കുലപതി എന്നറിയപ്പെടുന്നത് എസ്.കെ. പൊറ്റെക്കാട്ട് ആണ്.
- ആളുകൾ സ്ഥിരമായോ താൽക്കാലികമായോ അവരുടെ ജന്മനാട്ടിൽ നിന്ന് മറ്റൊരു പ്രദേശത്തേക്ക് മാറിത്താമസിക്കുന്നതാണ് കുടിയേറ്റം
- കുടിയേറ്റത്തിൽ ആഭ്യന്തരകുടിയേറ്റവും അതിർത്തികൾ കടന്നുള്ള രാജ്യാന്തരകുടിയേറ്റവും ഉൾപ്പെടുന്നു.
- അജ്ഞാതകർത്തൃകങ്ങളിൽ നിന്ന് സ്വീകരിച്ച സാംസ്കാരികാംശങ്ങളാൽ സമ്പന്നമാണ് കേരളത്തിന്റെ ആധുനിക സംസ്കാരം.
- സ്വന്തം നാട് വിട്ട് മറ്റൊരു രാജ്യത്ത് താമസിക്കുന്നതിനെയോ നാടുകടത്തപ്പെടുകയോ ചെയ്യുന്നത് പ്രവാസം.
- മലയാളികൾ ഗൾഫ് രാജ്യങ്ങളുൾപ്പെടെ പലയിടത്തും പ്രവാസികളായി കഴിയുന്നുണ്ട്.
- മെച്ചപ്പെട്ട ജീവിതാവസ്ഥകൾ തേടിയുള്ള യാത്രകളാണ് പ്രവാസത്തിനടിസ്ഥാനം.
- കുടിയേറ്റക്കാരൻ ജന്മനാട്ടിലെ വീട്ടിലെ തടവുകാരൻ ആണ്.
- ജനിച്ച നാടും വീടും അയാളെ നിരന്തരം ഗൃഹാതുരത്വത്തിലേയ്ക്കു നയിക്കുന്നു.
- രാഷ്ട്രീയകാരണങ്ങളാൽ പ്രവാസം സംഭവിക്കാറുണ്ട്.
- ലോകമെങ്ങും ചിതറിക്കിടക്കുന്ന മലയാളികൾക്കും ഫലസ്തീനികൾക്കും തമ്മിൽ ചില വ്യത്യാസങ്ങളുണ്ടെന്ന് ലേഖകൻ ചൂണ്ടിക്കാണിക്കുന്നു.
- കേട്ടെഴുത്തിലൂടെ മാത്രമേ ഗൾഫ്മലയാളിയുടെ യാഥാർഥ്യം പകർത്താനാവു.
- ഇഷ്ടവും വെറുപ്പുമില്ലാത്ത ഒരു സമീപനമാണ് മലയാളികൾക്ക് ഗൾഫിനോടുള്ളത്

SGOU

- നോമാൻസ്‌ലാന്റിലെ സാഹിത്യം രേഖപ്പെടുത്താനാവുന്നത് കേട്ടെഴുത്തുകാർക്കാണ്.
- ഗൾഫിൽ കഴിയുന്ന ഓരോ മലയാളിയും ആത്മകഥകൾ കൊണ്ട് വീർപ്പുമുട്ടുന്നവരാണ്.
- കുടിയേറ്റക്കാരനായി ലോകമെങ്ങും ചിതറിയ മലയാളി, രാഷ്ട്രീയ പ്രവാസിയായി തടവുമുറികളിലും അപരിചിതമായ പരിസരത്തിലും ജീവിച്ചു തുടങ്ങി.
- വലിയ ആൾക്കൂട്ടത്തിനിടയിൽ ഏകാന്തതടവിനു വിധിക്കപ്പെടുകയാണ് കുടിയേറ്റക്കാരൻ

## Objective Questions

SGOU

1. വി. മുസഫർ അഹമ്മദിന്റെ മരുഭൂമിയുടെ ആത്മകഥയ്ക്ക് കേരള സാഹിത്യ അക്കാദമി അവാർഡു ലഭിച്ച വർഷം ഏത് ?
2. പ്രവാസ ജീവിതാനുഭവങ്ങൾ രേഖപ്പെടുത്തിയ വി. മുസഫർ അഹമ്മദിന്റെ കൃതിയുടെ പേരെന്ത് ?
3. കർമാട് റെയിൽപ്പാളം ഓർക്കാത്തവരേ എന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?
4. മനുഷ്യന്റെ അനുഭവലോകവുമായി ബന്ധപ്പെട്ട വസ്തുതകൾ വിവരിക്കുന്ന സാഹിത്യശാഖ ഏതു പേരിൽ അറിയപ്പെടുന്നു ?
5. മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതിയുടെ പേരെന്ത് ?
6. വർത്തമാന പുസ്തകം എഴുതിയതാര് ?
7. പദ്യത്തിലെഴുതിയ ആദ്യയാത്രാവിവരണ കാവ്യം ഏത് ?
8. രാമേശ്വരം യാത്ര എന്ന കൃതി എഴുതിയതാര് ?
9. രാമേശ്വരം എന്ന യാത്രാവിവരണ കാവ്യം ഏതു മാതൃകയിലാണ് എഴുതിയിട്ടുള്ളത് ?
10. മലയാള സഞ്ചാരസാഹിത്യത്തിന്റെ കുലപതി എന്നറിയപ്പെടുന്നതാര് ?
11. മനുഷ്യർ സ്ഥിരമായോ താൽക്കാലികമായോ ജന്മനാട്ടിൽ നിന്ന് മറ്റൊരു പ്രദേശത്തേക്ക് മാറിത്താമസിക്കുന്നതിനു പറയുന്ന പേരെന്ത് ?
12. മെച്ചപ്പെട്ട ജീവിതാവസ്ഥകൾ തേടിയുള്ള യാത്രകൾ ഏതു പേരിലാണ് അറിയപ്പെടുന്നത് ?
13. ഫലസ്തീനികൾ ലോകമെങ്ങും ചിതറാനുള്ള കാരണം എന്ത് ?
14. പാരമ്പര്യത്തിന്റെ തടവുകാരൻ എന്നറിയപ്പെടുന്നതാര് ?
15. സ്വന്തം നാടിന്റെ പേരുകൾ വഹിക്കുന്ന മറ്റൊരു ദേശത്തെ ആൻഡമാൻസിൽ മലയാളി നിർമ്മിച്ചതിന് ഉദാഹരണം ?
16. മലയാളികളുടെ പ്രവാസത്തിനു കാരണമായി കണ്ടെത്തുന്ന വസ്തുത എന്ത് ?

## Answers

1. 2010
2. കുടിയേറ്റക്കാരന്റെ വീട്
3. ലേഖനം
4. അനുഭവസാഹിത്യം
5. വർത്തമാനപ്പുസ്തകം
6. പാറേമ്മാക്കൽ തോമാകത്തനാർ
7. രാമേശ്വരം യാത്ര
8. ധർമ്മരാജാവ്
9. തുള്ളൽപ്പാട്ട്
10. എസ്.കെ. പെറ്റെക്കാട്ട്
11. കുടിയേറ്റം
12. പ്രവാസം
13. ഇസ്രായിൽ അധിനിവേശം
14. കുടിയേറ്റക്കാരൻ
15. ബീച്ചിന് വണ്ടൂൾ എന്ന പേരിട്ടത്
16. തൊഴിലില്ലായ്മ

## Assignments

1. പ്രവാസത്തിന്റെ രാഷ്ട്രീയ കാരണങ്ങൾ വിലയിരുത്തുക.
2. ഗൾഫ് ജീവിതം മലയാള സാഹിത്യത്തിൽ നിർണ്ണായക ശക്തിയായി മാറാത്തതെന്തുകൊണ്ടെന്ന് വിശദമാക്കുക.
3. മലയാളിയുടെ കുടിയേറ്റ ജീവിതമാണ് ഗൾഫിലേതെന്ന് മുസഫർ പറയുന്നതിന്റെ സാംഗത്യം ചർച്ച ചെയ്യുക.
4. ഗൾഫ് മലയാളിയുടെ യഥാർഥ്യം പകർത്താൻ കേട്ടെഴുത്തുകാർക്ക് കഴിയുന്നതെങ്ങനെയെന്ന് വിവരിക്കുക.
5. രാഷ്ട്രീയ പ്രവാസിയായി മലയാളി ആൻഡമാൻസിൽ മാറിയതെങ്ങനെയെന്ന് വിശദമാക്കുക.
6. കുടിയേറ്റവും പ്രവാസം തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.

SGOU

## Reference


1. ഡോ. കാർത്തിക എസ്. ബി., ബെന്യാമിന്റെ നോവൽ ലോകം, ഡി.സി. ബുക്സ്, കോട്ടയം
2. വി. മുസഫർ അഹമ്മദ്, കുടിയേറ്റക്കാരന്റെ വീട്, ഡി.സി.ബുക്സ്, കോട്ടയം
3. എരുമേലി പരമേശ്വരൻപിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം.


## Suggested Reading


1. പ്രൊഫ.വി. രമേഷ്ചന്ദ്രൻ, സഞ്ചാരസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഡോ.ടി.എം. ചുമ്മാർ, ഭഷ്യഗദ്യസാഹിത്യചരിത്രം, എൻ.ബി.എസ്., കോട്ടയം
3. കെ.എം. ജോർജ് (എഡി.), ആധുനികമലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി.ബുക്സ്, കോട്ടയം


SGOU

2

UNIT

# എം.വി. ദേവനും ആധുനികതയും

വിജയകുമാർ മേനോൻ

## Learning Outcomes

- ആധുനികത എന്തെന്ന് മനസ്സിലാക്കുന്നു
- പാശ്ചാത്യവും പൗരസ്ത്യവുമായ ചിത്രകലാസങ്കേതങ്ങളെപ്പറ്റി അറിവ് നേടുന്നു
- എം.വി. ദേവന്റെ ആധുനിക കലാചിന്തകൾ മനസ്സിലാക്കുന്നു
- ആധുനികചിത്രകലയുടെ പ്രധാനപ്പെട്ട സവിശേഷതകൾ കണ്ടെത്തുന്നു

## Prerequisite

പടിഞ്ഞാറൻനാടുകളിൽ പതിനഞ്ചാം നൂറ്റാണ്ട് മുതൽ പത്തൊമ്പതാം നൂറ്റാണ്ടു വരെ നിലനിന്ന നവോത്ഥാനകലയെ പിൻതള്ളിക്കൊണ്ടുണ്ടായ കലാപ്രവണതകളെ ആധുനികകല എന്ന് വിളിക്കുന്നു. ആ കാലഘട്ടത്തിലെ സാമൂഹികജീവിതത്തിന്റെ പ്രതിഫലനമായിരുന്നു സാഹിത്യാദികലകളിൽ പ്രകടമായിരുന്നത്. പ്രത്യക്ഷത്തിന്റെ പകർപ്പുകളായിരുന്നു അതുവരെയുണ്ടായിരുന്ന നവോത്ഥാനകലകളിൽ ചിത്രീകരിച്ചിരുന്നത്. കണ്ണാടിയിലെ പ്രതിബിംബം പോലെ പ്രകൃതിയെ, വസ്തുക്കളെ പകർത്തുക എന്നതായിരുന്നു കലാകാരന്മാരുടെ ലക്ഷ്യം. ത്രിമാനപ്രതീതി തോന്നുന്ന കാഴ്ചാനുഭവം 'പെർസ്പക്ടീവ്', ഒപ്ടിക്കൽ ഇല്യൂഷൻ ' എന്നൊക്കെ ഇത് അറിയപ്പെട്ടു. പത്തൊമ്പതാം നൂറ്റാണ്ടിനു ശേഷം യാഥാർഥ ചിത്രീകരണത്തിന്റെ സ്ഥാനത്ത് കാലാകാരന്റെ ആത്മവത്തയ്ക്കും വീക്ഷണകോണിനും പ്രാധാന്യം വന്നു. സാമൂഹികാവസ്ഥയുടെ ആന്തരിക സത്യങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങളാണ് കലാകാരന്മാർ നടത്തിയിരുന്നത്. ആത്മാവബോധവും അനിച്ഛാപരതയുമാണ് ആധുനികതയുടെ സവിശേഷത.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളും ഇരുപതാം നൂറ്റാണ്ടിന്റെ അവസാനംവരേയും ആധുനികതയുടെ സ്വഭാവം ശക്തമാണ്. ലോകത്തിന്റെ പല ഭാഗത്തും പല കാലങ്ങളിലാണിത് ശക്തപ്പെട്ടത്. ആധുനിക സംസ്കാരത്തിന്റെ കടന്ന് വരവ് ഒരു ബദൽ സൗന്ദര്യശാസ്ത്രം നിർമ്മിച്ചു. സാമ്രാജ്യത്വവും മുതലാളിത്തവും ആധിപത്യം സ്ഥാപിച്ച കാലയളവാണത്. കോളനിവത്കരണത്തിന്റെ ഫലമായുണ്ടായ സമ്പദ്‌വ്യവസ്ഥയും സ്വേച്ഛാധിപത്യപ്രവണതയും മാനവരാശിയുടെ ജീവിതത്തെ പല രീതിയിൽ മാറ്റി മറിച്ചു. മനുഷ്യബന്ധങ്ങൾക്ക് തകർച്ച സംഭവിച്ചു. സാമൂഹ്യയാഥാർ



SGOU

ഥ്യങ്ങളിൽനിന്നും അവനവനിൽ നിന്നു തന്നെയും മനുഷ്യന് അന്യവത്കരണം സംഭവിച്ചു. കർതൃത്വത്തെ സംബന്ധിച്ച ആശയങ്ങളിലും മാറ്റം ഉണ്ടായി. ഇപ്രകാരം മാറിയ ലോകത്തെ സംബന്ധിച്ച ഒരു അവബോധം അല്ലെങ്കിൽ വീക്ഷണം സാഹിത്യാദികലകളിൽ സജീവമായി.

ഭാരതീയ ചിത്രകലയിലും കേരളീയ ചിത്രകലയിലും നിലനിന്നിരുന്ന പാരമ്പര്യ ശൈലിയേയും ആധുനികരീതിയേയും സമന്വയിപ്പിച്ചുകൊണ്ടുള്ള ചിത്രങ്ങളും ശില്പങ്ങളും രചിച്ച ചിത്രകാരനാണ് എം. വി. ദേവൻ. ചിത്രകാരൻ, ശില്പി, വാസ്തുശില്പി, വാഗ്മി, സംഘാടകൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ എന്നിങ്ങനെ ഒട്ടേറെ മേഖലകളിൽ സജീവമായിരുന്നു അദ്ദേഹം. ഭാരതീയ കലകളെക്കുറിച്ചും പാശ്ചാത്യകലകളെക്കുറിച്ചുമുള്ള ഗാഢമായ അവഗാഹം ആധുനിക കേരളീയ കലാചരിത്രത്തിന് വലിയ സംഭാവനകളാണ് നൽകിയത്. കലയിലെ വ്യവസ്ഥാപിത ചിന്താധാരകളെ എതിർക്കാനുള്ള ശക്തി ഗുരുവായ കെ.സി.എസ്. പണിക്കരിൽ നിന്ന് ലഭിച്ചു. ജനാധിപത്യബോധം, സ്വാതന്ത്ര്യസങ്കല്പം, സംസ്കാരബാഹുല്യം, മാനവികതാബോധം തുടങ്ങിയ നിരവധി ആശയധാരകളുടെ സ്വാധീനമാണ് കലാജീവിതത്തിന് അടിസ്ഥാനം. ബഷീർ, കാരൂർ, ഉറൂബ്, എസ്. കെ. പൊറ്റെക്കാട്ട് തുടങ്ങി ധാരാളം സാഹിത്യകാരന്മാരുടെ കഥാപാത്രങ്ങൾക്ക് ചിത്രരൂപം നൽകി. സാഹിത്യരൂപവും ചിത്രരൂപവും തമ്മിലുള്ള സവിശേഷ സമന്വയത്തിന്റെ കാഴ്ചയാണത് സമ്മാനിച്ചത്. ശില്പവും വാസ്തുശില്പവും ശക്തമായ കലാവിഷ്കാരമാധ്യമമായി മാറി. ആധുനിക കലാസങ്കേതങ്ങളെ ആഴത്തിൽ പഠിച്ച് പാരമ്പര്യവുമായി ചേർത്തിണക്കി നവീനമായ ഒരു ശൈലി ചിത്രശില്പവാസ്തുകലയിൽ കൊണ്ടു വന്നു. മലയാളിയുടെ ദൃശ്യസംസ്കാരത്തിലും സാഹിത്യഭാവുകത്വത്തിലും വലിയ സ്വാധീനമാണ് ഇതിനുള്ളത്. സാഹിത്യരചനകളിലെ കഥാപാത്രങ്ങൾക്ക് നൽകിയ ചിത്രരൂപങ്ങൾ സാഹിത്യവും ചിത്രകലയും തമ്മിലുള്ള സംയോജനത്തിന് കാരണമായി.

"ദേവന്റെ രചനകളിലെല്ലാം മൗലികവും ആധുനികവുമായ കാഴ്ചപ്പാടാണ് ഉള്ളത്. കലയിൽ പലതരം കലർപ്പുകൾ പെരുകിയ കാലഘട്ടത്തിൽ കലർപ്പുകളിൽ നിന്ന് കലയെ വിമോചിപ്പിക്കുക എന്നതായിരുന്നു ദേവന്റെ ആധുനികതാ വീക്ഷണത്തിന്റെ പ്രാഥമിക ധർമ്മം" (എം.കെ. സാനു, അവതാരിക: ദേവസ്പന്ദനം). പാരമ്പര്യത്തെ സമകാലവത്കരിച്ചുകൊണ്ട് കലാചിന്തയെ സജീവമായി നിലനിർത്തുകയാണ് ദേവന്റെ കലാപ്രവർത്തനങ്ങൾ. ചിത്രകലയിൽ മാത്രമല്ല ശില്പവാസ്തുകലയിലും കലാവിമർശനത്തിലും എഴുത്തിലും ഈ ആധുനികതാബോധം പ്രകടമാണ്. എം.വി. ദേവനെക്കുറിച്ച് വിജയകുമാർ മേനോൻ എഴുതിയ ലേഖനമാണ് 'എം.വി. ദേവനും ആധുനികതയും'. കെ.എൻ. ഷാജി എഡിറ്റ് ചെയ്ത എം.വി. ദേവൻ: കല കാലം കലാപം എന്ന പുസ്തകത്തിലാണ് ഈ ലേഖനം ഉൾപ്പെടുത്തിയിട്ടുള്ളത്.

**എം.വി. ദേവൻ**



ചിത്രകാരൻ, ശില്പി, വാസ്തുശില്പി, സാഹിത്യകാരൻ, വാഗ്മി, എന്നിങ്ങനെ വ്യത്യസ്ത രംഗങ്ങളിൽ പ്രശസ്തൻ. 1928 – ൽ കണ്ണൂരിൽ ജനനം. മഠത്തിൽ വാസുദേവൻ എന്നാണ് പൂർണ്ണനാമം. അക്കാദമിക് റിയലിസത്തിൽ മാത്രം ഒതുങ്ങി നിന്നിരുന്ന കേരളീയ ചിത്രകലയെ ആധുനികതയിലേക്ക് നയിക്കുന്നതിന് പ്രധാനപ്പെട്ട പങ്ക് വഹിച്ചു. ഗവൺമെന്റ് സ്കൂൾ ഓഫ് ആർട്സ് ആന്റ് ക്രാഫ്റ്റ്സ് ചെന്നൈയിൽ വിദ്യാഭ്യാസം. ഡി.പി. റോയ് ചൗധരി, കെ.സി.എസ്. പണിക്കർ എന്നിവരുടെ കീഴിൽ പഠനം. 1952 മുതൽ മാതൃഭൂമി വാരികയിൽ ഇലസ്ട്രേറ്റർ.

SGOU

ബഷീർ, കാരൂർ, ഉറൂബ് തുടങ്ങിയ ഒട്ടേറെ എഴുത്തുകാരുടെ സാഹിത്യരചനകൾക്ക് രേഖാചിത്രം വരച്ചു. ജലച്ചായത്തിലും എണ്ണച്ചായത്തിലും അനവധി ചിത്രങ്ങൾ രചിച്ചിട്ടുണ്ട്. കല്ലിലും സിമന്റിലും കോൺക്രീറ്റിലും ഒട്ടനവധി ശില്പങ്ങൾ നിർമ്മിച്ചു. ഉദ്യോഗമണ്ഡൽ ഫാക്ടിൽ ജോലിനോക്കി. 1974 മുതൽ–77 വരെ കേരള ലളിതകലാഅക്കാദമിയുടെ അധ്യക്ഷനായിരുന്നു. വാസ്തുശില്പകലയിലും പ്രഗത്ഭനായിരുന്നു. സാഹിത്യവുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന അദ്ദേഹം ഗോപുരം, സമീക്ഷ, കേരള കവിത തുടങ്ങിയ സാഹിത്യ പ്രസിദ്ധീകരണങ്ങളിലും സജീവമായിരുന്നു. കലാരംഗത്ത് നിരവധി ലേഖനങ്ങളും പ്രഭാഷണങ്ങളും എം.വി. ദേവന്റേതായിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ്, ഫെല്ലോഷിപ്പ്, വയലാർ അവാർഡ് (ദേവസ്പന്ദനം) തുടങ്ങി ധാരാളം ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

**വിജയകുമാർ മേനോൻ**



കലാനിരൂപകൻ, എഴുത്തുകാരൻ, ചിത്രകലാ അധ്യാപകൻ, വിവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. കല, സംസ്കാരം, നാടോടി കലകൾ, നാടോടി സംസ്കാരം, നാടൻപാട്ടുകൾ, പ്രകൃതി സംരക്ഷണം, പുഴകളുടെ ചരിത്രം തുടങ്ങിയ ഒട്ടേറെ മേഖലകളിൽ പഠനങ്ങൾ നടത്തിയിട്ടുണ്ട്. പൗരസ്ത്യകലയെക്കുറിച്ചുള്ള ഗാഢമായ അവഗാഹം കലാചരിത്രപഠനത്തിന് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. കേരളത്തിലെ വിവിധ ഫൈൻ ആർട്സ് കോളേജുകളിൽ അധ്യാപകനായി ദീർഘകാലം സേവനമനുഷ്ഠിച്ചു. ഭാരതീയ കലാചരിത്രം, ഭാരതീയ ലാവണ്യ ദർശനവും കലാപാരസ്പര്യവും, കേരളകല സംസ്കാരം, ആധുനിക കലാദർശനം, രവിവർമ്മ പഠനം, ഭാരതീയ ചിത്രകല ഇരുപതാം നൂറ്റാണ്ടിൽ, ചിത്രകല ചരിത്രവും രീതികളും, പുഴയുടെ നാട്ടറിവ്, സ്ഥലം കാലം കല തുടങ്ങിയ പ്രധാനപ്പെട്ട കൃതികൾ.

SGOU

## Keywords

റിയലിസ്റ്റിക് ശൈലി - സോഷ്യൽ റിയലിസം - എക്സ്പ്രഷനിസ്റ്റ് രീതി - വികലീകരണം - സംവേദകശക്തി - രൂപവീക്ഷണം - കാഴ്ചവട്ടം - പരിധിരേഖ - അരികസ്തിത്വം - ജൈവഘരത്വം - വർണ്ണഘരത്വം- മ്യൂറൽ മൊസൈക്

## Discussion

യൂറോപ്പിൽ ആധുനികതയുടെ പ്രഭാവം ശക്തമായിക്കഴിഞ്ഞപ്പോഴും കേരളീയ ചിത്രകലയിൽ അത് പ്രത്യക്ഷപ്പെട്ടിരുന്നില്ല. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങളിൽപോലും രവിവർമ്മയുടെ പ്രഭാവം ചിത്രകലയിൽ നിലനിന്നിരുന്നു. എന്നാൽ ഭാരതീയ /കേരളീയ നവോത്ഥാനത്തിന്റെ പശ്ചാത്തലത്തിൽ രവിവർമ്മയെ വായിക്കാനുള്ള ശ്രമവും ഉണ്ടായിരുന്നില്ല. രവിവർമ്മയുടെ റിയലിസ്റ്റിക് ശൈലിയും സ്കൂളുകളിലെ ഡ്രോയിംഗ് മാസ്റ്റർശൈലിയും ഫൈൻ ആർട്ട്സ് ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനരീതിയും ഒക്കെ കലർന്ന ഒരു വിചിത്ര ശൈലിയാണ് കേരളത്തിൽ അന്നുണ്ടായിരുന്നത്. ഇടതുപക്ഷചിന്ത റിയലിസത്തെ സോഷ്യൽറിയലിസമാക്കി കേരളത്തിൽ ശക്തമായി പ്രചരിപ്പിച്ചിരുന്നു. കലയുടെ ഉപരിപഠനത്തിനു അനുയോജ്യമായ വിദ്യാലയങ്ങളുടെ അഭാവം കലയു

ടെ പരമ്പരാഗത ചട്ടക്കൂടുകളെ തകർക്കാൻ തടസ്സമായി. ബ്രിട്ടീഷ് കലാപഠനശൈലിയെ അനുകരിക്കുക മാത്രമാണ് ഫൈൻആർട്ട്സ് കോളേജുകൾ ചെയ്തിരുന്നത്. ഈ സാഹചര്യത്തിലാണ് എം.വി. ദേവൻ എന്ന കലാകരന്റെ പങ്ക് പ്രസക്തമാവുന്നത്. എം.വി. ദേവൻ കേരളീയ ചിത്രകലയെ ആധുനികവത്കരിക്കാൻ നടത്തിയ പ്രവർത്തനങ്ങളെ അന്വേഷിക്കുകയും ഭാരതീയവും പാശ്ചാത്യവുമായ കലാരീതികൾ അദ്ദേഹത്തിന്റെ രചനകളിൽ ഉണ്ടാക്കിയ സ്വാധീനം കണ്ടെത്തുകയും ചെയ്യുകയാണ് വിജയകുമാർ മേനോൻ ഈ ലേഖനത്തിൽ.

വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ ചിത്രകലയിൽ എം.വി. ദേവനുള്ള പ്രാവീണ്യത്തെ ചൂണ്ടിക്കാട്ടുന്ന ഒരു സന്ദർഭം പല ഗ്രന്ഥങ്ങളിലും എഴുതിയിട്ടുണ്ട്. ചങ്ങമ്പുഴ അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിലേക്ക് എം.വി. ദേവന്റെ ഒരു ചിത്രം ആവശ്യപ്പെട്ടതായും അത് നൽകിയപ്പോൾ വിദ്യാർഥിയായ ദേവനെ അനുമോദിച്ചതായും പറയപ്പെടുന്നു. അക്കാലത്തെ പ്രധാന കലാപഠനശാലകൾ ശാന്തിനികേതനിലെ വിശ്വഭാരതിയും മദ്രാസ് സ്കൂൾ ഓഫ് ആർട്സ് ആന്റ് ക്രാഫ്റ്റ്സും ആയിരുന്നു. 1940-കളിൽ കേസരി പാശ്ചാത്യ കലാപ്രസ്ഥാനങ്ങളെക്കുറിച്ച് മലയാളത്തിൽ ലേഖനങ്ങൾ എഴുതിയിരുന്നു. ഡോ. എ. ആർ. പൊതുവാൾ, സി.കെ. രാ, കൊടുങ്ങല്ലൂർ മാധവമേനോൻ ഇവരായിരുന്നു നവീന ശൈലിയെ സ്വീകരിച്ചിരുന്ന കലാകാരന്മാർ. സ്വന്തമായ ശൈലി ഇവർക്കുണ്ടായിരുന്നുവെങ്കിലും വലിയ ചലനങ്ങൾ ഉണ്ടാക്കാൻ ഇവർക്ക് ആയില്ല. രവിവർമ്മശൈലിയിൽ നിന്ന് വേർതിരിഞ്ഞ ഒന്ന് പ്രകടവുമായിരുന്നു.

മദ്രാസ് കലാപാഠശാലയിൽ നിന്ന് എം.വി. ദേവൻ റിയലിസവും നവീനതയും ഒരു പോലെ ഗ്രഹിച്ചു. റിയലിസവും എക്പ്രഷനിസ്റ്റുരീതിയും ചേർന്ന ഒരു ശൈലിയാണ് ഡി.പി. റായ് ചൗധരിയുടെ ശില്പങ്ങളിൽ കാണുന്നത്. (ഉദാ. The triumph of labour, മറീന ബീച്ച്, മദ്രാസ്) വികലീകരണം (distortion ), സംവേദനശക്തി (expressive force) തുടങ്ങിയ എക്സ്പ്രഷനിസ്റ്റ് സ്വഭാവങ്ങൾ ചൗധരിയുടെ ഛായാശില്പങ്ങളിൽ കാണാം. ചൗധരിയുടെ ശൈലി എം.വി. ദേവന് പരിചിതമായിരുന്നുവെങ്കിലും ആ വീക്ഷണത്തോടോ അക്കാദമിക് രീതിയോടോ യോജിപ്പുണ്ടായിരുന്നില്ല. കെ.സി.എസ്. പണിക്കരാണ് ദേവനെ സ്വാധീനിച്ചത്. ആശയപരമായി ചൗധരിയോട് വിയോജിപ്പുണ്ടെങ്കിലും രൂപത്തിന്റെ സംവേദനക്ഷമത എങ്ങനെയെല്ലാം സൃഷ്ടിച്ചെടുക്കാമെന്ന് ദേവൻ മനസ്സിലാക്കി.

കാണുന്നത് സൃഷ്ടിക്കുന്നതല്ല, ചിന്ത സൃഷ്ടിക്കുന്ന റിയലിസമാണ് ആനന്ദകുമാരസ്വാമിയുടെ കലാതത്വം. ഇത് രൂപപരം മാത്രമല്ല. ചിന്തയിലും വീക്ഷണമുണ്ട്. റിയലിസത്തെ സംബന്ധിച്ച ഈ ചിന്താഗതിയോടാണ് എം.വി. ദേവന് ആഭിമുഖ്യം ഉണ്ടായിരുന്നത്. എം. ഗോവിന്ദന്റെയും എം.എൻ. റോയിയുടെയും ഹ്യൂമനിസ്റ്റ് ചിന്താ വീക്ഷണത്തിനുതകുന്ന രൂപവീക്ഷണം (form consciounsess) ആയിരുന്നു എം.വി. ദേവന്റെ കലാചിന്തയുടെ മർമ്മം. ഇത് വളർത്തിയെടുക്കാൻ കഴിഞ്ഞത് കെ.സി.എസ്. പണിക്കരുടെ ശിക്ഷണമാണ്. കാഴ്ചയ്ക്ക് രണ്ട് തലങ്ങളുണ്ട്. ദൃശ്യപരവും ദർശനപരവും. ദർശനമെന്നത് ഓരോ വ്യക്തിയുടെയും ചിന്താ വീക്ഷണമാണ്. അതിൽ സാമൂഹ്യം, രാഷ്ട്രീയം, ലാവണ്യം തുടങ്ങി നിരവധി ഘടകങ്ങളുണ്ട്. ഈ ഘടകങ്ങൾ ചേർന്ന സമഗ്രതയാണ് കലയ്ക്കാവശ്യം. വലിയ വായനാശീലമുണ്ടായിരുന്ന ദേവന് ഇത് വളരെ ബോധ്യമുണ്ടായിരുന്നു. ആനന്ദകുമാരസ്വാമിയുടെയും എം. ഗോവിന്ദന്റെയും ചിന്താമണ്ഡലം, കെ.സി.എസ്. പണിക്കരുടെ കലാവബോധം എന്നിവ ഒരേ സമയം ഭാരതീയതയിൽ നിന്ന് കൊണ്ട് നവീനതയിലേക്ക് കടക്കാൻ ദേവനെ സഹായിച്ചു.

രേഖീയതയെ സംബന്ധിച്ച ചിന്തകളാണ് പിന്നീട് ലേഖനത്തിലുള്ളത്. ഭരതീയചിന്തയിൽ ബിന്ദുവാണ് ആരംഭം. വർണ്ണത്തേക്കാൾ രേഖീയതയ്ക്കാണ് ഭാരതീയകലയിൽ പ്രധാന്യമുള്ളത്. പാശ്ചാത്യകലയിലെ കാഴ്ചവട്ടം (perspective) ത്രിമാനപ്രതീതി നൽകുമ്പോൾ ഭാരതീയരുടെ ദ്വിമാനമാത്രമുള്ള ചിത്രരൂപം ധ്യാനാത്മകമാണ്. അഭിനവഗുപ്തനും ആനന്ദവർധനനും കാവ്യത്തിലും നാടകത്തിലും ഏറ്റവും കുറവ് അംശം കൊണ്ട് ധ്വനിയുണർത്തുന്ന സങ്കേതം പ്രധാനമായി സ്വീകരിച്ചിരുന്നു. ഇത്

SGOU

രേഖാചിത്രങ്ങളിലും കാണാൻ കഴിയും. മദ്രാസ് സ്കൂളിലെ ഡി.പി. റായ് ചൗധരിയും കെ.സി. എസ്. പണിക്കരും നൽകിയ ഈ പ്രാഥമിക പാഠം ദേവൻ എല്ലാ അർഥത്തിലും ഉൾക്കൊണ്ടു. ഭാരതീയ കലയിലെ രേഖീയതയും പാശ്ചാത്യ ആധുനികതയും സ്വീകരിച്ചു കൊണ്ടുള്ള പാതയിലൂടെയാണ് എം.വി. ദേവനും സഞ്ചരിച്ചത്.

പൗരസ്ത്യകലകളിൽ ചൈന, ജപ്പാൻ തുടങ്ങിയ പാരമ്പര്യങ്ങളിലും രേഖയ്ക്ക് വലിയ പ്രാധാന്യം ഉണ്ട്. പൗരസ്ത്യ ചിഹ്നമായി ഈ രേഖീയത മാറി. ഭാരതത്തിൽ നിലനിന്നിരുന്ന പരന്ന പ്രതലത്തിലെ പരന്ന രൂപങ്ങൾ നാടൻ കലകളിലും കാണാൻ കഴിയും. വർണ്ണം കൊണ്ട് രൂപത്തിന്റെ പരിധിരേഖയെ (outline) ലയിപ്പിച്ചു കളയുകയല്ല ദേവൻ ചെയ്തത്. ഓരോ രൂപത്തിന്റെയും ആകൃതി പരിധിരേഖ (contour) കൊണ്ട് വ്യക്തമായി അടയാളപ്പെടുത്തി അതിന്റെ അസ്തിത്വത്തെ നിർണ്ണയിക്കുകയാണ് ചിത്രകലയിൽ ചെയ്തത്. വർണ്ണത്തേക്കാൾ രൂപപ്രധാനമാണത്. ചെറുപ്പകാലത്ത് രവിവർമ്മ ചിത്രങ്ങൾ ധാരാളമായി പകർത്തിയിരുന്നതായി എം.വി. ദേവൻ പറഞ്ഞിട്ടുണ്ട്. രവിവർമ്മ ചിത്രങ്ങളിലെ ത്രിമാനത ഒഴിവാക്കി രൂപത്തിനായിരുന്നു പ്രാധാന്യം നൽകിയിരുന്നത്. ദ്വിമാന ചിത്രരചനയോടുള്ള ആഭിമുഖ്യം ഭാരതീയതയുടെയും കേരളീയതയുടെയും സ്വാധീനഫലമാണ്. തെയ്യത്തിന്റെ മുഖത്തെഴുത്തിലും കളമെഴുത്തിലും ഈ രേഖീയത കാണാവുന്നതാണ്. ദേവന്റെ വർണ്ണചിത്രങ്ങളിൽ ദ്വിമാനസ്വഭാവുള്ള ചായത്തേപ്പുകൾ തരളഭാവത്തേക്കാൾ പരുക്കൻ ഭാവം പ്രകടിപ്പിച്ചു.

രേഖീയത ഒരു രൂപത്തിന്റെ പരിധിരേഖയിൽ മാത്രം ഒതുങ്ങുന്നതല്ല. രൂപത്തിന്റെ സത്തയാണ് പരിധിരേഖയിൽ കലാകാരൻ ക്രോഡീകരിക്കുന്നത്. ഒരു രൂപത്തെ ഏതെങ്കിലും ഒരു ബിന്ദുവിൽ നിന്നു നോക്കിക്കാണുന്ന പാശ്ചാത്യ കാഴ്ചവട്ടം ഒരു ചിത്രഭാഷയാണ്, വീക്ഷണവുമാണ്. വാസ്തുകലയിൽ (Architecture) രേഖകൾ കൊണ്ട് നിർമ്മിക്കുന്ന പ്രാഥമിക ഡിസൈനിൽ തന്നെ ഇത് കാണാം. നവോത്ഥാനകാലത്ത് ഇറ്റലിയിൽ ബ്യൂണലസ്ച്ചി (Brunelleschi) ഉൾപ്പെടെയുള്ളവർ ഇത് ജ്യാമിതിയായി സൃഷ്ടിച്ചു. ഭാരതത്തിലും ആദിവാസി പാരമ്പര്യത്തിലും പ്രാദേശിക കലാകാരന്മാരിലും അന്ത:സന്തയ്ക്ക് പ്രാധാന്യം നൽകിയതായി കാണാം. അതിനെ ആദർശസുന്ദരമാക്കിയതാണ് നൃത്തകരണങ്ങളിലുള്ള ഭാരതീയ ശില്പങ്ങൾ. ഈ നൃത്തകരണസ്വഭാവത്തിന് ഉദാഹരണമാണ് അജന്തയിലെ ചിത്രശില്പങ്ങൾ. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അജന്താചിത്രങ്ങളുടെ രേഖീയത സ്വദേശീപ്രസ്ഥാനത്തിന്റെ ഭാഗമായി ബംഗാൾ സ്കൂൾ ഉയർത്തിപ്പിടിച്ചിരുന്നു. കെ.സി.എസ്. പണിക്കരുടെ ജലച്ചായചിത്രങ്ങൾക്ക് ബാഹ്യരൂപാവിഷ്കാരം മാത്രമല്ല ആന്തരികസത്താവിഷ്കാരം കൂടി ഉണ്ടായിരുന്നു. എം.വി. ദേവനും ഈ പാറ്റേൺ സ്വീകരിച്ചു. കേരളത്തിലെ കളമെഴുത്തിലും ചുവർചിത്രത്തിലുമെല്ലാം ഇത് കാണാം. ആധുനികതയും പാരമ്പര്യവും ഒരുമിപ്പിക്കാനുള്ള കലായുക്തി ദേവനിലുണ്ടായി.

ആനന്ദകുമാരസ്വാമി പറയുന്നത് ഭാരതീയ ചിത്രകാരന്മാർ കലയിൽ രൂപത്തെ സ്വരൂപമാക്കിത്തീർക്കുന്നു എന്നാണ്. ബഷീറിന്റെ കഥാപാത്രങ്ങളെ വരയ്ക്കേണ്ടിവന്നപ്പോൾ ദേവൻ കഥാപാത്രരൂപത്തെയല്ല, അതിന്റെ സ്വരൂപത്തെയാണ് അവതരിപ്പിച്ചത്. അതുകൊണ്ട് സാഹിത്യകാരന്മാരും കലാകാരന്മാരും വായനക്കാരും അത് ചർച്ച ചെയ്തു. സാഹിത്യം ഉന്നതശ്രേണിയിൽ നിൽക്കുന്ന അക്കാലത്ത് സാഹിത്യത്തോടൊപ്പം ചിത്രകലയും ചർച്ചയ്ക്ക് വിധേയമായി. സാഹിത്യത്തിന്റെ ചിത്രീകരണം അങ്ങനെ സർഗാത്മകമായി. സാഹിത്യത്തിൽ ബഷീർ പുതിയ ഭാവുകത്വം കൊണ്ടു വന്നപ്പോൾ അതിനനുസരിച്ചുള്ള രൂപങ്ങൾ ദേവൻ സൃഷ്ടിച്ചു. സമകാലികതയും ആധുനികതയും സ്മൃതിബിംബവും സാഹിത്യകൃതി എന്ന സ്രോതസ്സും ചിത്രീകരണത്തിൽ ഒരു പോലെ ശക്തമാകുന്നു.

ദേവന്റെ ചിത്രീകരണങ്ങൾ കേരളത്തിന്റെ ദൃശ്യബോധത്തെ നവീകരിച്ചു. അതുവരെ സാഹിത്യത്തോടൊപ്പം പ്രത്യക്ഷപ്പെടുന്ന ചിത്രീകരണകലയ്ക്ക് സാഹിത്യഭാഗത്തിന്റെ 'അരികസ്തിത്വം ' (marginal existence) ആണുണ്ടായിരുന്നത്. എം. ഭാസ്കരൻ, കെ.സി.എസ്, ദേവൻ എന്നിവരുടെ പ്രവർത്തനങ്ങളിലൂടെ സാഹിത്യം, ചിത്രീകരണം തുട

SGOU

ങ്ങിയവയുടെ പാരസ്പര്യത്തിലൂടെ മാത്രമേ ബഷീർ കഥകൾ പോലുള്ളവ പൂർണ്ണമാകുന്നുള്ളു എന്ന തോന്നൽ ശക്തമായി. ഉറൂബിന്റേയും മറ്റു സാഹിത്യകാരന്മാരുടെയും കഥാപാത്രങ്ങളിൽ നിന്ന് വ്യത്യാസമുള്ളവരാണ് ബഷീറിന്റെ കഥാപാത്രങ്ങൾ. അത്തരം കഥാപാത്രങ്ങളുടെ അതിസാധാരണ ജീവിതാന്തരീക്ഷവും എന്നാൽ വിചിത്രവുമായ അവരുടെ സാമൂഹ്യാസ്തിത്വവും ഒരു പുതിയ റിയലിസം ഉണ്ടാക്കി. ഹാസ്യവും ഐറണിയും ചേർന്ന വീക്ഷണം കഥാപാത്രങ്ങളെ സാമാന്യതലത്തിൽ നിന്ന് അസാമാന്യഭാവത്തിലെത്തിക്കും. ഈ പാറ്റേൺ എഴുത്തു ഭാഷയിൽ ബഷീർ പ്രയോഗിച്ചതിനു സമാന്തരമായി ചിത്രീകരണഭാഷയിൽ ദേവനും പ്രയോഗിച്ചപ്പോൾ സാഹിത്യ-ചിത്രരചനാ പാരസ്പര്യം ദൃശ്യമായി. ദേവന്റെ ചിത്രീകരണങ്ങളിലെ വികലീകരണം (distortion) ആദർശ ലാവണ്യത്തിനെതിരെയുള്ള ഒരു വീക്ഷണം കൂടിയാണ്. ബഷീർ കഥയിലെ കഥാപാത്രങ്ങൾ ന്യൂനോക്തി കൊണ്ട് സൃഷ്ടിക്കുന്ന സവിശേഷഭാവവും അന്തരീക്ഷവും അതിനു സമാന്തരമായ ന്യൂനോക്തികൊണ്ട് ദേവൻ ദൃശ്യഭാഷയിലൂടെ പ്രകടിപ്പിച്ചു. 1950-കളിലെ കേരളത്തിന്റെ മനുഷ്യശരീരഘടനയിൽ തലമുടി ഒരു പ്രധാന ഘടകമാണ്. ചുരുണ്ട തലമുടി രണ്ടായിപകുത്ത് ചീകിവയ്ക്കുന്ന വ്യക്തികൾ എന്ന കഥാപാത്ര ലക്ഷണം പാടെ മാറ്റി, മുള്ളൻ പന്നിയുടെ മുള്ളു പോലെ എഴുന്ന് നിൽക്കുന്ന മുടിരൂപങ്ങളെ ദേവൻ ബഷീർ കഥകൾക്ക് വേണ്ടി സൃഷ്ടിച്ചപ്പോൾ ആദർശ ലാവണ്യബോധത്തിന്റെ ഒരു എതിർദിശാ പ്രവാഹം സംഭവിച്ചു. അക്കാലത്തെ ഫോട്ടോഗ്രാഫുകളിൽ കാണുന്ന തലമുടി രണ്ടു വശത്തേക്കും ചീകി വെക്കുന്ന ചുരുണ്ട തലമുടിലക്ഷണം ബഷീർ കഥകളിലെ കഥാപാത്രങ്ങളിലെല്ലാം നിരാകരിച്ചു. ബഷീർ കഥകളെ ആധാരമാക്കിയാണ് വരച്ചതെങ്കിലും ന്യൂനോക്തിയും അത്യുക്തിയും ദേവൻ ഔചിത്യപൂർവം ഉപയോഗിച്ചു. സാഹിത്യവും ചിത്രകലയും താരതമ്യം ചെയ്യാനുള്ള ഒരു സന്ദർഭവവും കൂടിയായിരുന്നു ദേവന്റെ ചിത്രീകരണം.

ദേവന്റെ വർണ്ണചിത്രങ്ങളിലെ ചായത്തേപ്പും രൂപനിർമ്മാണവും പാശ്ചാത്യ ചിത്രകാരന്മാരായ ഹെൻട്രി മത്തിസിനേയും പോൾ സെസാനെയും ഓർമ്മിപ്പിക്കുന്നതാണ്. ബ്രഷ് ചലനത്തെ വ്യക്തമായി കാണിക്കുന്ന വിധത്തിലുള്ളവയാണത്. പോസ്റ്റ്ഇംപ്രഷനിസ്റ്റുകളിൽ പ്രധാനമായും സെസാനിൽ ഒരു അശാസ്ത്രീയ ചിന്താപദ്ധതി പോലെ വർണ്ണരൂപങ്ങളെ ഒരു പാറ്റേണിലേക്ക് മാറ്റാനുള്ള പ്രവണത ഉണ്ടായിരുന്നു. മത്തീസിനേക്കാൾ കൂടുതൽ ഫോവിസ്റ്റുകലാകാരനായ ആന്ദ്രെ ദറെൻ (Andre Dreain) ആണ് അത്തരം വർണ്ണപ്രയോഗം കൂടുതൽ ചെയ്തിട്ടുള്ളത്. ദേവന്റെ പല രചനങ്ങളിലും ഇത്തരം ദ്വന്ദ്വമുണ്ട്. ദേവന്റെ വ്യക്തിസ്വഭാവത്തോട് ചേർന്ന് നിൽക്കുന്നതായിരുന്നു ഈ ബ്രഷ് പ്രയോഗം. തരളവർണ്ണത്തിന്റെ മസൃണഭാവം ദേവന്റെ വർണ്ണചിത്രങ്ങൾക്കില്ല. ഭൗതികാകൃതിക്ക് അതിന്റെ ഭൗതികാംശം മുഴുവൻ ലഭിക്കത്തക്ക വിധത്തിലുള്ള പരുക്കൻ വർണ്ണപ്രയോഗം ഒരു പാറ്റേൺ പോലെ നിലകൊള്ളുന്നു. വർണ്ണങ്ങൾകൊണ്ട് സൃഷ്ടിക്കുന്ന ഒരു 'ശില്പപരത'യാണത്. സെസാന്റെ സ്വാധീനം ദേവൻ എപ്പോഴും എടുത്തു പറയാറുണ്ടായിരുന്നു. പ്രകൃതിദൃശ്യങ്ങളെ അവതരിപ്പിക്കുമ്പോൾ ആ ഭൂഭാഗത്തിന്റെ ആന്തരികപ്രകൃതിയാണ് ദേവൻ ശ്രദ്ധിച്ചത്. കാണുന്നതിനെ മറ്റൊരു തരത്തിൽ മനസ്സിൽ കാണുകയും ആ കാഴ്ചയുടെ സത്ത ചിത്രമാക്കുകയും ചെയ്യുകയാണ് കലാപ്രവൃത്തി എന്ന് സെസാൻ പറഞ്ഞത് ദേവന് സ്വീകാര്യമായിരുന്നു.

'മഹാനായ കലാകാരൻ' എന്ന ഒരു ഏകാങ്കം ദേവൻ എഴുതിയിട്ടുണ്ട്. അതിലെ പ്രധാന കഥാപാത്രം സെസാൻ എന്ന പ്രസിദ്ധ ചിത്രകാരനാണ്. അതിൽ എന്തുകൊണ്ടാണ് നിങ്ങൾ ആപ്പിളുകളും ഓറഞ്ചുകളും വരയ്ക്കുന്നത്; മനുഷ്യനെ വരയ്ക്കാത്തതെന്ത് എന്ന ചോദ്യത്തിന് ഈ മനുഷ്യരോട് എത്ര പറഞ്ഞു കൊടുത്താലും അനുസരിക്കില്ല. വെറുതെ പിറുപിറുത്തുകൊണ്ടിരിക്കയും ചെയ്യും. എന്നാൽ ആപ്പിളുകൾക്ക് അങ്ങനെ കുഴപ്പങ്ങളൊന്നുമില്ല. അത് വെച്ചേടത്തു വെച്ചപോലെതന്നെ ഇരിക്കും. അതാണല്ലോ മനുഷ്യനും ആപ്പിളും തമ്മിലുള്ള വ്യത്യാസം. ആപ്പിളിന്റെ വർണ്ണ ഖരത്വം ആണ് അതിന്റെ ജൈവഖരത്വമല്ല സെസാൻ വരച്ച ആപ്പിൾ ചിത്രപരമ്പരയിലുള്ളത്. സെസാന്റെ കൃത്യമായ സ്വാധീനം എം. വി. ദേവനിൽ കാണാം. അദ്ദേഹത്തി

SGOU

ന്റെ ശില്പങ്ങളിലും ഈ വർണ്ണഖരത്വം (chromatic solidity) കാണാൻ സാധിക്കും. 1960 -കളിൽ സാഹിത്യത്തിലും ചിന്തയിലും വ്യാപിച്ച അസ്തിത്വവാദത്തെ സ്വീകരിച്ചതു ഖരത്വത്തിലാണ്. ഈ ഘട്ടത്തിലെ എം. വി. ദേവന്റെ ചിത്രങ്ങളിൽ ജ്യാമതിയുടെ അംശം കൂടുതലായി ഉപയോഗിക്കുന്നുണ്ട്. തത്വചിന്തയുടെ ആഴവും അമൂർത്തതയിൽ നിന്ന് മൂർത്തതയിലേക്കുള്ള പരിണാമവും ഭാവനയിലൂടെ അമൂർത്തത ഉണരുമ്പോൾ രൂപങ്ങൾ അലങ്കാരങ്ങൾ പോലുമാകാമെന്ന സാധ്യതയും ദേവന്റെ ചിന്തയിലുണ്ട്. 1970 -കളോടെ ദേവന്റെ ചിത്രങ്ങളിൽ ദീർഘീകരിച്ച വൃത്തങ്ങൾ (elongated circles) കൂടുതൽ കാണാം. Ovation എന്ന ശീർഷകത്തിൽ ദേവൻ ഒരു ചിത്ര പരമ്പരതന്നെ രചിച്ചിട്ടുണ്ട്. ദീർഘവൃത്തത്തിന്റെ ത്രിമാന രൂപം ഭാരതത്തിൽ എന്നും ശിവലിംഗവുമായാണ് ബന്ധപ്പെടുത്താറുള്ളത്. ലംബമാക്കി നിർത്തിയാൽ അത് ആൺഉർവരതയും തിരശ്ചീനമാക്കി നിർത്തിയാൽ അത് പെൺഉർവരതയുമാണെന്ന സങ്കല്പം ഭാരതത്തിലെ ആദിമഗോത്ര സംസ്കൃതികളിൽ പലതിലുമുള്ള സജീവമായ ഒരു ആശയമാണിന്നും. ദേവന്റെ ഭാരതീയത കേവലം ഭൂഭാഗ നിബദ്ധമല്ല, താത്വികബന്ധിയാണ്.

ദേവന്റെ ചിത്രങ്ങളിൽ ക്യാൻവാസ് എന്ന മാധ്യമം പോലെ പ്രധാനമാണ് മ്യൂറൽമൊസൈക്കുകൾ. കൂർപ്പുകളും വർണ്ണബിന്ദുക്കൾ പോലുള്ള ചിത്രപ്രതലവുമടങ്ങുന്ന മൊസൈക്ക്/ഗ്ലാസ് റിലീഫുകളിൽ അലങ്കാരമാണ് പ്രധാനം, ആശയങ്ങളല്ല. അവ ക്യൂബിസത്തിലെ രൂപങ്ങൾപോലെ തലങ്ങും വിലങ്ങും മുറിച്ച വർണ്ണരൂപങ്ങളുടെ ഒരു സംയോജന സ്ഥലമായിത്തീരുന്നു. കൊല്ലം കാർത്തിക ഹോട്ടലിലെ മ്യൂറലുകളെ മൊസൈക്ക് മ്യൂറൽ, മരക്കഷണങ്ങൾ കൊണ്ടുള്ള മ്യൂറൽ എന്ന് രണ്ടായി കാണാം. ദേവന്റെ ഉപബോധം മനസ്സിലും ബൗദ്ധികതലത്തിലും ലാവണ്യതലത്തിലും സ്വാധീനം ചെലുത്തിയ ചില തെയ്യരൂപങ്ങളിൽ നിന്ന് രൂപം കൊണ്ടിട്ടുള്ളതാണെന്ന് മനസ്സിലാക്കാവുന്നതാണ്. കേരളകവിത, സമീക്ഷ തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ കവറുകളിലും അമൂർത്തതയുടെ ജ്യാമിതിയലാവണ്യം തോന്നുന്ന വിധത്തിലാണ് ദേവൻ ഒരുക്കിയിരിക്കുന്നത്. ആനന്ദിന്റെ മരണ സർട്ടിഫിക്കറ്റ് എന്ന ഗ്രന്ഥത്തിന്റെ പുറംചട്ടയിലെ രൂപം എക്സ്പ്രഷനിസ്റ്റു ശൈലിയിലുള്ള ഒരു മനുഷ്യരൂപമായിരുന്നു.

സമൂർത്തശില്പങ്ങളും അമൂർത്തശില്പങ്ങളും ഒരുക്കിയ ദേവന്റെ ശില്പഭാഷാബോധത്തിലും അദ്ദേഹത്തിന്റെ ചിത്രകലാവീക്ഷണം പ്രകടമാണ്. പിണ്ഡം, വ്യാപ്തം എന്നിവകളിൽ പാശ്ചാത്യശില്പികളായ ജാക്വിസ് ലിപ്ഷിറ്റ്സും (Jacques Lipchitz) ബാർബറ ഹെപ്വർത്തും (Barbara Hepworth) ചെയ്ത പരീക്ഷണങ്ങളെ ഓർമ്മിപ്പിക്കുന്നതാണ് ഈ ശില്പഭാഷ. ഖരത്വമാർന്ന ജ്യാമിതിയും തരംഗതാളവും ചേരുമ്പോൾ ഉണ്ടാകുന്ന നവീനതയാണ് ശില്പത്തെ അക്കാലത്ത് ശ്രദ്ധേയമാക്കിയത്. അതു പോലെ ചിത്രം, ശില്പം, വാസ്തുശില്പം എന്നീ മേഖലകളിൽ ദേവൻ ചെയ്ത സംഭാവനകൾക്ക് തുല്യമോ അതിനുപരിയോ ആണ് അദ്ദേഹത്തിന്റെ ലേഖനങ്ങൾ. താത്വികമായി കലയെക്കുറിച്ച് മലയാളത്തിൽ തീരെ കുറച്ചു പഠനങ്ങൾ വന്നിരുന്ന കാലത്ത് ദേവന്റെ ലേഖനങ്ങൾ ആയിരുന്നു ആധുനികകലയുടെ പലതലങ്ങളെയും സ്പർശിച്ചത്. സാഹിത്യത്തിന്റെ ആധിപത്യമുള്ള സദസ്സുകളിൽ പ്രഗൽഭ സാഹിത്യകാരന്മാരോടും വാഗ്മികളോടും ഒപ്പം കലയെയും സാഹിത്യത്തെയും കുറിച്ച് അവയെ ബന്ധപ്പെടുത്തി പറയാൻ ദേവനല്ലാതെ മറ്റാർക്കും കഴിഞ്ഞിട്ടില്ല. അങ്ങനെ കേരള കലാ ചരിത്രത്തിൽ ആധുനികതയുടെ ഒരു സുപ്രധാന അധ്യായമായി എം.വി. ദേവൻ മാറുന്നു.

# Recap

- ഇരുപതാംനൂറ്റാണ്ടിന്റെ മധ്യത്തിലും രവിവർമ്മയുടെ പ്രഭാവം
- രവിവർമ്മയുടെ റിയലിസ്റ്റിക് ശൈലിയും, ഫൈൻ ആർട്സ് കോളേജിലെ അക്കാദമിക് ശൈലിയും
- സോഷ്യൽ റിയലിസത്തിന്റെ പ്രചാരം
- ബ്രിട്ടീഷ് കലാപഠന ശൈലിയുടെ അനുകരണം
- പാരമ്പര്യവും ആധുനികതയും സമന്വയിപ്പിച്ചുകൊണ്ടുള്ള രചനാശൈലിയാണ് ദേവന്റേത്
- കെ.സി.എസിന്റെ ശിഷ്യത്വം
- വികലീകരണം, സംവേദകശക്തി തുടങ്ങിയ എക്സ്പ്രഷനിസ്റ്റ് സ്വഭാവങ്ങൾ
- കാണുന്നത് സൃഷ്ടിക്കുന്നതല്ല ചിന്തസൃഷ്ടിക്കുന്ന റിയലിസമാണ് ആനന്ദകുമാരസ്വാമിയുടെ കലാതത്വം
- ഹ്യൂമനിസ്റ്റ് ചിന്താവീക്ഷണം
- ദൃശ്യപരവും ദർശനപരവും കാഴ്ചയുടെ രണ്ട് തലങ്ങൾ
- ഭാരതീയചിത്രകല രേഖാപ്രധാനം
- പാശ്ചാത്യകലയിലെ കാഴ്ചവട്ടം ത്രിമാനപ്രതീതിയും ഭാരതീയരുടെ ദ്വിമാനമാത്രമുള്ള ചിത്രരൂപം ധ്യാനാത്മകവുമാണ്
- വർണ്ണംകൊണ്ട് പരിധിരേഖയെ മായ്ച്ചുകളയുന്നില്ല. പരിധിരേഖ കൊണ്ട് ആകൃതി വ്യക്തമാക്കുന്നു
- വർണ്ണത്തേക്കാൾ രൂപപ്രധാനം
- തെയ്യത്തിന്റെ മുഖത്തെഴുത്തിലും കളമെഴുത്തിലും രേഖീയത കാണാം
- വാസ്തുകലയിലും രേഖീയതയ്ക്ക് പ്രാധാന്യം ഉണ്ട്
- രൂപത്തെ സ്വരൂപമാക്കിത്തീർക്കുന്നു
- സാഹിത്യരചനയ്ക്ക് ചിത്രരൂപം നൽകുക
- ബഷീർ, ഉറൂബ് എന്നിവരുടെ കഥാപാത്രങ്ങളുടെ രേഖാചിത്രങ്ങൾ
- സാഹിത്യ- ചിത്രരചനാ പാരസ്പര്യം ഉണ്ടായി
- ചിത്രീകരണങ്ങളിലെ വികലീകരണം ആദർശ ലാവണ്യത്തിനെതിരെയുള്ള വീക്ഷണം
- പോൾ സെസാനെയും ഹെൻട്രി മത്തിസിനേയും ഓർമ്മിപ്പിക്കുന്നു
- മഹാനായ കലാകാരൻ എന്ന ഏകാങ്കം
- വർണ്ണഖരത്വം കാണാൻ കഴിയും
- ദീർഘീകരിച്ച വൃത്തങ്ങൾ ചിത്രങ്ങളിൽ കടന്നു വരുന്നു
- മ്യൂറൽമൊസൈക്കുകൾ പ്രാധാന്യം നേടുന്നു
- കേരള കവിത, സമീക്ഷ തുടങ്ങിയവയുടെ കവർ പേജ്
- അമൂർത്തതയുടെ ജാമിതീയ ലാവണ്യം

SGOU

# Objective Questions

1. ത്രിമാനപ്രതീതി തോന്നുന്ന കാഴ്ചാനുഭവത്തിന് പറയുന്ന പേരെന്ത്?
2. . “ദേവന്റെ രചനകളിലെല്ലാം മൗലികവും ആധുനികമായ കാഴ്ചപ്പാടാണ് ഉള്ളത് ' ഇങ്ങനെ അഭിപ്രായപ്പെട്ടത് ആര്?
3. എം.വി. ദേവൻ :കല കാലം കലാപം എന്ന പുസ്തകം എഡിറ്റ് ചെയ്തത് ആര്?
4. എം.വി. ദേവന്റെ പൂർണ്ണ നാമം?
5. എം.വി. ദേവന്റെ വയലാർ അവാർഡ് നേടിയ ഗ്രന്ഥം ഏത്?
6. ആധുനിക കലാദർശനം എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ആര്?
7. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശകത്തിൽ കേരളത്തിൽ പ്രചാരത്തിലി രുന്ന ചിത്രകലാരീതി ഏത്?
8. ചിത്രകലയിൽ ദേവനുള്ള നൈപുണ്യത്തെ തിരിച്ചറിഞ്ഞ് പ്രോത്സാഹി പ്പിച്ച കാല്പനിക കവി?
9. വികലീകരണം, സംവേദക ശക്തി എന്നിവ ഏത് ആധുനിക സങ്കേതത്തി ന്റെ സ്വഭാവമാണ് ?
10. കാണുന്നത് സൃഷ്ടിക്കുന്നതല്ല. ചിന്ത സൃഷ്ടിക്കുന്ന റിയലിസമാണ് കലാ തത്വമെന്ന് അഭിപ്രായപ്പെട്ടത് ആര്?
11. എം.വി. ദേവന്റെ കലാ ചിന്തയുടെ മർമ്മം എന്ത്?
12. ഭാരതീയ കലയിൽ വർണ്ണത്തേക്കാൾ പ്രാധാന്യം ഏതിനാണ് നൽകിയി ട്ടുള്ളത്?
13. രേഖീയതയ്ക്ക് പ്രാധാന്യമുള്ള കേരളീയ നാടോടി കലാരൂപങ്ങൾ ഏതൊക്കെ?
14. ആദർശലാവണ്യത്തിനെതിരെയുള്ള എം.വി. ദേവന്റെ വീക്ഷണം പ്രകട മാകുന്നതെങ്ങനെ?
15. ദേവന്റെ വർണ്ണചിത്രങ്ങളിലെ ചായത്തേപ്പും രൂപനിർമ്മാണവും ഏത് പാശ്ചാത്യ ചിത്രകാരന്മാരെ ഓർമ്മിപ്പിക്കുന്നതാണ്?
16. ദേവൻ എഴുതിയ ഏകാങ്കത്തിന്റെ പേര്?
17. ‘മഹാനായ കലാകാരൻ’ എന്ന ഏകാങ്കത്തിലെ പ്രധാന കഥാപാത്രം ആര്?
18. ഓവേഷൻ എന്ന ചിത്രപരമ്പരയുടെ പ്രത്യേകതയെന്ത്?
19. ദേവന്റെ ചിത്രങ്ങളിൽ ക്യാൻവാസ് എന്ന മാധ്യമം പോലെ പ്രധാനമായ ത് എന്ത്?
20. എക്സ്പ്രഷനിസ്റ്റ് ശൈലിയിലുള്ള മനുഷ്യരൂപം കവർ പേജായി എം.വി. ദേവൻ രചിച്ചത് ആരുടെ നോവലിനാണ്?

SGOU

# Answers

1. കാഴ്ചവട്ടം / ഒപ്ടിക്കൽ ഇല്യൂഷൻ
2. എം.കെ. സാനു
3. കെ.എൻ. ഷാജി
4. മഠത്തിൽ വാസുദേവൻ
5. ദേവസ്പന്ദനം
6. വിജയകുമാർ മേനോൻ
7. രവിവർമ്മയുടെ റിയലിസ്റ്റിക് രീതിയും ഡ്രോയിംഗ് മാസ്റ്റർശൈലിയും
8. ചങ്ങമ്പുഴ
9. എക്സ്പ്രഷനിസ്റ്റ്
10. ആനന്ദകുമാരസ്വാമി
11. ഹ്യൂമനിസ്റ്റ് ചിന്താവീക്ഷണത്തിനുതകുന്ന രൂപവീക്ഷണം
12. രേഖീയതയ്ക്ക്
13. തെയ്യത്തിന്റെ മുഖത്തെഴുത്ത്, കളമെഴുത്ത്
14. വികലീകരണം
15. ഹെൻട്രി മത്തിസ്, പോൾ സെസാൻ
16. മഹാനായ കലാകാരൻ
17. സെസാൻ
18. ദീർഘലീകരിച്ച വൃത്തങ്ങൾ
19. മ്യൂറൽ മൊസൈക്കുകൾ
20. ആനന്ദിന്റെ മരണ സർട്ടിഫിക്കറ്റ്

SGOU

# Assignments

1. ആധുനിക ചിത്രകലയുടെ പ്രത്യേകതകൾ വിവരിക്കുക.
2. കേരളീയ ചിത്രകലയ്ക്ക് എം.വി.ദേവന്റെ സംഭാവനകളെക്കുറിച്ച് ഉപന്യസിക്കുക.
3. പാശ്ചാത്യ പൗരസ്ത്യ ചിത്രകലാസങ്കേതങ്ങളെ എം.വി ദേവൻ കലാസൃഷ്ടികളിൽ സന്നിവേശിപ്പിച്ചിരിക്കുന്നത് എങ്ങനെയെന്ന് വിജയകുമാർ മേനോന്റെ ലേഖനത്തെ ആസ്പദമാക്കി വിശദമാക്കുക.
4. എം.വി. ദേവൻ മലയാള സാഹിത്യവുമായി ഏതൊക്കെ നിലയിൽ ഇടപെട്ടിട്ടുണ്ടെന്ന് ചർച്ച ചെയ്യുക.

## Reference


1. കെ.എൻ. ഷാജി(എ.ഡി.), എം.വി. ദേവൻ: കല കാലം കലാപം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. എം.വി. ദേവൻ, ദേവസ്പന്ദനം, ഡി.സി.ബുക്സ്, കോട്ടയം
3. വിജയകുമാർ മേനോൻ, ഭാരതീയ കലാചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ


## Suggested Reading


1. ഡോ.സുനിൽ. പി. ഇളയിടം, ദമിതം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. ഡോ. സ്മിതാ ഗോപാൽ, ആധുനികതയുടെ ഘടകങ്ങൾ ചിത്രകലയിലും നോവലിലും, കേരള സർവകലാശാല, തിരുവനന്തപുരം


SGOU

# UNIT 3

# നഷ്ടപ്പെട്ട നദീതടസംസ്കാരങ്ങൾ

**എൻ. ശശിധരൻ**

## Learning Outcomes

- ആത്മകഥാ സാഹിത്യത്തെക്കുറിച്ച് ഗ്രഹിക്കുന്നു
- അനുഭവസാഹിത്യ പ്രത്യേകതകളെക്കുറിച്ച് അറിയുന്നു
- എൻ. ശശിധരന്റെ സാഹിത്യസപര്യയെ തിരിച്ചറിയുന്നു
- എൻ. ശശിധരന്റെ ബാല്യകാലസ്മരണകൾ ഗ്രഹിക്കുന്നു
- ഗൃഹാതുരമായ പ്രകൃതിയെയും നദീതടസംസ്കാരങ്ങളെയും അടുത്തറിയുന്നു

## Prerequisite

**ആത്മകഥാ സാഹിത്യം**

ഒരു സാഹിത്യപ്രസ്ഥാനം എന്ന നിലയിൽ, ആത്മകഥാസാഹിത്യത്തിന് ഇന്ന് സാർവത്രികമായ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഒരു വ്യക്തി സ്വന്തം ജീവിതകഥ സ്വയം എഴുതുന്നതാണ് ആത്മകഥ. തന്റെ ജീവിതാനുഭവങ്ങൾ കലാത്മകമായി അവതരിപ്പിക്കുകയും, മനുഷ്യമനസ്സുകളിൽ സമാനാനുഭൂതി ഉണർത്തുകയും ചെയ്യുന്ന കൃതികളെ ഉത്തമമായ ആത്മകഥ എന്ന് പറയാം. ആത്മകഥയ്ക്ക് വിവിധ രൂപങ്ങളുണ്ട്. ഓർമ്മക്കുറിപ്പുകൾ, ആത്മീയ ആത്മകഥകൾ, സാങ്കൽപ്പിക ആത്മകഥകൾ അനുഭവ കഥകൾ എന്നിങ്ങനെ പല രൂപങ്ങളിൽ വരാം. അതിന്റെ സാമൂഹിക പ്രതിഫലനം എന്നത് വ്യക്തിയുടെ ജീവിതം മാത്രമല്ല, അവരുടെ കാലഘട്ടത്തിലെ സാമൂഹിക - സാംസ്കാരിക അവസ്ഥകളെയും ചരിത്രത്തെയും പ്രതിഫലിപ്പിക്കുന്നു. ആത്മകഥകളുടെ രാഷ്ട്രീയപ്രസക്തി പലപ്പോഴും വർത്തമാനകാല പ്രശ്നങ്ങളെ നേരിടാനുള്ള ഉപാധിയായി ആത്മകഥകൾ മാറുന്നു, അതുകൊണ്ട് അവ രാഷ്ട്രീയ രൂപകങ്ങളായി കണക്കാക്കാം. ആധികാരികതയായി പറയാവുന്നത് ഇത് സ്വയം വിവരിക്കുന്നതിലൂടെ ഓർമ്മയുടെ പരിമിതികളോടെയും വികലതകളോടെയും ഒരു ജീവിതം അവതരിപ്പിക്കുന്നു. മലയാളത്തിൽ ആത്മകഥാ സാഹിത്യം, വ്യക്തികളുടെ അനുഭവങ്ങൾക്കൊപ്പം കേരളത്തിന്റെ ചരിത്രവും സംസ്കാരവും മനസ്സിലാക്കാനുള്ള ഒരു പ്രധാന മാർഗമാണ്.

**എൻ. ശശിധരൻ.**

നാടകകൃത്ത്, കഥാനിരൂപകൻ, വിവർത്തകൻ, തിരക്കഥാകൃത്ത് ഇങ്ങനെ അനേകം മേഖലകളിൽ വ്യാപരിക്കുന്ന ആളാണ് എൻ. ശശിധരൻ. മലയാളത്തിലെ പ്രശസ്ത

SGOU



സാഹിത്യ നിരൂപകനുമായ എൻ. ശശിധരൻ കെ.പി. അപ്പൻ, നരേന്ദ്രപ്രസാദ് എന്നിവരുടെ തലമുറയ്ക്കു ശേഷം ആധുനികതയുടെ ആശയങ്ങൾ പിന്തുടർന്നു നിരൂപണരംഗത്ത് എത്തുകയും തുടർന്ന് മാർക്സിസ്റ്റ് ആശയങ്ങളുടെ സ്വാധീനവും ഉത്തരാധുനിക നിലപാടുകളും പ്രകടമാക്കുകയും ചെയ്തു. പ്രശസ്ത എഴുത്തുകാരി സിതാര. എസ്. അദ്ദേഹത്തിന്റെ മകളാണ്. ആധുനികത, മാർക്സിസം, ഉത്തരാധുനികത എന്നീ ആശയങ്ങൾ തന്റെ നിരൂപണങ്ങളിൽ ഉപയോഗിച്ചു, പ്രധാനപ്പെട്ട കൃതികളിൽ 'ചരിത്രഗാഥ', 'ഉഷ്ണകാലം' (നാടകങ്ങൾ), 'നെയ്ത്തുകാരൻ' (തിരക്കഥ) 'പുലിജന്മം' (തിരക്കഥ) എന്നിവ ഉൾപ്പെടുന്നു. 'വാണിഭം', 'അടുക്കള', 'കഥ കാലം പോലെ' (പഠനം). ചെറുകഥ നാടകമായി രൂപം പ്രാപിക്കുന്നത് അപൂർവം. 2000ൽ ഇ.സന്തോഷ്കുമാർ എഴുതിയ സങ്കടമോചനത്തിന് ഒരു കൈപ്പുസ്തകം എന്ന ചെറുകഥ പതിനഞ്ചുവർഷത്തിനുശേഷം എൻ. ശശിധരൻ ഇതേ പേരിൽ നാടകമാക്കി രംഗത്തെത്തിച്ചു.

എൻ. ശശിധരന്റെ എഴുത്തുജീവിതം മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച 'മഹാവ്യസനങ്ങളുടെ നദി' എന്ന ആത്മകഥയിൽ എത്തിനിൽക്കുകയാണ്. സമ്പത്തോ പദവിയോ സ്ഥാനമാനങ്ങളോ അല്ല സ്വാതന്ത്ര്യത്തിന്റെ മഹാകാശങ്ങളാണ് മനുഷ്യസത്തയുടെ അടിസ്ഥാനമൂല്യമെന്ന് ഉദ്ഘോഷിക്കുന്ന എൻ ശശിധരന്റെ അപൂർവ സുന്ദരമായ ലേഖനസമാഹാരമാണ് വാക്കിൽ ചരിത്രം. എഴുത്തിന്റെ എല്ലായിടവും വ്യവഹരിക്കാൻ തനിക്കാഗ്രഹമില്ല. പക്ഷേ നാടകത്തിൽ വലിയ പങ്കുണ്ടാവണം. "നാടകം പച്ചമനുഷ്യരുടെ കലയാണ്. മഹത്തായ ആ കലയുടെ അരങ്ങിൽ ഇരിക്കാൻ ഒരിലക്കീറ് കിട്ടിയാൽ ഞാൻ സംതൃപ്തനായി. ഒരു മനുഷ്യൻ എന്നുള്ള നിലയിൽ എന്നെ ജീവിപ്പിച്ചതും ജീവിപ്പിക്കാൻ പ്രേരിപ്പിക്കുന്നതും നാടകങ്ങൾ ആണ്". മലയാളത്തിലെ എല്ലാ നോവലിസ്റ്റുകളും, എല്ലാ കഥാകൃത്തുകളും തന്റെ എഴുത്തിനെയും വായനയെയും ഭാവനയെയും സ്വാധീനിച്ചിട്ടുണ്ട്. സ്വന്തമായി ഒരു നോവൽ എന്ന ആഗ്രഹം അഞ്ചാറ് വയസ്സു മുതലേയുള്ളതാണ്. ആ ആഗ്രഹം അത്രമേൽ തീവ്രമായി തന്നിൽ ആവേശിപ്പിച്ചത് മുട്ടത്തു വർക്കിയാണ് എന്നദ്ദേഹം സൂചിപ്പിക്കുന്നു.

ഏകാന്തതപോലെ തിരക്കേറിയ പ്രവൃത്തി വേറെയില്ല എന്ന വിശ്വാസത്തിൽ മുറുകെ പിടിച്ചുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ ഓർമ്മകൾക്ക് സ്വർണ്ണത്തിരയിളക്കങ്ങൾ സൃഷ്ടിക്കുന്നത്. മാനവികതയുടെ നന്മകളെ ഹൃദയത്തോട് ചേർത്തുപിടിക്കുന്നവയാണ് പുസ്തകങ്ങൾ എന്ന ആപ്തവാക്യം ഉരുക്കഴിക്കുമ്പോൾ അർഥശങ്കയ്ക്കിടയില്ലാതെ അത് അദ്ദേഹം അരക്കിട്ടുറപ്പിക്കുകയാണ്. പുസ്തകവായനയ്ക്ക് മാത്രമായി ഒരു ജന്മം ലഭിച്ചിരുന്നെങ്കിൽ എന്ന് അദ്ദേഹം ആശിച്ചതിന്റെ കാരണവും മറ്റൊന്നല്ല. ' 'പുസ്തകം ഒരു ജഡവസ്തുവല്ല; ചരിത്രത്തിന്റേയും സംസ്കൃതിയുടേയും ജൈവികതകൾ സ്പന്ദിക്കുന്ന ജീവകോശമാണ്. അറിവും ഓർമ്മയും സ്വപ്നങ്ങളും യാഥാർഥ്യവും ഒത്തുചേർന്നു ജ്വലിക്കുന്ന സ്വാതന്ത്ര്യത്തിന്റെ മഹാകോശങ്ങളിലേക്കാണ് ഓരോ പുസ്തകവും വാതിൽ തുറക്കുന്നത്" എന്ന് എൻ. ശശിധരൻ എഴുതുന്നു. (പുസ്തകം മരിക്കുന്നില്ല എന്ന ലേഖനം) അക്ഷരം പഠിച്ചു തുടങ്ങിയ ശേഷം കയ്യിൽ കിട്ടിയ പുസ്തകങ്ങളൊക്കെ താൻ വായിച്ചത് അവയുടെ ഉള്ളടക്കത്തെ പിൻതുടർന്നായിരുന്നില്ല. എന്റെ അനുഭവരാശികളെ വിവർത്തനം ചെയ്യാനുള്ള പാഠങ്ങൾ മാത്രമായിരുന്നു അവ. പിന്നീട് വായനയിൽ വലിയ ലോകങ്ങൾ താണ്ടുമ്പോഴും താൻ അതിജീവിച്ചത് ഈ ആത്മസംഘർഷങ്ങളെ തന്നെയാണ് എന്നദ്ദേഹം രേഖപ്പെടുത്തുന്നു. വർത്തമാനകാലത്ത് മനുഷ്യനായി ജീവിക്കുക എന്നത് ഏറെ ദുഷ്കരമായി തീരുന്നു എന്ന തിരിച്ചറിവ് അദ്ദേഹത്തിന്റെ ഉള്ളം വല്ലാതെ പൊള്ളിക്കുന്നുണ്ട്. അതിനെ സമർഥമായി മറികട

SGOU

ക്കാനുള്ള മാർഗമെന്ന നിലയിൽക്കൂടിയാണ് പുസ്തകങ്ങളോടുള്ള അതിരുകവിഞ്ഞ പ്രണയവും അനുഷ്ഠാനംപോലെ അനുവർത്തിക്കുന്ന നിരന്തരവായനയും അദ്ദേഹം കൊണ്ടു നടക്കുന്നത്. പുസ്തകങ്ങളില്ലാത്ത, വായിക്കാൻ കഴിയാത്ത ഒരു ലോകം അദ്ദേഹത്തിനു വിഭാവന ചെയ്യാൻ കഴിയാതെ പോകുന്നതും അതുകൊണ്ടാണ്.

വായനയും എഴുത്തും അപരിമേയ സൗഹൃദങ്ങളും രാഷ്ട്രീയവും നാടകമെന്ന അപരലോകവും മഴയും പുഴയും കാറ്റും മരങ്ങളുമെല്ലാം ചേർന്ന് സൃഷ്ടിച്ച ഒരെഴുത്തുകാരന്റെ ജീവിതസ്മൃതികളാണ് എൻ. ശശിധരന്റെ 'മഹാവ്യസനങ്ങളുടെ നദി' എന്ന ആത്മകഥ. "ജീവിതം കയ്പുനീർപോലെ കുടിച്ചുവറ്റിക്കുന്ന പഞ്ഞമാസങ്ങളിൽ എന്റെ ഗ്രാമത്തിലെ മനുഷ്യർ എങ്ങനെ ജീവിക്കുന്നു എന്നാലോചിക്കാൻ പ്രേരണയായത് പുസ്തകങ്ങളാണ്. ആ തിരിച്ചറിവ് എന്നിൽ കുറ്റബോധവും നിസ്സഹായതയും ആത്മനിന്ദയും വളർത്തി. പട്ടിണിയില്ലാതെ ജീവിച്ചുപോകാവുന്ന സ്വന്തം കുടുംബാന്തരീക്ഷം ഒരു ശാപമായി മാത്രമേ എനിക്കുൾക്കൊള്ളാൻ കഴിഞ്ഞുള്ളൂ. അന്നത്തെ പെരുമഴകൾ ഈ ഏകാന്തതയെ മറ്റൊരർഥത്തിൽ സഹനീയമാക്കി..." എൻ. ശശിധരൻ തന്റെ ആത്മകഥയായ മഹാവ്യസനങ്ങളുടെ നദി എന്ന കൃതിയിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

## Keywords

ആത്മകഥാ സാഹിത്യം - അനുഭവസാഹിത്യം - ബാല്യകാലസ്മരണങ്ങൾ- ആത്മസംഘർഷങ്ങൾ - നദികൾ - കേരളപ്രകൃതി - ഗൃഹാതുരത - നഷ്ടപ്പെട്ട പ്രകൃതി

## Discussion

'മഹാവ്യസനങ്ങളുടെ നദി' ആത്മകഥാപരമായ ഓർമകളുടെ ഒരു സമാഹാരമാണ്. ആ പേരിലുള്ള ലേഖനം 2018- ലെ പ്രളയത്തിനു ഒരു മാസം മുമ്പ് അദ്ദേഹം കണ്ട ഒരു സ്വപ്നത്തെപ്പറ്റിയാണ്. സ്വപ്നത്തിൽ താൻ കണ്ട കാര്യങ്ങൾ ഒന്നരമാസത്തിന് ശേഷം ജീവിതത്തിലും ലോകത്തിലും യാഥാർഥ്യമായി. പുസ്തകത്തിന്റെ പേര് എല്ലാ അർഥത്തിലും അദ്ദേഹത്തിന്റെ ജീവിതത്തിന് ഇണങ്ങുന്ന ഒരു രൂപകമാണ്. നാലോ അഞ്ചോ വയസ്സ് മുതലുള്ള വ്യക്തമായ ഓർമ്മകൾ തുടങ്ങുന്നത് മുതൽ എവിടെയും വലിയ സന്തോഷത്തിന്റെയോ ആത്മവിശ്വാസത്തിന്റെയോ അനുഭവങ്ങൾ അദ്ദേഹത്തിന് ഉണ്ടായിട്ടില്ല. പുസ്തകങ്ങൾ വായിക്കുമ്പോൾ മാത്രമേ ചെറിയ പ്രായം മുതൽ അദ്ദേഹം സന്തോഷിച്ചിട്ടുള്ളൂ എന്നു പറയുന്നു. 'മനുഷ്യ പുരുഷ ജീവിതാനുഭവങ്ങളുടെ പല അടരുകളും നിത്യജീവിതത്തിൽ എനിക്കിപ്പോഴും അന്യമാണ്. ആ ഒരു അർഥത്തിൽ സ്വയമൊരു മഹാവ്യസനങ്ങളുടെ നദി ആയി തന്നെയാണ് ഞാൻ എന്നെ കാണുന്നത്' എന്നദ്ദേഹം രേഖപ്പെടുത്തുന്നു. കാടകം തനിക്ക് ജന്മം തന്ന മറുദേശമാണ് എന്ന് അദ്ദേഹം പലപ്പോഴായി എഴുതിയിട്ടുണ്ട്. വന്യവും ജീവിതോന്മുഖത ഒട്ടുമില്ലാത്തതുമായ അന്നത്തെ കാടകത്തിന്റെ ഭൂപ്രകൃതിയും മനുഷ്യപ്രകൃതിയും ആ മനുഷ്യനെ അക്ഷരാർഥത്തിൽ മാറ്റിമറിച്ചു. അറിവിന്റെ തെളിച്ചം തന്നിൽ സൃഷ്ടിച്ച കാടകത്തിൽ, സ്വപ്നത്തിലല്ല യാഥാർഥ്യത്തിൽ തന്നെ ഈ ഭൂമിയിൽ താൻ ജീവിക്കാൻ ആഗ്രഹിക്കുന്ന ഒരേയൊരിടം കാടകമാണ് എന്നദ്ദേഹം ആഗ്രഹിക്കുന്നു. തന്റെ ഓർമകളിൽ ഏറ്റവും പച്ചപ്പോടെയും സ്നേഹത്തോടെയും നിറഞ്ഞുനിൽക്കുന്ന കുറ്റിയാട്ടൂർ മാങ്ങയുടെ മധുരത്തെക്കുറിച്ചും മലയാളികൾക്ക് പ്രകൃതി നൽകിയ മറ്റൊരു കല്പവൃക്ഷമായ പ്ലാവിനെക്കുറിച്ചും വളരെ

SGOU

ഗൃഹാതുരമായ ഓർമ്മകൾ അദ്ദേഹം പങ്കുവയ്ക്കുന്നുണ്ട്.

കണ്ണൂർ ജില്ലയിലെ കുറ്റിയാട്ടൂർ ആയിരുന്നു അദ്ദേഹത്തിന്റെ ജന്മദേശം. അദ്ദേഹത്തിന്റെ ഓർമ്മയിൽ കുറ്റിയാട്ടൂരിന്റെ ഒരു ഭാഗം ചോലയും കുളവും കോവൂരും നായാട്ടുപാറയും ഉൾപ്പെട്ട പ്രദേശം ഒരു കൊടുംകാടായിരുന്നു. പട്ടാന്നൂർ യുപി സ്ക്കൂളിലേക്ക് അഞ്ച് കിലോമീറ്ററോളം നടന്നു പോകണം. ആ വഴിയിൽ പുലിയെ പിടിക്കാനുള്ള മഞ്ചകൾ ഒരു സ്ഥിരം കാഴ്ചയായിരുന്നു. ആദിമവും അനിർവചനീയവുമായ ഒരു ഭയം ആയിരുന്നു അക്കാലത്തെ അദ്ദേഹത്തിന്റെ സ്ഥായീഭാവം. നാല് വയസ്സിന് മുമ്പ് എഴുതാനും വായിക്കാനും പഠിച്ചിരുന്നു. അച്ഛന് ദേശാഭിമാനി ദിനപത്രം വായിച്ചു കൊടുക്കാൻ വേണ്ടിയായിരുന്നു അത്. ലോകത്തിന്റെ തുറസ്സുകളിലേക്കുള്ള വാതിലായിരുന്നു അത്. ദാരിദ്ര്യത്തിന്റെയും ഇല്ലായ്മയുടെയും നാളുകൾ. ടീച്ചറുടെ മകനായിരുന്നിട്ടും നല്ല ഭക്ഷണത്തിന് വേണ്ടി ഓണത്തിനും വിഷുവിനും കർക്കിടകവാവിനുമായി കാത്തിരിക്കേണ്ടിയിരുന്നു'. അദ്ദേഹത്തിന്റെ ചെറുപ്പകാലത്തെ മറക്കാൻ പറ്റാത്ത ഓർമ്മ ചടയൻ ഗോവിന്ദനും സി. പി മൂസാൻ കുട്ടിയും പി. പി. കോരനും ചേർന്നുള്ള അദ്ദേഹത്തിന്റെ വീട്ടിലേക്കുള്ള വരവായിരുന്നു. അർധരാത്രി കഴിയുംവരെ അവർ സോവിയറ്റ് യൂണിയനെയും ആഗോളരാഷ്ട്രീയത്തെയും കുറിച്ച് ചർച്ചചെയ്യും. ചടയൻ ഗോവിന്ദനെപ്പോലെ സ്നേഹവും സമസൃഷ്ടി ബോധവുമുള്ള ഒരു കമ്യൂണിസ്റ്റുകാരനെ കണ്ടിട്ടില്ലയെന്നും തന്റെ അച്ഛനൊഴിച്ച് മറ്റാരും തന്നെ അത്രമേൽ സ്നേഹിച്ചിട്ടുണ്ടാവില്ല എന്നും അദ്ദേഹം ഓർക്കുന്നു.

## നഷ്ടപ്പെട്ട നദീതട സംസ്കാരങ്ങൾ

രാവിലെ മുതൽ മഴയായിരുന്നു. കാക്ക കണ്ണു തുറക്കാത്ത പെരുമഴ. വലിയ വീട്ടുപറമ്പിന്റെ ചെരുവിൽ പുതുതായി പണികഴിച്ച വീട്ടിൽ നിന്നു താഴേയ്ക്കിറങ്ങാൻ മുപ്പത്തിയാറ് ചെങ്കൽപടവുകൾ. പടികളിറങ്ങി ഇരുന്നൂറു മീറ്ററോളം തോട്ടത്തിലെ ചവിട്ടുവഴിയിലൂടെ നടന്നു വേണം തോട്ടിൻകരയിലെത്താൻ. ദേശത്തിന്റെ പേരു ചേർത്ത് 'കോവൂരിലെ തോട്' എന്നാണ് അറിയപ്പെടേണ്ടതെങ്കിലും 'കേളോത്തെ തോട്' എന്നാണ് എല്ലാവരും പറയുക. കേളോത്ത് തറവാട് ഇടതുവശത്തുള്ള അയൽപക്കമായിരുന്നു. പേരുകേട്ട നമ്പ്യാർ ഭവനം. കോവൂരിൽ നിന്ന് ചോലയിലേക്കുള്ള പൊതുവഴിയിലാണത്. പഴയ ഒറ്റത്തെങ്ങുകൊണ്ടുള്ള പാലത്തിൽ കയറി നടുവിലെത്തുമ്പോൾ താഴെ ഒഴുകുന്ന മഴവെള്ളം കാൺകേ, പാദങ്ങളിൽ തുടങ്ങി കാൽമുട്ടുകളോളം പടരുന്ന വിറ താങ്ങാനാവാതെ നിലവിളിക്കുക, പാലം കടക്കുമ്പോൾ ആരെങ്കിലും വന്നു കൈപിടിച്ച് പാലം കടത്തുക, പേടിത്തൂറി' എന്നു പരിഹസിക്കപ്പെടുക. ഒരു ചെറിയ പാലം പോലും ഒറ്റയ്ക്കു കടക്കാനാവാത്ത അവന്റെ തീരാശാപങ്ങളായി. കാലത്തുമുതലേ നിർത്താതെ പെയ്യുന്ന മഴയിൽ കണ്ണുംനട്ട് വീട്ടുവരാന്തയിൽ ഇരിപ്പാണവൻ. മലവെള്ളത്തിന്റെ നിറം മാറിമാറി വരുന്നതും മഞ്ഞകലർന്ന തവിട്ടുരാശിയിൽ കുതിച്ചൊഴുകി കരകവിഞ്ഞ് വീട്ടുപറമ്പിലും വയലിലും നിറയുന്നതും അയൽവീട്ടിലെ കുട്ടികൾ മഴയെ കൂസാതെ തോട്ടിൻകരയിൽ പാഞ്ഞുനടന്ന് ആർപ്പുവിളിക്കുന്നതും അവൻ വേദനയോടെ നോക്കിനിന്നു. പുറത്തിറങ്ങണമെങ്കിൽ അച്ഛാച്ഛന്റെ അനുവാദം വേണം. കണ്ണുവെട്ടിച്ച് പുറത്തേക്കിറങ്ങിയാൽ ചൂരൽ വടികൊണ്ട് ചന്തിക്കു വീക്കു കിട്ടും. അതു സഹിക്കാം. അച്ഛാച്ഛൻ പറയുന്ന തെറിവാക്കുകൾ കേട്ടുനില്ക്കുക വയ്യ.

അച്ഛാച്ഛൻ പടിഞ്ഞാറ്റയിൽ മയക്കമാണെന്ന് ഉറപ്പുവരുത്തി കുട്ടി പതിയെ ചാറ്റൽ മഴയിലേക്കിറങ്ങി. തോട്ടുവക്കത്തെത്തുമ്പോൾ മുന്നിലെ വയലിൽ കേളോത്തെ തോടിനടുത്ത് വലിയ ആരവം. പാലം കടന്ന് അങ്ങോട്ടു പോകാനാവാത്തതിന്റെ സങ്കടത്തോടെ ഒഴുകുന്ന വെള്ളത്തെ നോക്കി നിശ്ശബ്ദനായി. പെട്ടെന്നതാ ഒഴുക്കിന്റെ ശബ്ദത്തെ ഭേദിക്കുന്ന 'ബേ...' എന്ന കരച്ചിലിനൊപ്പം ഒരാട്ടിൻകുട്ടി ഒഴുകിവരുന്നു. ദൈവമേ, ആമിനുമ്മയുടെ ആടാണല്ലോ അത്. ദേശത്തെ ആടു വളർത്തുന്ന ഒരേയൊരു കുടുംബം ആമിനുമ്മയുടെതാണ് പലവട്ടം കൊതിതീരാതെ തൊട്ടും തലോടിയും ചേർത്തുനിർത്തിയ ആട്ടിൻകുട്ടിയാണ്. പരിസരബോധം വെടിഞ്ഞ് അവൻ അമ്മമ്മേ' എന്ന് ആർത്തുവിളിച്ചു കരഞ്ഞു. ഓടിയെത്തിയ

അമ്മമ്മയ്ക്ക് ആട്ടിൻകുട്ടിയുടെ കാര്യത്തിൽ ഒരുദ്വോഗവും കണ്ടില്ല. അവൻ സുരക്ഷിത നാണല്ലോ എന്ന സന്തോഷത്തിൽ മുണ്ടിന്റെ കോന്തലകൊണ്ട് അവന്റെ മൂർധാവു തോർത്തി, 'മയിമ്പാവാൻ നേരത്ത് ഒറ്റയ്ക്കു തോട്ടുവക്കത്തേക്ക് ഇറങ്ങിവന്നതിനു സ്നേഹത്തോടെ ശാസിച്ച്, പടവുകൾ കയറി. കേളോത്തെ തോടിനടുത്ത് കാത്തുനിന്ന വലിയ ആൾക്കൂട്ടം ആട്ടിൻകുട്ടിയെ രക്ഷപ്പെടുത്തിയിരിക്കുമെന്നും സുരക്ഷിതമായി ആമിനുമ്മയുടെ വീട്ടിലെത്തിച്ചിരിക്കുമെന്നും അമ്മൂമ്മ പറഞ്ഞുവെങ്കിലും അവനു സങ്കടമടക്കാനായില്ല.

രാത്രി ചോറ്റുകിണ്ണത്തിനു മുന്നിലിരിക്കുമ്പോൾ അവന്റെ നിരുന്മേഷമുഖം കണ്ട് അമ്മ കലിതുള്ളി. മലവെള്ളത്തിൽ കുട്ടികൾ ഒഴുകിപ്പോയ അനേകം സംഭവങ്ങൾ എണ്ണിപ്പറഞ്ഞ് അമ്മ അവനെ പേടിപ്പിച്ചുകൊണ്ടിരുന്നു. ഇനി ഒറ്റയ്ക്ക് വീട്ടിൽ നിന്ന് ഇറങ്ങിയാൽ വെച്ചേക്കില്ലെന്ന ഭീഷണിയും. രാത്രി, ഉറക്കം വരാതെ കിടക്കുമ്പോൾ തോട്ടുവെള്ളത്തിന്റെ കുത്തൊഴുക്ക് ഒരു വിപൽ ശബ്ദമായി അവൻ കേട്ടു. രാത്രി മുഴുവൻ മഴ പെയ്താൽ എന്താവും? 36 പടികൾ കയറി മലവെള്ളം വീട്ടുമുറ്റത്തെത്തുമോ? അമ്മയും ഇളയമ്മയും അധ്യാപികമാരായ കോവൂർ സെൻട്രൽ സ്കൂളിലേക്കു പഠിക്കാൻ പോകുന്നതിലുള്ള അപമാനം അവസാനിക്കുമോ? മഴ പെയ്യുകയാണ്. ഇരുട്ടു കനക്കുകയാണ്. രാത്രിയെ ഭയപ്പെടാൻ അവനു വേറെയും കാരണങ്ങളുണ്ടായിരുന്നു. രാത്രി അത്താഴം കഴിഞ്ഞു വളരെ നേരം ചെന്നാണ് എന്നും "ദേയിഞ്ഞമ്മ'യുടെ (ദേവകി ഇളയമ്മ) ഭാഗവതപാരായണം. മഴക്കാലത്ത് ഭാഗവതം വായിക്കുന്നത് കേൾക്കാൻ ഓലക്കുടയും ചൂടി ഒരു ബ്രഹ്മരക്ഷസ്സ് പതിവായി വരുമത്രേ. ഭാഗവതവായന കഴിയുന്നതുവരെ അതു മുറ്റത്തു കാത്തുനില്ക്കും. അവസാനം നിറഞ്ഞ സംതൃപ്തിയോടെ ഒന്നു മുരടനക്കി ബ്രഹ്മരക്ഷസ്സ് ഒതുക്കുകൾ ഇറങ്ങിമറയും. ഈ മുരടനക്കൽ ഇളയമ്മയല്ലാതെ വീട്ടിൽ മറ്റാരും കേട്ടതായി അറിവില്ല. എങ്കിലും കുട്ടിക്ക് ബ്രഹ്മരക്ഷസ്സിനെ ഭയമായിരുന്നു.

രാത്രിയിലെ മറ്റൊരു ഭയം പുള്ളുവൻ കണ്ണനെക്കുറിച്ചാണ്. കണ്ണൻ വൈദ്യർ എന്നാണ് വിളിക്കേണ്ടതെങ്കിലും പുള്ളുവനായതിനാൽ ആരും അങ്ങനെ വിളിക്കാറില്ല, മഹാസാത്വികനായ കണ്ണൻ വൈദ്യർക്ക് മഴക്കാലത്താണ് ഭ്രാന്തിളകുക. കാലിലെ ചങ്ങല പൊട്ടിച്ച് അതിന്റെ തുമ്പ് ശബ്ദത്തിൽ വലിച്ചിഴച്ചുകൊണ്ട് വൈദ്യർ രാത്രിയിൽ മഴയത്ത് ഇറങ്ങിനടക്കും. അർധരാത്രിയോടു കൂടിയാണ് മിക്കവാറും വൈദ്യരുടെ വരവ്. മുറ്റത്തുനിന്ന് രണ്ടു തവണ ഉറക്കെ കൈകൊട്ടി വൈദ്യർ കോലായയിലേക്കു കയറി അച്ഛാച്ഛന്റെ മുഴുവൻ വീട്ടുപേരും സ്ഫുടമായി ഉച്ചരിച്ച് ഇങ്ങനെ ചോദിക്കും: "ഒരു ബീഡി താര്വോ, കൈപ്രത്ത് കുഞ്ഞപ്പേ? 'തരാലോ, അകത്തുനിന്ന് അച്ഛാച്ഛൻ പ്രതികരിക്കും. അകത്തെ മുറിയുടെ ജാലകം തുറന്ന് അച്ഛാച്ഛന്റെ രണ്ടു ബീഡിയും ഒരു തീപ്പെട്ടിയും ജനൽപ്പടിയിൽ വെക്കും. ബീഡി കണ്ട ആവേശത്തിൽ വൈദ്യർ വിചിത്രശബ്ദത്തിൽ 'ഹോ' എന്ന് വെളിപ്പെടും. തീപ്പെട്ടി കത്തിച്ച് രണ്ടു ബീഡിയും തുടരത്തുടരെ വലിച്ച് 'ഞാമ്പോന്ന്' എന്നു ശബ്ദം താഴ്ത്തി പറഞ്ഞ് വൈദ്യർ മുറ്റത്തേക്കിറങ്ങും. അമ്മമ്മ വൈദ്യരുടെ രോഗശമനത്തിനുവേണ്ടി പറശ്ശിനിമുത്തപ്പനെ വിളിച്ചു പ്രാർഥിക്കും.

അടുത്ത ദിവസം നേരം വെളുത്തത് തെളിഞ്ഞ ആകാശവുമായാണ്. തോട്ടിലെ നീരൊഴുക്കിന്റെ ശക്തി ഇനിയും കുറഞ്ഞില്ലല്ലോ എന്ന് നോക്കിനിന്ന കുട്ടിയുടെ പേരു വിളിച്ച് ആരോ തോട്ടത്തിൽനിന്ന് ശ്രദ്ധ ക്ഷണിച്ചു. അത് നമ്പിയേട്ടനായിരുന്നു. കേളോത്ത് വീട്ടിലെ ഏറ്റവും മൂത്ത ആൾ. കപ്പലിലാണ് ജോലി. മിക്കവാറും മഴക്കാലങ്ങളിൽ രണ്ടു മൂന്നു മാസം നാട്ടിലുണ്ടാവും. അൻപതിനോടടുത്ത പ്രായം. അവിവാഹിതൻ. തലയിൽ ഒരു ചെറിയ കുടയുടെ അത്രയും വലിപ്പമുള്ള വട്ടത്തൊപ്പിയും മുട്ടുമറയാത്ത കാൽസായിയും ഒരു മഴക്കോട്ടും ധരിച്ചിട്ടുണ്ടാവും. പ്രായഭേദമന്യേ എല്ലാവരും അയാളെ നമ്പിയേട്ടൻ എന്നു വിളിച്ചു. ശബ്ദം കേട്ട് മുറ്റത്തേക്കു വന്ന അമ്മമ്മ, ആര് നമ്പിയേട്ടനോ, എപ്പൊ ബന്നു?' എന്ന് ആശ്ചര്യം കൂറി. 'ഇന്നലേ ബന്നു കല്യാണീ. പണ്ടാരം പിടിച്ച മയകൊണ്ട് ഇങ്ങോട്ട് ബരാൻ പറ്റീല്ല. ഓടുത്തു നമ്മളെ മൊട്ടച്ചെക്കൻ ഇതിനിടെ ട്രൗസറിടാൻ അകത്തേക്കോടിയിരുന്ന കുട്ടി അമ്മമ്മയുടെ അനുവാദം വാങ്ങാൻ നില്ക്കാതെ ഓടി തോട്ടത്തിലെത്തി. നീ അന്നന്ന് അരണ്ട് പോവുന്നുണ്ടോ കയിഞ്ഞ കൊല്ലം

SGOU

ബരുമ്പം ഇതിലും ഉഷാറ്ണ്ടായ്' എന്നും മറ്റും പറഞ്ഞ് നമ്പിയേട്ടൻ അനായാസം കുട്ടിയെ എടുത്തുയർത്തി ചുമലിലിട്ടു. കാൽ രണ്ടും നെഞ്ചിൽ തൂക്കിയിട്ട് നമ്പിയേട്ടന്റെ തലയിൽ പിടിച്ചുള്ള ആ ഇരിപ്പ് കുട്ടിയുടെ വലിയ സന്തോഷങ്ങളിലൊന്നായിരുന്നു.

ആമിനുമ്മയുടെ ആട്ടിൻകുട്ടിയെ രക്ഷിച്ചത് താനാണെന്നും സന്ധ്യയ്ക്കുതന്നെ വീട്ടിൽച്ചെന്ന് ആട്ടിൻകുട്ടിയെ തിരിച്ചേല്പിച്ചെന്നും നമ്പിയേട്ടൻ പറഞ്ഞുകേട്ടപ്പോൾ കുട്ടിക്കു സന്തോഷംകൊണ്ട് തൊണ്ടയിടറി. "പാവം മയേത്ത് പണിയൊന്നും ഉണ്ടാവൂല്ലല്ലോ. ഞാനൊരഞ്ചുറുപ്യ കൊടുത്തു' എന്നു കേട്ടപ്പോൾ നമ്പിയേട്ടനോട് മുൻപ് ആരോടും തോന്നാത്ത സ്നേഹം തോന്നി. എങ്കിലും ഉള്ളിന്റെയുള്ളിൽ, ആരോടും പങ്കുവെക്കാനാകാത്ത ഒരു വിഷാദം ഇടയ്ക്കിടെ അവനിൽ തികട്ടിവന്നു. എന്നാലും, എന്തുകൊണ്ടാണ് നമ്പിയേട്ടൻ അമ്മമ്മയെ കല്യാണീ എന്നു വിളിക്കുന്നത്. തോടിനെക്കുറിച്ചും പുഴകളെക്കുറിച്ചും സമുദ്രങ്ങളെക്കുറിച്ചും കുട്ടി ആദ്യമായി അറിയുന്നത് നമ്പിയേട്ടനിൽ നിന്നാണ്. തോട്ടിലൂടെ വരുന്ന രണ്ടുപേരെ കണ്ടു. നാടൻ ഖലാസികളാണെന്നും അവരിൽ വലിയൊരു വിഭാഗം മുസ്ലിങ്ങളാണെന്നും നമ്പിയേട്ടൻ പറഞ്ഞാണ് അവൻ അറിയുന്നത്. മുന്നിലിരിക്കുന്ന ആൾ നമ്പിയേട്ടനെ തിരിച്ചറിഞ്ഞു: "നമ്പിയേട്ടാ' എന്ന് ഉച്ചത്തിൽ കൂവി. നമ്പിയേട്ടൻ സന്തോഷത്തോടെ തോട്ടിറമ്പിലേക്കു ചെന്നു പാണ്ടിയെ മരത്തടികൾ കൂട്ടികെട്ടുന്നത് (ചങ്ങാടം) കരയിലടുപ്പിച്ച് സമീപത്തെ കവുങ്ങിൽ കയറിട്ടു ബന്ധിച്ചു. ഈ മരത്തടികൾ ഒഴുക്കിക്കൊണ്ടുപോകുന്നത് കഷ്ടിച്ച് ഒന്നര മൈൽ മാത്രം അകലെയുള്ള നിടുകുളം പുഴയിലേക്കാണെന്നും അവിടെ നിന്നും പാവന്നൂർ, മലപ്പട്ടം, പറശ്ശിനി വഴി വളപട്ടണത്തേക്കാണെന്നും അവിടെവെച്ചാണ് പുഴ കടലിൽ ചേരുന്നത് എന്നുമുള്ള ലളിതഭൂമിശാസ്ത്രം അങ്ങനെ അവനു കരഗതമായി.

'വാരച്ചാലിലെ നമ്പ്യാറെ പീട്യേപ്പോയി ഓരോ ചായ കുടിച്ചു വരാം' എന്ന ക്ഷണം പാണ്ടികൾ സന്തോഷത്തോടെ സ്വീകരിച്ചു. ഇതിനകം ആ ഏഴുവയസ്സുകാരനും അവരുടെ സുഹൃത്തായിക്കഴിഞ്ഞിരുന്നു. നമ്പ്യാരുടെ പീടിക അകാരണമായ ഒരു ഇഷ്ടക്കേടിന്റെ ഇടമായിരുന്നു എന്നും അവന്. 'നമ്പ്യാരേ, നാല് ചായ' എന്ന നമ്പിയേട്ടന്റെ ഒച്ച കേട്ടപ്പോൾ പത്രം വായിച്ചുകൊണ്ടിരുന്ന നമ്പ്യാർ തലപൊക്കി നോക്കി. കുട്ടിയെ കണ്ടപ്പോഴുള്ള നീരസം അയാളുടെ മുഖത്ത് കുട്ടി എളുപ്പം തിരിച്ചറിഞ്ഞു. "നമ്പിയേട്ടാ, ഈ 'കൂക്കിരി'നെ (പട്ടിക്കുട്ടി) ഏട്ന്നു കിട്ടി' എന്ന ചോദ്യത്തോടെ അയാൾ ചായയെടുക്കാൻ പോയി. നമ്പിയേട്ടൻ വാത്സല്യത്തോടെ അവന്റെ മൊട്ടത്തലയിൽ തലോടി. 'ഇത് നമ്മളെ സ്വന്തം കുട്ട്യല്ലേ' എന്ന് അവനെ സാന്ത്വനിപ്പിച്ചു. ചായയും കടല പുഴുങ്ങിയതും മുന്നിലെത്തിയപ്പോൾ അവന് കൊതിയടക്കാനായില്ല. നമ്പ്യാരുടെ ചായപ്പീടികയിലെ മോഹിപ്പിക്കുന്ന വിഭവമായിരുന്നു അത്. ചായപ്പീടികയിൽ പോയി ഭക്ഷണം കഴിക്കാൻ അനുവാദമില്ലാത്ത അവന്റെ വലിയ പ്രലോഭനങ്ങളിലൊന്നായിരുന്നു അത്.

തിരിച്ചുള്ള യാത്രയിൽ അവൻ ആലോചിച്ചത് കണ്ണൻ നമ്പ്യാരെപ്പറ്റിയായിരുന്നു. എന്തിനാണ് അയാൾ തന്നെ എപ്പോഴും ഇങ്ങനെ അപമാനിക്കുന്നത്? അതിനുള്ള കാരണം ജാതിയാണെന്ന് അന്നവന് അറിയുമായിരുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അനുഭാവിയും മൂർക്കോത്ത് കുഞ്ഞപ്പയുടെ സുഹൃത്തുമായിരുന്ന അച്ഛാച്ഛനിൽ ജാതിചിന്ത ഒട്ടുമില്ലായിരുന്നു. "മാരാരാശ്രീ കുഞ്ഞപ്പയ്ക്ക്' എന്ന വിലാസത്തിൽ മൂർക്കോത്ത് കുഞ്ഞപ്പ അച്ഛാച്ഛനെഴുതിയ കാർഡുകളായിരുന്നു അവൻ ആദ്യം കണ്ട തപാൽ ഉരുപ്പടികൾ). നെയ്ത്തും കമ്മ്യൂണിസവുമായി പാപ്പിനിശ്ശേരിയിൽനിന്നു വന്ന്, അമ്മയെ കല്യാണം കഴിച്ച്, കുറ്റ്യാട്ടൂരിലെ വാരച്ചാലിൽ താമസിച്ച അവന്റെ അച്ഛൻ അക്കാലത്തെ അറിയപ്പെടുന്ന നിരീശ്വരവാദിയും. പക്ഷേ, ചായപ്പീടികയിൽനിന്നും പീഡനങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. അല്പം കൂടി വളർന്നപ്പോൾ ഏറ്റവുമടുത്ത കൂട്ടുകാരനായിത്തീർന്ന കൃഷ്ണനോടൊപ്പം ചെന്നപ്പോൾ നമ്പ്യാരുടെ അസഹിഷ്ണുത പൊട്ടിയൊലിച്ചു: 'ചായപ്പീട്യേല് കമ്യൂണിസം ഒന്നും ഇല്ല. മലേനായാലും പൊലേനായാലും നെലക്ക് നിന്നോളണം.' കൃഷ്ണൻ മലയസമുദായത്തിൽപ്പെട്ട ആളാണെന്ന് അന്നവന് അറിയുമായിരുന്നില്ല. പിന്നെയും വളർന്ന്, കൗമാര

യൗവനകാലത്ത് വായനശീലമായതോടെ പുറത്ത് എവിടേക്കു പോകുമ്പോഴും ബസ്സിലിരുന്ന് വായിക്കാൻ ഒരു പുസ്തകം കൊണ്ടുപോകും. ചായപ്പീടികയുടെ വരാന്തയിൽ നില്ക്കുമ്പോൾ നമ്പ്യാരുടെ കുത്സിതനോട്ടം പുസ്തകത്തിലേക്കാവും. 'എന്താടോ, (ഫലത്തിൽ 'എന്താടാ' എന്ന വിളിയാണത്) കൈമ്മല് ഒരു ബല്യ പുസ്തകോംആയിട്ട്? എന്താ അയിന്റെ പേര്?' അവൻ പുസ്തകത്തിന്റെ പേരു പറയും. ഇംഗ്ലീഷ് പുസ്തകമാണെന്ന് മനസ്സിലാവുന്നതോടെ നമ്പ്യാർക്ക് അരിശം മൂക്കും. ഇതൊക്കെ വായിച്ചാ നിനക്ക് മനസ്സിലാവ്വോ?' എന്നായിരിക്കും അടുത്ത പ്രതികരണം.

കേളോത്തെ തോട്ടിലേക്ക് തിരിച്ചുനടക്കുമ്പോൾ പാണ്ടികളും നമ്പിയേട്ടനും തമ്മിൽ നിഗൂഢമായ ശരീരഭാഷകൊണ്ട് എന്തോ സംവദിക്കുന്നുണ്ടായിരുന്നു. കുട്ടിക്കതു മനസ്സിലായില്ല. നമ്പിയേട്ടൻ വലിയ ശബ്ദത്തിൽ വിളിച്ചു പറഞ്ഞു: "ചോലയ്ക്ക് വായനശാലന്റടുത്ത് ഞങ്ങള്ണ്ടാവും. ചെറുചിരിയോടെ അവനെ നോക്കി തുടർന്നു: "വാ, നമ്മള പൊയ് കാണണ്ടേ?' നിടുകുളം പുഴ ആദ്യമായി കാണുക എന്ന അത്യാനന്ദവും അച്ഛാച്ഛനെയോർത്തുള്ള ഭീതിയും അവനെ നിസ്സഹായനാക്കി. അതു മനസ്സിലാക്കിയിട്ടെന്നപോലെ നമ്പിയേട്ടൻ ചിരിച്ചു. "അച്ഛാച്ഛനെ പേടിക്കേണ്ട. എന്റൊപ്പരം വന്നാല് കുഞ്ഞപ്പ ഒന്നും പറയൂല്ല.' കർക്കടകത്തിലെ ഇളവെയിലിൽ, നാട്ടിപ്പണി കഴിഞ്ഞ വയലുകൾ പച്ചപ്പരവതാനികളായി. ചോല വായനശാലയല്ല, ചോലയിലെ കള്ളുഷാപ്പായിരുന്നു ലക്ഷ്യം എന്ന് അവിടെയെത്തിയപ്പോഴാണ് അവനു മനസ്സിലായത്. നമ്പിയേട്ടന്റെ കൈ പിടിച്ച് കള്ളുഷാപ്പിലേക്കു കയറുമ്പോഴേക്കും പാണ്ടികൾ രണ്ടുപേരും അവിടെയെത്തി കുടി തുടങ്ങിയിരുന്നു. ഷാപ്പുടമ, അച്ഛാച്ഛന്റെ സുഹൃത്തായ ശ്രീധരേട്ടൻ, അവനെക്കണ്ട് അമ്പരപ്പോടെ ചോദിച്ചു: 'നീയെന്താ ഈട' 'നിടോളം പൊയ കാണിക്കാൻ ഞാൻ കൂട്ടതാ' എന്ന് നമ്പിയേട്ടൻ പറഞ്ഞതോടെ പ്രശ്നം അവസാനിച്ചു. ആവി പറക്കുന്ന ഞണ്ടുകറിയും പുട്ടും മുന്നിൽ വന്നപ്പോൾ അവൻ അർധമനസ്സോടെ നമ്പിയേട്ടനെ നോക്കി. തോട്ടുമീനുകളും ഞണ്ടും കക്കയും നൊയിച്ചിങ്ങയും അമ്മ വിലക്കിയ വിഭവങ്ങളാണ്. പുഴമീനുകൾതന്നെ അപൂർവമായേ വീട്ടിൽ വാങ്ങാറുള്ളൂ. (അങ്ങനെ ഒരുപാടു രുചികൾ ജീവിതത്തിൽ എന്നന്നേക്കുമായി നഷ്ടമായിട്ടുണ്ടെന്ന് വളരെ വൈകിയാണ് അവൻ മനസ്സിലാക്കിയത്.) അവന്റെ അമാന്തം കണ്ട് നമ്പിയേട്ടൻ പറഞ്ഞു: "ഞണ്ടിന്റെ കാര്യം വീട്ടിപ്പറയേണ്ട.' അങ്ങനെ ജീവിതത്തിലാദ്യമായി ഞണ്ടിറച്ചി ആസ്വദിച്ചു കഴിച്ചു. തോടുപൊട്ടിച്ച് ഇറച്ചി മാത്രം വേർപെടുത്തി ചീളുകളായി നമ്പിയേട്ടൻ പ്ലേറ്റിലേക്കിട്ടുതന്ന ഞണ്ടിനു മുൻപറിയാത്ത ഒരു രുചിയുണ്ടായിരുന്നു.

വയലുകളും ഇടയ്ക്കിടെ വയൽ നികത്തിയുണ്ടാക്കിയ 'കുനി'കളിൽ വെച്ചുപിടിപ്പിച്ച തെങ്ങിൻപാടങ്ങളും കടന്നു നിടുകുളത്തേക്കുള്ള യാത്ര അവനു പുതിയൊരു കാഴ്ചയായിരുന്നു. നിടുകുളം പുഴ നിറഞ്ഞൊഴുകുകയായിരുന്നു. ആദ്യമായി കാണുന്ന പുഴ ആദ്യമായി അറിയുന്ന ജീവിതം തന്നെയായിരുന്നു അവന്. പുഴയുടെ ചരിത്രവും തന്റെ ബാല്യകാലത്തെ പുഴയനുഭവങ്ങളും നമ്പിയേട്ടൻ വിവരിച്ചുകൊണ്ടിരുന്നു. അവൻ അതു കേട്ടില്ല. ഈ പുഴയോരത്തു ജനിക്കാതെപോയതിന്റെ പേരിൽ അവൻ തന്നെത്തന്നെ ശപിച്ചു. നിറഞ്ഞൊഴുകുന്ന പുഴയ്ക്കൊപ്പം അനേകം തീരങ്ങളിലേക്ക്, കാണാത്ത കടലിലേക്ക് അവൻ ഒഴുകിപ്പരന്നു.

ധാരാളം പ്ലാവുകൾ തിങ്ങിവളരുന്നതുകൊണ്ടാവാം, 'പിലാക്കുണ്ടം' എന്നറിയപ്പെട്ട അച്ഛന്റെ വീട്ടിലേക്ക് അവനും ജ്യേഷ്ഠനും അമ്മയും താമസം മാറി. അവന്റെ അനുജൻ ബാലനും സന്തതസഹചാരികളായി. അരമൈൽ ദൂരമേയുള്ളൂവെങ്കിലും കോളോത്തെ തോട് അന്യമായി. അടുത്ത വീട്ടിലെ കൃഷ്ണനോടൊപ്പം ഇടയ്ക്കു തോട്ടിൽ ചെല്ലുമെങ്കിലും എന്തോ നഷ്ടമായതുപോലെ അവൻ ഉദാസീനനായി കരയിലിരിക്കും. പലവട്ടം നിടുകുളം പുഴ കാണാൻ അവനോടൊപ്പം പോയെങ്കിലും തന്റെതല്ലാത്ത പുഴയെക്കുറിച്ചുള്ള വ്യസനം നാൾക്കുനാൾ വർധിച്ചു വന്നു. എട്ടാം ക്ലാസിൽ ഇംഗ്ലീഷു പഠിപ്പിച്ച ടി.സി. കൃഷ്ണൻ മാസ്റ്റർ Notorious' എന്ന വാക്കു പഠിപ്പിച്ചത് ഇങ്ങനെയാണ്: 'Nidukulam is notorious for gambling. അക്കാലത്ത് നിടുകുളത്തെ പുരുഷന്മാർക്കു

ശീട്ടുകളിയും സ്ത്രീകൾക്കു കള്ളവാറ്റുമായിരുന്നു മുഖ്യതൊഴിൽ. കള്ളവാറ്റിന്റെയും ശീട്ടുകളിയുടെയും പേരിൽ നിടുകുളത്തെ വെറുക്കാൻ അവന് ഒരിക്കലും സാധിച്ചില്ല.

ആ കുട്ടി ഞാനായിരുന്നു. ഞാനാണ് എന്നു പറയുക വയ്യല്ലോ. പത്തൊൻപതാം വയസ്സിൽ വീടുവിട്ടശേഷം അലഞ്ഞുനടന്ന ദേശങ്ങളിലൊന്നും ഞാൻ പുഴകൾ കണ്ടില്ല. വല്ലപ്പോഴും വീട്ടിലെത്തുമ്പോൾ പുതിയ കൂട്ടുകാരുമൊത്ത് പുഴ കാണാൻ പോകും. എന്റെ സ്വന്തം പുഴയിൽ മദ്യലഹരിയിൽ നീന്തിത്തുടിക്കുന്ന കൂട്ടുകാരെ കാണുക, ചെറുപ്പത്തിൽ നീന്തൽ പഠിക്കാൻ അനുവാദമില്ലാതെപോയ ബാല്യത്തെക്കുറിച്ചോർത്ത് കരയിൽ വെറുതേയിരിക്കും. പുഴ കാണുമ്പോഴെല്ലാം പാരമ്പര്യമാരോപിക്കാൻ കഴിയാത്ത, എം.ടിയുടെ ഒരു വാക്യം ഓർമവരും. 'സ്നേഹത്തോടെ ഒരിക്കലും ഓർമിച്ചിട്ടില്ലാത്ത സ്വന്തം രാജ്യത്തിന്റെ അതിരുകൾ''. കടൽ എനിക്ക്, ഭൂമിയുടെ അതിരായി തോന്നിയിട്ടില്ല. ആദ്യമായി കടൽ കണ്ടപ്പോഴുള്ള അമ്പരപ്പിനൊപ്പം, ഈ ലോകത്തെക്കുറിച്ച് എനിക്ക് എത്ര കുറച്ചേ അറിയൂ എന്ന ആത്മനിന്ദയാണ് എന്നിൽ മുഴങ്ങിയത്, പുഴകൾ, പക്ഷേ, അങ്ങനെയല്ല. മനുഷ്യർക്കു വേണ്ടി ഭൂമി ചുരത്തുന്ന വാത്സല്യമാണ് പുഴ. മുപ്പത്തിമൂന്നു വർഷങ്ങളായി തലശ്ശേരിയിലെ കയ്യാലിപ്പുഴയുടെ വളരെ അടുത്തുള്ള വീട്ടിലാണ് താമസം. പക്ഷേ, ഒരു പുഴയോരത്തു ജീവിക്കുന്ന ആളായി ഒരിക്കലും സ്വയം തോന്നിയിട്ടില്ല.

കണ്ണൂർ ജില്ലയിൽ ഏറ്റവുമധികം കണ്ടൽക്കാടുകളുള്ള ജൈവനദീതീരമായിരുന്നു കുയ്യാലി. കണ്ടലുകൾ വെളുപ്പിച്ച് പുഴയോരത്തു നിർമിച്ച റിസോർട്ടുകൾ പുഴയുടെ ശത്രുവായി കാണാനേ എനിക്കു കഴിയൂ. രണ്ടുമൂന്നു വർഷം മുൻപ്, പോളിഷ് കവിയായ സെസ്വോഷ് മീവോഷിന്റെ (Czestaw Mitosz) 'നദികൾ' എന്ന കവിത വിവർത്തനം ചെയ്യാനിടയായി.

'വനദേവത അവളുടെ ചഷകങ്ങളിൽനിന്ന്

ജീവനുള്ള ജലം ഒഴിച്ചെടുക്കുന്നിടത്ത്,

രഹസ്യാത്മകമായ ഗുഹകളിലെ

ഉറവിടങ്ങളിൽനിന്ന്

പായൽ പിടിച്ച പാറകളിൽ തലതല്ലി,

അടിത്തട്ടിലെ അരുവികൾ കിലുങ്ങുന്ന

പുൽമേടുകളിലൂടെ നിങ്ങൾ ഓട്ടം തുടങ്ങുന്നു.

എന്റെ ഓട്ടവും അവിടെത്തുടങ്ങുന്നു.

എന്റെ ഹർഷവും എന്റെ ക്ഷണികതയും
അവിടെത്തുടങ്ങുന്നു'

എന്ന വരികൾ എഴുതിയപ്പോൾ ഞാൻ കുയ്യാലിപ്പുഴയെ ഓർത്തു. ഏതോ ഭാഷയിലെഴുതപ്പെട്ട, എനിക്കൊരിക്കലും വായിക്കാൻ കഴിയാത്ത പുസ്തകമാണത്. അതിനെ സ്വന്തമാക്കാൻ ശ്രമിക്കുന്നതിലും ഭേദം, വികസനവിരോധിയായി ജീവിക്കുകതന്നെ.

## അവലോകനം

ഒരു ഏഴു വയസ്സുകാരൻ തന്റെ ബാല്യകാലത്ത് അനുഭവിച്ച അരുതായ്മകളും വിലക്കുകളും പരിഹാസങ്ങളും എൻ. ശശിധരൻ തന്റെ ആത്മകഥയിലൂടെ സൂക്ഷ്മമായി ഇവിടെ വരച്ചു കാട്ടുന്നു. പേടിത്തൊണ്ടൻ എന്ന പരിഹാസം പിന്നീടുള്ള അവന്റെ ജീവിതത്തിൽ തീരാശാപമായി ഭവിക്കുന്നു. കൂട്ടുകുടുംബത്തിലെ അച്ഛാച്ഛന്റെയും അമ്മാമ്മയുടെയുമൊക്കെ കടുത്ത ശാസനങ്ങളിൽ പെട്ട് അസ്വതന്ത്രമായി ബാല്യകാലം ആസ്വദിക്കാൻ കഴിയാത്ത അന്തർമുഖനായ ഒരു കുട്ടി, പ്രകൃതിയോടും നദിയോടും ആട്ടിൻകുട്ടിയോടും ഒക്കെയുള്ള തന്റെ ആകുലതകളും മമതയും വെളിവാക്കാൻ കഴിയാതെ നിസ്സഹായനാകുന്നു. കുട്ടിക്കാലത്ത് അപമാനവും ഭയവും അവനെ കൂടുതൽ അശക്തനാക്കി. മലവെള്ളത്തിൽ കുട്ടികൾ ഒഴുകിപ്പോയ അനേകം സംഭവങ്ങൾ എണ്ണിപ്പറഞ്ഞ് അമ്മ അവനെ പേടിപ്പിച്ചുകൊണ്ടിരുന്നു. ഇനി ഒറ്റയ്ക്ക് വീട്ടിൽ നിന്ന് ഇറങ്ങിയാൽ വെച്ചേക്കില്ലെന്ന ഭീഷണിയും. കുട്ടിക്ക് ബ്രഹ്മരക്ഷസ്സിനെക്കുറിച്ചുള്ള ഓർമ ഭയമായിരുന്നു. രാത്രിയിലെ മറ്റൊരു ഭയം പുള്ളുവൻ കണ്ണനെക്കുറിച്ചായിരുന്നു.

അവന്റെ ഉള്ളിന്റെയുള്ളിൽ, ആരോടും പങ്കുവെക്കാനാകാത്ത ഒരു വിഷാദം ഇടയ്ക്കിടെ തികട്ടിവന്നിരുന്നു. എന്തുകൊണ്ടാണ് നമ്പിയേട്ടൻ പ്രായം കൂടുതലുള്ള അമ്മമ്മയെ കല്യാണീ എന്നു പേരു വിളിക്കുന്നത്, കണ്ണൻ വൈദ്യർ എന്നാണ് വിളിക്കേണ്ട

SGOU

തെങ്കിലും പുള്ളുവനായതിനാൽ ആരും അങ്ങനെ വിളിക്കാറില്ല എന്നു പറയുന്നിടത്തും കേരളത്തിലെ അക്കാലത്തെ ജാതിവ്യവഹാരങ്ങൾ ചൂണ്ടികാട്ടുന്നു. ജാതിചിന്തയുടെ ലക്ഷണംകെട്ട അനുഭവങ്ങൾ അദ്ദേഹം പങ്കുവയ്ക്കുന്നുണ്ട്. കണ്ണൻ നമ്പ്യാരുടെ പീടിക അകാരണമായ ഒരു ഇഷ്ടക്കേടിന്റെ ഇടമായിരുന്നു. തന്നെ കണ്ടപ്പോഴുള്ള നീരസം അയാളുടെ മുഖത്ത് കുട്ടി എളുപ്പം തിരിച്ചറിഞ്ഞു. “നമ്പിയേട്ടാ, ഈ ‘കൂക്കിരി’നെ (പട്ടിക്കുട്ടി) ഏട്ന്നു കിട്ടി’ എന്ന ചോദ്യത്തോടെ അയാൾ ചായയെടുക്കാൻ പോയി. എന്തിനാണ് അയാൾ തന്നെ എപ്പോഴും ഇങ്ങനെ അപമാനിക്കുന്നത്? അതിനുള്ള കാരണം ജാതിയാണെന്ന് അന്നവന് അറിയുമായിരുന്നില്ല. കൂട്ടുകാരനായിരുന്ന, മലയസമുദായത്തിൽപ്പെട്ട കൃഷ്ണനോടൊപ്പം ചായപ്പീടികയിൽ ചെന്നപ്പോൾ നമ്പ്യാരുടെ അസഹിഷ്ണുത പൊട്ടിയൊലിച്ചു: യൗവനകാലത്ത് ബസ് കാത്ത് ചായപ്പീടികയുടെ വരാന്തയിൽ നില്ക്കുമ്പോൾ കൈയ്യിലെ പുസ്തകത്തെപ്പറ്റി ചോദിക്കും. ഇംഗ്ലീഷ് പുസ്തകമാണെന്ന് മനസ്സിലാവുന്നതോടെ നമ്പ്യാർക്ക് അരിശം മൂക്കും. ഇതൊക്കെ വായിച്ചാ നിനക്ക് മനസ്സിലാവ്വോ?’ എന്നായിരിക്കും അടുത്ത പ്രതികരണം.

നമ്പിയേട്ടനുമായി ആദ്യമായി തന്റെ നാട്ടിലുള്ള നിടുകുളംപുഴ കാണാൻ പോയ യാത്ര എഴുത്തുകാരൻ പങ്കുവയ്ക്കുന്നു. വയലുകളും ഇടയ്ക്കിടെ വയൽ നികത്തിയുണ്ടാക്കിയ ‘കുനി’കളിൽ വെച്ചുപിടിപ്പിച്ച തെങ്ങിൻപാടങ്ങളും കടന്നു നിടുകുളത്തേക്കുള്ള യാത്ര അവനു പുതിയൊരു കാഴ്ചയായിരുന്നു. നിടുകുളം പുഴ നിറഞ്ഞൊഴുകുകയായിരുന്നു. ആദ്യമായി കാണുന്ന പുഴ ആദ്യമായി അറിയുന്ന ജീവിതം തന്നെയായിരുന്നു അവന്. പുഴയുടെ ചരിത്രവും ബാല്യകാലത്തെ പുഴയനുഭവങ്ങളും അദ്ദേഹത്തിന് ഒരിക്കലും മറക്കാനാവാത്ത സന്ദർഭമായി. ഈ പുഴയോരത്തു ജനിക്കാതെ പോയതിന്റെ പേരിൽ അവൻ തന്നെത്തന്നെ ശപിച്ചു. നിറഞ്ഞൊഴുകുന്ന പുഴയ്ക്കൊപ്പം അനേകം തീരങ്ങളിലേക്ക്, കാണാത്ത കടലിലേക്ക് അവൻ ഒഴുകിപ്പരന്നു. നാട്ടിലെ കോളോത്തെ തേട് കാലക്രമേണ അന്യമായി. അടുത്ത വീട്ടിലെ കൃഷ്ണനോടൊപ്പം ഇടയ്ക്കു തോട്ടിൽ ചെല്ലുമെങ്കിലും എന്തോ നഷ്ടമായതുപോലെ അവൻ ഉദാസീനനായി കരയിലിരിക്കും. പലവട്ടം നിടുകുളം പുഴ കാണാൻ അവനോടൊപ്പം പോയെങ്കിലും തന്റേതല്ലാത്ത പുഴയെക്കുറിച്ചുള്ള വ്യസനം അദ്ദേഹത്തിനു നാൾക്കുനാൾ വർധിച്ചു വന്നു.

അനുഭവങ്ങൾ ഓർമ്മകളായിത്തീരുമ്പോൾ ഉണ്ടാകുന്ന രാസപരിണാമങ്ങളെക്കുറിച്ച് ഏറെ ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന കാലമാണിത്. ഒരാൾ അനുഭവിച്ചു തീർത്ത ബാല്യകാലവും അതേപ്പറ്റി അയാൾ സൂക്ഷിക്കുന്ന ഓർമ്മകളും പലപ്പോഴും ഒന്നു തന്നെ ആവണമെന്നില്ല. ഏതാണ്ട് അറുപതോളം വർഷങ്ങൾക്കു ശേഷം, ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ, തോന്നുന്നത് തന്റെ ജന്മദേശമായ കുറ്റിയാട്ടൂരിലെ അന്നത്തെ ഭൂപ്രകൃതി അദ്ദേഹത്തിന്റെ ഉള്ളിലുണർത്തിയ ഭയവും സംഭ്രമവും ഉൽക്കണ്ഠകളും അജ്ഞാത വിഷാദങ്ങളുമാണ് വായനയിലൂടെ തന്നിലേക്കും പുറത്തേക്കും വഴി തേടാൻ പ്രേരിപ്പിച്ചിട്ടുണ്ടാവുക എന്നാണ്. ആ പ്രകൃതിയുടേയും മനുഷ്യപ്രകൃതിയുടേയും വന്യത ഇന്നു നമുക്കു സങ്കല്പിക്കാൻ കഴിയുന്നതിനപ്പുറം ഹിംസാത്മകമായിരുന്നു. കാടും മലയും തോടും വയലും ഉൾച്ചേർന്ന ആ സ്ഥലരാശി കൊടിയ ഭയവും അസ്വസ്ഥതയുമാണ് ആ ബാലമനസ്സിലേക്ക് അടിച്ചേല്പിച്ചത്. ആറേക്കറോളം വരുന്ന വീട്ടുപറമ്പും അതോട് ചേർന്നുകിടക്കുന്ന കാടും ഒരപരിചിത ഭൂഖണ്ഡമായി സദാ വെല്ലുവിളിച്ചു. വെയിലിന്റെ മുട്ടകൾ ചിതറിവീണ കരിയിലകളുടെ ചതുപ്പുകളിലൂടെ ഭയത്തോടെ മുന്നോട്ടു നീങ്ങവേ, കൺമുന്നിൽ തെളിയുന്ന പച്ചപ്പിന്റെ കൂടാരം തന്നിൽ അടുപ്പത്തെക്കാൾ ഏറെ അരുതായ്മകളെക്കുറിച്ചുള്ള ഉദ്വേഗങ്ങളാണ് ഉണർത്തിയത് എന്നദ്ദേഹം ഓർക്കുന്നു.

# Recap

- ആത്മകഥാ സാഹിത്യം - അനുഭവസാഹിത്യം
- ഒരു വ്യക്തി സ്വന്തം ജീവിതകഥ സ്വയം എഴുതുന്നതാണ് ആത്മകഥ
- തന്റെ ജീവിതാനുഭവങ്ങൾ കലാത്മകമായി അവതരിപ്പിക്കുകയും, മനുഷ്യമനസ്സുകളിൽ സമാനാനുഭൂതി ഉണർത്തുകയും ചെയ്യുന്ന കൃതികളെ ഉത്തമമായ ആത്മകഥ എന്ന് പറയാം
- ഓർമ്മക്കുറിപ്പുകൾ, ആത്മീയ ആത്മകഥകൾ, സാങ്കൽപ്പിക ആത്മകഥകൾ, അനുഭവകഥകൾ
- മലയാളത്തിൽ ആത്മകഥാ സാഹിത്യം, വ്യക്തികളുടെ അനുഭവങ്ങൾക്കൊപ്പം കേരളത്തിന്റെ ചരിത്രവും സംസ്കാരവും മനസ്സിലാക്കാനുള്ള ഒരു പ്രധാന മാർഗമാണ്
- നാടകകൃത്ത്, കഥാനിരൂപകൻ, വിവർത്തകൻ, തിരക്കഥാകൃത്ത് - എൻ. ശശിധരൻ
- എൻ. ശരിധരന്റെ ആത്മകഥ -മഹാവ്യസനങ്ങളുടെ നദി
- സ്വാതന്ത്ര്യത്തിന്റെ മഹാകാശങ്ങളാണ് മനുഷ്യസത്തയുടെ അടിസ്ഥാന മൂല്യം - വാക്കിൽ ചരിത്രം
- പുസ്തകം മരിക്കുന്നില്ല എന്ന ലേഖനം - എൻ. ശരിധരൻ
- സങ്കടമോചനത്തിന് ഒരു കൈപ്പുസ്തകം എന്ന ചെറുകഥ - ഇ.സന്തോഷ്കുമാർ
- ചെറുകഥ പതിനഞ്ചുവർഷശേഷം എൻ. ശശിധരൻ ഇതേ പേരിൽ നാടകമാക്കി രംഗത്തെത്തിച്ചു. അതിന്റെ പുസ്തകരൂപമാണ് 'സങ്കടമോചനത്തിന് ഒരു കൈപ്പുസ്തകം' (നാടകം)
- കണ്ണൻ നമ്പ്യാർ ലേഖകനെ എപ്പോഴും അപമാനിക്കുന്നതിന്റെ കാരണം ജാതിയാണെന്ന് പിന്നീട് മനസിലാക്കുന്നു
- ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അനുഭാവിയും മൂർക്കോത്ത് കുഞ്ഞപ്പയുടെ സുഹൃത്തുമായിരുന്ന അച്ഛാച്ഛനിൽ ജാതിചിന്ത ഒട്ടുമില്ലായിരുന്നു.
- കുട്ടിക്ക് ബ്രഹ്മരക്ഷസ്സിനെക്കുറിച്ചുള്ള ഓർമ ഭയമായിരുന്നു.
- രാത്രിയിലെ മറ്റൊരു ഭയം പുള്ളുവൻ കണ്ണനെക്കുറിച്ചായിരുന്നു.
- കൂട്ടുകാരനായിരുന്ന മലയസമുദായത്തിൽപ്പെട്ട കൃഷ്ണനോടൊപ്പം ചായപ്പീടികയിൽ ചെന്നപ്പോൾ നമ്പ്യാരുടെ അസഹിഷ്ണുത പൊട്ടിയൊലിച്ചു
- കണ്ണൂർ ജില്ലയിൽ ഏറ്റവുമധികം കണ്ടൽക്കാടുകളുള്ള ജൈവനദീതീരമായിരുന്നു കുയ്യാലി
- പലവട്ടം നിടുകുളം പുഴ കാണാൻ പോയെങ്കിലും തന്റേതല്ലാത്ത പുഴയെക്കുറിച്ചുള്ള വ്യസനം അദ്ദേഹത്തിനു നാൾക്കുനാൾ വർധിച്ചു വന്നു.
- കുറ്റിയാട്ടൂരിലെ അന്നത്തെ ഭൂപ്രകൃതി ലേഖകന്റെ ഉള്ളിലുണർത്തിയത് ഭയവും സംഭ്രമവും ഉൽക്കണ്ഠകളും അജ്ഞാത വിഷാദങ്ങളുമാണ്

SGOU

## Objective Questions

1. ആത്മകഥ എന്നാലെന്ത്?
2. ആത്മകഥയുടെ വിവിധ രൂപങ്ങൾ ഏതെല്ലാം?
3. ഉത്തമമായ ആത്മകഥ എന്നു പറയുന്നതെന്ത്?
4. മലയാളത്തിൽ ആത്മകഥാ സാഹിത്യത്തിന്റെ പ്രത്യേകതകളെന്ത്?
5. എൻ. ശരിധരന്റെ ആത്മകഥയുടെ പേരെന്ത്?
6. എൻ. ശരിധരന്റെ തിരക്കഥകൾ ഏതെല്ലാം ?
7. നഷ്ടപ്പെട്ട നദീതട സംസ്കാരങ്ങൾ എന്ന ഭാഗം ഏതു കൃതിയിൽ നിന്നെടുത്തതാണ്?
8. എൻ. ശശിധരൻ ഏതെല്ലാം മേഖലകളിൽ വ്യവഹരിക്കുന്നു?
9. വെള്ളപ്പൊക്കത്തിലകപ്പെട്ട ആമിനുമ്മയുടെ ആട്ടിൻകുട്ടിയെ രക്ഷിച്ചതാരാണ്?
10. സ്വാതന്ത്ര്യത്തിന്റെ മഹാകാശങ്ങളാണ് മനുഷ്യസത്തയുടെ അടിസ്ഥാന മൂല്യമെന്ന് ഉദ്ഘോഷിക്കുന്ന എൻ ശശിധരന്റെ ലേഖന സമാഹാരമേത്?
11. പുസ്തകം മരിക്കുന്നില്ല എന്ന ലേഖനം എഴുതിയതാര്?
12. ഏതിന്റെ നാടകപുസ്തകരൂപമാണ് 'സങ്കടമോചനത്തിന് ഒരു കൈപ്പുസ്തകം' എന്നത്?
13. കണ്ണൻ നമ്പ്യാർ ലേഖകനെ എപ്പോഴും അപമാനിക്കുന്നതിന്റെ കാരണമെന്തായിരുന്നു?
14. ''നമ്പിയേട്ടാ, ഈ 'കൂക്കിരി'നെ (പട്ടിക്കുട്ടി) ഏട്ന്നു കിട്ടി' എന്ന ചോദ്യം ആരുടേതായിരുന്നു ?
15. കണ്ണനെ കണ്ണൻ വൈദ്യർ എന്നാരും വിളിക്കാത്തതെന്താണ്?
16. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അനുഭാവിയും മൂർക്കോത്ത് കുഞ്ഞപ്പയുടെ സുഹൃത്തുമായിരുന്ന അച്ഛാച്ഛനിൽ എന്തു ചിന്തയാണ് ഇല്ലാതിരുന്നത്
17. കുട്ടിക്കാലത്ത് ലേഖകന് എന്തിനോടൊക്കെയായിരുന്നു ഭയം ?
18. നമ്പ്യാരുടെ അസഹിഷ്ണുത പൊട്ടിയൊലിക്കാൻ കാരണമെന്ത്?
19. കണ്ണൂർ ജില്ലയിൽ ഏറ്റവുമധികം കണ്ടൽക്കാടുകളുള്ള ജൈവനദീതീരമേത്?
20. ലേഖകനു നാൾക്കുനാൾ വർധിച്ചു വന്ന വ്യസനമെന്തായിരുന്നു?

SGOU

# Answers

1. ഒരു വ്യക്തി സ്വന്തം ജീവിതകഥ സ്വയം എഴുതുന്നതാണ് ആത്മകഥ.
2. ഓർമ്മക്കുറിപ്പുകൾ, ആത്മീയ ആത്മകഥകൾ, സാങ്കൽപ്പിക ആത്മകഥകൾ, അനുഭവകഥകൾ
3. ജീവിതാനുഭവങ്ങൾ കലാത്മകമായി അവതരിപ്പിക്കുകയും, മനുഷ്യമനസ്സുകളിൽ സമാനാനുഭൂതി ഉണർത്തുകയും ചെയ്യുന്ന കൃതികളെ ഉത്തമമായ ആത്മകഥ എന്ന് പറയാം
4. മലയാളത്തിലെ ആത്മകഥകൾ വ്യക്തികളുടെ അനുഭവങ്ങൾക്കൊപ്പം കേരളത്തിന്റെ ചരിത്രവും സംസ്കാരവും മനസ്സിലാക്കാനുള്ള ഒരു പ്രധാന മാർഗമാണ്
5. മഹാവ്യസനങ്ങളുടെ നദി
6. 'നെയ്ത്തുകാരൻ' (തിരക്കഥ) 'പുലിജന്മം' (തിരക്കഥ)
7. മഹാവ്യസനങ്ങളുടെ നദി
8. നാടകകൃത്ത്, കഥാനിരൂപകൻ, വിവർത്തകൻ, തിരക്കഥാകൃത്ത്
9. കേളോത്തെ നമ്പിയേട്ടൻ
10. വാക്കിൽ ചരിത്രം
11. എൻ. ശശിധരൻ
12. ഇ. സന്തോഷ്കുമാറിന്റെ സങ്കടമോചനത്തിന് ഒരു കൈപ്പുസ്തകം എന്ന ചെറുകഥയുടെ
13. ജാതിവിവേചനം
14. കണ്ണൻ നമ്പ്യാർ
15. ജാതിയിൽ താഴ്ന്ന പുള്ളുവനായതിനാൽ
16. ജാതിചിന്ത
17. അച്ഛാച്ഛന്റെ ശാസനകൾ, ബ്രഹ്മരക്ഷസ്സിനെക്കുറിച്ചുള്ള ഓർമ, രാത്രിയിലെ മറ്റൊരു ഭയം പുള്ളുവൻ കണ്ണനെക്കുറിച്ചായിരുന്നു.
18. കൂട്ടുകാരനായ മലയസമുദായത്തിൽപ്പെട്ട കൃഷ്ണനോടൊപ്പം ചായപ്പീടികയിലെത്തിയത്
19. കുയ്യാലി പുഴയുടെ തീരം (നദീതീരം)
20. തന്റേതല്ലാതായി മാറിയ നിടുകുളം പുഴയെക്കുറിച്ചുള്ള ഓർമ്മയാണ് വ്യസനമായത്.

# Assignments

1. മലയാളത്തിലെ ആത്മകഥാ സാഹിത്യത്തെപ്പറ്റി വിലയിരുത്തുക
2. മലയാള ആത്മകഥാ സാഹിത്യത്തിൽ എൻ. ശശിധരന്റെ മഹാവ്യസനങ്ങളുടെ നദി എന്ന ആത്മകഥയ്ക്കുള്ള പ്രാധാന്യം വിശകലനം ചെയ്യുക

3. കേരളത്തിലെ ഒരു കാലഘട്ടത്തിലെ ജാതിവ്യവഹാരങ്ങളെ എൻ. ശശിധരന്റെ മഹാവ്യസനങ്ങളുടെ നദിയെന്ന ആത്മകഥയെ മുൻനിർത്തി വിലയിരുത്തുക
4. പ്രകൃതിയും കാടും നദികളും നഷ്ടപ്പെടുന്ന വ്യസനം നഷ്ടപ്പെട്ട നദീതട സംസ്കാരങ്ങൾ എന്ന ആത്മകഥാഭാഗത്തെ മുൻനിർത്തി അപഗ്രഥിക്കുക
5. കുറ്റിയാട്ടൂരിലെ അന്നത്തെ ഭൂപ്രകൃതി ലേഖകന്റെ ഉള്ളിലുണർത്തിയത് ഭയവും സംഭ്രമവും ഉൽക്കണ്ഠകളും അജ്ഞാത വിഷാദങ്ങളുമാണ് -മഹാവ്യസനങ്ങളുടെ നദിയെന്ന ആത്മകഥയെ മുൻനിർത്തി ചർച്ച ചെയ്യുക

## Reference


1. എൻ. ശശിധരൻ, മഹാവ്യസനങ്ങളുടെ നദി, മാതൃഭൂമി ബുക്സ്, കോട്ടയം
2. അഭിമുഖം: ഏകാന്തത ഒരു കൂറ്റൻ കാഞ്ഞിരമരമാണ്': എൻ. ശശിധരൻ, സമകാലമലയാളം, മാർച്ച് – 30, 2019
3. 'പറയാത്ത തെറി വാക്ക് കെട്ടിക്കിടന്നെന്റെ നാവു കയ്ക്കുന്നു ...' ഓർത്തുപോകുന്നു, നൂറ് തവണയെങ്കിലും! എൻ. ശശിധരൻ / വി.സുരേഷ് കുമാർ : അഭിമുഖം, മാതൃഭൂമി ഓൺലൈൻ ഓഗസ്റ്റ് 30, 2021
4. നടുവട്ടം ഗോപാലകൃഷ്ണൻ, ആത്മകഥാ സാഹിത്യം മലയാളത്തിൽ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം


## Suggested Reading


1. വി. ജയകുമാർ. *ആത്മകഥാ സാഹിത്യം മലയാളത്തിൽ*. എൻ.ബി.എസ്, കോട്ടയം
2. കെ.എം. ജോർജ്, *ജീവചരിത്ര സാഹിത്യം*, എൻ. ബി. എസ്., കോട്ടയം
3. കെ.എം. ജോർജ്, എ. ഡി. *ആധുനിക മലയാളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ*. ഡി.സി. ബുക്സ്, കോട്ടയം


SGOU

# 4 BLOCK

SGOU

# 1 UNIT

# നിമിഷങ്ങളുടെ ആഘോഷം


രാജശ്രീ വാര്യർ

## Learning Outcomes

- രാജശ്രീ വാര്യരുടെ കലാജീവിതത്തെ പരിചയപ്പെടുന്നു
- നർത്തകി എന്ന കൃതിയുടെ സവിശേഷതകൾ കണ്ടെത്തുന്നു
- അനുഭവസാഹിത്യത്തിന്റെ സവിശേഷതകൾ ഗ്രഹിക്കുന്നു
- നൃത്തവും സംഗീതവും അഭിനയവും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുന്നു

## Prerequisite

### രാജശ്രീ വാര്യർ



ഭരതനാട്യത്തിൽ സവിശേഷമായ വ്യക്തിമുദ്ര പതിപ്പിച്ച നർത്തകിയാണ് രാജശ്രീ വാര്യർ. സംഗീതത്തിലും നൃത്തത്തിലും പരിശീലനം നേടിയ ഇവർ ടെലിവിഷൻ അവതാരകയും ഗായികയുമാണ്. നൃത്ത അധ്യാപകരായ വി. മൈഥിലിയും ജയന്തി സുബ്രഹ്മണ്യനുമായിരുന്നു രാജശ്രീയുടെ ഗുരുക്കൾ. ഭരതനാട്യത്തിന് കേരള സംഗീത നാടക അക്കാദമിയുടെ 2012-ലെ പുരസ്കാരം ലഭിച്ചിട്ടുണ്ട്. സി. എൻ. ശ്രീകണ്ഠൻ നായരുടെ ലങ്കാലക്ഷ്മി എന്ന നാടകത്തിന് രാജശ്രീ വാര്യർ ഭരതനാട്യത്തിലൂടെ നൃത്ത ഭാഷ്യം അവതരിപ്പിച്ചിട്ടുണ്ട്.

### നർത്തകി

രാഗവും താളവും ലയവും അക്ഷരങ്ങളിലേയ്ക്ക് ആവാഹിക്കുന്ന കൃതിയാണ് നർത്തകിയും സംഗീതജ്ഞയുമായ രാജശ്രീവാര്യരുടെ 'നർത്തകി'. നൃത്തവും സംഗീതവും അഭിനയവും തമ്മിലുള്ള ബന്ധത്തിന്റെ വിശകലനവും പ്രശസ്ത കലാകാരന്മാരുടെ സിദ്ധികളുടെ അപഗ്രഥനവും ഈ കൃതിയിൽ സമന്വിതമായിരിക്കുന്നു. നാട്യ-സംഗീത - നൃത്തകലകളെ സംയോജിപ്പിച്ചുകൊണ്ടുള്ള അപൂർവരചനാ രീതിയാണ് ഇതിൽ വീക്ഷിക്കാനാവുന്നത്. 'പച്ചക്കുതിര' മാസികയിൽ പതിനെട്ടു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചുവന്ന ലേഖന പരമ്പരകളുടെ സമാഹാരമാണ് ഈ കൃതി. അതിലെ ആദ്യ അധ്യായമാണ് 'നിമിഷങ്ങളുടെ ആഘോഷം'.

SGOU

## Keywords

അനുഭവസാഹിത്യം - നൃത്തവും സംഗീതവും - കലയിലെ അഭ്യസനവും അവതരണവും - നർത്തകി - വാസനയും കലയും - നിമിഷങ്ങളുടെ പ്രാധാന്യം - യുക്തി - ശാസ്ത്രീയനൃത്തത്തിന്റെ സവിശേഷതകൾ

## Discussion

എന്താണ് നൃത്തം? ആരാണ് നർത്തകർ? എന്ന ചോദ്യം ഉന്നയിച്ചുകൊണ്ടാണ് ആദ്യ അധ്യായം ആരംഭിക്കുന്നത്. എല്ലാ മനുഷ്യരിലും നൃത്തവാസനയുണ്ട്. ദീർഘകാല അഭ്യസനവും സമർപ്പണവുമുണ്ടെങ്കിൽ മാത്രമേ ഒരാൾക്ക് നർത്തകിയായി മാറാനാവൂ. തന്നിലുള്ള സഹജമായ കലാവാസന തിരിച്ചറിഞ്ഞ് ചിന്തകളെ അതിലേയ്ക്ക് ഒതുക്കി നിർത്തി, തന്നിലെ കലാവാസനയെ പരിപോഷിപ്പിച്ചുകൊണ്ട് മുന്നോട്ടു സഞ്ചരിക്കുന്ന വ്യക്തിയാണ് നർത്തകൻ അഥവാ നർത്തകി എന്ന് ഗ്രന്ഥകാരി സമർഥിക്കുന്നു.

> ഭരതമുനിയുടെ നാട്യശാസ്ത്രത്തെ അടിസ്ഥാനമാക്കി രചിക്കപ്പെട്ട അഭിനയദർപ്പണം എന്ന ഗ്രന്ഥമാണ് ഭരതനാട്യത്തിന് ആധാരമായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്.

ശാസ്ത്രീയനൃത്തത്തിന്റെ സവിശേഷതകളായി അവർ ചൂണ്ടിക്കാട്ടുന്നത്, അംഗചലങ്ങൾ വഴി ഉള്ളിലുള്ള ഭാവങ്ങൾ പ്രകടിപ്പിക്കുക, അവയ്ക്ക് നിശ്ചിതമായ ഒരു ഘടനയും രൂപവും ഉണ്ടാക്കുക, ആ രൂപഘടന മുന്നോട്ടു നയിക്കുന്ന തത്വത്തിന് ആത്മീയാടിസ്ഥാനം ഉണ്ടായിരിക്കുക എന്നിവയാണ്. ഭാവപ്രകാശനത്തിന്റെ കൃത്യത, വ്യക്തത, ധാർമ്മികത എന്നിവയാണ് ശാസ്ത്രീയതയുടെ മാനദണ്ഡം. മൂല്യാധിഷ്ഠിതമായ കാഴ്ചപ്പാടുകളുടെ നൈരന്തര്യത്തിലൂടെ രൂപപ്പെടുന്ന ഒരു സംസ്കാരം ശാസ്ത്രബദ്ധമായ നൃത്തത്തിനുണ്ട്. കലയിലെ അഭ്യസനവും അവതരണവും വ്യത്യസ്ത ഉദ്ദേശ്യങ്ങളെ ലക്ഷ്യം വയ്ക്കുന്നു. അഭ്യസനം ലക്ഷ്യത്തിലേക്കുള്ള മാർഗവും അവതരണം ലക്ഷ്യത്തിലേയ്ക്കടുപ്പിക്കുന്ന കടമ്പയുമാണെന്ന് രാജശ്രീ വാര്യർ പറയുന്നു. നൃത്തത്തിന്റെ ശാസ്ത്രീയത ആവശ്യമില്ലാതെ അംഗചലനങ്ങളിലൂടെ ഭാവം പ്രകടിപ്പിക്കാം. അത്തരം ഘട്ടത്തിൽ നമ്മെ പ്രലോഭിപ്പിക്കുന്ന താളപ്രപഞ്ചത്തിന്റെ പശ്ചാത്തലത്തിൽ നൃത്തവാസന പുറത്തുവരാം. ശരീരചലനങ്ങളിൽ മാത്രം അത്തരം നൃത്തം ഒതുങ്ങിനിൽക്കുന്നു. അത് നർത്തകരേയോ കാഴ്ചക്കാരേയോ ആത്മീയതലത്തിൽ എത്തിക്കുന്നില്ല. എന്നാൽ ഒരാളുടെ താളബോധത്തെയും പ്രകടനശേഷിയെയും തിരിച്ചറിയാൻ ഇത്തരം പ്രതികരണങ്ങളിലൂടെ സാധിക്കും. താൻ കേൾക്കുന്ന സംഗീതം ഏറ്റുമൂളുകയും; ആ മൂളൽ സംഗീതത്തോടു ചേർന്നു നിൽക്കുകയും ചെയ്യുമ്പോൾ തന്റെ സംഗീതം ശ്രുതിബദ്ധമാണെന്ന തിരിച്ചറിവ് അയാൾ ആർജിക്കുന്നു. നാം അറിയുന്ന വൈകാരികാവസ്ഥയെ ശരീരത്തിലൂടെ പ്രകടിപ്പിക്കാൻ സാധ്യമാവാതെ വരാം. കേട്ട ശബ്ദം ഏറ്റുപറയാനോ ഈണത്തിലൂടെ മറ്റൊരാളെ കേൾപ്പിക്കാനോ പറ്റാത്ത നിമിഷത്തിലും തന്നിലെ ജന്മവാസന അയാൾക്കു തിരിച്ചറിയുവാൻ കഴിയും. ചലനമോ, ശബ്ദമോ, പ്രകടനശേഷിയോ സാധ്യമല്ലാത്ത വേളയിലും ഈ തിരിച്ചറിയൽ സാധ്യമാണെന്ന് ഗ്രന്ഥകാരി വിലയിരുത്തുന്നു. മെക്സിക്കൻ ചിത്രകാരിയായ ഫ്രിഡ കാലോയുടെ ജീവചരിത്രത്തെ അടിസ്ഥാനമാക്കി മനുഷ്യന്റെ നൈസർഗിക വാസനയെ കലാകാരി അടയാളപ്പെടുത്തുന്നുണ്ട്. ചിത്രകാരിയുടെ ശരീരത്തിൽ അനുഭവപ്പെട്ടിരുന്ന നിശ്ചലാവസ്ഥയെയും അവരുടെ മനസ്സിലുണരുന്ന ആ ചലനങ്ങളെയും ആവിഷ്കരിക്കുന്നതിനുള്ള അവരുടെ ആഗ്രഹവുമെല്ലാം ജീവചരിത്രത്തിൽ നിന്ന് അറിയാനാവും. തന്റെ മനസ്സിന്റെ ആഗ്രഹങ്ങളെയും ചലനങ്ങളെയും അതിനനുസൃതമായ ആവിഷ്കരണത്വരയെയുമാണ് ഫ്രിഡ തിരിച്ചറിയുന്നതെന്ന് രാജശ്രീ നിരീക്ഷിക്കുന്നു. ഭാവിയിൽ തന്റെ ചലനശേഷി നഷ്ടപ്പെടുമോ എന്ന

SGOU

ആശങ്കയും മറ്റുള്ളവരെപ്പോലെ സ്വാതന്ത്ര്യം അനുഭവിക്കാനാവുമോ എന്ന ഉത്ക്കണ്ഠയും അവരുടെ മനസ്സിൽ ഉയർന്നുവരുന്നത് അറിയാൻ കഴിയും.

മനുഷ്യന്റെ നൈസർഗിക വാസനയുടെ ഓർമ്മപ്പെടുത്തലാണ് ഇവിടെ രാജശ്രീ വാര്യർ നടത്തുന്നത്. തന്റെ ശരീരത്തിന്റെ വൈകല്യത്തെ മറികടക്കുവാൻ മനസ്സിനെ അവർ പാകപ്പെടുത്തുകയാണ്. മനസ്സിന്റെ മൗനം അവരെ ഏകാകിനിയാക്കുമ്പോൾ മൗനം സംഗീതം പോലെ സുഖകരമാകുമ്പോൾ അവരുടെ ചിന്തകളോരോന്നും വ്യക്തമാകുന്നതായി ഗ്രന്ഥകാരി രേഖപ്പെടുത്തുന്നു. അംഗചലനങ്ങളെക്കുറിച്ചുള്ള ഫ്രിഡയുടെ പ്രതീക്ഷ ഒരു നർത്തകിയുടെ പ്രകടനത്തിന്റെ ഭാവസങ്കല്പംപോലെ ഉത്ക്കണ്ഠയും അനുഭൂതിയും നിറഞ്ഞതാണ്. ഓരോ നർത്തകിയും തങ്ങൾ തെരഞ്ഞെടുത്ത അപൂർവനിമിഷങ്ങളെയാണ് ശരീരഭാഷയിലൂടെ വർണ്ണിക്കാൻ ശ്രമിക്കുന്നത്. ശാസ്ത്രീയമായ ഭാഷയ്ക്ക് ഇണങ്ങുന്ന നിമിഷങ്ങളായിരിക്കും നർത്തകി ഓർമ്മിച്ചുവെക്കുന്നത്. ഒരു നൃത്തരൂപത്തിന്റെ സൗന്ദര്യശാസ്ത്രത്തിനപ്പുറത്തേയ്ക്കു പോകാത്ത, നിയന്ത്രിതമായ ഭാവചലനങ്ങളിലൂടെ അമൂല്യനിമിഷങ്ങൾ പുനഃർനിർമ്മിക്കപ്പെടുന്നു. വികാരപ്രകടനത്തിന്റെ തലത്തിൽനിന്ന് ഒരു കലാപ്രകടനം ഉയരുന്നത് ഇപ്രകാരമാണെന്ന് രാജശ്രീ അഭിപ്രായപ്പെടുന്നു. സ്വന്തം കലാസംസ്കാരത്തിന്റെ നിർവചനത്തിലൂടെയും ഭാവാഖ്യാനങ്ങളിലൂടെയും ആസ്വാദകന്റെ സംസ്കാരത്തെക്കൂടി പുനർനിർമ്മിക്കുകയോ പൂർണ്ണമായി മാറ്റുകയോ ചെയ്യുന്നു.

## നിമിഷത്തിന്റെ വ്യാഖ്യാനം

ഒരു നർത്തകി ഓരോ നിമിഷത്തെയും വ്യാഖ്യാനിക്കുന്നതെങ്ങനെയെന്ന് എഴുത്തുകാരി വിവരിക്കുന്നു. ഒരു നിമിഷത്തിന്റെ നിറം, ഗന്ധം, ശബ്ദം, സ്വാദ്, ഭാവം എന്നിവയെല്ലാം ഒരു നർത്തകിക്ക് അറിയാൻ സാധിക്കും. അതോടൊപ്പം നിറത്തിന്റെ വ്യത്യാസങ്ങൾ, ശബ്ദത്തിന്റെ സ്വരൂപം, പ്രതലത്തിന്റെ സ്വഭാവം, എന്നീ സൂക്ഷ്മതലങ്ങളിലേയ്ക്കുപോകാൻ കഴിയും. ഓരോ ഇന്ദ്രിയങ്ങളിലൂടെ ആസ്വാദനത്തിന്റെ ഗുണനിലവാരം നർത്തകി കണ്ടെത്തുന്നു. ഒരു നർത്തകി അവർക്ക് മുന്നിൽ എത്തുന്ന നിമിഷങ്ങങ്ങളെക്കുറിച്ചുള്ള സൂക്ഷ്മദർശനമാണ് നടത്തുന്നത്. അവരുടെ നൃത്തപ്രകടനത്തിൽ നടിയുടെ ദർശനാനുഭവത്തിന്റെ വർണ്ണനയാണ് കാണാൻ സാധിക്കുക. ദർശനമെന്നത് ആത്മദർശനത്തിനുനേരെ തിരിച്ചുവെച്ച കണ്ണാടിപോലെ ആയിത്തീരണം. കാഴ്ച, കാഴ്ചയുടെ ഓർമ്മ, ഓർമ്മയുടെ വ്യക്തത, ഓർമ്മിക്കപ്പെടേണ്ടതേത്, ആ തെരഞ്ഞെടുപ്പിലെ യുക്തി, യുക്തിയുടെ ധാർമ്മിക നിലവാരം ഇവയൊക്കെ ചേരുന്നതാണ് നർത്തകിയുടെ ആത്മദർശനം. താൻ വർണ്ണിക്കേണ്ടതേതെന്നും അതിന്റെ പിന്നിലെ കാരണമെന്തെന്നും വർണ്ണനയുടെ ഉദ്ദേശ്യമെന്തെന്നുമുള്ള ചോദ്യങ്ങൾക്ക് നർത്തകി സ്വയം ഉത്തരം കണ്ടെത്തുന്നു.

## ആവിഷ്കാരം

നൃത്തത്തിന്റെ രൂപഘടനയെ നിർണ്ണയിക്കുന്നത് ചതുർവിധാഭിനയത്തിന്റെ പ്രയോഗത്തിലെ വ്യത്യസ്തതയാണ്. ആശയവും ആവിഷ്കാരവും നർത്തകിയുടെ തീരുമാനത്തെ ആശ്രയിച്ചിരിക്കും. ഘടനാപരമായ ആവിഷ്കാരം ഒരു നൃത്തരൂപത്തിന്റെ സങ്കേതത്തിനുള്ളിൽതന്നെ നിൽക്കണം. ശാസ്ത്രീയനൃത്തം വികാരപരമായ അംഗചലനങ്ങളിൽ നിന്നു വ്യത്യസ്തമാകുന്നത് അതാണ്. സംഘകാലകവിതകളിലൂടെ ധാരാളം അന്വേഷണങ്ങളും ആവിഷ്കാരങ്ങളും അലർമേൽ വള്ളി എന്ന നർത്തകി നടത്തിയിട്ടുണ്ട്. പ്രകൃതിയുടെ കാഴ്ചകളിലൂടനീളം അറിയുന്ന നിമിഷങ്ങളെയും അത് സ്ത്രീ എന്ന മനോഭാവത്തിൽ ഏൽപിക്കുന്ന ഭാവസൗന്ദര്യത്തെയും നൃത്തഭാഷയിലൂടെ അവർ അവതരിപ്പിച്ചിട്ടുണ്ട്.

ഒരൊറ്റ നിമിഷത്തിൽ മനുഷ്യമനസ്സിലൂടെ കടന്നുപോകുന്ന ആയിരം ചിന്തകളുടെ വേഗത്തോടെയാണ് ഭരതനാട്യത്തിന്റെ അംഗചലനങ്ങളുടെ ദ്രുതലയവിന്യാസം അവർ ചിട്ടപ്പെടുത്തിയതെന്ന് രാജശ്രീ വാര്യർ രേഖപ്പെടുത്തുന്നു. തമിഴിലെ ഒരു നാടൻപാട്ടിലെ, കൃഷ്ണൻ വൃന്ദാവനത്തിലേയ്ക്കു തിരിച്ചെത്തുന്നതു കണ്ട് ഒരു നിമിഷം മതിമറക്കുന്ന പ്രകൃതിയെ അലർമേൽ വള്ളി അവതരിപ്പിച്ചത് ഗ്രന്ഥകാരി ഓർമ്മിക്കുന്നു.

SGOU

## ചതുർവിധാഭിനയം

നാട്യശാസ്ത്രം, അഭിനയദർപ്പണം മുതലായ പ്രാമാണിക ഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്നതനുസരിച്ച് അഭിനയത്തെ ആംഗികം, വാചികം, ആഹാര്യം, സാത്വികം ഇങ്ങനെ നാലായി വിഭജിക്കാം. ഇവയെ ചതുർവിധാഭിനയങ്ങൾ എന്ന് പറയുന്നു. സന്ദർഭോചിതമായ അംഗചലനങ്ങൾ കൊണ്ട് നടത്തുന്ന ഭാവപ്രകടനമാണ് ആംഗികം. വാക്കുകളെയും വാചകങ്ങളെയും സന്ദർഭാനുസൃതം ഉച്ചരിക്കുന്നതിൽ നിന്നു വാചികാഭിനയം ഉണ്ടാകുന്നു. അക്ഷരശുദ്ധി, ശബ്ദക്രമം, ഉച്ചാരണവിധം എന്നിത്യാദികളെ ആശ്രയിച്ചാണ് വാചികാഭിനയത്തിന്റെ മേന്മ പ്രത്യക്ഷമാകുന്നത്. വാചികത്തോടൊപ്പം നടൻ നിർവഹിക്കുന്ന സൂക്ഷ്മതരമായ സ്തോഭപ്രകടനമാണ് സാത്വികം. ചമയവും വേഷഭൂഷാദികളും രംഗസജ്ജീകരണങ്ങളും ചേർന്നതാണ് ആഹാര്യം. പാത്രഭാവം ആവിഷ്കരിക്കാൻ ആവശ്യമായ പ്രാഥമിക ഉപാധികളാണ് ഇവ.

കവിതകളും കഥകളും ഈരടികളും ചിത്രമെഴുത്തും നൃത്തവുമെല്ലാം ഒരു നിമിഷത്തിലടങ്ങിയ അനുഭൂതിയുടെ വർണ്ണനയാണ്. 'എന്ദരോ മഹാനുഭാവലു' എന്ന ശ്രീരാഗത്തിലുള്ള പഞ്ചരത്നകൃതി ഷഡ്കാലമാരാർ തന്റെ സംഗീതത്തിന്റെ വൈഭവം തിരിച്ചറിഞ്ഞ നിമിഷത്തിന്റെ മധുരമായ ഓർമ്മയുടെ വിസ്താരമാണ്. സംഗീതജ്ഞരെപ്പോലെ ജീവിക്കുന്ന നിമിഷത്തെ നന്നായറിഞ്ഞ് കലാസൃഷ്ടികളിലൂടെ അതിനെ ആഘോഷമാക്കി മാറ്റുന്നവരാണ് നർത്തകരും. ഇന്ദ്രിയാനുഭവത്തിന്റെ ഓർമ്മയും നർത്തകിയുടെ ഭാവനയും കൂടിച്ചേർന്നാണ് കലാവിഷ്കാരമായി മാറുന്നത്. ഒരു കുഞ്ഞിന്റെ ജിജ്ഞാസയും വേണ്ട കാഴ്ചകളെ മാത്രം പുതുക്കിപ്പണിയാനുള്ള കർമ്മശേഷിയും ഒരു നർത്തകിയ്ക്കുണ്ടാവണം. അപ്പോൾ മാത്രമേ ഒരു നർത്തകി നൃത്തവിസ്മയമാകൂ. 'നിങ്ങൾ നിങ്ങളുടെ നിമിഷത്തിൽ ജീവിക്കുക' എന്ന ബുദ്ധദർശനമാണ് നിമിഷബോധ്യത്തിലൂടെ, അതിന്റെ ഭാവനകലർന്ന ആവിഷ്കാരത്തിലൂടെ ഒരു നർത്തകി ചെയ്യുന്നതെന്ന് രാജശ്രീ അഭിപ്രായപ്പെടുന്നു. രാഗ-താള ലയങ്ങൾ അക്ഷരങ്ങളിലേയ്ക്ക് ആവാഹിക്കുവാൻ ഈ കൃതിയുടെ രചനയിലൂടെ എഴുത്തുകാരിക്ക് സാധിച്ചിരിക്കുന്നു. നൃത്തവും സംഗീതവും അഭിനയവും തമ്മിലുള്ള ബന്ധം അതീവ സൂക്ഷ്മതയോടെ വിശകലനം ചെയ്യുന്ന കൃതിയാണ് രാജശ്രീ വാര്യരുടെ 'നർത്തകി'

## 'എന്ദരോ മഹാനുഭാവലു' എന്ന കീർത്തനം

ത്യാഗരാജ സ്വാമികളുടെ ഘനരാഗ പഞ്ചരത്നകൃതികളിൽ ശ്രീരാഗത്തിലും ആദിതാളത്തിലും ചിട്ടപ്പെടുത്തിയ ഒരു കീർത്തനമാണ് എന്ദരോ മഹാനുഭാവലു.

## പഞ്ചരത്നകൃതികൾ

ത്യാഗരാജ സ്വാമികൾ അഞ്ചുകൃതികളായി രചിച്ചിട്ടുള്ള നിരവധി കീർത്തനങ്ങളുടെ കൂട്ടങ്ങളെ പൊതുവേ പഞ്ചരത്നകൃതികൾ എന്നു വിളിക്കുന്നു. ഇവയിൽ ഏറ്റവും വിശിഷ്ടമായി കണക്കാക്കുന്ന അഞ്ചെണ്ണമാണ് ഘനരാഗപഞ്ചരത്നകീർത്തനങ്ങൾ അഥവാ പഞ്ചരത്നകൃതികൾ അഥവാ ത്യാഗരാജപഞ്ചരത്നകൃതികൾ എന്ന് അറിയപ്പെടുന്നത്. ഈ പഞ്ചരത്നകൃതികൾക്കായി ഉപയോഗിച്ചിരിക്കുന്ന അഞ്ച് രാഗങ്ങളും ഘനരാഗങ്ങളാണ്. അതിനാൽ ഈ പഞ്ചരത്നകൃതികളെ 'ഘനരാഗപഞ്ചരത്നകൃതികൾ' എന്നും പറയാറുണ്ട്.



SGOU

## Recap

- അംഗചലനങ്ങൾ വഴി ഉള്ളിലുള്ള ഭാവങ്ങൾ പ്രകടിപ്പിക്കുക. അവയ്ക്ക് നിശ്ചിതമായ ഒരു ഘടനയും രൂപവും ഉണ്ടാകുക
- ആ രൂപഘടന മുന്നോട്ടു നയിക്കുന്ന തത്വത്തിന് ആത്മീയാടിസ്ഥാനം ഉണ്ടായിരിക്കുക
- ചതുർവിധാഭിനയങ്ങൾ - ആംഗികം, വാചികം, ആഹാര്യം, സാത്വികം
- നർത്തകിയുടെ ആലോചനകൾ
- നിങ്ങൾ നിങ്ങളുടെ നിമിഷത്തിൽ ജീവിക്കുക
- ഭരതനാട്യത്തിന്റെ അംഗചലനങ്ങളുടെ ദ്രുതലയവിന്യാസവും ചിട്ടപ്പെടുത്തലും
- ആശയവും ആവിഷ്കാരവും നർത്തകിയുടെ തീരുമാനത്തെ ആശ്രയിച്ചിരിക്കും
- ഘടനാപരമായ ആവിഷ്കാരം ഒരു നൃത്തരൂപത്തിന്റെ സങ്കേതത്തിനുള്ളിൽതന്നെ നിൽക്കണം
- ഇന്ദ്രിയാനുഭവത്തിന്റെ ഓർമ്മയും നർത്തകിയുടെ ഭാവനയും കൂടിച്ചേർന്നാണ് കലാവിഷ്കാരമായി മാറുന്നത്
- കലാവിഷ്കാരവും ആസ്വാദനവും
- അലർമേൽ വള്ളിയുടെ അവതരണമികവ്
- കലയുടെ ഉണ്മയും അനുഭൂതിയും
- ജിജ്ഞാസയും സൂക്ഷ്മതയും
- നാട്യശാസ്ത്രം
- പഞ്ചരത്നകൃതികൾ
- കാഴ്ചയും നടനവും
- നൃത്തകലയും ശരീരഭാഷയും
- അംഗചലനങ്ങളും ആവിഷ്കാരരീതികളും
- നിമിഷങ്ങളുടെ വ്യാഖ്യാനവും തിരഞ്ഞെടുക്കലും
- കലാകാരിയുടെ ആവിഷ്കാരമികവും സ്വാതന്ത്ര്യവും
- കവിതകളും കഥകളും ഈരടികളും ചിത്രമെഴുത്തും നൃത്തവുമെല്ലാം ഒരു നിമിഷത്തിലടങ്ങിയ അനുഭൂതിയുടെ വർണ്ണനയാണ്.
- കലാസംസ്കാരത്തിന്റെ നിർവചനത്തിലൂടെയും ഭാവാവ്യാനങ്ങളിലൂടെയും ആസ്വാദകന്റെ സംസ്കാരത്തെക്കൂടി പുനഃർനിർമ്മിക്കുകയോ പൂർണ്ണമായി മാറ്റുകയോ ചെയ്യുന്നു

SGOU

## Objective Questions

1. ആംഗികം എന്നാൽ എന്ത്?
2. 'എന്ദരോ മഹാനുഭാവലു' - എന്ന വരികളുടെ രചയിതാവ് ആര്?

3. 'എന്ദരോ മഹാനുഭാവലു' എന്ന സംഗീതത്തിന്റെ രാഗം ഏത്?
4. ത്യാഗരാജ സ്വാമികൾ അഞ്ചു കൃതികളിലായി രചിച്ചിട്ടുള്ള നിരവധി കീർത്തനങ്ങളുടെ കൂട്ടത്തെ അറിയപ്പെടുന്ന പേരെന്ത്?
5. ചതുർവിധാഭിനയങ്ങൾ ഏതെല്ലാം?
6. വാക്കുകളെയും വാചകങ്ങളെയും സന്ദർഭാനുസൃതം ഉച്ചരിക്കുന്നതിൽ നിന്നു ഉണ്ടാകുന്ന അഭിനയം?
7. വാചികാഭിനയത്തിന്റെ മേന്മ നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങൾ?
8. നർത്തകി ആരുടെ കൃതിയാണ്?
9. നിമിഷങ്ങളുടെ ആഘോഷം എന്ന ഭാഗം എടുത്തിരിക്കുന്നത് ഏത് കൃതിയിൽ നിന്നാണ്?
10. ഏത് മെക്സിക്കൻ ചിത്രകാരിയുടെ ജീവചരിത്രത്തെ അടിസ്ഥാനമാക്കിയാണ് മനുഷ്യന്റെ നൈസർഗ്ഗികവാസനയെ രാജശ്രീ വാര്യർ അടയാളപ്പെടുത്തുന്നത്?

## Answers

1. സന്ദർഭോചിതമായ അംഗചലനങ്ങൾ കൊണ്ട് നടത്തുന്ന ഭാവപ്രകടനം
2. ത്യാഗരാജൻ
3. ശ്രീരാഗം
4. പഞ്ചരത്നകൃതികൾ
5. ആംഗികം, വാചികം, ആഹാര്യം, സാത്വികം ഇങ്ങനെ നാലായി വിഭജിക്കാം.
6. വാചികാഭിനയം
7. അക്ഷരശുദ്ധി, ശബ്ദക്രമം, ഉച്ചാരണവിധം എന്നിത്യാദികൾ
8. രാജശ്രീ വാര്യർ
9. നർത്തകി
10. ഫ്രിഡ കാലോയുടെ

SGOU

## Assignments

1. നൃത്തകലയിൽ അഭ്യസനം, അവതരണം എന്നിവയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ച് രാജശ്രീ വാര്യർ മുന്നോട്ടു വെയ്ക്കുന്ന ആശയങ്ങൾ ചർച്ച ചെയ്യുക.
2. കവിതകളും കഥകളും ഈരടികളും ചിത്രമെഴുത്തും നൃത്തവുമെല്ലാം ഒരു നിമിഷത്തിലടങ്ങിയ അനുഭൂതിയുടെ വർണ്ണനയാണ്. നിമിഷത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് രാജശ്രീ വാര്യർ വ്യാഖ്യാനിക്കുന്നതെങ്ങനെയെന്ന് കണ്ടെത്തി സമർഥിക്കുക.
3. നൃത്തവും സംഗീതവും അഭിനയവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക.
4. ചതുർവിധാഭിനയരീതികൾ വിവരിക്കുക.
5. ഇന്ദ്രിയാനുഭവത്തിന്റെ ഓർമ്മയും നർത്തകിയുടെ ഭാവനയും കൂടിച്ചേർന്നാണ് കലാവിഷ്കാരമായി മാറുന്നത് – രാജശ്രീ വാര്യരുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.

## Reference


1. ആർ. രാജശ്രീ വാര്യർ, നർത്തകി, ഡി.സി.ബുക്സ്, കോട്ടയം
2. സുനിൽ പി. ഇളയിടം, (എഡിറ്റർ) കേരളീയ രംഗകല : ചരിത്രം വിചാരം വിമർശം, കൈരളി ബുക്സ്, കണ്ണൂർ
3. സി. രാജേന്ദ്രൻ, അഭിനയദർപ്പണം പഠനവും വിവർത്തനവും, കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി ഫോർ ആർട്സ് ആൻഡ് കൾച്ചർ വള്ളത്തോൾ നഗർ, തൃശൂർ
4. കെ. പി. നാരായണപിഷാരടി (വിവ.), ഭരതമുനിയുടെ നാട്യശാസ്ത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ


## Suggested Readings


1. മൃണാളിനി സാരാഭായി, ഭരതനാട്യം അറിയേണ്ടതെല്ലാം, ഡി.സി ബുക്സ്, കോട്ടയം
2. പി. ജി. ജനാർദ്ദനൻ, നാട്യകല: സിദ്ധാന്തവും പ്രയോഗവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്
3. മൂർത്തി ടി. ആർ. എം. ജെമിനി, ഭരതനാട്യ പ്രബോധിനി, സ്വാതിതിരുനാൾ കലാക്ഷേത്ര, ആലപ്പുഴ
4. പി. ജി. ജനാർദ്ദനൻ, താളം നട്ടുവം, മാതൃഭൂമി പ്രസ് കോഴിക്കോട്
5. Raju, S. Balachandra. The Art of Bharatanatyam. Abhinav Publications. 2004


SGOU

# 2 UNIT

# ചുവടുകൾ ബാക്കിയായ പൂരക്കളി

ജോയ് മാത്യു

## Learning Outcomes

- കയ്യൂർ ലഹളയെക്കുറിച്ച് അറിവ് നേടുന്നു
- ഓർമ്മകളുടെ രാഷ്ട്രീയം ചർച്ച ചെയ്യുന്നു
- അമ്മ അറിയാൻ എന്ന സിനിമയുടെ പ്രാധാന്യം കണ്ടെത്തുന്നു
- സിനിമയുടെ ചിത്രീകരണത്തെക്കുറിച്ചുള്ള ജോയ്മാത്യുവിന്റെ വീക്ഷണങ്ങൾ പരിശോധിക്കുന്നു

## Prerequisite

കാസർകോഡ് വില്ലേജിലെ കയ്യൂർ ഗ്രാമത്തിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന കർഷകസമരമാണ് കയ്യൂർ ലഹള. ബ്രിട്ടീഷ് ഭരണകാലത്താണ് ഇത് നടന്നത്. 1941 മാർച്ച് 28-ന് ജന്മിത്തത്തിനും ബ്രിട്ടീഷ് ഭരണകൂടത്തിനുമെതിരെയാണ് ഈ ലഹള ഉണ്ടായത്. ഇതോടനുബന്ധിച്ച് അപ്രതീക്ഷിതമായി സുബ്ബരായൻ എന്ന പോലീസ് കോൺസ്റ്റബിൾ കൊല്ലപ്പെടുന്നു. കുന്നാൽ ചുറ്റപ്പെട്ട പുഴയൊഴുകുന്ന കയ്യൂരിൽ ജാഥാമധ്യേ, അക്രമോത്സുകനായെത്തിയ, ഒട്ടേറെ മെഡലുകൾ നേടിയ, നീന്തൽ വിദഗ്ദ്ധനായ ഒരു പോലീസുകാരൻ ജനരോഷത്തിന് വിധേയനായി ജാഥയുടെ മുമ്പിൽ ചുവപ്പുകൊടി പിടിച്ച് നടക്കേണ്ടി വന്നതിന്റെ നാണക്കേടിൽ നിന്ന് രക്ഷപ്പെടാനായി പുഴയിലേക്ക് ചാടി. ജാഥയിലുണ്ടായിരുന്നവർ അയാളെ കല്ലെറിഞ്ഞു. മദ്യപിച്ച അവസ്ഥയിൽ നീന്തുക പ്രയാസമാണ്. ശക്തമായ അടിയൊഴുക്കുള്ള പുഴയിൽ, പോലീസുകാരന്റെ ബൂട്ടടക്കമുള്ള ഭാരമേറിയ യൂണിഫോം വെള്ളം കയറി അയാളുടെ ശരീരത്തെ പുഴയിൽ താഴ്ത്തിക്കളഞ്ഞു. ഈ സംഭവത്തിൽ 61 പേരെ അറസ്റ്റു ചെയ്തു. 5 പേരെ തൂക്കിക്കൊല്ലാൻ വിധിച്ചു. മഠത്തിൽ അപ്പു, കൊയ്ത്താറ്റിൽ ചിരുകണ്ടൻ, പൊടോര കുഞ്ഞമ്പുനായർ, പള്ളിക്കൽ അബൂബക്കർ എന്നിവരെ 1943 മാർച്ച് 29-ന് കണ്ണൂർ ജില്ലയിൽവെച്ച് തൂക്കിക്കൊന്നു. തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട മറ്റൊരാൾ ചൂരിക്കാടൻ കൃഷ്ണൻനായർ ആയിരുന്നു. അദ്ദേഹത്തിന് പ്രായപൂർത്തിയാകാത്തതിനാൽ ജീവപര്യന്തം തടവുശിക്ഷ വിധിച്ചു.

കയ്യൂരിലെ കർഷകർ കുറച്ചു വർഷങ്ങളായി ജന്മിത്തത്തിനും സാമ്രാജ്യത്വത്തിനും എതിരെയുള്ള ജീവന്മരണപ്പോരാട്ടത്തിലായിരുന്നു. അത് അവരുടെ നിലനി

SGOU

ല്പ്പിന്റെ സമരം കൂടിയായിരുന്നു. ഇന്ത്യൻ രാഷ്ട്രീയചരിത്രത്തിൽ അടിസ്ഥാന വർഗം നേരിട്ട് സമരമുഖത്തെത്തുന്ന ആദ്യത്തെ അനുഭവമായിരുന്നു കയ്യൂരിലേത്. നേതാക്കളായിരുന്നില്ല; മറിച്ച് ജനിച്ച മണ്ണിൽ കൃഷി ചെയ്ത് ജീവിക്കാൻ പോരാടുന്ന സാധാരണ കർഷകരും കർഷക തൊഴിലാളികളുമായിരുന്നു അവർ. തങ്ങളുടെ അവകാശത്തിനും തങ്ങളെ ചൂഷണം ചെയ്യുന്ന വ്യവസ്ഥിതിക്കുമെതിരായിട്ടായിരുന്നു അവർ സംഘടിച്ചത്. കയ്യൂരിൽ തൂക്കിലേറ്റപ്പെട്ട നാലുപേരും സാധാരണക്കാരായിരുന്നു.

അതുവരെ, ഇന്ത്യയിലുണ്ടായിരുന്ന മറ്റ് സമരരൂപങ്ങളെപ്പോലെ മേൽത്തട്ടിൽ നിന്നല്ല, കയ്യൂർ സമരം രൂപപ്പെട്ടത്. അത് താഴെത്തട്ടിൽ നിന്നായിരുന്നു. ഈ സമരം ഇന്ത്യയാകെ പടരുമെന്ന് ഭയപ്പെട്ട ബ്രിട്ടീഷ് ഗവൺമെന്റ്, അതിനെ ഇല്ലാതാക്കുവാൻ കണ്ടെത്തിയ വഴിയായിരുന്നു കയ്യൂരിലെ വധശിക്ഷ. ആ ദുരന്തം മനുഷ്യാവകാശങ്ങളുടെ ലംഘന മല്ല, മറിച്ച് മനുഷ്യാവകാശങ്ങൾ നഗ്നമായി ലംഘിക്കപ്പെടുന്നതിനെതിരെയുള്ള രൂക്ഷമായ പ്രതികരണം തന്നെയായിരുന്നു.

കയ്യൂർ സംഭവത്തെ കേന്ദ്രീകരിച്ച് ലെനിൻ രാജേന്ദ്രൻ സംവിധാനം ചെയ്ത സിനിമയാണ് **മീനമാസത്തിലെ സൂര്യൻ (1986)**

**കയ്യൂർ സംഭവത്തെ ആധാരമാക്കി രചിക്കപ്പെട്ട കൃതികൾ**

1. *ചിരസ്മരണ (നോവൽ) - നിരഞ്ജന*
2. *ഖനിജം (നോവൽ) - പി.വി.കെ. പനയാൽ*
3. *കയ്യൂർ സമരചരിത്രം (പഠനം) - വി.വി. കുഞ്ഞമ്പു*

ഈ സംഭവത്തെ അടിസ്ഥാനമാക്കി ഒരു സിനിമ ചിത്രീകരിക്കണമെന്ന ആഗ്രഹം ആദ്യം പ്രകടിപ്പിച്ചത് ബംഗാളി സംവിധായകനായ മൃണാൾസെൻ ആയിരുന്നു. ജോൺ എബ്രഹാമും അതേസമയം തന്നെയാണ് കയ്യൂരിനെ സിനിമയാക്കാൻ തുനിഞ്ഞതും. എന്നാൽ രണ്ടുപേരും അതിൽ പരാജയപ്പെട്ടു. കയ്യൂർ സംഭവത്തെ ആധാരമാക്കി ജോൺ എബ്രഹാമും കൂട്ടരും ആരംഭിച്ച സിനിമാപ്രവർത്തനത്തെയും അതിന്റെ പ രാജയകാരണങ്ങളെയും വിശകലനവിധേയമാക്കിക്കൊണ്ട് ജോൺ എബ്രഹാമിന്റെ കുടെയുണ്ടായിരുന്നവർ രേഖപ്പെടുത്തിയ ഓർമ്മകളാണ് 'ജോൺ എബ്രഹാമിന്റെ കയ്യൂർ' എന്ന പുസ്തകം. പിറക്കാതെപോയ ജോണിന്റെ കയ്യൂർ സിനിമയ്ക്ക് കാലം കഴിയുന്തോറും വർധിച്ചുവരുന്ന പ്രസക്തിക്ക് കാരണമായ രാഷ്ട്രീയവും സാംസ്കാരികവുമായ പശ്ചാത്തലത്തെക്കുറിച്ച് കൂടുതൽ ആഴത്തിലുള്ളതും വിശദവുമായ അന്വേഷണത്തിലേക്കും വിലയിരുത്തലുകളിലേക്കും ഈ പുസ്തകം വിരൽചൂണ്ടുന്നു.

സി.പി.ഐ.(എം.എൽ)ന്റെ സാംസ്കാരിക സംഘടനയായി എഴുപതുകളുടെ അവസാനം നിലവിൽ വന്ന 'ജനകീയ സാംസ്കാരികവേദി' പാർട്ടിയുമായുള്ള ആശയഭിന്നത കാരണം പിരിച്ചുവിടപ്പെട്ടു. അതിനുശേഷം അതിന്റെ നേതാക്കൾ തുടരാൻ ശ്രമിച്ച സാംസ്കാരികപ്രവർത്തനത്തിന്റെ ഭാഗമായിരുന്നു 'കയ്യൂർ' സിനിമാസംരംഭം. കവിയൂർ ബാലൻ, സേതു, ഇ. മാധവൻ, ബി. രാജീവൻ, സച്ചിദാന ന്ദൻ, ജോയ് മാത്യു, കെ.ജെ. ബേബി, കെ. രാജീവൻ, എൻ. ശശിധരൻ തുടങ്ങി ആ സംരംഭത്തിൽ പങ്കെടുത്തവരെല്ലാം ആ ചരിത്രപശ്ചാത്തലം അവരവരുടെ കാഴ്ചപ്പാടുകളിലൂടെ ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.

'ജോൺ എബ്രഹാമിന്റെ കയ്യൂർ' എന്ന എൻ. സന്തോഷ്കുമാർ എഡിറ്റു ചെയ്ത പുസ്തകത്തിലെ ഒരു ഭാഗമാണ് ജോയ് മാത്യുവിന്റെ 'ചുവടുകൾ ബാക്കിയായ

SGOU

പുരക്കളി' എന്ന ലേഖനം. കയ്യൂർ സിനിമാപ്രവർത്തനത്തിൽ ജോണിനോടൊപ്പം പ്രവർത്തിച്ചിരുന്നവരിൽ ഒരാളാണ് ജോയ് മാത്യു. അക്കാലത്തെക്കുറിച്ചുള്ള തന്റെ ഓർമ്മകളാണ് ഈ ലേഖനത്തിലൂടെ അദ്ദേഹം പങ്കുവെയ്ക്കുന്നത്.



മലയാള ചലച്ചിത്ര അഭിനേതാവ്, സംവിധായകൻ, തിരക്കഥാകൃത്ത് എന്നീ നിലകളിൽ പ്രശസ്തനാണ് ജോയ് മാത്യു. 1986-ൽ ജോൺ എബ്രഹാം സംവിധാനം ചെയ്ത 'അമ്മ അറിയാൻ' എന്ന ചലച്ചിത്രത്തിലെ പുരുഷൻ എന്ന നായക കഥാപാത്രമായി സിനിമയിൽ അഭിനയജീവിതം ആരംഭിച്ചു. അദ്ദേഹം സംവിധാനം ചെയ്ത ആദ്യചിത്രമാണ് ഷട്ടർ. ജോയ് മാത്യു രചിച്ച ഓർമ്മപ്പുസ്തകമാണ് 'തീ പിടിച്ച പർണ്ണശാലകൾ'. 2012-ലെ മികച്ച സിനിമയ്ക്കുള്ള സംസ്ഥാന അവാർഡ് ഷട്ടർ എന്ന ചിത്രത്തിനായിരുന്നു. സിനിമയ്ക്കും മുൻപ് നാടകരചന, നാടകസംവിധാനം, നാടകാഭിനയം എന്നീ നിലകളിൽ സജീവമായിരുന്നു ജോയ് മാത്യു. ഇരുപതിൽ കൂടുതൽ നാടകങ്ങൾ രചിച്ചു. നാടകരചനയിൽ കേരള സംഗീത നാടക അക്കാദമിയുടെയും കേന്ദ്രസാഹിത്യഅക്കാദമിയുടെയും പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

## Keywords

ഓർമ്മകളുടെ രാഷ്ട്രീയം - സിനിമയും രാഷ്ട്രീയവും - കയ്യൂർ സമരം - അമ്മ അറിയാൻ എന്ന സിനിമ - തിരക്കഥ

## Discussion

'ചുവടുകൾ ബാക്കിയായ പൂരക്കളി' എന്ന ലേഖനം ജോയ് മാത്യു എഴുതിയതാണ്. കയ്യൂർ സിനിമാ ഷൂട്ടിങ്ങിനായി ജോൺ എത്തുന്നതും അതിന്റെ സംരംഭങ്ങളും ഓർത്തെടുക്കുകയാണ് ജോയ് മാത്യു ഈ ലേഖനത്തിൽ ചെയ്യുന്നത്. കൂടാതെ ആ സംരംഭം നിലച്ചുപോയതിന്റെ ഓർമ്മകളും അദ്ദേഹം പങ്കുവെക്കുന്നു. ജോൺ എബ്രഹാം 'അമ്മ അറിയാൻ' എന്ന സിനിമ സംവിധാനം ചെയ്യുന്നതിനു മുമ്പാണ് കയ്യൂർ സിനിമ ചിത്രീകരിക്കുവാൻ ശ്രമമാരംഭിച്ചത്. സി.പി.ഐ. (എം.എൽ.) ൽ നിന്ന് രാജിവെച്ച് പുറത്തുവന്ന ജനകീയ സാംസ്കാരിക വേദിയിലെ ഒരു കൂട്ടം യുവാക്കൾ വടക്കൻ മലബാറിന്റെ സമരേതിഹാസമായ കയ്യൂർ സമരകഥ സിനിമയാക്കുവാൻ ആലോചിച്ചു. സാംസ്കാരികവേദിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പലരും ആ പ്രസ്ഥാനത്തിന്റെ തകർച്ച ഉൾക്കൊള്ളാൻ കഴിയാതെ ആത്മഹത്യയിലേക്കോ ഉന്മാദമായ അവസ്ഥയിലേക്കോ മാറിയിരുന്നു. അതിൽനിന്നുള്ള ഒരു മോചനമാർഗമായാണ് ഇത്തരമൊരു സിനിമയെക്കുറിച്ചുള്ള ചർച്ചകൾ ആരംഭിക്കുന്നത്. സാംസ്കാരികവേദിയുടെ അമരക്കാരനായിരുന്ന കവിയൂർ ബാലനും സേതുവും പി.സി. രവിയും കാസർകോഡുള്ള ഫിലിം സൊസൈറ്റിയുടെ പ്രവർത്തകനായ മുരളിയും മറ്റുമായിരുന്നു ഇതിന്റെ സംഘാടകർ.

ചിത്രത്തിന്റെ സംവിധായകൻ ആരായിരിക്കണം എന്ന ചോദ്യത്തിന് എല്ലാവർക്കും ഒരുത്തരമാണ് ഉണ്ടായിരുന്നത്. അഗ്രഹാരത്തിലെ കഴുതയും ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങളും സംവിധാനം ചെയ്ത 'ജോൺ എബ്രഹാം'. തിരുവനന്തപുരത്തോ മറ്റോ ഉള്ളതായി പറയപ്പെട്ടിരുന്ന ജോൺ കോഴിക്കോട് കല്ലായിയിലുള്ള സേതുവിന്റെ എവറസ്റ്റ് ലോഡ്ജിലെ പന്ത്രണ്ടാം നമ്പർ

മുറിയിൽ എത്തുന്നു. ഒന്നുരണ്ടാഴ്ചയോളം കോഴിക്കോടിനെ സ്നേഹിച്ചും ഇടക്കൊക്കെ വിറപ്പിച്ചും ജോൺ ഉത്സവമായി. തന്നെ ക്ഷണിച്ചു കൊണ്ടു വന്നവർ രാഷ്ട്രീയവും സിനിമയുമൊക്കെ ഗൗരവമായി എടുക്കുന്നവരാണെന്നും സാഹിത്യകാരന്മാർ/ സിനിമാക്കാർ തുടങ്ങിയവരോട് തെല്ലും ആരാധനയില്ലാത്തവരും എന്നാൽ ബഹുമാനിക്കാൻ അറിയുന്നവരുമാണെന്ന് ജോൺ താമസിയാതെ തിരിച്ചറിഞ്ഞു. അതോടെ ജോൺ അടങ്ങി. പുതിയ മനുഷ്യനായി കയ്യൂരിലേക്ക് വണ്ടി കയറി. ദിവസങ്ങൾക്ക് ശേഷം കോഴിക്കോടുനിന്നും സേതുവുമൊന്നിച്ച് കാസർകോട്ടെ മുരളിയുടെ വീട്ടിൽ ഞാനെത്തുമ്പോൾ, കുളിച്ച് ശുഭ്രവസ്ത്രം ധരിച്ച് കണ്ണടയൊക്കെ വെച്ച് കസേരയിൽ ഒരു പ്രത്യേകരീതിയിൽ കിടന്ന് പുസ്തകം വായിക്കുന്ന ജോണിനെയാണ് കണ്ടത്. ആതിഥേയനായ മുരളിയും സംഘാടകരിൽ പ്രധാനിയായ കവിയൂർ ബാലനും കൂടെയുണ്ട്. താഴെ റെയിൽപാളത്തിലൂടെ തീവണ്ടികൾ തെക്കുവടക്ക് ഓടിയകലുന്നത് നോക്കിയും കാസർകോട്ടെ കടപ്പുറത്ത്, രാത്രികളെ രാഷ്ട്രീയ സിനിമാചർച്ചകൾക്ക് വിട്ടു കൊടുത്തും ഞങ്ങളുടെ ദിവസങ്ങൾ നീങ്ങി.

കയ്യൂർ സമരത്തെ ആസ്പദമാക്കി നിരഞ്ജന എഴുതിയ ചിരസ്മരണ എന്ന നോവൽ മിക്കവാറും എല്ലാവരും അതിനകം വായിച്ചുകഴിഞ്ഞിരുന്നു. അതിനെ അടിസ്ഥാനപ്പെടുത്തി ഒരു പൈങ്കിളി സിനിമ ചെയ്യാനാവില്ലെന്നും കയ്യൂർ സമരത്തെപ്പറ്റി വസ്തുനിഷ്ഠമായ പഠന/ഗവേഷണങ്ങൾക്കുശേഷം മതി സിനിമാനിർമ്മാണമെന്നും പൊതുവെ അഭിപ്രായമുയർന്നു. ജോണിനും മറിച്ചായിരുന്നില്ല അഭിപ്രായം. അതിനുള്ള ഏർപ്പാടുകളായി പിന്നീട്. കാസർകോട്ടുതന്നെ കാറഡുക്കയിലുള്ള ശശി മാഷുടെ (എൻ. ശശിധരൻ)വീടായിരുന്നു കയ്യൂർ സിനിമാചർച്ചയുടെ വേദി. സച്ചിദാനന്ദനും, ബി. രാജീവനും, കെ.ജി ശങ്കരപ്പിള്ളയും കടമ്മനിട്ടയും, രാമചന്ദ്രൻ മൊകേരിയും, കെ.ജെ ബേബിയും മാത്രമല്ല പേരുകൊണ്ട് അവരെപ്പോലെ പ്രശസ്തരല്ലെങ്കിലും ചിന്താശേഷിയുള്ള കുറേപ്പേരും ആ ചർച്ചകളിൽ സജീവപങ്കാളികളായിരുന്നു. ഇത്തരത്തിലുള്ള ചർച്ചകൾ ജോണിനെ സംബന്ധിച്ച് ആദ്യത്തെ അനുഭവമായിരുന്നു.

ആരോടും അശേഷം ആരാധനയില്ലാത്ത എന്നാൽ പരസ്പരം ബഹുമാനം വെച്ചുപുലർത്തുന്നവരുടെ സംഘത്തിൽ അകപ്പെട്ട ജോൺ അതുകൊണ്ടുതന്നെ പലപ്പോഴും അസ്വസ്ഥനായി കാണപ്പെട്ടു. അതുവരെ ജോൺ പരിചയിച്ചിരുന്ന ബുദ്ധിജീവിസദസ്സുകളായിരുന്നില്ല അവ. സിനിമയെയും സാഹിത്യത്തെയും കുറിച്ച് ഗഹനമായ ഉൾക്കാഴ്ചകളുള്ള ആക്ടിവിസ്റ്റുകളെ ജോൺ ആദ്യമായിട്ടായിരിക്കും കാണുന്നത്. 'I am the Hitler of my Cinema' എന്ന് ഉരുവിട്ടു നടന്നിരുന്ന ജോണിൽ സിനിമയുണ്ടാക്കുന്നതിലും ജനാധിപത്യമാവാം എന്ന വസ്തുത സമ്മതിച്ചു തരുവാൻ ഏറെ പാടുപെടേണ്ടി വന്നു. അതുകൊണ്ടുതന്നെ ജോൺ പലപ്പോഴും അസ്വസ്ഥനും ക്ഷുഭിതനുമായി. പുകഞ്ഞുകൊണ്ടിരിക്കുന്ന ഒരു സന്ധ്യയിൽ ശശിമാഷുടെ മകൾ (ഇന്നത്തെ എഴുത്തുകാരി സിതാര.എസ്) എന്തോ കുസൃതിയുമായി കയറിവന്നപ്പോൾ "പൊന്നുരുക്കുന്നിടത്ത് പൂച്ചയ്ക്കെന്ത് കാര്യം? നിനക്കെന്തു കാര്യം?'' എന്ന് ജോൺ ആക്രോശിച്ചതും "പൂച്ചകൾ ഉരുകുന്നിടത്ത് കൊച്ചു പൊന്നോ നിനക്കെന്തു കാര്യം?'' എന്നു പറഞ്ഞ് കുഞ്ഞിനെ സമാധാനിപ്പിച്ച സച്ചിദാനന്ദന്റെ കാവ്യാത്മകമായ തിരിച്ചിടൽ അക്കാലത്ത് ഞങ്ങൾക്കിടയിൽ പ്രചരിച്ചിരുന്ന ഒരു ചൊല്ലായിരുന്നു.

അന്നത്തെ സെൻസേഷനായ കസാൻദ് സാക്കീസ് അടക്കം ഒട്ടുമിക്ക ക്ലാസിക്കുകളും നിറഞ്ഞ ശശി മാഷിന്റെ സ്വകാര്യലൈബ്രറിയായിരുന്നു പലരേയും അവിടേക്ക് ആകർഷിച്ചത്. നഷ്ടം ശശി മാഷിനുതന്നെ എന്നു പറയേണ്ടതില്ലല്ലോ. കാസർകോട്ടേക്കുള്ള തീവണ്ടിയാത്രകൾ ടിക്കറ്റെടുക്കാതെയും - എന്നാൽ ചിലപ്പോഴൊക്കെ എടുത്തും ഞങ്ങൾക്ക് തീർഥയാത്രകളായി. കയ്യൂർ യാത്രാപ്പടി എന്ന പേരിൽ കോഴിക്കോട്ടെ ഒരു സാംസ്കാരിക വിദ്വാൻ മാതൃഭൂമി വാരാന്ത്യപ്പതിപ്പ് എഡിറ്റർ കെ.സി. നാരായണനെ സ്ഥിരമായി പിഴിഞ്ഞിരുന്നതും ഞാൻ ഓർക്കുന്നു.

ഇങ്ങനെയുള്ള ഒരു തീർഥയാത്രയിൽ ഒരു ദിവസം ജോണിന്റെ ഒരു പ്രഖ്യാപനമുണ്ടായി. 'ജോയ് മാത്യുവും ബേബി (നാടുഗദ്ദിക) യുമാണ് കയ്യൂർ സിനിമയിലെ പ്രൊട്ടഗോ

SGOU

ണിസ്റ്റുകൾ. അതിന് പൂരക്കളി' പഠിക്കണം. അതിന്റെ താളത്തിലാണ് ഞാൻ കഥ പറയുന്നത്.' അതിൽ സന്തോഷം തോന്നിയെങ്കിലും ക്യാംപസ് തിയറ്റർ രൂപീകരണവുമായി ജോയ് മാത്യു ഏറെ തിരക്കിലായി. ജോൺ ആവശ്യപ്പെട്ട ദിവസം ജോയ് മാത്യുവിന് കാസർകോഡ് എത്താൻ കഴിഞ്ഞില്ല. രണ്ടു ദിവസം കഴിഞ്ഞ് എത്തിയ അദ്ദേഹത്തോട് തന്റെ സിനിമയിൽ ഒരു നായകൻ മതിയെന്നും രാഷ്ട്രീയം കളിക്കുന്നവൻ ഒരിക്കലും ആർട്ടിസ്റ്റ് ആകരുതെന്നും ജോൺ നിർദ്ദേശിച്ചു. ഏതെങ്കിലും ഒന്നു മതി, ബേബിയാണെങ്കിൽ രണ്ടു ദിവസം കൊണ്ട് പൂരക്കളി പഠിച്ചു കഴിഞ്ഞു. He is a real artist എന്നു പറഞ്ഞ് നടന്നു മറഞ്ഞു. പക്ഷേ രാത്രി മടങ്ങി വന്ന് ഒരു വീടിനടുത്തേക്ക് ജോൺ എന്നെ കൊണ്ടുപോയി. അവിടെ പൂരക്കളി നടക്കുന്നുണ്ടായിരുന്നു. കൂട്ടത്തിൽ ഒരാളായി ബേബിയും താനും അക്കൂട്ടത്തിൽ അവരോടൊപ്പം ചുവടുകൾ വെച്ചെന്ന് ജോയ് മാത്യു ഓർക്കുന്നു.

'വാസുദേവാ വാസുദേവാ
ആദിത്യഭഗവാനെ വാസുദേവ'

എന്ന വരികൾ ഇപ്പോഴും മനസ്സിൽ ബാക്കി നിൽക്കുന്നു.

കയ്യൂർ സിനിമാസംരംഭം കൂടുതൽ ശക്തിയോടെ മുന്നോട്ട് പോയി. ജോണിനെ തിരക്കഥയിലും മറ്റും സഹായിക്കുന്നതിനായി നാടകപ്രവർത്തകനും ആക്ടിവിസ്റ്റുമായ മധുമാസ്റ്റർ അവിടെയെത്തി. ചർച്ചകളും എഴുത്തും ഒഴിയാത്ത രാത്രികളിൽ ജോൺ കാറഡുക്കയിലെ ഇരുളിലേയ്ക്ക് ഇറങ്ങിപ്പോകും. ഒരു ദിവസം ജോയ് മാത്യുവും കൂടെയിറങ്ങി. അവർ ചെന്നെത്തിയത് കാസർകോഡിനും കർണ്ണാടകയ്ക്കും ഇടയിലുള്ള ഏതോ ഗ്രാമത്തിലാണ്. അവിടെ പുലിക്കളി നടക്കുന്നുണ്ടായിരുന്നു. ജോണും അവരോടൊപ്പം കൂടി. കയ്യൂർ സിനിമയിൽ പുലിക്കളി എങ്ങനെ ഉൾപ്പെടുത്താം എന്നതായിരുന്നു ജോണിന്റെ ചിന്ത.

സിനിമയുടെ ഷൂട്ടിങ്ങ് ആരംഭിച്ചു. ബാലേട്ടൻ (നിലമ്പൂർ ബാലൻ) അഭിനയിക്കുന്ന സീനുകൾ ആയിരുന്നു. ആദ്യം ചിത്രീകരിച്ചത്. അതിനായി ഛായാഗ്രാഹകൻ ദിവാകരമേനോനും സംഘവുമെത്തി. കലാസംവിധായകനായി കാഞ്ഞങ്ങാട്ടെ ചിത്രകാരൻ മോഹനചന്ദ്രനും. എന്നാൽ പൊടുന്നനെ സിനിമ നിലച്ചു. പണം മുടക്കാം എന്ന് പറഞ്ഞ ആൾ നാടുവിട്ടുപോയി. ചർച്ചകളും പഠനങ്ങളും നിലച്ചു. പൂരക്കളിക്ക് ചുവടുകൾ വെയ്ക്കാൻ ആളില്ലാതായി' സംഘാടകർ ഓരോരുത്തരായി തിരിച്ചുപോയി. ഒടുവിൽ ചായക്കടയിലെ പറ്റു തീർക്കാൻ കയ്യൂർ തിരക്കഥ പണയം വച്ചു എന്ന പ്രചാരണം ആരൊക്കെയോ ഏറ്റെടുത്തു. കാലിയായ കളത്തിൽ നിന്നും അവസാനത്തെ ആൾക്കാരായി രാമചന്ദ്രൻ മൊകേരിയും, ജോയ് മാത്യുവും ബാക്കിയായി. അവരെ യാത്രയാക്കുവാൻ ചെന്ന ജോൺ കാസർകോഡ് റെയിൽവേ പ്ലാറ്റുഫോമിൽ നിൽക്കുന്നതാണ് ജോയ് മാത്യുവിന്റെ ഓർമ്മയിലെ അവസാനത്തെ കയ്യൂർ സിനിമയുടെ ഫ്രെയിം.

വർഷങ്ങൾക്കുശേഷം ജോണിനോടൊത്ത് 'അമ്മ അറിയാൻ' എന്ന സിനിമയിൽ രണ്ടുവർഷം ജോയ് മാത്യു ഉണ്ടായിരുന്നു. കയ്യൂർ സിനിമയെപ്പറ്റി സംസാരിക്കുന്നതിനിടയിൽ തങ്ങൾ കേട്ടും കേൾക്കാതെയുമിരുന്ന പല ധാരണകളെയും തകിടം മറിക്കുന്ന ചില സത്യങ്ങൾ ജോൺ, ജോയ് മാത്യുവിനോട് പറഞ്ഞു. അത് എന്താണെന്ന് വെളിപ്പെടുത്തുവാൻ താൻ ആഗ്രഹിക്കുന്നില്ലെന്ന് ലേഖകൻ പറയുന്നു. പരാജയപ്പെടുമെന്നറിഞ്ഞിട്ടും യുദ്ധം ചെയ്യാൻ മടിയില്ലാതിരുന്ന ഒരു തലമുറയുടെ പരാജയപ്പെട്ട അനേകം യുദ്ധങ്ങളിൽ ഒന്നു മാത്രമാണ് കയ്യൂർ സിനിമ. പിന്നീട് 'അമ്മ അറിയാൻ' എന്ന ജനകീയ സിനിമ നിർമ്മിക്കുവാൻ ജോണിന് വളക്കൂറായ മണ്ണ് കയ്യൂർ സിനിമാപദ്ധതിയും അതിനോട് ബന്ധപ്പെട്ട രാഷ്ട്രീയവും ആയിരുന്നുവെന്ന് ജോയ് മാത്യു ഓർമ്മിക്കുന്നു.

ജനകീയ സാംസ്കാരികവേദി പരമ്പരാഗത ഇടതുപക്ഷപാർട്ടികളുടെ പോഷകസംഘടനയാണ് എന്ന സങ്കല്പത്തിൽ ഒതുങ്ങുന്ന ഒരു പ്രസ്ഥാനമായിരുന്നില്ല. പാർട്ടി നേതൃത്വം കൈക്കൊള്ളുന്ന രാഷ്ട്രീയമായ ആശയങ്ങളുടെ പ്രചാരണത്തിനായി കലയും സാഹിത്യവും അടക്കമുള്ള സാംസ്കാരിക പ്രതിഭാസങ്ങളെ ഉപയോഗപ്പെടുത്തുകയെന്ന വാദത്തിന് എതിരായിരുന്നു ജനകീയ സാംസ്കാരികവേദി. യാന്ത്രികമായ പഴയ പാർട്ടി സങ്കല്പത്തിന്റെ സ്ഥാനത്ത് കലയു

ടെയും സാഹിത്യത്തിന്റെയും പുതിയ സാധ്യതകൾ തുറന്നു വിടാനാണ് ജനകീയ സാംസ്കാരികവേദി ശ്രമിച്ചത്. ആ നിലയ്ക്ക് ഈ പ്രസ്ഥാനം കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽതന്നെ പുതിയൊരു തുടക്കമായിരുന്നു.

സാംസ്കാരികവേദി അവതരിപ്പിച്ച നാടകങ്ങൾ, വേദിയുടെ ഭാഗമായിരുന്ന കവികളുടെയും കഥാകാരന്മാരുടെയും ചിത്രകാരന്മാരുടെയും ഗായകരുടെയും സൃഷ്ടികൾ, ഇവയെല്ലാം ചേർന്ന് കേരളത്തിന്റെ സംസ്കാരചരിത്രത്തിൽ ഒരു മാറ്റത്തിന് തുടക്കം കുറിച്ചു. വേദി അവതരിപ്പിച്ച പടയണി, സ്പാർട്ടാക്കസ്, അമ്മ തുടങ്ങിയ സ്റ്റേജ് നാടകങ്ങൾ, നാടുഗദ്ദിക പോലുള്ള തെരുവുനാടകങ്ങൾ, കടമ്മനിട്ട, സച്ചിദാനന്ദൻ, കെ.ജി.എസ്, ബാലചന്ദ്രൻ ചുള്ളിക്കാട് തുടങ്ങിയവരുടെ കവിതകൾ, റാഡിക്കൽ പെയിന്റേഴ്സ് എന്നറിയപ്പെട്ട ചിത്രകാരന്മാരുടെ രചനകൾ എന്നിവയെല്ലാം ചേർന്ന് സൃഷ്ടിച്ച ഈ മാറ്റത്തെ കേരളീയസമൂഹം ആവേശത്തോടെയാണ് സ്വീകരിച്ചത്. എന്നാൽ കലയുടെ രംഗത്തുമാത്രം ഒതുങ്ങി നിൽക്കുന്നവയായിരുന്നില്ല ഈ മാറ്റങ്ങൾ. സാംസ്കാരികവേദി നയിച്ച സമരങ്ങൾ പോലും ഉത്സവങ്ങൾ പോലെയാണ് രൂപപ്പെട്ടത്. രാഷ്ട്രീയം സർഗാത്മകമാവുന്ന ഒരു ഭാവിയുടെ സൂചനകൾ കൂടിയായിരുന്നു ആ സമരങ്ങൾ.

സാംസ്കാരിക ജീവിതത്തിലും സാമൂഹികരംഗത്തും സാംസ്കാരികവേദി കൈവരിച്ച വലിയ മുന്നേറ്റങ്ങൾ തന്നെയാണ് അതിന്റെ തകർച്ചക്ക് കാരണമായതും. സാംസ്കാരികവേദിയുടെ അതിവേഗം വർധിച്ചുവരുന്ന ജനപിന്തുണയും ജനകീയസ്വഭാവവും പാർട്ടിക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. വേദിയുടെ ജനപങ്കാളിത്തമുള്ള പ്രവർത്തനങ്ങളെ പാർട്ടിയുടെ ലക്ഷ്യങ്ങളെ ഇല്ലാതാക്കുന്ന ഒന്നായിട്ടാണ് പാർട്ടി വിലയിരുത്തിയത്. ഈ ആശയസംഘർഷങ്ങൾ ജനകീയവേദിയെ പാർട്ടി വിടാനുള്ള തീരുമാനത്തിലെത്തിച്ചു. എന്നാൽ നേരത്തെ തന്നെ പാർട്ടിയുടെ പോഷകസംഘടനയെന്ന പരിമിതിയെ ലംഘിച്ച് മുന്നോട്ടുവരാൻ ജനകീയവേദിക്ക് കഴിഞ്ഞിരുന്നു. വേദിയുടെ പ്രവർത്തനങ്ങളെ കൂടുതൽ ജനാധിപത്യപരവും വിശാലവുമായ തലത്തിലേക്ക് എങ്ങനെ വികസിപ്പിക്കാൻ കഴിയും എന്ന ചോദ്യം പാർട്ടിയിൽനിന്നും പുറത്തുവന്നവരിൽ ഉയരാൻ തുടങ്ങി. ഈ അന്വേഷണങ്ങളുടെ പശ്ചാത്തലത്തിലാണ് സാംസ്കാരികവേദി അതുവരെ പ്രവേശിക്കാത്ത സിനിമയുടെ മേഖലയിലേക്ക് കവിയൂർ ബാലന്റെയും സേതുവിന്റെയും ഫിലിം സൊസൈറ്റികളുമായി ബന്ധപ്പെട്ട ഒരു സംഘം സുഹൃത്തുക്കളുടെയും നേതൃത്വത്തിൽ ശ്രമങ്ങൾ ആരംഭിക്കുന്നത്. അങ്ങനെയാണ് ജോൺ എബ്രഹാമിനെക്കൊണ്ട് കയ്യൂർ സിനിമ ചെയ്യിക്കാനുള്ള തീരുമാനം എടുക്കുന്നത്. കയ്യൂർ നിവാസികളുടെ വമ്പിച്ച പിന്തുണയോടെയാണ് ഈ സംരംഭം തുടങ്ങിയത്. എന്നാൽ അത് പരാജയപ്പെട്ടു. അതിന്റെ ചരിത്രമാണ് സിനിമയുടെ നിർമ്മാണപ്രവർത്തനത്തിൽ പങ്കെടുത്തവർ ഈ പുസ്തകത്തിൽ വിവരിക്കുന്നത്.

സാംസ്കാരികവേദിയെ തകർച്ചയിലേക്ക് നയിച്ചത് പാർട്ടിയുടെ നിക്ഷിപ്തതാല്പര്യങ്ങളായിരുന്നെങ്കിൽ, കയ്യൂർ സിനിമാ പ്രവർത്തനത്തെ പരാജയപ്പെടുത്തിയത് യാഥാസ്ഥിതിക ശക്തികളുടെയും സർക്കാരിന്റെയും ഇടപെടലുകളാണ്. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലമായിരുന്നു അത്. അന്നത്തെ പോലീസിന്റെ ഭീഷണി കാരണം പ്രൊഡ്യൂസർ പിന്മാറി. വിവിധതരത്തിലാണ് ഇന്ത്യൻ സിനിമാചരിത്രത്തിൽ ഒരു പുതിയ സംഭവമാകുമായിരുന്ന ജോൺ എബ്രഹാമിന്റെ കയ്യൂർ സിനിമക്കെതിരെ, യാഥാസ്ഥിതികവാദം മുറുകെ പിടിച്ചവർക്കുവേണ്ടി നിലകൊണ്ട ശക്തികൾ പ്രവർത്തിച്ചത്.

എന്നാൽ തകർന്നുപോയ ഒരു പ്രസ്ഥാനത്തിന്റെയും അതിന്റെ പരാജയപ്പെട്ട അവസാനസംരംഭത്തിന്റെയും ഓർമ്മപ്പെടുത്തൽ മാത്രമല്ല ഈ പുസ്തകം നിർവ്വഹിക്കുന്നത്. നമ്മുടെ രാഷ്ട്രീയവും സാംസ്കാരികവുമായ ജീവിതത്തിന്റെ വർത്തമാനത്തിലേക്കും ഭാവിയിലേക്കും കടന്ന് പ്രവർത്തിക്കാൻ കഴിയുന്ന ചരിത്രസന്ദർഭങ്ങളും ഈ കൃതിയിലുണ്ട്. ജനകീയ സാംസ്കാരികവേദിയുടെ ചരിത്രത്തിലേക്ക് വെളിച്ചം വീശാൻ ശ്രമിക്കുന്ന ഈ പുസ്തകത്തിന്റെ (ജോൺ എബ്രഹാമിന്റെ കയ്യൂർ) സമകാലിക പ്രസക്തിയും അതുതന്നെയാണ്.

SGOU

## Recap

- മലയാളചലച്ചിത്ര അഭിനേതാവ്, സംവിധായകൻ, തിരക്കഥാകൃത്ത് എന്നീ നിലകളിൽ പ്രശസ്തനാണ് ജോയ് മാത്യു
- 1986-ൽ ജോൺ എബ്രഹാം സംവിധാനം ചെയ്ത 'അമ്മ അറിയാൻ' എന്ന സിനിമയിൽ നായകകഥാപാത്രമായി
- ജോയ് മാത്യു സംവിധാനം ചെയ്ത ആദ്യ ചിത്രമാണ് ഷട്ടർ.
- 2012-ലെ മികച്ച സിനിമയ്ക്കുള്ള സംസ്ഥാന അവാർഡ് ഷട്ടർ എന്ന സിനിമയ്ക്ക് ലഭിച്ചു
- ജോയ് മാത്യുവിന്റെ ഓർമ്മപ്പുസ്തകമാണ് 'തീ പിടിച്ച പർണ്ണശാലകൾ'.
- ചുവടുകൾ ബാക്കിയായ പൂരക്കളി എന്ന ലേഖനം 'ജോൺ എബ്രഹാമിന്റെ കയ്യൂർ' എന്ന കൃതിയിലേതാണ്
- കയ്യൂർ സമരചരിത്രത്തെ ആധാരമാക്കി ജോൺ എബ്രഹാം സംവിധാനം ചെയ്ത സിനിമയാണ് കയ്യൂർ
- പകുതി ഷൂട്ടിങ്ങ് പൂർത്തിയാക്കി, പിന്നീട് നിലച്ചുപോയ, പരാജയപ്പെട്ട സിനിമയാണ് കയ്യൂർ
- കാസർകോഡ് ജില്ലയിലെ കയ്യൂർ ഗ്രാമത്തിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന കർഷകസമരമാണ് കയ്യൂർ ലഹള
- കയ്യൂർ സമരത്തെ അടിസ്ഥാനമാക്കി രചിക്കപ്പെട്ട നോവലുകളാണ് നിരഞ്ജനയുടെ ചിരസ്മരണയും പി.വി.കെ. പനയാലിന്റെ ഖനിജവും
- കയ്യൂർ സംഭവത്തെ കേന്ദ്രീകരിച്ച് ലെനിൻ രാജേന്ദ്രൻ സംവിധാനം ചെയ്ത സിനിമയാണ് മീനമാസത്തിലെ സൂര്യൻ (1986)
- ജോൺ എബ്രഹാം 'അമ്മ അറിയാൻ' എന്ന സിനിമ സംവിധാനം ചെയ്യുന്നതിനു മുമ്പാണ് കയ്യൂർ സിനിമ ചിത്രീകരിക്കുവാൻ ശ്രമമാരംഭിച്ചത്
- കയ്യൂർ സമരത്തെ ആസ്പദമാക്കി നിരഞ്ജന എഴുതിയ ചിരസ്മരണ എന്ന നോവൽ
- ബാലേട്ടൻ (നിലമ്പൂർ ബാലൻ) അഭിനയിക്കുന്ന സീനുകൾ ആയിരുന്നു ആദ്യം ചിത്രീകരിച്ചത്.
- ജോയ് മാത്യുവും ബേബി (നാടുഗദ്ദിക)യുമാണ് കയ്യൂർ സിനിമയിലെ പ്രൊട്ടഗോണിസ്റ്റുകൾ
- വർഷങ്ങൾക്കുശേഷം ജോണിനോടൊത്ത് 'അമ്മ അറിയാൻ' എന്ന സിനിമയിൽ രണ്ടുവർഷം ജോയ് മാത്യു ഉണ്ടായിരുന്നു

## Objective Questions

1. 2012-ലെ മികച്ച സിനിമയ്ക്കുള്ള സംസ്ഥാന അവാർഡ് ലഭിച്ച ചിത്രം ഏത്?
2. 'അമ്മ അറിയാൻ' എന്ന ചിത്രത്തിന്റെ സംവിധായകൻ ആര്?
3. 'ജോൺ എബ്രഹാമിന്റെ കയ്യൂർ' എന്ന കൃതി എഡിറ്റ് ചെയ്തത് ആര്?
4. 'ജോൺ എബ്രഹാമിന്റെ കയ്യൂർ: ഒരു കാലഘട്ടത്തിന്റെ ചരിത്രത്തിലേക്ക് വാതിൽ തുറക്കുന്ന ഗ്രന്ഥം'- എന്ന് പറഞ്ഞ എഴുത്തുകാരൻ ആര്?

5. കയ്യൂർ സമരം സിനിമയാക്കാൻ ശ്രമിച്ച ബംഗാളി സംവിധായകൻ ആര്?
6. കയ്യൂർ ലഹള നടന്ന വർഷം ഏത്?
7. കയ്യൂർ സമരത്തെ ആധാരമാക്കി ലെനിൻ രാജേന്ദ്രൻ സംവിധാനം ചെയ്ത സിനിമ ഏത്?
8. കയ്യൂർ സമരത്തെ കേന്ദ്രീകരിച്ച് നിരഞ്ജന എഴുതിയ നോവൽ ഏത്?
9. ഖനിജം എന്ന നോവലിന്റെ രചയിതാവ് ആര്?
10. കയ്യൂർ സമരചരിത്രം എന്ന കൃതി രചിച്ചതാര്?
11. ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ എന്ന സിനിമയുടെ സംവിധായകൻ ആര്?
12. ചുവടുവകൾ ബാക്കിയായ പുരക്കളി എന്ന ലേഖനം എഴുതിയത് ആരാണ്?

## Answers

1. ഷട്ടർ
2. ജോൺ എബ്രഹാം
3. എൻ. സന്തോഷ്കുമാർ
4. ബി. രാജീവൻ
5. മൃണാൾസെൻ
6. 1941
7. മീനമാസത്തിലെ സൂര്യൻ
8. ചിരസ്മരണ
9. പി.വി.കെ. പനയാൽ
10. വി.വി. കുഞ്ഞമ്പു
11. ജോൺ എബ്രഹാം
12. ജോയ് മാത്യു

SGOU

## Assignments

1. കയ്യൂർ സമരകഥ സിനിമയാക്കാൻ ഉണ്ടായ സാഹചര്യങ്ങളെക്കുറിച്ച് വിവരിക്കുക
2. പൂരക്കളി പഠിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ സംഭവവികാസങ്ങൾ ചർച്ച ചെയ്യുക.
3. കയ്യൂർ സിനിമയിൽ പുലിക്കളി സന്നിവേശിപ്പിക്കുന്നതിനെക്കുറിച്ചുള്ള ആലോചനയ്ക്ക് ഇടയായ സാഹചര്യം വിവരിക്കുക.
4. സിനിമാചിത്രീകരണത്തെക്കുറിച്ചുള്ള ജോയ് മാത്യുവിന്റെ ഓർമ്മകൾ വിവരിക്കുക
5. ചുവടുകൾ ബാക്കിയായ പൂരക്കളി' എന്ന ലേഖനത്തിൽ ജോയ് മാത്യു

പങ്കുവെക്കുന്ന ഓർമ്മകൾ എന്തെല്ലാമെന്ന് വിവരിക്കുക

6. ''ജോൺ എബ്രഹാമിന്റെ കയ്യൂർ ഒരു കാലഘട്ടത്തിന്റെ ചരിത്രത്തിലേയ്ക്ക് വാതിൽ തുറക്കുന്ന ഒരു ഗ്രന്ഥമാണ്''- വിലയിരുത്തുക.
7. 'അമ്മ അറിയാൻ എന്ന ജനകീയസിനിമ നിർമ്മിക്കാൻ ജോണിന് വളക്കൂറായ മണ്ണ് കയ്യൂർ സിനിമാപദ്ധതിയും അതിനോട് ബന്ധപ്പെട്ട രാഷ്ട്രീയവും ആയിരുന്നു' - ചർച്ച ചെയ്യുക.

## Reference


1. എൻ. സന്തോഷ്കുമാർ (എഡി.), ജോൺ എബ്രഹാമിന്റ കയ്യൂർ, ഗ്രീൻ ബുക്ക്സ് തിരുവനന്തപുരം
2. ബി. രാജീവൻ, ജോൺ എബ്രഹാമിന്റെ കയ്യൂർ തിരക്കഥ, ഗ്രീൻ ബുക്ക്സ് തിരുവനന്തപുരം


## Suggested Readings


1. സി. ബാലൻ & കെ.പി. വേണുഗോപാലൻ (എഡി.), കയ്യൂർ സമരം, ചിന്ത പബ്ലി ഷേഴ്സ് തിരുവനന്തപുരം
2. നിരഞ്ജന, ചിരസ്മരണ, പുസ്തകഭവൻ, പയ്യന്നൂർ
3. ജോയ് മാത്യു, തീ പിടിച്ച പർണ്ണശാലകൾ, മാതൃഭൂമി ബുക്ക്സ്, കോഴിക്കോട്


SGOU

3
UNIT

# പെൺകുട്ടിയും ആൺകുട്ടിയും

കെ. ആർ. വിനയൻ

## Learning Outcomes

- രുദ്രൂർ എന്ന ഗ്രാമത്തിന്റെ സാമൂഹിക പശ്ചാത്തലം മനസ്സിലാക്കുന്നു
- സമൂഹവും അധികാരവും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുന്നു
- സ്ത്രീകളുടെ സാമൂഹികപദവിയും സാംസ്കാരികപദവിയും വിശകലനം ചെയ്യുന്നു
- സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഗ്രഹിക്കുന്നു

## Prerequisite

സ്ത്രീവിദ്യാഭ്യാസം ഇന്ന് ഏറെക്കുറെ സാർവത്രികമായി കഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസത്തിലൂടെ സ്ത്രീയ്ക്ക് ഉയർന്ന ചിന്താശീലവും മാനസികവളർച്ചയും സംജാതമാകുന്നു. ഇത് സ്ത്രീയുടെ വ്യക്തിത്വത്തെ തന്നെയാണ് വികസിപ്പിക്കുന്നത്. പക്ഷെ നല്ല വിദ്യാഭ്യാസം കിട്ടിയിട്ടും വിവാഹത്തോടെ സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ മാറ്റി വച്ച് ഒറ്റപ്പെട്ട് ഒരു ലോകത്തേക്ക് മാത്രം ചുരുങ്ങുന്ന സ്ത്രീകളുമുണ്ട്. അവർക്ക് അതിൽ ആരോടും പരിഭവവുമില്ല. എന്നാൽ ഈയൊരു അവസ്ഥയിൽ നിന്നും സ്ത്രീ തീർച്ചയായും മുക്തയാകണം. തനിക്കിഷ്ടപ്പെട്ട ഒരു തൊഴിൽമേഖല തിരഞ്ഞെടുക്കാനും അതിൽ ആനന്ദം കണ്ടെത്താനും സ്ത്രീകൾ സ്വയം തയ്യാറാവണം. പാരമ്പര്യ ചിന്താരീതികളിൽ തന്റെ ജീവിതത്തെ തളച്ചിടാതെ പൊതു ഇടങ്ങളിലേക്ക് സ്ത്രീകൾ കടന്നു വരണം. ഇന്നും രാഷ്ട്രീയത്തിലേയ്ക്കും സാമൂഹ്യരംഗത്തേയ്ക്കും ഉള്ള സ്ത്രീകളുടെ കടന്നു വരവിന് ചില വിലക്കുകൾ ഉണ്ട്. അതിൽ നിന്നും എന്ന് സ്ത്രീ മോചിതയാകുമോ അപ്പോൾ മാത്രമേ സ്ത്രീ പരിപൂർണ്ണസ്വതന്ത്രയായി എന്നു പറയാൻ കഴിയുകയുള്ളു.

പുരുഷാധിപത്യത്തിന്റെ ഇരകളായിത്തീരുന്ന സ്ത്രീകളുടെ എണ്ണവും ഇന്ന് വിരളമല്ല. പുരുഷൻ സ്ത്രീയെ ഒരു ഉപഭോഗവസ്തുവായി മാത്രം കാണുന്ന രീതിക്കും വലിയ മാറ്റമൊന്നും വന്നിട്ടില്ല. സ്ത്രീ വെറും ഒരു വില്പനചരക്കാണെന്നും വിവാഹകമ്പോളത്തിൽ വില പേശി വാങ്ങുന്ന ഒരു ഉൽപന്നമാണന്നും കരുതുമ്പോഴാണ് ഇത്ത

SGOU

രം സാഹചര്യങ്ങൾ ഉടലെടുക്കുന്നത്. പുരുഷന്റെ ഉദ്യോഗവും പദവിയും എപ്പോഴും സ്ത്രീയുടെ പദവിയെക്കാൾ ഉയർന്നുനിൽക്കണം എന്നൊരു സങ്കല്പവും നിലനിന്നിരുന്നു. വിദ്യാസമ്പന്നരായ ചില പെൺകുട്ടികൾക്ക് തങ്ങളാഗ്രഹിച്ച ഒരു ജോലിയോ പദവിയോ ലഭിക്കാതെ പോകുന്ന സാഹചര്യങ്ങളുമുണ്ട്. സ്ത്രീധനത്തിന്റെ പേരിൽ രക്തച്ചൊരിച്ചിലുകൾ ഉണ്ടാകുന്നതും സർവസാധാരണമാണ്.

സ്വാതന്ത്ര്യത്തിനുമുമ്പ് ഇന്ത്യയിൽ സ്ത്രീകളുടെ അവസ്ഥ വളരെ ദയനീയമായിരുന്നു. സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യയിലെ സ്ത്രീജീവിതത്തിന് ഒട്ടേറെ മാറ്റങ്ങൾ വന്നു ചേർന്നിട്ടുണ്ട്. സാമൂഹ്യരംഗത്തും ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും സ്ത്രീ ബഹുദൂരം മുന്നോട്ട് വന്നിട്ടുണ്ട്. സ്വാതന്ത്ര്യത്തിനു മുമ്പ് സ്ത്രീകളിൽ വിദ്യാഭ്യാസം സിദ്ധിച്ചവരും കുറവായിരുന്നു. എന്നാൽ ഇന്ന് സ്ത്രീവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇന്ത്യ ഏറെ മുന്നിലാണ്. ശൈശവവിവാഹം ഒരു പരിധിവരെ ഇന്ന് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. ശൈശവവിവാഹ നിരോധനനിയമമനുസരിച്ച് 21 വയസ്സു പൂർത്തിയാകാത്ത ആൺകുട്ടിയുടെയും 18 വയസ്സു പൂർത്തിയാകാത്ത പെൺകുട്ടികളുടെയും വിവാഹം നിരോധിച്ചിരിക്കുന്നു. ഇത്തരം വിവാഹം നടന്നാൽ അതിലേർപ്പെടുന്ന 18 നും 21 നും മധ്യേ പ്രായമുള്ള ആൺകുട്ടിക്ക് 15 ദിവസത്തെ വെറും തടവോ ആയിരം രൂപ പിഴയോ ശിക്ഷ ലഭിക്കും. നിശ്ചിത പ്രായപരിധിയിൽ കുറഞ്ഞവരുടെ വിവാഹം നടത്തിക്കൊടുക്കുന്ന പുരോഹിതർ, വൈദികർ, ഇടനിലക്കാർ, രക്ഷിതാക്കൾ എന്നിവർക്ക് മൂന്നു മാസത്തെ വെറും തടവും പിഴയും ശിക്ഷ വിധിക്കുന്നു. ശൈശവവിവാഹത്തിന് വാദിക്കുകയോ സഹായിക്കുകയോ ചെയ്യുന്ന മാതാപിതാക്കളും രക്ഷിതാക്കളും കുറ്റക്കാരായിരിക്കും. പെൺകുട്ടിയും ആൺകുട്ടിയും എന്ന ലേഖനത്തിൽ സാഹചര്യം കൊണ്ട് വിവാഹബന്ധത്തിലേർപ്പെടേണ്ടിവന്ന ഒരു പെൺകുട്ടിയുടെ ദയനീയാവസ്ഥ വരച്ചു കാണിച്ചിരിക്കുന്നു. ഒരു ഫോട്ടോഗ്രാഫറുടെ ക്യാമറക്കണ്ണിൽ പതിഞ്ഞ ഒരു ഫോട്ടോയ്ക്ക് പിന്നിലുള്ള ഒരു ചിത്രമാണ് ഈ ലേഖനത്തിന്റെ പിറവിക്കുള്ള പ്രചോദനം. കേരളീയനായ ഒരു ഫോട്ടോഗ്രാഫറാണ് കെ. ആർ. വിനയൻ. മാധ്യമ ഫോട്ടോഗ്രാഫറായും ചലച്ചിത്രങ്ങളുടെ നിശ്ചലഛായാഗ്രാഹകനായും പ്രവർത്തിച്ചുവരുന്നു. അദ്ദേഹം എടുത്തിട്ടുള്ള എം.ടി.യും കോവിലനുമുൾപ്പെടെയുള്ള സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പ്രസിദ്ധങ്ങളാണ്. പ്രശസ്ത സാഹിത്യകാരൻ എം. ടി. വാസുദേവൻ നായരെക്കുറിച്ചും ശ്രീനിവാസൻ തുടങ്ങിയ പ്രമുഖരെക്കുറിച്ചും ഉള്ള അനുഭവക്കുറിപ്പുകളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്. നിരവധി ഫോട്ടോപ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്.

SGOU

## Keywords

സ്ത്രീജീവിതവും കേരളസമൂഹവും - സാമൂഹികപദവിയും അധികാരവും - കേന്ദ്രകഥാപാത്രങ്ങൾ - കുടുംബഘടനയും വിവാഹവും

# Discussion

'പെൺകുട്ടിയും ആൺകുട്ടിയും' എന്ന ലേഖനം 2013 ഡിസംബറിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചതാണ്. ആന്ധ്രപ്രദേശിന്റെ വടക്കുപടിഞ്ഞാറെ അറ്റത്ത് മഹാരാഷ്ട്രയുടെ അതിർത്തിയോട് ചേർന്നുകിടക്കുന്ന നിസാമാബാദ് ജില്ലയുടെ ആസ്ഥാനത്തുനിന്നും ഏതാണ്ട് ഇരുപത് കിലോമീറ്റർ അകലെയുള്ള രുദ്രൂർ എന്ന ഗ്രാമത്തിൽ കണ്ട കാഴ്ചയാണ് ഈ റിപ്പോർട്ടിന് അടിസ്ഥാനം. രുദ്രൂർ ഗ്രാമത്തിൽ പതിവായി നടക്കാറുള്ള നാട്ടുകൂട്ടത്തിന്റെ ചിത്രങ്ങളെടുക്കാൻ ശ്യാമളറാവു എന്ന എൻ.ജി.ഒ. പ്രവർത്തകയോടൊപ്പം വന്നതായിരുന്നു കെ. ആർ.വിനയൻ. സമ്പന്നരായ ജന്മിമാരും അവരുടെ ശിങ്കിടികളും പാടത്തും പറമ്പിലും കൂലിവേല ചെയ്തു ജീവിക്കുന്ന പാവപ്പെട്ടവരും വളരെ സൗമ്യമായിട്ടാണ് അവിടെ ജീവിക്കുന്നത്. തെലുങ്കാന സംസ്ഥാനത്തിനു വേണ്ടിയുള്ള മുറവിളികൾ ആരംഭിച്ചതോടെ ചില പ്രശ്നങ്ങളെല്ലാം ഉണ്ടായെങ്കിലും കാര്യമായ രീതിയിൽ ആശയ സംഘർഷങ്ങളോ വൈകാരികമായ മതസംഘട്ടനങ്ങളോ അന്നവിടെ ഉണ്ടായിരുന്നില്ല. കൃഷിഭൂമികൾ ഫലഭൂയിഷ്ഠമായിരുന്നതുകൊണ്ട് ദാരിദ്ര്യവും പ്രകടമായിരുന്നില്ല. എൺപതുകളുടെ തുടക്കത്തിൽ പീപ്പിൾ വാർ ഗ്രൂപ്പിന്റെ കീഴിലുള്ള നക്സൽപ്രസ്ഥാനം പട്ടണങ്ങളും കടന്ന് ഉൾഗ്രാമങ്ങളുടെ തെരുവുകളിൽ വേരുകൾ പടർത്തിയിരുന്നു. ഏത് മനുഷ്യാവകാശനിഷേധങ്ങളെയും തീവ്രമായ രാഷ്ട്രീയബോധം കൊണ്ടുതന്നെ, നേരിടാൻ തയ്യാറുള്ള ചെറുപ്പക്കാരുടെ ഒരു സംഘം നിസാമാബാദിന്റെ ശക്തിയായിരുന്നു.

രുദ്രൂരിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു പ്രൈമറി ഹെൽത്ത് സെന്ററും രണ്ടോ മൂന്നോ ഹൈസ്ക്കൂളുകളുമുണ്ട്. നാട്ടുകൂട്ടം പതിവുരീതിയിൽ ആയിരുന്നു. ഗംഭീരമായ തലപ്പാവണിഞ്ഞ് ആലിൻ ചുവട്ടിലിരിക്കുന്ന ഗ്രാമമുഖ്യൻ. ചുറ്റും താഴെ ചിതറി നില്ക്കുന്ന സ്ത്രീകളും കുട്ടികളും വൃദ്ധരും യുവാക്കളും. അവരുടെ എല്ലാ ആവലാതികളും അവിടെ പരിഹരിക്കപ്പെടുന്നു. ഗ്രാമത്തിന് പുറത്ത് പോലീസിലേക്കോ സർക്കാരിലേയ്ക്കോ അവരുടെ പരാതികൾ പോകാറില്ല. ശാന്തമായ ഒരു പ്രശ്നപരിഹാരം ആ നാട്ടുകൂട്ടത്തിൽ ഉണ്ടാകുന്നു. നാട്ടുകൂട്ടം നടന്നുകൊണ്ടിരിക്കുമ്പോൾ അപ്പുറത്തെ ഇടവഴിയിലൂടെ സ്കൂൾ വിട്ട് കുട്ടികൾ പൊയ്ക്കൊണ്ടിരുന്നു. ഏറ്റവുമൊടുവിൽ സൈക്കിളുരുട്ടി നടന്നുവരുന്ന കണ്ണടവെച്ച മെലിഞ്ഞ പെൺകുട്ടിയെ ചൂണ്ടി ശ്യാമള പറഞ്ഞത്, 'ആ പെൺകുട്ടിയാണ് സവിത. പതിനഞ്ച് വയസ്സ് ആകുന്നതേയുള്ളൂ. പത്താം ക്ലാസ്സിൽ പഠിക്കുന്നു. രണ്ടു വയസ്സുള്ള ഒരു മകനുണ്ട്' ഈ കുരുന്നുപ്രായത്തിൽ തന്നെ വിധവയാവേണ്ടി വന്നവൾ.

ശ്യാമള പറഞ്ഞ സവിതയുടെ ജീവിതമാണ് 'പെൺകുട്ടിയും ആൺകുട്ടിയും' എന്ന ലേഖനത്തിൽ വിനയൻ ചിത്രീകരിക്കുന്നത്. യഥാർഥമായ ജീവിതത്തെ ആവിഷ്കരിക്കുവാൻ അനുയോജ്യമായ ഭാഷയും ശൈലിയുമാണ് വിനയൻ ഉപയോഗിച്ചിട്ടുള്ളത്. ഒട്ടും അതിശയോക്തിയില്ലാതെ സവിതയുടെ ജീവിതത്തെ രേഖപ്പെടുത്തിയിരിക്കുന്നു. ഏതൊരു ഗ്രാമത്തിലും കാണുന്ന സൗമ്യരായ ജനങ്ങളും അവരുടെ ജീവിതവും ആവിഷ്കരിച്ചിരിക്കുന്നു. രുദ്രൂർ എന്ന ഗ്രാമവും വേറിട്ട കാഴ്ചകളല്ല സമ്മാനിക്കുന്നത്. അവിടത്തെ സാധാരണ കുടുംബത്തിലെ അംഗമാണ് സവിത . അവളുടെ വീട്ടുമുറ്റത്ത്, മരത്തണലിൽ പ്ലാസ്റ്റിക് നാടകൾ വരിഞ്ഞ കട്ടിലിൽ പ്രായംചെന്ന രണ്ടു സ്ത്രീകളും രണ്ടു വയസ്സു തോന്നിക്കുന്ന ഒരാൺകുട്ടിയുമുണ്ടായിരുന്നു. ഗംഗാസായി എന്നാണവന്റെ പേര്. കട്ടിലിൽ ഇരിക്കുന്നത് അമ്മയും വലിയമ്മയും. അവളുടെ മൂത്ത സഹോദരി സരിതയും വിധവയാണ്. അവൾ വയലിൽ പണിക്ക് പോയിരിക്കുകയാണ്. സഹോദരികളിരുവരും ജനിച്ചതും വളർന്നതുമെല്ലാം ഈ ഗ്രാമത്തിൽതന്നെ. കൃഷിപ്പണികളിലേർപ്പെട്ട് ജീവിക്കുന്ന ദരിദ്രരാണ് അച്ഛനുമമ്മയും. സവിതയ്ക്ക് നാലുവയസ്സുള്ളപ്പോഴായിരുന്നു ചേച്ചി സരിതയുടെ വിവാഹം. അവളുടെ ഭർത്താവ് ലക്ഷ്മണ, പട്ടണത്തിലെ ചന്തയിൽ ചുമട്ടു തൊഴിലാളിയായിരുന്നു.

SGOU

വിവാഹത്തിനുശേഷം രണ്ടുമൂന്നു വർഷം അവരുടെ ജീവിതം വളരെ സന്തോഷത്തിലായിരുന്നു. സരിതയോടൊപ്പം ഉത്സവങ്ങൾക്കും കല്യാണങ്ങൾക്കുമൊക്കെ പോകുമ്പോൾ ലക്ഷ്മണ അനിയത്തിക്കുട്ടിയെ ചുമലിലിരുത്തി കൂട്ടിക്കൊണ്ടുപോകുമായിരുന്നു. പലപ്പോഴും അവളുടെ സ്കൂളിലേയ്ക്കും തിരിച്ചുമുള്ള യാത്രകളും അയാളുടെ ചുമലിൽ തന്നെയായിരുന്നു. സവിതയോട് മകളോടെന്നതുപോലെ വാത്സല്യമായിരുന്നു ലക്ഷ്മണയ്ക്ക്. എന്നാൽ വിവാഹം കഴിഞ്ഞ് ഏഴു വർഷമായിട്ടും അവർക്ക് കുട്ടികളുണ്ടായില്ല. ആ നാട്ടിലെ രീതിയനുസരിച്ച് പ്രാർഥനകളും ശയനപ്രദക്ഷിണങ്ങളും മുണ്ഡനങ്ങളും മന്ത്രവാദങ്ങളും മുറപോലെ നടന്നു. ഒടുവിൽ ജില്ലാ ആശുപത്രിയിലെ പരിശോധനയ്ക്ക് ശേഷം ആ യാഥാർഥ്യം അവർ അറിഞ്ഞു. സരിത പ്രസവിക്കില്ല. ലക്ഷ്മണ അതോടെ തളർന്നു. അയാൾക്ക് കുട്ടികളെ ഒരുപാടിഷ്ടമായിരുന്നു. കുഞ്ഞുങ്ങളുണ്ടാവാനായി മറ്റൊരുത്തിയെ വിവാഹം കഴിക്കാനുള്ള അയാളുടെ നീക്കങ്ങൾ ഊഹിച്ചറിഞ്ഞ സരിത തറപ്പിച്ചു പറഞ്ഞു. “അങ്ങനെയെങ്ങാനും സംഭവിച്ചാൽ താൻ മുറ്റത്തെ മരക്കൊമ്പിൽ തൂങ്ങിക്കിടക്കും. ലക്ഷ്മണയെപ്പോലൊരു നല്ല മരുമകനെ നഷ്ടപ്പെടുന്നതും ആ അച്ഛനുമമ്മയ്ക്കും താങ്ങാനും ആവുമായിരുന്നില്ല. വീടിനുള്ളിലെ ശാന്തതയും ആനന്ദവും അസ്തമിക്കാൻ തുടങ്ങി. ഭക്ഷണത്തിനും പ്രയാസമേറി വന്നു തുടങ്ങി. ലക്ഷ്മണ പലപ്പോഴും രാത്രികളിൽ വരാതെയായി. അയാളുടെ സ്വഭാവത്തിൽ മാറ്റങ്ങൾ സംഭവിച്ചു. മദ്യപാനം തുടങ്ങി. ലക്ഷ്മണ വരാതായതോടെ കുടുംബത്തിലെ വരുമാനം നിലച്ചു.

സവിത അപ്പോഴേക്ക് ഋതുമതിയായിരുന്നു. അവൾക്ക് പന്ത്രണ്ട് വയസ്സും കഴിഞ്ഞിരുന്നു. സ്കൂളിലെ കൂട്ടുകാരികളോടൊത്ത് കളിച്ചും ചിരിച്ചും പഠിച്ചും നടക്കുന്ന അനുജത്തിക്ക് ഗാർഹിക ജീവിതത്തിന്റെ നിഗൂഢതകളും സംഭ്രമങ്ങളും സങ്കല്പിക്കാൻപോലും പ്രായമായിട്ടില്ലെന്നറിയാമായിരുന്നെങ്കിലും ദീർഘനാളത്തെ ആലോചനകൾക്കുശേഷം സരിത സവിതയോട് ചോദിച്ചു: “നിനക്ക് നമ്മുടെ വീടിനെ ഈ ചേച്ചിയെ രക്ഷിക്കാനാകുമോ? അയാളെ നഷ്ടപ്പെടാതിരിക്കാൻ വേണ്ടി വളരെ വേദനയോടെയെങ്കിലും അച്ഛനുമമ്മയും സരിതയും സവിതയെ, ലക്ഷ്മണയ്ക്ക് വിവാഹം ചെയ്തുകൊടുക്കാൻ തീരുമാനിച്ചു. ചേച്ചിയുടെയും കുടുംബത്തിന്റെയും രക്ഷയെ കരുതി ലക്ഷ്മണയുമായുള്ള വിവാഹത്തിന് സവിത സമ്മതിച്ചു. ഇഷ്ടമുണ്ടായിട്ടല്ലെങ്കിലും മാതാപിതാക്കളും അവസാനം സമ്മതിച്ചു. മരുമകൻ വീടുവിട്ട് പോവുകയില്ലല്ലോ. കടങ്ങൾ പതുക്കെയെങ്കിലും വീട്ടാമല്ലോ.

പൂക്കളെയും പുഴകളെയും പൂമ്പാറ്റകളെയും സ്വപ്നം കണ്ടുനടന്ന ആ പന്ത്രണ്ടുകാരി വീട്ടുകാരുടെയും അതിലേറെ സ്വന്തം സഹോദരിയുടെയും സുരക്ഷിതത്വത്തിനു വേണ്ടിയും സ്വന്തം സഹോദരിയുടെ ഭർത്താവിന്റെ വധുവായി. ആദ്യരാത്രിപോലെത്തന്നെ പിന്നീടുവന്ന ഭീതിനിറഞ്ഞ രാത്രികളും വേദന നിറഞ്ഞ പുലർകാലവും സവിതയെ തളർത്താൻ തുടങ്ങി. ഉണർന്നെഴുന്നേറ്റ് പൊട്ടിക്കരയാൻ തുടങ്ങുമ്പോഴേ അച്ഛനുമമ്മയുമറിയാതെ അവളുടെ ചേച്ചി മുറിയിൽ കടന്ന് സാരിത്തലപ്പുകൊണ്ട് തിളക്കം മങ്ങിയ കണ്ണുകൾ തുടച്ചുകൊടുത്ത് ആശ്വസിപ്പിക്കും. അവളുടെ മുഷിഞ്ഞ വസ്ത്രങ്ങളെല്ലാം കഴുകി വൃത്തിയാക്കി പുതുവസ്ത്രങ്ങളണിയിപ്പിച്ച് ചിലപ്പോൾ പട്ടണത്തിലേക്ക് സിനിമ കാണാൻ പറഞ്ഞയച്ചു. ഗാർഹികജീവിതത്തെക്കുറിച്ച് ഒന്നുമറിയാത്ത സവിതയ്ക്ക് ജീവിതം പ്രയാസപ്പെട്ടതായിരുന്നു. അവൾക്ക് സാന്ത്വനമായി സരിത എപ്പോഴും കൂടെ നിന്നു.

ഗ്രാമത്തിലെ മറ്റു ബന്ധുക്കളും അയൽക്കാരും ഈ ബന്ധത്തെ നിശിതമായി വിമർശിച്ചു. നാട്ടുകൂട്ടത്തിന്റെ വിചാരണക്കായി പല പ്രാവശ്യം വിളിപ്പിക്കപ്പെട്ടുവെങ്കിലും അവർ പോയില്ല. വിവാഹം കഴിഞ്ഞ് രണ്ടു മാസമായപ്പോഴേക്കും സവിത ഗർഭിണിയായി. ലക്ഷ്മണ പഴയതുപോലെ ഉത്സാഹവാനായി. ഒരു കുഞ്ഞിനെക്കുറിച്ചുള്ള തന്റെ സ്വപ്നങ്ങൾ വീണ്ടും അയാളിൽ ജീവിക്കാനുള്ള പ്രേരണയായി. മദ്യപാനം നിർത്തി. ദിവസവും അയാൾ വീട്ടിലേക്ക് വരാൻ തുടങ്ങി. സവിതയ്ക്ക് മരുന്നും പഴങ്ങളും പുതിയ വസ്ത്രങ്ങളും വാങ്ങുന്നത് അയാൾ പതിവാക്കി. കുടുംബം പഴയ സന്തോഷത്തിന്റെ നാളുകളിലേയ്ക്ക് തിരിച്ചുപോകാൻ തുടങ്ങി. സവിതമാത്രം ആഘോഷങ്ങളിൽ

SGOU

പങ്കുചേരാതെ മാറിനിന്നു. നിഗൂഢമായ എന്തോ ഒന്ന്, തന്റെ നിയന്ത്രണങ്ങളിലല്ലാതെ ഉള്ളിൽ ഒഴുകിനടക്കുന്നതായി തോന്നി അവൾക്ക്. ശരീരത്തിനെ പഴയതുപോലെ ലാളിക്കാനും ആശ്വസിപ്പിക്കാനും കഴിയുന്നില്ല. തന്റേതല്ലാതെ പോയ ഈ ശരീരം മറ്റാരുടെയോ ഉടമസ്ഥതയിലാണെന്നും തോന്നിത്തുടങ്ങി. വൈകുന്നേരങ്ങളിൽ സ്കൂൾവിട്ട് പോകുന്ന കൂട്ടുകാരികളെ കാണുമ്പോൾ അവൾക്ക് വിഷാദം തോന്നും. അപ്പോഴൊക്കെ ഇതെല്ലാം ചേച്ചിക്ക് വേണ്ടിയല്ലേ എന്നോർത്ത് ആശ്വസിക്കും. അഞ്ചാം മാസത്തെ സീമന്തച്ചടങ്ങുകൾക്കായുള്ള ഒരുക്കങ്ങൾ വീട്ടിൽ നടക്കുമ്പോഴാണ് പട്ടണത്തിൽ ലോറിയിൽനിന്ന് തലച്ചുമടായി ചാക്കുകളിറക്കുമ്പോൾ കാലുതെറ്റി റോഡിലേക്ക് വീണ് ലക്ഷ്മണ മരിച്ചത്.

പോസ്റ്റ്മോർട്ടം കഴിഞ്ഞ് തുന്നിക്കെട്ടിയ ലക്ഷ്മണയുടെ ശരീരം പുറത്തെ മരത്തണലിൽ കാണുമ്പോഴും സവിതയ്ക്ക് കാര്യമായ സംഭ്രമങ്ങളൊന്നുമുണ്ടായില്ല. മനസ്സിൽ ശൂന്യതയും ചവർപ്പും മാത്രം തികട്ടിക്കിടന്നു. പുറത്ത് വേനലറുതിയുടെ കത്തിക്കാളലുകൾ ഉണ്ടായിരുന്നുവെങ്കിലും അകത്തെ മുറികളിൽ മഴ നനഞ്ഞ് കുതിർന്ന ഈർപ്പമണ്ണിന്റെ ഗന്ധമായിരുന്നു. അച്ഛൻ രോഗത്താലും അമ്മ ദുഃഖത്താലും പുറത്തിറങ്ങാതായി. സരിത മാത്രം എല്ലാം സഹിച്ചും പ്രാർഥിച്ചും സവിതയുടെ കൂടെ നിന്നു. അടുത്ത ഒരു ദിവസം ലക്ഷ്മണയുടെ അമ്മ വന്ന് സഹോദരിമാരുടെ നെറ്റിയിലെ കുങ്കുമപ്പൊട്ടുകൾ മായ്ച്ചുകളഞ്ഞു. കുപ്പിവളകൾ തല്ലിയുടച്ചു. നിറമുള്ള വസ്ത്രങ്ങളെല്ലാം ഭിക്ഷക്കാർക്ക് ദാനം ചെയ്ത് തിരിച്ചുപോയി. ജീവിക്കുന്നതിനായി സരിത വയലുകളിൽ പണിക്കുപോയിത്തുടങ്ങി.

വേനൽച്ചൂട് വിട്ടൊഴിയുന്നതിനു മുമ്പുള്ള ഒരു ദിവസം ജില്ലാ ആസ്പത്രിയുടെ ജനറൽ വാർഡിൽ സവിത ഒരാൺകുഞ്ഞിനെ പ്രസവിച്ചു. ചളി നിറഞ്ഞ ഏതോ അഗാധതയിലേക്ക് വഴുതിവീണ് കണ്ണിൽ ഇരുട്ട് നിറഞ്ഞതായി മാത്രം തോന്നി സവിതയ്ക്ക്. കഴിഞ്ഞതൊന്നും ഓർത്തെടുക്കാനാവുന്നില്ല. കണ്ണു തുറന്നപ്പോൾ തന്റെ കിടക്കയ്ക്കരികിലെ തുണിമറയ്ക്കുള്ളിൽനിന്ന് ഒരു കുഞ്ഞിന്റെ കരച്ചിൽ മാത്രം കേൾക്കുന്നു. തന്റെയുള്ളിൽനിന്ന് എന്തോ മുറിച്ചുമാറ്റപ്പെട്ടിരിക്കുന്നു. പ്രസവംകഴിഞ്ഞ് ജില്ലാ ആസ്പത്രിയിൽനിന്ന് തിരിച്ചെത്തിയതിനുശേഷം സവിതയുടെയും കുഞ്ഞിന്റെയും കാര്യങ്ങൾ സരിത നോക്കി നടത്തി. കുട്ടി പിച്ച വെച്ച് നടക്കാൻ തുടങ്ങിയപ്പോൾ ഒരു ദിവസം സരിത സവിതയെ 'യെല്ലമ്മ' കോവിലിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. സവിതയുടെ നെറ്റിയിൽ കുങ്കുമം തൊടുവിച്ചു. കൈനിറയെ കുപ്പിവളകൾ അണിയിച്ചു. നിറമുള്ള പട്ടുവസ്ത്രങ്ങളുടുപ്പിച്ചു. "ഇനി നീ കഷ്ടപ്പെടേണ്ടതില്ല. കുഞ്ഞിനെ ഞാൻ നോക്കിക്കൊള്ളാം. അടുത്ത കൊല്ലം മുതൽ നീ സ്ക്കൂളിൽ പോകുന്നു. നിർത്തിവെച്ച പഠിപ്പു തുടരുന്നു'- നിശ്ചയദാർഢ്യത്തോടെയുള്ള സരിതയുടെ വാക്കുകൾ അവൾക്ക് ഒരു പുതുജീവൻ നൽകി. അടുത്തവർഷം അവൾ ഒമ്പതാം ക്ലാസ്സിൽ ചേർന്നു. ടീച്ചർമാർ അവൾക്ക് പ്രത്യേക പരിഗണന നൽകി. പക്ഷേ സഹപാഠികളും നാട്ടുകാരും അവളെ അവജ്ഞയോടെ വീക്ഷിച്ചു. നാട്ടുകാരുടെ ചോദ്യത്തിൽനിന്നും രക്ഷപ്പെടാനായി സരിത അവൾക്ക് ഒരു സൈക്കിൾ വാങ്ങിക്കൊടുത്തു. ഇപ്പോൾ സവിത പത്താം ക്ലാസ്സിലാണ്. ക്ലാസ്സിലെ ഏറ്റവും നല്ല വിദ്യാർഥിനി. നാലഞ്ചു വർഷങ്ങൾ കഴിഞ്ഞാൽ അവൾ ഡിഗ്രിയെടുക്കും. സാധിച്ചാൽ ഗ്രാമത്തിലെതന്നെ സ്കൂളിൽ ടീച്ചറാകും. ചേച്ചിക്കും മകനും തുണയാകും.

ഒരു സാധാരണകുടുംബത്തിൽ സംഭവിക്കുന്ന ദുരന്തങ്ങളാണ് സരിതയുടെയും സവിതയുടെയും ജീവിതത്തിലും സംഭവിച്ചത്. കഴിഞ്ഞു പോയ ഇരുണ്ടരാത്രികളും വെളിച്ചം കടന്നുവരാത്ത ജനൽ വാതിലുകളുടെ നിഗൂഢസാന്നിധ്യവും ഓർമ്മകളിൽനിന്ന് പിഴുതെറിഞ്ഞ് സ്കൂൾ വരാന്തയിലൂടെ പുതിയ പാഠ്യവിഷയങ്ങളുമായി അവൾ മുന്നോട്ടു പോകുന്നു. വിദ്യാഭ്യാസത്തിലൂടെ അവർ തങ്ങളുടെ ജീവിതലക്ഷ്യം പൂർത്തീകരിക്കും. സരിതയും സവിതയും സമൂഹത്തിനു ഒരു സന്ദേശം കൂടി നൽകുന്നുണ്ട്. വേദനകളിൽ വിലപിച്ചു കഴിയാതെ, ഏത് പ്രതിസന്ധിയെയും തരണം ചെയ്ത് മുമ്പോട്ടുപോകാനുള്ള നിശ്ചയദാർഢ്യം ജീവിതത്തെ വിജയത്തിലേക്കെത്തിക്കും എന്ന പാഠമാണ് കെ.ആർ. വിനയന്റെ 'പെൺകുട്ടിയും ആൺകുട്ടിയും' എന്ന ലേഖനം മുന്നോട്ടുവയ്ക്കുന്നത്.

## Recap

- കേരളീയനായ ഒരു ഫോട്ടോഗ്രാഫറാണ് കെ.ആർ. വിനയൻ
- മാധ്യമ ഫോട്ടോഗ്രാഫറായും ചലച്ചിത്രങ്ങളുടെ നിശ്ചലഛായാഗ്രാഹകനായും നിരവധി വർഷങ്ങൾ പ്രവർത്തിച്ചു
- പ്രശസ്ത സാഹിത്യകാരൻ എം.ടി.വാസുദേവൻ നായരെക്കുറിച്ചും ശ്രീനിവാസൻ തുടങ്ങിയ പ്രമുഖരെക്കുറിച്ചും ഉള്ള അനുഭവകുറിപ്പുകളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്
- പെൺകുട്ടിയും ആൺകുട്ടിയും എന്ന ലേഖനം 2013 ഡിസംബറിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചതാണ്
- ആന്ധ്രപ്രദേശിലെ രുദ്രൂർ എന്ന ഗ്രാമത്തിലെ സവിത എന്ന പെൺകുട്ടിയുടെ ജീവിതത്തെക്കുറിച്ചുള്ളതാണ് പെൺകുട്ടിയും ആൺകുട്ടിയും എന്ന ലേഖനം
- കുടുംബത്തിന്റെ നന്മക്കുവേണ്ടി സ്വന്തം ജീവിതം ത്യജിക്കാൻ തയ്യാറായ 12 വയസ്സുള്ള കുട്ടി യാണ് സവിത
- സവിതയ്ക്ക് അവളുടെ ചേച്ചിയുടെ ഭർത്താവിനെ തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ വിവാഹം കഴിക്കേണ്ടി വരുന്നു. രണ്ട് മാസം കഴിഞ്ഞപ്പോൾ ഗർഭിണിയായി. കുറച്ച് മാസങ്ങൾക്കുശേഷം ഭർത്താവ് മരിച്ചു
- വിവാഹശേഷമുള്ള ദുരിതപൂർണ്ണമായ ജീവിതവും അവയിൽനിന്നുമുള്ള ഉയിർത്തെഴുന്നേൽപ്പുമാണ് സവിതയുടെ ജീവിത കഥ
- സവിതയുടെ ചേച്ചിയുടെ നിശ്ചയദാർഢ്യം മൂലം പ്രസവത്തിനുശേഷം സവിത പഠിക്കാൻ പോയിത്തുടങ്ങി
- ഒരു സാധാരണകുടുംബത്തിൽ സംഭവിച്ച ദുരന്തങ്ങളാണ് സരിതയുടെയും സവിതയുടെയും ജീവിതത്തിൽ സംഭവിച്ചത്
- വേദനകളിൽ വിലപിച്ചു കഴിയുകയല്ല വേണ്ടതെന്നും ഏത് പ്രതിസന്ധിയെയും തരണം ചെയ്ത് മുമ്പോട്ടുപോകാനുള്ള നിശ്ചയദാർഢ്യം ജീവിതത്തെ വിജയത്തിലെത്തിക്കും എന്ന പാഠമാണ് ഇവരുടെ ജീവിതം സമൂഹത്തിന് നൽകുന്നത്

SGOU

## Objective Questions

1. ആരുടെ ലേഖനമാണ് 'പെൺകുട്ടിയും ആൺകുട്ടിയും' ?
2. പെൺകുട്ടിയും ആൺകുട്ടിയും എന്ന ലേഖനത്തിന്റെ പശ്ചാത്തലം ഏത്?
3. ലക്ഷ്മണയെ തളർത്തിയത് എന്തു കാര്യമായിരുന്നു.?
4. സവിത എന്തിനാണ് വിവാഹത്തിന് സമ്മതിച്ചത്?
5. ഒരു പെൺകുട്ടിയും ചെറിയ കുട്ടിയും ഉള്ള ഫോട്ടോ എടുത്ത വർഷം ?
6. ഫോട്ടോ ഏതു ഗ്രാമത്തിന്റെ ദൃശ്യമായിരുന്നു ?
7. സവിതയുടെ മകന്റെ പേരെന്ത്?

## Answers

1. കെ.ആർ. വിനയൻ
2. ആന്ധ്രപ്രദേശിലെ രുദ്രൂർ എന്ന ഗ്രാമം
3. കുട്ടികളുണ്ടാവില്ല എന്ന അറിവ്
4. വീട്ടുകാരുടെയും സ്വന്തം സഹോദരിമുടെയും സുരക്ഷിതത്വത്തിനു വേണ്ടി
5. 2006 മാർച്ചിൽ
6. ആന്ധ്രയിലെ സ്വഭാവിക ഗ്രാമദൃശ്യങ്ങളിലൊന്നായിരുന്നു
7. ഗംഗാസായി

## Assignments

1. 'പെൺകുട്ടിയും ആൺകുട്ടിയും' എന്ന ലേഖനം സമൂഹത്തിനു നൽകുന്ന സന്ദേശമെന്താണെന്ന് വിശകലനം ചെയ്യുക.
2. സവിതയുടെയും സരിതയുടെയും ജീവിതാവസ്ഥകൾ വിശദീകരിക്കുക
3. ലക്ഷ്മണയുടെ സ്വഭാവത്തിൽ വന്ന മാറ്റങ്ങൾക്ക് കാരണമെന്തെന്ന് വിവരിക്കുക
4. ഏറെ ശ്രദ്ധയോടെ പഠിക്കുന്ന ഒരു പെൺകുട്ടിയും ഒരു ചെറിയ ആൺകുട്ടിയും ഉൾക്കൊള്ളുന്ന ഫോട്ടോ ലേഖകനെ എത്രത്തോളം സ്വാധീനിച്ചു - അപഗ്രഥിക്കുക

SGOU

## Reference


1. ആ ഫോട്ടോക്ക് പിന്നിൽ, പെൺകുട്ടിയും ആൺകുട്ടിയും, കെ. ആർ. വിനയൻ മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഡിസംബർ 2013.
2. പ്രൊഫ. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം

## Suggested Readings

1. വി. ജയകുമാർ, ആത്മകഥാസാഹിത്യം മലയാളത്തിൽ, എൻ.ബി.എസ്., കോട്ടയം
2. കെ.എം.ജോർജ്ജ്, ജീവചരിത്രസാഹിത്യം, എൻ.ബി.എസ്. കോട്ടയം
3. കെ.എം. ജോർജ്ജ് (എഡി.) ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി.ബുക്സ്, കോട്ടയം

SGOU

# MODEL QUESTION PAPER SETS

SGOU

# SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ..................................

Name : ……...........................

**MODEL QUESTION PAPER- SET- A**

FOUR YEAR UNDERGRADUATE DEGREE EXAMINATIONS, 2025

Fourth Semester B.A (Honours) Malayalam Language and Literature

SKILL ENHANCEMENT COURSE - SGB24ML201SE -**സമകാലിക ഗദ്യവ്യവഹാരങ്ങൾ**

(CBCS - UG)

Time: 3 Hours Max Marks: 45

## SECTION A

**I. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. മറയൂരിനെ കേന്ദ്രമാക്കി മൈന ഉമൈബാൻ രചിച്ച നോവൽ ഏത്?
2. സ്വാതന്ത്ര്യത്തിന്റെ മഹാകാശമാണ് മനുഷ്യസത്തയുടെ അടിസ്ഥാനമൂല്യമെന്ന് ഉദ്ഘോഷിച്ച എൻ. ശശിധരന്റെ ലേഖനസമാഹാരമേത്?
3. ദലിതുകളിൽ നിന്ന് മലയാളത്തിന് ലഭിച്ച ആധുനിക കവിയെന്ന് കെ.കെ. കൊച്ച് വിശേഷിപ്പിച്ചത് ആരെയാണ്?
4. കലാമണ്ഡലം കൃഷ്ണൻ നായർ സർവാധിപത്യം സ്ഥാപിച്ച കഥകളി വേഷങ്ങൾ ഏതെല്ലാം?
5. പാരമ്പര്യത്തിന്റെ തടവുകാരൻ എന്നറിയപ്പെടുന്നതാര്?
6. എം.വി. ദേവന്റെ കലാചിന്തയുടെ മർമ്മം എന്ത്?
7. 'എന്ദരോ മഹാനുഭാവലു' എന്ന സംഗീതത്തിന്റെ രാഗം ഏത്?
8. കയ്യൂർ സമരത്തെ കേന്ദ്രീകരിച്ച് നിരഞ്ജന എഴുതിയ നോവൽ ഏത്?

(5×1=5 Marks)

## SECTION B

**II. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക.**

9. പരിസ്ഥിതിദർശനത്തെക്കുറിച്ച് കുറിപ്പെഴുതുക
10. എഴുത്തധികാരം കയ്യാളിയിരുന്നവരുടെ സാമൂഹിക അതിർത്തികളെ അതിലംഘിക്കാൻ കഴിയുന്നതെന്തിന്?
11. എം.വി.ദേവന്റെ ചിത്രകലയെ സ്വാധീനിച്ച പാശ്ചാത്യചിത്രകാരന്മാരെ പരിചയപ്പെടുത്തുക
12. എൻ. ശശിധരനു നാൾക്കുനാൾ വർധിച്ചു വന്ന വ്യസനങ്ങളുടെ കാരണങ്ങളെന്തൊക്കെയായിരുന്നു?
13. വിഷചികിത്സയിൽ പ്രാധാനം എന്താണെന്നാണ് മൈന ഉമൈബാൻ പറയുന്നത്?
14. സവിതയുടെയും സരിതയുടെയും ജീവിതാവസ്ഥകൾ എന്തെല്ലാമായിരുന്നു ?
15. കുടിയേറ്റവും പ്രവാസവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളെന്തെല്ലാം?
16. ചതുർവിധാഭിനയരീതികൾ ഏതൊക്കെയാണ്?

(5×2=10 Marks)

SGOU

## SECTION C

**III. ഏതെങ്കിലും നാല് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

17. സച്ചിദാനന്ദന്റെ കവിതകളിലെ കീഴാള സ്വത്വസംസ്ഥാപനത്തിന്റെ ഭാഷ കണ്ടെത്തുക.
18. മാപ്പിളപ്പാട്ടിന്റെ സ്വാധീനം രാഘവൻ മാസ്റ്ററുടെ ഗാനങ്ങളിലുണ്ടെന്ന ലേഖകന്റെ അഭിപ്രായം ക്രോഡീകരിക്കുക.
19. കീഴാളപക്ഷ നിലപാടുകളെ സാധൂകരിക്കുന്ന കവിയായി ആശാൻ മാറിയ സാഹചര്യം വിവരിക്കുക
20. ഒരു കാലഘട്ടത്തിലെ കേരളത്തിലെ ജാതിവ്യവഹാരങ്ങളെ എൻ. ശശിധരന്റെ മഹാവ്യസനങ്ങളുടെ നദിയെന്ന ആത്മകഥയെ ആസ്പദമാക്കി വിലയിരുത്തുക.
21. വി.ടി. മുരളി ചൂണ്ടിക്കാട്ടുന്ന രാഘവൻ മാസ്റ്ററുടെ ഗാനങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?
22. സിനിമാചിത്രീകരണത്തെക്കുറിച്ചുള്ള ജോയ് മാത്യുവിന്റെ ഓർമ്മകൾ വിവരിക്കുക

(4×5=20 Marks)

## SECTION D

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

23. ജീവിതം, ഓർമ്മ, യാത്ര, പ്രകൃതി ഇവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് രചിക്കുന്ന സാഹിത്യശാഖയെന്ന നിലയിൽ അനുഭവസാഹിത്യത്തെ വിലയിരുത്തുക.
24. മലയാള ചലച്ചിത്രഗാനസാഹിത്യത്തിന്റെ ചരിത്രം പരിശോധിച്ച് അതിൽ കെ. രാഘവൻ മാസ്റ്ററുടെ സ്ഥാനം അടയാളപ്പെടുത്തുക.

(1×10=10 Marks)

SGOU

# SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ..................................

Name : ……............................

**MODEL QUESTION PAPER- SET- A**

FOUR YEAR UNDERGRADUATE DEGREE EXAMINATIONS, 2025

Fourth Semester B.A (Honours) Malayalam Language and Literature

SKILL ENHANCEMENT COURSE - SGB24ML201SE -**സമകാലിക ഗദ്യവ്യവഹാരങ്ങൾ**

(CBCS - UG)

Time: 3 Hours Max Marks: 45

## SECTION A

**I. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. 'ജാതി വേണ്ട , മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്' എന്ന് ആഹ്വാനം ആരുടേതാണ്?
2. ഖനിജം എന്ന നോവലിന്റെ രചയിതാവ് ആരാണ്?
3. കയ്യൂർ സമരം സിനിമയാക്കാൻ ശ്രമിച്ച ബംഗാളി സംവിധായകൻ ആരാണ്?
4. പെൺകുട്ടിയും ആൺകുട്ടിയും എന്ന ലേഖനത്തിന്റെ പശ്ചാത്തലം ഏതാണ്?
5. ഇക്കോളജി എന്ന പദം ഉണ്ടായത് ഏതെല്ലാം വാക്കുകളിൽ നിന്നാണ് ?
6. വിഷചികിത്സയ്ക്ക് പ്രകൃതി തന്നെ ഒരുക്കിയ പ്രതിവിധി എന്തായിരുന്നു ?
7. മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതിയുടെ പേരെന്ത്?
8. പലതരം ചുഴിപ്പുകൾ ചെയ്യുന്നത് എന്തിന് വേണ്ടിയാണെന്നാണ് കലാമണ്ഡലം കൃഷ്ണൻ നായർ അഭിപ്രായപ്പെട്ടിരിക്കുന്നത്?

(5×1=5 Marks)

## SECTION B

**II. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക.**

9. ലക്ഷ്മണയുടെ സ്വഭാവത്തിൽ വന്ന മാറ്റങ്ങൾക്ക് കാരണമെന്തായിരുന്നു?
10. കയ്യൂർ സമരകഥ സിനിമയാക്കാൻ ഉണ്ടായ സാഹചര്യം എന്താണ് ?
11. ചായക്കടക്കാരൻ നമ്പ്യാർ ലേഖകനെ എങ്ങനെയൊക്കെയാണ് അപമാനിച്ചത്?
12. കഥകളിയുടെ അവതരണത്തിൽ പാലിക്കേണ്ട ചിട്ടകളെന്തെല്ലാം ?
13. നാട്ടറിവുകൾ മനുഷ്യജീവിതവുമായി ബന്ധപ്പെട്ട് നിൽക്കുന്നതിന്റെ ഉദാഹരണങ്ങൾ കണ്ടെത്തുക
14. കേരളത്തിലെ ഭാഷാഭേദങ്ങൾ സംഭാഷണചരിത്രത്തെ സ്വാധീനിക്കുന്നതെങ്ങനെ?
15. ആധുനിക ചിത്രകലയുടെ പ്രത്യേകത എന്താണ്?
16. കടമ്മനിട്ട അധ:കൃതത്വത്തെ പ്രതിരോധമാക്കി മാറ്റിയത് എപ്രകാരമായിരുന്നു ?

(5×2=10 Marks)

SGOU

## SECTION C

**III. ഏതെങ്കിലും നാല് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

17. ജാതിക്കുമ്മിയുടെ സാമൂഹികപ്രസക്തി എന്താണെന്ന് വിശദീകരിക്കുക.
18. കാടും അറിവും അനുഭവവും – പരിസ്ഥിതിയെക്കുറിച്ചുള്ള എൻ.എ. നസീറിന്റെ കാഴ്ചപ്പാടുകളെക്കുറിച്ച് ചർച്ച ചെയ്യുക
19. കെ. രാഘവൻ മാസ്റ്റർ ചലച്ചിത്രഗാനശാഖക്ക് നൽകിയ സംഭാവനകൾ വിവരിക്കുക
20. വിഷചികിത്സയുമായി ബന്ധപ്പെട്ട വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും വിശദമാക്കുക
21. പ്രകൃതിയും കാടും നദികളും നഷ്ടപ്പെടുന്ന വ്യസനം, നഷ്ടപ്പെട്ട നദീതട സംസ്കാരങ്ങൾ എന്ന ആത്മകഥാഭാഗത്തെ മുൻനിർത്തി അപഗ്രഥിക്കുക
22. പെൺകുട്ടിയും ആൺകുട്ടിയും എന്ന ലേഖനം സമൂഹത്തിന് നൽകുന്ന സന്ദേശമെന്താണെന്ന് വിശദമാക്കുക

(4×5=20 Marks)

## SECTION D

**IV. ഏതെങ്കിലും ഒരു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

23. "അമ്മ അറിയാൻ എന്ന ജനകീയ സിനിമ നിർമ്മിക്കാൻ ജോണിന് വളക്കൂറായ മണ്ണ് കയ്യൂർ സിനിമാപദ്ധതിയും അതിനോടു ബന്ധപ്പെട്ട രാഷ്ട്രീയവും ആയിരുന്നു'' ചർച്ച ചെയ്യുക.
24. മലയാള കവിതയുടെ ഏറ്റവും പ്രകാശപൂർണമായ മുഖം കീഴാളകവിതകളിൽ കാണാനാകുമെന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നത് എങ്ങനെയെന്ന് പരിശോധിക്കുക

(1×10=10 Marks)

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

SGOU

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in


### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

## DON'T LET IT BE TOO LATE

# SAY NO TO DRUGS

## LOVE YOURSELF AND ALWAYS BE HEALTHY



SGOU

SREENARAYANAGURU OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# സമകാലിക ഗദ്യവ്യവഹാരങ്ങൾ

COURSE CODE: SGB24ML201SE

SGOU

ISBN 978-81-996373-1-3

9 788199 637313

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841